
# വൈദിക നേതൃത്വം ഇന്ന് നാളെ



ഫാ. ഏബ്രഹാം മുത്തോലത്ത്

# വൈദിക നേതൃത്വം - ഇന്ന് നാളെ

DEEPIKA BOOK HOUSE
KOTTAYAM

# വൈദീക നേതൃത്വം - ഇന്നു് നാളെ

ഫാ. ഏബ്രഹാം മുത്തോലത്തു്

വിതരണം

ദീപിക ബുക്കു് ഹൗസ്

ശാസ്ത്രി റോഡ്

കോട്ടയം — 686 001

ബ്രാഞ്ച്: കട്ടപ്പന — 685 508

വില 12.00

(Malayalam)

**VAIDIKA NETHRUTHUAM – INNE NALE**

(Priestly Leadership – Today Tomorrow)

By

**Fr. Abraham Mutholath**

First Published in October 1984

Price Rs. 12.00

Copies 1500

Published by the Author
Copyright to the Author

Printed at Catholic Mission Press
Training Centre, Kottayam – 1

Distributors
Deepika Book House
Kottayam and Kattappana

Copies available also at
Jyothi Book House
K. K. Road, Kottayam

# സ്പന്ദനങ്ങൾ

''നീതാംകും നേതാവാകാം'' എന്ന എൻെറ പ്രഥമ ഗ്രന്ഥത്തിനു ലഭിച്ച പ്രോത്സാഹനവും എൻെറ ഗുരുഭൂതന്മാരുടെ സ്നേഹപൂർവ്വകമായ നിർബന്ധവുമാണ് മലയാളികളിൽ അധികമാരും പ്രതിപാദിക്കാത്ത ഈ വിഷയവും പഠനരീതിയും കൈക്കൊള്ളുവാൻ എനിക്കു ധൈര്യമേകിയത്. ഈ കാലഘട്ടത്തിൽ വളരെ പ്രസക്തിയുള്ള ഈ വിഷയം ദൈവശാസ്ത്ര പഠനത്തിലെ എൻെറ പ്രബന്ധവിഷയമായി തെരഞ്ഞെടുക്കുവാൻ എനിക്കു പ്രചോദനമേകിയത് അതിൻെറ സംവിധായകൻ കൂടിയായ റവ. ഡോ. തോമസ് പോറം ഉറുമ്പയ്ക്കലാണ്.

ഈ ഗ്രന്ഥത്തിനുവേണ്ടി നടത്തിയ സർവ്വേമൂലം നേരിട്ട സാമ്പത്തിക ക്ലേശം ലഘൂകരിക്കുന്നതിനും, ഈ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നല്ല അവതാരികയിലൂടെ ഇതിനെ അനുഗ്രഹപ്രദമാക്കുന്നതിനും അഭിവന്ദ്യ ഡോ. കുര്യാക്കോസ് കുന്നശ്ശേരി തിരുമേനി സന്മനസ്സ് പ്രദർശിപ്പിച്ചു. ഈ സംരംഭത്തെ പ്രോത്സാഹിപ്പിച്ച ആലുവാ സെമിനാരി റെക്ടർ, റവ. ഫാ. ഗീവർഗീസ് പണിക്കരെയും, പ്രശ്നാവലി രൂപപ്പെടുത്തുവാൻ സഹായിച്ച റവ. ഡോ. ഗബ്രിയേൽ മാളിയേക്കലിനെയും പലവിധ സഹായവും പ്രചോദനവുമേകിയ റവ. ഡോ. തോമസ് ചക്യാത്തിനെയും സാങ്കേതിക സഹായം നല്കിയ ശ്രീ പി.എം. ജോൺ പുല്ലാപ്പള്ളിയേയും സ്നേഹപൂർവ്വം സ്മരിക്കുന്നു.

സർവ്വേക്കുവേണ്ടി പ്രശ്നാവലികൾ കേരളത്തിൻെറ എല്ലാ ഭാഗങ്ങളിലും കൊണ്ടുപോയി വിവിധ നിലകളിലുള്ളവരെക്കൊണ്ട് പൂരിപ്പിച്ച് തിരിച്ചെത്തിക്കുവാൻ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലെ പ്രിയ സഹോദരന്മാരും മററു ചില യുവ സുഹൃത്തുക്കളും വളരെ ബുദ്ധിമുട്ടുകയുണ്ടായി. അവരുടെ പട്ടിക വളരെ നീണ്ടതാണ്. വിസ്താര ഭയത്താലാണ് അവരുടെ പേരുകൾ ഇവിടെ ചേർക്കാത്തത്. പ്രശ്നാവലികൾ മനനം ചെയ്ത് തങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി തിരിച്ചു തരാൻ 1040 അല്മായരും 108 വൈദികരും സന്മനസ്സ് പ്രദർശിപ്പിച്ചു. അവരിൽ പലരും പ്രശ്നാവലിയിലൂടെയും കത്തുകൾ വഴിയും ഈ സംരംഭത്തെ

പ്രോത്സാഹിപ്പിക്കുകയും, ഇതിൻെറ ആവശ്യകതയെ സ്ഥിരീകരിക്കുകയും, തങ്ങാംക്കു് അപരിചിതനായിരുന്നിട്ടും എൻെറ ഈ പ്രയത്നത്തിൽ അനുഗ്രഹാശിസ്സുകരം നേരുകയും ചെയ്തു. പല അല്മായരും വൈദികരുമായി ഈ വിഷയത്തെക്കുറിച്ചു് നേരിട്ട ചർച്ച ചെയ്യുവാനും അതുവഴി അവരുടെ വീക്ഷണങ്ങളെ കൂടുതൽ വ്യക്തമായി ഗ്രഹിക്കുവാനും കഴിഞ്ഞിട്ടുണ്ടു്. സൗമനസ്യത്തോടെ എന്നെ സ്വീകരിക്കുകയും തങ്ങളുടെ വിലയേറിയ സമയം സന്തോഷപൂർവ്വം ഇതിനായി വിനിയോഗിക്കുകയും ചെയ്ത അവരെ മറക്കാനാവില്ല.

പൂരിപ്പിച്ചു കിട്ടിയ പ്രശ്നാവലികരം സോർട്ടു ചെയ്തും കണക്കുകൂട്ടിയും താരതമ്യപഠനം നടത്തുക അക്ഷരാർത്ഥത്തിൽ തലവേദനയുളവാക്കുന്ന ശ്രമകരമായ പണിയായിരുന്നു. ഭാഗ്യവശാൽ ഇതിനുവേണ്ടി എന്തു ത്യാഗം സഹിക്കാനും സന്നദ്ധരായി എൻെറ പ്രിയപ്പെട്ട മൂന്നു സ്നേഹിതർ രംഗത്തെത്തി — റവ. മാത്യൂസ് തെക്കേക്കരോട്ടു്, ജോസഫ് മാത്തിക്കുന്നേൽ, ആൻറണി ചിററിലപ്പിള്ളി. ഈ ഗ്രന്ഥത്തിൻെറ ഭാഷാപരമായ ന്യൂനതകരം പരിശോധിച്ചതു് സാഹിത്യലോകത്തിനു സുപരിചിതനായ ജയൻ നാകപ്പുഴയാണു്. ഈ ഗ്രന്ഥത്തിലെ ഏതാനും ഭാഗങ്ങരം മതവും ചിന്തയും, കാരിത്താസ് എന്നീ മാസികകളിലൂടെ വെളിച്ചം കണ്ടിട്ടുണ്ടു്. ഇതിലെ മിക്ക ഭാഗവും അപ്നാദേശ് ദ്വൈവാരികയിലൂടെ ദീർഘകാലം പ്രസിദ്ധീകരിക്കുകയുണ്ടായി. അപ്നാദേശ് ചീഫ് എഡിററായിരുന്ന ഫാ. ജോസ് ചാഴികാട്ടും അദ്ദേഹത്തിൻെറ സഹായി റവ. ടോം ആദോപ്പള്ളിയും ഇതിൻെറ എഡിററിംഗ് നിർവ്വഹിക്കുകയും പ്രമുഖസ്ഥാനം നല്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിൻെറ കൈയെഴുത്തുപ്രതി നന്നായി എഴുതിത്തന്നവരെയും ഇതിൻെറ അച്ചടി ഭംഗിയായി നിർവ്വഹിച്ച കോട്ടയം കാത്തലിക് മിഷൻ പ്രസ്സ് ജീവനക്കാരെയും ഇതിൻെറ വിതരണം ഏറെറടുത്ത ദീപിക ബുക്കു് ഹൗസ് അധികൃതരെയും സ്നേഹപൂർവ്വം സ്മരിക്കുന്നു. അങ്ങനെ ആയിരങ്ങളുടെ പ്രയത്നഫലമാണു് ഈ ഗ്രന്ഥമെന്നു പറയാം. അവരെല്ലാവരുടെയും സ്നേഹത്തിനും സന്മനസ്സിനും മുമ്പിൽ ഈ ഗ്രന്ഥം സഹർഷം സമർപ്പിക്കട്ടെ. അവക്കു് എൻെറ ഹൃദയം നിറഞ്ഞ നന്ദി! നന്ദി!!

കോട്ടയം
10-10-1984

ഫാ. ഏബ്രഹാം മുത്തോലത്തു്
അപ്നാദേശ്, കോട്ടയം — 1.

## സമർപ്പണം

കേരളത്തിൻെറ നാനാഭാഗങ്ങളിൽ

പ്രശ്നാവലികൾ എത്തിച്ച്

ഈ വിഷയം പഠിക്കാൻ എന്നെ സഹായിച്ച

വൈദിക വിദ്യാർത്ഥി സുഹൃത്തുക്കൾക്ക്

# അവതാരിക

വളരെയേറെ കാലിക പ്രധാനമായ വിഷയമാണ് 'വൈദിക നേതൃത്വം – ഇന്ന് നാളെ' എന്ന ഗ്രന്ഥത്തിലൂടെ ഫാ. എബ്രഹാം മുത്തോലത്ത് അനാവരണം ചെയ്യുന്നത്. വൈദികരെക്കുറിച്ച്, അവരുടെ പ്രവർത്തനങ്ങളെയും പ്രശ്നങ്ങളെയും കുറിച്ച്, പലപ്പോഴും ചർച്ച ചെയ്യപ്പെടാറുണ്ടെങ്കിലും ഈ വിഷയത്തിന്റെ വിവിധ മാനങ്ങൾ ശാസ്ത്രീയമായി പഠിക്കുവാനും വസ്തുനിഷ്ഠമായി അവതരിപ്പിക്കുവാനും അധികമാരും ശ്രമിച്ചിട്ടില്ല. അതിനാൽ ഈവിധ സങ്കീർണ വിഷയങ്ങളെപ്പററിയുള്ള പുസ്തകങ്ങൾ നമ്മുടെ നാട്ടിൽ വിരളവുമാണ്. ആ കുറവു പരിഹരിക്കുവാൻ പോരുന്ന ശാസ്ത്രീയമായ ഒരു അപഗ്രഥനാ ഗ്രന്ഥമാണ് ഈ പുസ്തകം. പ്രശ്നാവലി തയ്യാറാക്കി വൈദികർക്കും അല്മായർക്കും അയച്ചുകൊടുത്ത് അവരിൽനിന്നു ലഭിച്ച പ്രതികരണങ്ങൾ വ്യക്തമാക്കി, അവയിലൂടെ അടിസ്ഥാന തത്വങ്ങളിലേയ്ക്കും നിഗമനങ്ങളിലേയ്ക്കും എത്തിച്ചേരാൻ ഗ്രന്ഥകാരൻ പ്രകടിപ്പിച്ച ആത്മാർത്ഥതയും ഉൾക്കാഴ്ചയും അദ്ധ്വാനവും അനുമോദനാർഹമാണ്.

ഒരു ഉത്തമ വൈദികനുവേണ്ട ഗുണവിശേഷങ്ങളിലേക്കും പ്രചോദക ഘടകങ്ങളിലേക്കും എല്ലാവരുടെയും ശ്രദ്ധ തിരിക്കുവാൻ ഈ പുസ്തകം സഹായിക്കുമെന്നു ഞാൻ കരുതുന്നു. ഒരേ സമയം പുരോഹിതനും പ്രവാചകനും നേതാവുമായ വൈദികൻ നല്ല സാക്ഷ്യം നല്കുന്നവനും ആത്മാവും ജ്ഞാനവും കൊണ്ടു നിറഞ്ഞവനുമാകണം. ഇന്നത്തെ സാധാരണ നേതാക്കളിൽനിന്നു വ്യത്യസ്തമായ നേതൃത്വമായിരിക്കണം വൈദികന്റേത്. 'ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനും മോചനദ്രവ്യമായി തീരുവാനു'മായിരിക്കണം ഈ നേതൃത്വം ഉന്നംവയ്ക്കേണ്ടത്.

വൈദികൻ മററുള്ളവർക്കു വഴികാട്ടിയായിരിക്കണമെന്നതിൽ രണ്ടു പക്ഷമില്ലല്ലോ. അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന വ്യക്തി എന്ന നിലയിൽ അദ്ദേഹം എല്ലാവർക്കും, പ്രത്യേകിച്ച് കുട്ടികൾക്കും യുവജനങ്ങൾക്കും, മാതൃകയായിരിക്കണം. എങ്കിലേ നല്ല വ്യക്തികളെ സൃഷ്ടിക്കുവാനും കൂടുതൽ ദൈവവിളി ലഭിക്കുവാനും അവർ ഉത്തേജക ഘടകങ്ങളാകൂ.

മഹാപുരോഹിതനായ ക്രിസ്തുവായിരിക്കണം വൈദികൻെറ നേതാവും ഉത്തരവും. ക്രിസ്തുവിൻെറ ജീവിതത്തിലെ നാലു സവിശേഷതകൾ വൈദികൻ ഉൾക്കൊള്ളണം: പ്രാർത്ഥിച്ച ക്രിസ്തു, പ്രസംഗിച്ച ക്രിസ്തു, അത്ഭുതങ്ങൾ പ്രവർത്തിച്ച ക്രിസ്തു, അനീതിക്കെതിരായി പ്രവർത്തിച്ച ക്രിസ്തു. ഇവയിൽ ചിലതുമാത്രം സ്വീകരിക്കുമ്പോഴാണു് വൈദികജീവിതം പ്രതിസന്ധിയിലാകുന്നതു്. സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവരും, അനീതിക്കെതിരെ ശബ്ദമുയർത്തുന്നവരും, അവയോടൊപ്പം പ്രാർത്ഥിക്കുകയും ദൈവകാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്ത ക്രിസ്തുവിനെ പൂർണ്ണമായി അനുകരിക്കണം.

വൈദികർക്കും വൈദികാർത്ഥികൾക്കും ധ്യാനാത്മകമായി ചിന്തിക്കുവാനും അല്മായർക്കും സഭാസ്നേഹികൾക്കും പ്രതീക്ഷാപൂർവ്വം പഠിക്കുവാനും വക നല്കുന്ന ഈടുററ ഒരു ഗ്രന്ഥമാണു് ഇതെന്നു് നിസംശയം പറയാം. ഈ ഗ്രന്ഥരചനയുടെ പിന്നിൽ നിരന്തരമായ പഠനവും ആത്മാർത്ഥമായ പരിശ്രമവും അനല്പമായ ത്യാഗവുമുണ്ടു്. ഇപ്പോൾ അപ്നാദേശിൻെറ ചീഫ് എഡിററായി സേവനം അനുഷ്ഠിക്കുന്ന മുത്തോലത്തച്ചൻ ഗ്രന്ഥരചനാ രംഗത്തു് വളരെയധികം പ്രതീക്ഷയ്ക്കു വക നല്കുന്നുണ്ടു്. തൻെറ തന്നെ ജീവിതാന്തസ്സിനെപ്പററി ശ്രദ്ധാപൂർവ്വം പഠിക്കുവാനും, അതു് മററുള്ളവരുമായി പങ്കുവയ്ക്കുവാനും അദ്ദേഹം ശ്രമിച്ചതിലും വിജയിച്ചതിലും ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു.

സഭയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും സഹായകമായ ഈ ഗ്രന്ഥം തീക്ഷ്ണതാപൂർവ്വം തയ്യാറാക്കിയ ഗ്രന്ഥകാരനെയും, ഈ വിഷയത്തിൽ തല്പരരായ അനുവാചകരെയും ക്രിസ്തുനാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന ആശംസയോടെ ഈ വിശിഷ്ടകൃതി ബഹുജനസമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു.

മാർ കുര്യാക്കോസ് കുന്നശ്ശേരി
(കോട്ടയം മെത്രാൻ)

# വിഷയാനുക്രമം


സ്പന്ദനങ്ങൾ
അവതാരിക
മുഖവുര 13
1 സർവേ : ഒരു വിഹഗ വീക്ഷണം 17
2 പ്രതിസന്ധിയിലെത്തിയ വൈദിക നേതൃത്വം 20
3 വൈദികൻ – ഒരു വ്യത്യസ്ത നേതാവ് 28
4 ബലിയർപ്പകൻ മാത്രമായാൽ പോരാ 35
5 വൈദികൻെറ നേതൃത്വ ശൈലി 45
6 എത്ര എത്ര പ്രതീക്ഷകൾ ! 49
7 സർവ്വഗുണ സമ്പൂർണൻ 59
8 വ്യക്തിപരമായ സമീപനം 68
9 ഭവന സന്ദർശനത്തിൻെറ ആവശ്യകത 75
10 ശ്രദ്ധിക്കപ്പെടേണ്ടവർ 82
11 പൊതുജന സ്വാധീനം 88
12 ക്ലേശകരമായ വൈദിക ജീവിതം 97
13 ചില ആനുകാലിക പ്രശ്നങ്ങൾ 107
14 സാമ്പത്തിക ക്ലേശങ്ങൾ 112
15 വൈദിക – മെത്രാൻ ബന്ധം 119
16 വൈദികൻെറ വിദ്യാഭ്യാസം 127
17 വിജ്ഞാന നവീകരണം 133
ഉപസംഹാരം 138
അനുബന്ധം : പ്രശ്നാവലി 142
സഹായക ഗ്രന്ഥങ്ങൾ 147

# മുഖവുര

സഭയുടെ ജീവനാഡിയാണ് വൈദികർ. ജനങ്ങളുടെ ചിന്താഗതിയെ രൂപപ്പെടുത്താനും പരിപോഷിപ്പിക്കാനും, അവരെ കർമ്മനിരതരാക്കാനും വൈദികർക്കു കഴിയും. അവരുടെ ജയാപജയങ്ങൾ സഭയെ മുഴുവൻ സ്വാധീനിക്കുന്നുണ്ട്. അതിനാലാണ് പതിനാറാംശതകത്തിൽ ഫ്രാൻസിലെ സഭയുടെ നവോത്ഥാനത്തിനു നേതൃത്വം നല്കിയ വി. വിൻസൻറ് ഡി പോൾ പറയുന്നത്, ''നല്ല മെത്രാന്മാർക്കും വൈദികർക്കും ഇടയന്മാർക്കും വേണ്ടി നമുക്കു ഹൃദയം തുറന്നു പ്രാർത്ഥിക്കാം. ഇടയൻ എങ്ങനെയോ അങ്ങനെ തന്നെയായിരിക്കും അജഗണങ്ങളും. യുദ്ധരംഗത്തെ വിജയമോ പരാജയമോ ആശ്രയിച്ചിരിക്കുന്നതു സൈനികോദ്യോഗസ്ഥന്മാരെയാണ്. അതുപോലെ തന്നെ കർത്തവ്യനിർവ്വഹണത്തിൽ ശ്രദ്ധാലുക്കളായ വൈദികരാണു സഭയ്ക്കുള്ളതെങ്കിൽ എല്ലാം ശുഭകരമായിരിക്കും. മറിച്ചാണു സംഭവിക്കുന്നതെങ്കിൽ ക്രമക്കേടു മാത്രമായിരിക്കും അനുഭവം.''[1] ഇന്നത്തെ സഭയ്ക്കും ഇതു ബാധകമാകയാൽ, വൈദികരുടെ വിജയവും സന്തോഷവും സഭയുടെ മുഴുവൻ ലക്ഷ്യമാകണം.

ആധുനിക വൈദികരുടെ ജീവിതം പ്രശ്നങ്ങളും പ്രതിസന്ധികളും നിറഞ്ഞതാണ്. എളുപ്പം പരിഹരിക്കപ്പെടാവുന്നവയല്ല അവയിൽ പലതും. അസ്തിത്വത്തിൻെറയും പ്രസക്തിയുടേതുമായ ചോദ്യചിഹ്നങ്ങൾ അവക്കുമുമ്പിൽ ഉയൎന്നു വരുന്നുണ്ട്. വൈവിദ്ധ്യമാർന്ന വീക്ഷണങ്ങളും തെററിദ്ധാരണകളുമാണ് അവരെപ്പററി പലക്കുമുള്ളതു്. അവരെക്കുറിച്ചു വ്യക്തമായി പഠിക്കാനോ അവരുടെ ആനുകാലികപ്രശ്നങ്ങളെ വിലയിരുത്താനോ കാര്യമായ ശ്രമമൊന്നും നടന്നിട്ടില്ല. സഭാനേതൃത്വത്തിൽ കടന്നുകൂടുന്ന അപാകതകളെ വസ്തുനിഷ്ഠമായി പഠിക്കുകയും വിലയിരുത്തുകയും പരിഹരിക്കുകയും ചെയ്യേ

1 ഫാ. മാത്യു കാച്ചപ്പിള്ളി വി. സി., വിൻസെൻറ് ഡി പോാം, ആലുവ: 1970, p. 9.

ങ്കിൽ മാത്രമേ സഭയിൽ പുരോഗതിയുണ്ടാകൂ. മാത്രമല്ല, വൈദികർ തങ്ങളുടെ ലക്ഷ്യവും മൂല്യങ്ങളും മറന്നു പ്രവർത്തിക്കാതിരിക്കാനും, കാലോചിതമായ നേതൃത്വശൈലിയും സംഘടനാവൈഭവവും ആർജ്ജിക്കാനും ഇത്തരം പഠനങ്ങൾ ഒരാവശ്യമാണു്. അവയ്ക്കു് ഒരാമുഖം കുറിയ്ക്കുകയാണു് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം.

നേതൃത്വത്തെക്കുറിച്ചുള്ള ആധുനിക വീക്ഷണമനുസരിച്ചു് വൈദികനെ ഒരു നേതാവായി കാണാനാണു് നമ്മുടെ ശ്രമം. ദൈവജനത്തിനു പ്രത്യക്ഷമായ നേതൃത്വം നൽകുന്ന ഇടവക വികാരിയെക്കുറിച്ചാണു് ഈ ഗ്രന്ഥത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നതു്. അതിനാൽ ഇതിൽ 'വൈദികൻ' എന്ന സംജ്ഞ കൊണ്ടു് ഇടവക വികാരിയെയാണു് മുഖ്യമായും ഉദ്ദേശിക്കുക. നേതൃത്വ വീക്ഷണത്തിലൂടെ മാത്രം വൈദികനെ വിലയിരുത്തുകയും അദ്ദേഹത്തിന്റെ പ്രശ്നങ്ങളെ അവതരിപ്പിക്കുകയും ചെയ്യുന്നതിനാൽ പൗരോഹിത്യത്തിന്റെ ദൈവശാസ്ത്രം ഇടവകയുടെ സാമൂഹ്യസംവിധാനം മുതലായ വിഷയങ്ങളെക്കുറിച്ചു പരാമർശിക്കുക മാത്രമേ ചെയ്യുന്നുള്ളു. മറിച്ചു്, ഇന്നത്തെ വൈദികന്റെ നേതൃത്വ പ്രതിസന്ധി, മററു നേതാക്കളിൽനിന്നു് അദ്ദേഹത്തിനുള്ള വ്യത്യാസം, അദ്ദേഹത്തിന്റെ പ്രധാന ധർമ്മങ്ങൾ, അദ്ദേഹത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ, നേതൃത്വശൈലി, ജനസ്വാധീന രീതികൾ, അദ്ദേഹം നേരിടുന്ന ചില ആനുകാലിക പ്രശ്നങ്ങൾ എന്നിവയാണു് നമ്മുടെ ചർച്ചാവിഷയം.

വൈദികജീവിതത്തിലെ വിവാദവിഷയമായ പല പ്രശ്നങ്ങളും ഇവിടെ ചർച്ച ചെയ്യുന്നതിനാൽ ഇതിലെ പല ആശയങ്ങളും ചോദ്യം ചെയ്യപ്പെടാം. തികഞ്ഞ ആത്മാർത്ഥതയോടെ പ്രശ്നങ്ങളുടെ വിവിധ ഭാവങ്ങളെ വസ്തുനിഷ്ഠമായി അവതരിപ്പിക്കുവാനേ ഇവിടെ ശ്രമിക്കുന്നുള്ളു. ഇത്തരം പ്രശ്നങ്ങളിൽ ഗ്രന്ഥകാരന്റെ വ്യക്തിപരമായ ചിന്താഗതികൾ പ്രബുദ്ധരായ അനുവാചകരിൽ അടിച്ചേല്പിക്കാൻ മനഃപൂർവ്വം ശ്രമിച്ചിട്ടില്ലെന്നു് ആദ്യമേ പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ വിഷയം അവതരിപ്പിക്കുന്നതിൽ പ്രായോഗികമായി അനുഭവപ്പെടുന്ന ചില വൈഷമ്യങ്ങളുണ്ടു്.

(1) നേതൃത്വകഴിവു് നൈസർഗ്ഗികമായൊരു സിദ്ധിയാണു്. ശാസ്ത്രീയമായ പഠനവും പ്രായോഗിക പരിചയവും വഴി അതി

നെ പരിപോഷിപ്പിക്കുവാൻ സാധിക്കും. പക്ഷേ, എല്ലാവക്കും നേതൃത്വത്തിനുള്ള കഴിവു് ഒരുപോലെയായിരിക്കുകയില്ല. മാത്ര മല്ല നേതൃത്വാവിഷ്ക്കരണത്തിലും അന്തരമുണ്ടാകും. സ്വഭാവ ത്തിലും കഴിവുകളിലുമുള്ള പ്രത്യേകതകൾമൂലം ഒരുവനും പൂർണ്ണ മായി മറെറാരുവനെപ്പോലെയാകുവാൻ സാധിക്കുകയില്ല. അതിനാലാവാം ചരിത്രത്തിലെ പ്രഗത്ഭരായ നേതാക്കളിലെ പൊതുവായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ നേതൃത്വ ഗുണങ്ങളെ അനുകരണത്തിനായി അവതരിപ്പിക്കുന്ന നേതൃത്വ ഗുണസിദ്ധാന്ത (Trait Theory) ത്തിനുപോലും ഇന്നു് വിലയി ടിവു് അനുഭവപ്പെടുന്നതു്. കാരണം യഥാർത്ഥ നേതൃത്വ ഗുണ ങ്ങളും കഴിവുകളും ഏതെല്ലാമെന്ന കാര്യത്തിൽ ഗവേഷകരിൽ തന്നെ അഭിപ്രായപ്പൊരുത്തമില്ല. അവരുടെ പഠനങ്ങൾ സൂചി പ്പിക്കുന്നതു്, വളരെ വ്യത്യസ്തമായ വ്യക്തിത്വവും പരിതസ്ഥി തികളും പാരമ്പര്യ പശ്ചാത്തലങ്ങളുമുള്ള വൈവിധ്യമാർന്ന വ്യക്തികൾക്കുപോലും ഒരേ സമൂഹത്തിൽ നേതൃത്വവിജയം കൈവരിക്കാമെന്നാണു്.[2] സാധാരണ നേതൃത്വമെന്നപോലെ വൈദികനേതൃത്വത്തിനും ഇവയെല്ലാം ബാധകമാണു്. ഓരോ വൈദികനും യോജിച്ചവിധം നേതൃത്വ പ്രത്യേകതകളെ ആവി ഷ്ക്കരിക്കുക എളുപ്പമല്ല. നേതാവെന്ന നിലയിൽ വൈദികനു ണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങളെ വിവരിക്കാനേ ഇവിടെ സാധിക്കൂ. ഓരോരുത്തനും അവനവന്റെ വ്യക്തിത്വത്തിനും പ്രത്യേകതകൾക്കും യോജ്യമാംവിധം അവയെ സ്വജീവിത ത്തിൽ അനുരൂപപ്പെടുത്തുക.

2) വൈദികലോകത്തിലെ നിരവധി പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടാമെങ്കിലും എല്ലാവരും എല്ലാ പ്രശ്നങ്ങൾക്കും വിധേ യരല്ല. പ്രായം, ജീവിതവീക്ഷണം, സാഹചര്യം, രൂപത മുത ലായവയുടെ വൈവിദ്ധ്യമനുസരിച്ചു് പ്രശ്നങ്ങളിൽ ഏററക്കുറ ച്ചിലുണ്ടാകാം. ചിലരെ സംബന്ധിച്ചു് ചില പ്രശ്നങ്ങൾ രൂക്ഷമാണെങ്കിൽ മററു ചിലക്കു്അതു പ്രശ്നമേ അല്ല. സവ്വേ യുടെ വെളിച്ചത്തിൽ വിഷയങ്ങൾ വിശകലനം ചെയ്യപ്പെടു മ്പോൾ ഇതു സുതരാം വ്യക്തമാകും.

(3) വൈദികരുടെ ആനുകാലിക പ്രശ്നങ്ങളെ വിലയി രുത്തുന്ന ഗ്രന്ഥങ്ങൾ കുറവാണു്. വൈദിക നേതൃത്വത്തെക്കു

2 Joe Currie S. J., 'Leadership from Above: Traditional Concepts and Strategies', *The Rally*, vol. 55, No. 3 & 4, March – April 1979, pp. 5–6.

റിച്ച് കേരള പശ്ചാത്തലത്തിൽ പല പഠനങ്ങളും നടക്കുന്നതേയുള്ളു. അതിനാൽ കേരളത്തിലെ വൈദിക നേതൃത്വത്തെക്കുറിച്ചു പഠിക്കുന്നതിനു നേരിട്ടു വിവരങ്ങൾ ശേഖരിക്കുവാൻ രണ്ടു പദ്ധതികളാണു് ആവിഷ്കരിച്ചതു്: (a) ഈ വിഷയം സംബന്ധിച്ച് കേരളത്തിലെ വൈദികരുടെയും അല്മായരുടെയും ഇടയിൽ ഒരു മനോഭാവ സർവ്വേ; (b) വ്യക്തിപരമായ വീക്ഷണങ്ങൾ കൂടുതൽ വ്യക്തവും വിശദവുമായി അറിയുവാൻ വൈദികരും അല്മായരുമായി അഭിമുഖസംഭാഷണം. ഇവ വഴി വൈദിക നേതൃത്വത്തിൻെറ ജയാപജയങ്ങളും അതേക്കുറിച്ച് അല്മായർക്കും വൈദികർക്കുമുള്ള വീക്ഷണഗതിയും മനസ്സിലാക്കുക. അവയാണു് ഈ ഗ്രന്ഥത്തിലെ ആശയങ്ങളുടെ മുഖ്യ ഉറവിടവും.

# 1 സർവേ: ഒരു വിഹഗവീക്ഷണം

അല്മായക്കുള്ള പ്രശ്നാവലി

ബ. വൈദികർക്കുള്ള പ്രശ്നാവലി

സർവ്വേയോടുള്ള പ്രതികരണം

---

കേരള കത്തോലിക്കാ സഭയിലെ വൈദികരുടെ നേതൃത്വത്തെക്കുറിച്ച് അല്മായർക്കും വൈദികർക്കു തന്നെയുമുള്ള വീക്ഷണത്തെ സ്വതന്ത്രമായി പ്രകടിപ്പിക്കുവാൻ വേദിയൊരുക്കുകയായിരുന്നു മുഖവുരയിൽ പരാമർശിച്ച സർവ്വേയുടെ ഉദ്ദേശ്യം. ഇരുകൂട്ടരും നല്കിയ പ്രശ്നാവലികൾ വ്യത്യസ്തങ്ങളായിരുന്നുവെങ്കിലും ചില ചോദ്യങ്ങൾ പൊതുവായിരുന്നു. അല്മായരിൽ യുവജനങ്ങൾക്കും മദ്ധ്യപ്രായക്കാർക്കുമാണ് മുൻഗണന നല്കിയത്. അവരുമായിട്ടാണല്ലൊ വൈദികൻ കൂടുതൽ ഇടപഴകേണ്ടിവരുക. കേരളത്തിലെ എല്ലാ രൂപതകളിലും ജില്ലകളിലും, കേരളസഭാ ഭരണത്തിൽപ്പെട്ട അയൽ സംസ്ഥാനങ്ങളിലെ ഏതാനും പ്രദേശങ്ങളിലും നിന്ന് ഉത്തരങ്ങൾ ലഭിക്കുകയുണ്ടായി. പ്രശ്നാവലി സംബന്ധിച്ച ലഘുവിവരണം താഴെ ചേർക്കുന്നു.

## അല്മായർക്കുള്ള പ്രശ്നാവലി

വിതരണം ചെയ്ത കോപ്പികൾ – 2500

പൂരിപ്പിച്ച് തിരികെ കിട്ടിയവ – 1040 (41.6%)

### വിതരണ രീതി:

ആലുവാ മംഗലപ്പുഴ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളും ചില അല്മായ സുഹൃത്തുക്കളും വഴി പ്രശ്നാവലികൾ കേരളത്തിനകത്തും പുറത്തുമുള്ള വിവിധ പ്രദേശങ്ങളിൽ നേരിട്ടെത്തിക്കുകയാണു ചെയ്തത്.

### പൂരിപ്പിച്ചവർ:

സ്കൂൾകുട്ടികൾ, കോളജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ- പ്രത്യേകിച്ച് തൊഴിൽ രഹിതർ, കൃഷിക്കാർ, കുടുംബിനികൾ, അദ്ധ്യാപകർ, ഉന്നതബിരുദധാരികൾ, ഉദ്യോഗസ്ഥർ, വൈദിക വിദ്യാർത്ഥികൾ; ബ. സഹോദരികൾ തുടങ്ങിയ വിവിധ തുറ കളിലുള്ളവർ പ്രശ്നാവലി പൂരിപ്പിക്കുകയുണ്ടായി.

## ബ. വൈദികർക്കുള്ള പ്രശ്നാവലി

| | |
|---|---|
| വിതരണം ചെയ്ത കോപ്പികൾ | –250 |
| പൂരിപ്പിച്ച് തിരികെ കിട്ടിയവ | –108-(43.2%) |

### വിതരണ രീതി:

ആലുവാ മംഗലപ്പുഴ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾ വഴിയും തപാൽ മാർഗ്ഗവുമാണ് പ്രശ്നാവലി ഓരോരുത്തരുടെയും പക്കൽ എത്തിച്ചതു്. പ്രശ്നാവലി പൂരിപ്പിച്ച ശേഷം തിരിച്ചയയ്ക്കുന്നതിനു് സ്റ്റാമ്പൊട്ടിച്ച കവറും കൊടുത്തിരുന്നു.

### പൂരിപ്പിച്ചവർ:

കേരളത്തിലെ എല്ലാരൂപതകളിലും പെട്ട വൈദികർ

## സർവേയോടുള്ള പ്രതികരണം

പ്രശ്നാവലികൾ പൂരിപ്പിച്ചയച്ച എല്ലാവരും തന്നെ വളരെ ആത്മാർത്ഥമായി സഹകരിക്കുകയുണ്ടായി. ചില അല്മായരും ബ. വൈദികരും തങ്ങളുടെ വ്യക്തിപരമായ അഭിപ്രായങ്ങൾ വളരെ ശക്തവും വ്യക്തവുമായ ഭാഷയിലും ശൈലിയിലും വേറെ കടലാസ്സിൽ എഴുതി പ്രശ്നാവലിയോടൊപ്പം അയച്ചുതന്നു. അപൂർവ്വം ചിലർ ചോദ്യങ്ങളോടൊപ്പം ചേർത്തിരുന്ന വിഭിന്ന ഉത്തരങ്ങളിൽ അതൃപ്തി പ്രകടിപ്പിച്ചു. കുറേക്കൂടി സ്വതന്ത്രമായി എഴുതുവാൻ പററിയ വേദി വേണമെന്നതാണു് അവരുടെ പക്ഷം. വൈദികരിൽ ചിലർ ഇത്തരം സർവ്വേകൊണ്ടു കാര്യമായ പ്രയോജനമൊന്നും ഉണ്ടാവില്ലെന്ന ചിന്താഗതിക്കാരായിരുന്നു. പലരും ഇപ്രകാരം സർവ്വേ നടത്താറുണ്ടെന്നും ഇതെല്ലാം പാഴ്‌വേലകളായി അവശേഷിപ്പി

കുകയാണ് പതിവെന്നും അവർ ഊന്നിപ്പറഞ്ഞു. എല്ലാവരും തന്നെ തികഞ്ഞ ഗൗരവത്തോടെ പ്രശ്നാവലിയെ കണക്കിലെടുത്തു.

പ്രശ്നാവലിയുടെ പ്രസക്തിയെ ചോദ്യം ചെയ്യുന്ന ഒരു ന്യൂനപക്ഷമുണ്ടെങ്കിലും ബഹുഭൂരിപക്ഷവും ഇതിന്റെ ആവശ്യകതയെ സാധൂകരിക്കുന്നുണ്ട്. വൈദികരുൾപ്പെടെ പലരും ഇങ്ങനെ ഒരു സർവ്വേ നടത്തുന്നതിൽ സന്തുഷ്ടി പ്രകടിപ്പിക്കുന്നതോടൊപ്പം പ്രശ്നാവലിയിലൂടെയും കത്തുവഴിയും അഭിനന്ദനങ്ങളും വിജയാംശംസകളും നേരുകയുണ്ടായി. ഇത്തരം സർവ്വേകൾ തുടർന്നും നടത്തണമെന്ന് ചിലർ ആവശ്യപ്പെട്ടു. സഭയുടെ പുരോഗതിക്ക് അതു നിദാനമാകുമെന്നാണ് അവരുടെ പ്രത്യാശ.

# 2 പ്രതിസന്ധിയിലെത്തിയ വൈദിക നേതൃത്വം

ദൈവവിളിയാണ്; പക്ഷേ....
ധാരണകൾ മാറുന്നു
നേതൃത്വത്തിന്റെ മാറിവരുന്ന മുഖച്ഛായ
പ്രവർത്തനമണ്ഡലം പരിമിതപ്പെടുന്നു
നേതൃത്വപരിശീലനം ഒരാവശ്യം
ഇന്നത്തെ വൈദികർ നല്ല നേതാക്കളോ?

---

ആധുനിക ലോകം പ്രതിസന്ധികൾ നിറഞ്ഞതാണ്. അവയിൽ അതിപ്രധാനമാണ് നേതൃത്വപ്രതിസന്ധി. രാഷ്ട്രീയത്തിൽ മാത്രമല്ല, വിദ്യാഭ്യാസ – വ്യാവസായിക – ആദ്ധ്യാത്മിക മണ്ഡലങ്ങളിലെല്ലാം ഇതു ദൃശ്യമാണ്. അതിനാലാണ് നേതൃത്വത്തെക്കുറിച്ച് നൂതന സിദ്ധാന്തങ്ങളും പരിശീലന മുറകളും രൂപീകരിക്കപ്പെടുന്നത്. നിലവിലുള്ള നേതൃത്വ രീതികളുടെ അപാകതകളെ വിശകലനം ചെയ്ത് പഠിക്കുവാനും അവയ്ക്കു പരിഹാരമാരായാനും മതേതര രംഗത്ത് വളരെയേറെ ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. എന്നാൽ ഇതിനു തികച്ചും പ്രസക്തിയേറിയ മറ്റൊരു മേഖലയാണ് ഇടവകയിലെ വൈദിക നേതൃത്വം. കാരണം, ഇന്നു വളരെയേറെ പ്രതിസന്ധി നടമാടുന്ന രംഗമാണത്. യൂജിൻ (Eugene Trainer) വ്യക്തമായി പറയുന്നു: ''നമ്മുടെ ഇടവകകളിലും സന്യാസ സമൂഹങ്ങളിലുമല്ലാതെ മറ്റൊരിടത്തും നേതൃത്വമെന്ന വസ്തുതയെക്കുറിച്ച് ഇത്രയേറെ വിഷമിക്കേണ്ടിവന്നിട്ടില്ലെന്നാണ് ഞാൻ കരുതുന്നത്. അതിനാൽ നമുക്കെല്ലാവർക്കും, വൈദികർക്കും സന്യാസിനി സന്യാസികൾക്കും, ഇതുവരെ അറിയപ്പെടാത്തൊരു നേതൃത്വ പ്രതിസന്ധി നേരിടുകയാണ്'' [1] ഈ പ്രതിസന്ധിയെ വിജയപൂർവ്വം തരണം ചെയ്യണമെങ്കിൽ ആദ്ധ്യാത്മിക അജപാലക നേതൃത്വത്തെ ആധുനിക കാഴ്ചപ്പാടിലൂടെ കാണുവാൻ നമുക്കു കഴിയണം.

---

1 Eugene Trainer, M.S.C, 'Leadership in the church,' *Pastoral Life*' May 1979, p.2.

## ദൈവവിളിയാണ്; പക്ഷേ...

വൈദികന്റെ നേതൃത്വം ആത്മീയാർത്ഥത്തിൽ ദൈവവിളിയാണ്. മനുഷ്യനെ ദൈവത്തിലേക്ക നയിക്കാനും ഈശ്വരാനുഗ്രഹം മനുഷ്യർക്ക പ്രദാനം ചെയ്യാനും, അങ്ങനെ ദൈവമനുഷ്യബന്ധം സുദൃഢമാക്കാനും ദൈവത്താൽ നിയുക്തനാണ വൈദികൻ. എന്നാൽ, ദൈവത്താൽ 'വിളി'ക്കപ്പെടുന്ന എല്ലാവർക്കും സ്വാഭാവികമായിത്തന്നെ നേതൃത്വ കഴിവുകൾ ഉണ്ടായിക്കൊള്ളണമെന്നില്ല. ബൈബിളിലെ മോസ്സസ്, പ്രവാചകനായ ജെറെമിയ, അപ്പസ്തോലന്മാർ എന്നിവരെപ്പോലെ ബലഹീനരെ വലിയ കാര്യങ്ങൾക്കായി ദൈവം വിളിച്ചെന്നു വരാം. കോറിന്തിലെ ജനങ്ങളെ അവരുടെ ദൈവവിളിയെപ്പററി പൗലോസ് അപ്പസ്തോലൻ അനുസ്മരിപ്പിക്കുന്നതു് ഇപ്രകാരമാണ്. ''ലൗകിക മാനദണ്ഡമനുസരിച്ച് നിങ്ങളിൽ ബുദ്ധിമാന്മാർ അധികമില്ല. എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ഭോഷന്മാരെ ദൈവം തെരഞ്ഞെടുത്തു''[2] എന്നാൽ, ദൈവത്തിന്റെ ശക്തി അവർ പ്രകടമാക്കേണ്ടതു് മാനുഷിക പ്രവർത്തനങ്ങളിലൂടെയാണ്. വി. ജോൺ മരിയ വിയാനിയെപ്പോലെ അപൂർവ്വം ചിലർക്ക് തങ്ങളുടെ ജീവിത വിശുദ്ധിയും ദൈവാനുഗ്രഹവും വഴി ജനഹൃദയങ്ങളെ സ്വാധീനിക്കുവാനും കർമ്മോന്മുഖരാക്കാനും, കഴിഞ്ഞേക്കാം, പക്ഷേ, പുരോഹിതനായി എന്ന കാരണത്താൽ മാത്രം എല്ലാവരെയും നേതാക്കളായി അംഗീകരിക്കുവാൻ ഇന്നത്തെ ലോകം തയ്യാറല്ല; അടുത്തകാലംവരെ ളോഹ നേതൃത്വത്തിന്റെയും ബഹുമാനത്തിന്റെയും ചിഹ്നമായി കണക്കാക്കപ്പെട്ടിരുന്നെങ്കിൽ ഇന്നു ആ കുപ്പായത്തിനുള്ളിലെ വ്യക്തി യഥാർത്ഥത്തിൽ ജനങ്ങളെ നയിക്കുവാൻ കഴിവുള്ളവനാണെന്നു് തെളിയിക്കേണ്ടിയിരിക്കുന്നു.

## ധാരണകൾ മാറുന്നു

അജപാലന മണ്ഡലത്തിലെ നേതൃത്വത്തെക്കുറിച്ചുള്ള സങ്കല്പം പരിവർത്തന വിധേയമാണ്. സമൂഹജീവിതത്തിലും ചിന്താഗതിയിലും വന്നു ഭവിക്കുന്ന വ്യതിയാനങ്ങൾ മതസംവിധാനത്തെയും സാരമായി സ്വാധീനിക്കുന്നുണ്ട്. ഇടവകയുടെയും പൗരോഹിത്യത്തിന്റെയും അടിസ്ഥാനതത്ത്വങ്ങൾ ശാശ്വ

---

2 I കൊറി, 1:26–27

തമാകാം. എങ്കിലും സ്ഥലകാല സാഹചര്യങ്ങൾക്കനുസരിച്ച് അവയുടെ അവതരണത്തിലും പ്രവർത്തനശൈലിയിലും വ്യതിയാനം ആവശ്യമായി വരും.

ജനസമൂഹത്തിൽ അത്യുന്നതമായൊരു സ്ഥാനം മുൻകാലങ്ങളിലെ വൈദികനു് ഉണ്ടായിരുന്നു. അന്നദ്ദേഹം ജനങ്ങൾക്ക് അജ്ഞാതമായ ഭാഷ സംസാരിക്കുന്നവനും മന്ത്രോച്ചാരണം നടത്തുന്നവനും പിശാചിനെ ഓടിക്കുന്നവനുമയിരുന്നു. ദൈവത്തിൽ നിന്നു പ്രത്യേക സിദ്ധികൾ ലഭിച്ചിട്ടുള്ള അദ്ദേഹത്തെ അമാനുഷികനായി കാണാനുള്ള പ്രവണതയായിരുന്നു നിലവിലിരുന്നതു്. ജനങ്ങളെ ഭരിക്കാൻ ദൈവത്താൽ പ്രത്യേകം അയയ്ക്കപ്പെട്ട അദ്ദേഹത്തെ അക്ഷരശ: അനുസരിക്കുവാനല്ലാതെ വിമർശിക്കുവാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. അദ്ദേഹത്തെ കുറ്റപ്പെടുത്തുകയോ എതിർക്കുകയോ ചെയ്യുന്നതു് വലിയ അപരാധമായി കണക്കാക്കപ്പെട്ടിരുന്നു. മാത്രമല്ല, അതുവഴി വലിയ ഭവിഷ്യത്തോ അപകടമോ സംഭവിച്ചേക്കാമെന്നു പോലും ജനങ്ങൾ ഭയപ്പെട്ടിരുന്നു.

ഇന്നു് വൈദികൻ സർവ്വജ്ഞാനിയോ, മന്ത്രവാദിയോ, സിദ്ധനോ അല്ല. അദ്ദേഹത്തിൻെറ അമാനുഷിക ശക്തിയിൽ ആളുകൾക്കു് പണ്ടത്തെപ്പോലെ വിശ്വാസമില്ല. അതിനാൽ ഇന്നു് അദ്ദേഹം പ്രകടമാക്കേണ്ടതു് നേതൃത്വ കഴിവുകളാണു്, അതിനു് അദ്ദേഹത്തിനു കഴിവില്ലെങ്കിൽ അജപാലന — സാമൂഹ്യമണ്ഡലങ്ങളിൽവിജയിക്കുക വിഷമമാണു്. രാഷ്ട്രഭരണം രാജാക്കന്മാരിൽ നിന്നു് ജനപ്രതിനിധികളിലേക്കു മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വൈദികൻ തൻെറ 'ഇടവകഭരണത്തെ' 'ഇടവക നേതൃത്വ'മാക്കി മാറേറണ്ടിയിരിക്കുന്നു. കാലഘട്ടത്തിൻെറ സ്പന്ദനങ്ങൾക്കും പൊതുജന വീക്ഷണത്തിലെ വ്യതിയാനങ്ങൾക്കുമനുസരിച്ച് ഉയരാത്തപക്ഷം ഇടവകയും വൈദികനും അപ്രസക്തവും അനുചിതവുമായിമാറും.

## നേതൃത്വത്തിൻെറ മാറിവരുന്ന മുഖച്ഛായ

വൈദിക നേതൃത്വത്തിൻെറ മാത്രമല്ല എല്ലാവിധ നേതൃത്വത്തിൻെറയും സങ്കല്പങ്ങൾ പരിവർത്തന വിധേയമായിക്കൊണ്ടിരിക്കയാണു്. നേതാക്കൾ ജനിക്കുകയാണെന്നായിരുന്നു പൂർവ്വകാല ധാരണ. മററുള്ളവരുടെമേൽ ആധിപത്യം വഹിക്കാൻ കഴിവുള്ളവനെ നേതാവായി അംഗീകരിക്കുകയും അയാൾ

ക്കു് അധീനപ്പെടുകയും ചെയ്തിരുന്ന കാലം കഴിഞ്ഞുപോയി. ഇന്നു നേതാക്കളും സമൂഹത്തിന്റെ ഭാഗമാണു്. സമൂഹത്തിൽ നിന്നു മാറിനിന്നു് അതിനെ സ്വേച്ഛാനുസരണം അടക്കിഭരിക്കാൻ അയാൾക്കു കഴിയുകയില്ല.

ബി. കുപ്പുസ്വാമിയുടെ വീക്ഷണത്തിൽ ''നേതാവു് സമൂഹത്തെയും സമൂഹം നേതാവിനെയും സ്വാധീനിക്കുന്ന ഒരു പരസ്പരോദ്ദീപന പ്രക്രിയയാണു് നേതൃത്വം.''[3] ഈ നിർവ്വചനമനുസരിച്ചു് നേതാവു് തന്നിഷ്ടംപോലെ മററുള്ളവരെ നയിക്കുകയല്ല; തന്റെ അധികാരവും വ്യക്തിത്വ കഴിവുമുപയോഗിച്ചു് അംഗങ്ങളെ അടക്കിനിർത്തുകയുമല്ല; പ്രത്യുത, അയാളും സമൂഹത്തിനു് വിധേയനാണു്; സമൂഹത്തിന്റെ നിയമങ്ങൾക്കും അഭിലാഷങ്ങൾക്കുമനുസരിച്ചു് സമൂഹത്തെ അതിന്റെ ലക്ഷ്യത്തിലെത്തിക്കാൻ സഹായിക്കുകയാണു്. അതിനു് അയാൾ അപ്രാപ്തനെങ്കിൽ അയാളെ പുറംതള്ളി, തങ്ങൾക്കു നന്മ വരുത്തുവാൻ കഴിയുമെന്നു തങ്ങൾ പ്രതീക്ഷിക്കുന്ന മററൊരുവനെ പുനഃപ്രതിഷ്ഠിക്കുവാനും സമൂഹം മടിക്കുകയില്ല. ഭാരതത്തിലെ കഴിഞ്ഞ അടിയന്തരാവസ്ഥയ്ക്കുശേഷം പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിക്കുണ്ടായ പരാജയവും ജനതാ ഗവൺമെൻറിനു ശേഷം നടന്ന തിരഞ്ഞെടുപ്പിലെ അവരുടെ വമ്പിച്ച വിജയവും ഈ യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കുന്നുണ്ടു്. അതിനാലാണു് ഇന്നു് പ്രവൃത്തിപര നേതൃത്വ സിദ്ധാന്തത്തിനു് (Functional Leadership Theory) പ്രാബല്യമേറിവരുന്നതു്. ഈ സിദ്ധാന്തമനുസരിച്ചു് നേതാവിൽനിന്നു് എന്തെന്തു പ്രായോഗിക ഗുണങ്ങൾ ലഭിക്കുമെന്നാണു് അനുയായികൾ നോക്കുക. ആധിപത്യത്തേക്കാളുപരി അയാളുടെ കർമ്മശേഷിയാകും നേതൃത്വത്തിന്റെ മാനദണ്ഡമായി അവർ സ്വീകരിക്കുക. കുലമഹിമയോ, ബാഹ്യസൗന്ദര്യമോ, അധികാരഗർവ്വോ ഇവിടെ ഗൗനിക്കപ്പെടുന്നില്ല. നേതാവിനെ അമാനുഷനായി വകവച്ചുകൊടുക്കാനും ഇന്നാരും സന്നദ്ധമല്ല. സാമൂഹ്യ മനഃശാസ്ത്രജ്ഞന്മാരുടെ വീക്ഷണത്തിൽ, ''നേതാവിന്റെ വ്യക്തിത്വത്തിൽ നിന്നു് ഉരുത്തിരിയുന്ന നിഗൂഢമായ സ്വാധീനമല്ല നേതൃത്വം. സമൂഹഘടനയുടെ മുഴുവൻ പരിതഃസ്ഥിതികളിലായി അയാളുടെ സ്വാധീനം എപ്പോഴും പരിമിതപ്പെട്ടിരിക്കുന്നു.''[4]

---

3 B. Kuppuswamy, *An Introduction to Social Psychology*, Bombay: Asia publishing house, 1971, p. 453.

4 Hubert Bonner, *Group Dynamics, Principles and Applications*, Newyork: The Ronald press Co; 1959, p. 10,

നേതൃത്വ വീക്ഷണത്തിലുണ്ടായിട്ടുള്ള ഈ നവീന മാനദണ്ഡങ്ങളിലൂടെയാണു് വൈദികനേതൃത്വത്തെയും ജനങ്ങൾ അളക്കുക. അതിനാൽ, അധികാരമോ നിയമബലമോ വഴി മാത്രം ജനങ്ങളെ കർമ്മോന്മുഖരാക്കാനോ നിയന്ത്രിക്കാനോ സാധിക്കുകയില്ല. ഇന്നത്തെ ജനതയ്ക്കാവശ്യം മദ്ധ്യനൂററാണ്ടുകളിലെ ഏകാധിപത്യരീതിയല്ല; സ്നേഹത്തിലും സേവനത്തിലും അധിഷ്ഠിതമായ നേതൃത്വ ശുശ്രൂഷയാണു്. ഇതു മനസ്സിലാക്കി പ്രവർത്തിക്കാത്തവർ നിരവധി പ്രശ്നങ്ങൾക്കു വിധേയരാകാം.

## പ്രവർത്തനമണ്ഡലം പരിമിതപ്പെടുന്നു

സ്പെഷ്യലൈസേഷൻ ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണു്. ശാസ്ത്രശാഖകളുടെ അത്ഭുതപൂർവ്വമായ വളർച്ചമൂലം ഒന്നിലധികം വിഷയങ്ങളിൽ പ്രാവീണ്യം സമ്പാദിക്കുക ഇന്നു ദുഷ്കരമായിരിക്കുന്നു. വിവിധ വിഷയങ്ങളിൽ പാണ്ഡിത്യമുള്ളവർ ഇടവകകളിൽ ഇന്നു ധാരാളമുണ്ടാകും. അതിനാൽ, മുൻകാലങ്ങളിലെ സർവ്വജ്ഞാനിയും എല്ലാക്കാര്യങ്ങളിലും ഉപദേഷ്ടാവും മാർഗ്ഗദർശിയുമായിരുന്ന വൈദികന്റെ ജോലികൾ തന്റെതന്നെ മണ്ഡലത്തിലേക്കു പരിമിതപ്പെട്ടിരിക്കുന്നു. അതു തന്നെ ഇന്നദ്ദേഹത്തിനു് ധാരാളം മതി. കാരണം, ആദ്ധ്യാത്മികവും അജപാലനപരവുമായ മേഖലകൾതന്നെ ഇന്നു വളരെ പ്രസക്തവും വിപുലവുമാണു്. തന്റെതന്നെ കർത്തവ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ ബഹുവിധ പ്രവർത്തനങ്ങളിൽ മുഴുകുമ്പോൾ പ്രശ്നങ്ങൾ സംജാതമാകും. ആധുനിക കാലഘട്ടത്തിന്റെ ചിന്താഗതികൾക്കനുസരിച്ച് തന്നെത്തന്നെ ക്രമപ്പെടുത്തുവാൻ വൈദികനു കഴിയണം.

## നേതൃത്വപരിശീലനം ഒരാവശ്യം

ഇടവകയെന്ന സമൂഹത്തിന്റെ നേതാവാണു് വൈദികൻ. ഇടവകയിലെ വിവിധ പ്രായക്കാരോടും വിഭിന്ന തുറകളിലുമുള്ളവരോടൊത്തു് നിരന്തരം ഇടപഴകേണ്ടവനാണദ്ദേഹം. വൈവിധ്യമാർന്ന ഗ്രൂപ്പുകളും സംഘടനകളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും അവയുടെയുള്ളിലെ താളപ്പിഴകളും സംഘർഷങ്ങളുമെല്ലാം അദ്ദേഹത്തിനു കൈകാര്യം ചെയ്യേണ്ടിവരുന്നു. വിഭിന്നപ്രായക്കാർക്കുള്ള ആദ്ധ്യാത്മിക–സാംസ്കാരിക സംഘടനകൾ മാത്രമല്ല, ദരിദ്രർ, രോഗികൾ, മരണാസന്നർ, തടവുകാർ,

സമൂഹത്താൽ അവഗണിക്കപ്പെടുന്നവർ, ആദ്ധ്യാത്മിക ശുഷ്കാന്തി ക്ഷയിച്ചവർ എന്നിവരെല്ലാം അദ്ദേഹത്തിന്റെ സേവന പരിധിയിൽപ്പെടുന്നു. അദ്ദേഹത്തിന്റെ നേതൃത്വനയം, താല്പര്യം, സ്വഭാവം എന്നിവയെ ആശ്രയിച്ചാണ് ഇടവകയുടെ ബഹുഭൂരിപക്ഷം പ്രവർത്തനങ്ങളും നീങ്ങുക. ഇടവകയിലെ എല്ലാ നല്ല പ്രവർത്തകരെയും പ്രോത്സാഹിപ്പിക്കുകയോ തളർത്തുകയോ ചെയ്യുന്നത് അദ്ദേഹമാണ്. അതിനാൽ നേതൃത്വത്തെയും സമൂഹപ്രവർത്തനങ്ങളെയും സംബന്ധിച്ച് ശരിയായ ജ്ഞാനം അദ്ദേഹത്തിനുണ്ടായിരിക്കണം. അല്ലാത്തപക്ഷം അദ്ദേഹം അറിയാതെതന്നെ അപകടങ്ങൾ വിളിച്ചുവരുത്തിയെന്നിരിക്കും. ഇങ്ങനെയാണ് നീറുന്ന നിരവധി പ്രശ്നങ്ങൾ ഇടവകതലത്തിൽ സംഭവിക്കുകയും സങ്കീർണ്ണമാകുകയും ചെയ്യുന്നത്. അപ്പോൾ ജനങ്ങളിൽ കുററം മുഴുവൻ ആരോപിച്ചുകൊണ്ടോ, അവരെ ശപിച്ചു തള്ളിക്കൊണ്ടോ പ്രശ്നത്തിൽനിന്നു തലയൂരാൻ ശ്രമിക്കുന്നത് തീർത്തും മൗഢ്യമായിരിക്കും. സമൂഹപ്രവർത്തനങ്ങളിൽ പരാജിതരും നിരാശരുമായി സജീവപ്രവർത്തനങ്ങളിൽനിന്നു പിന്തിരിയുന്നവരാണു പലരും. അപക്വമായ നേതൃത്വമാണ് ഇതിനു കാരണം. സ്വന്തം പ്രായോഗിക പരിചയമല്ലാതെ നേതൃത്വത്തെയും സംഘടനാ രീതികളെയും കുറിച്ച് ശരിയായ ജ്ഞാനം ഇന്നത്തെ വൈദികരിൽ അധികം പേർക്കും ലഭിച്ചിട്ടില്ല എന്നത് ഒരു ദുഃഖസത്യമാണ്.

നേതൃത്വഗുണം നൈസർഗികമാണെന്ന വസ്തുത നിഷേധിക്കുന്നില്ല. എന്നാൽ ജന്മസിദ്ധമായ ഈ കഴിവ് ശാസ്ത്രീയ പഠനങ്ങളിലൂടെയും പ്രായോഗിക പരിജ്ഞാനത്തിലൂടെയും പരിപോഷിപ്പിക്കുമ്പോഴാണ് അത് പക്വതയിലെത്തുക. രാജ്യഭരണം പരമ്പരാഗതമായി കൈമാറി പോന്നപ്പോഴും രാജ്യാവകാശികൾക്ക് നേതൃത്വപരിശീലനം നല്കിയിരുന്നു. സമൂഹത്തെയും നേതൃത്വത്തെയും കുറിച്ച് ശാസ്ത്രീയമായി പഠിക്കുകയും അതനുസരിച്ച് പ്രവർത്തനശൈലിയും പദ്ധതികളും ആവിഷ്ക്കരിക്കുകയും ചെയ്യാത്തവർ ഇന്നു പലപ്പോഴും നേതൃത്വത്തിനു് അനർഹരാകുന്നു. ജന്മനാ നേതൃത്വകഴിവുകൾ കുറവുള്ളവർക്കാകട്ടെ തങ്ങളിൽ അന്തർലീനമായ കഴിവ് സ്വപ്രയത്നത്താൽ പരിപോഷിപ്പിക്കുവാൻ സാധിക്കും.

നേതൃത്വപരിശീലനം സിദ്ധിച്ചവരും നൈസർഗ്ഗികമായി സംഘടനാ വൈഭവമുള്ളവരും ഇന്നു് ഇടവകകളിൽ നിരവധിയാണ്. അവരെയും നയിക്കേണ്ട വൈദികൻ തന്റെതന്നെ

പരിമിതികളിൽ അപകർഷതാബോധമില്ലാത്തവനായിരുന്നു് സമൂഹത്തെ നയിക്കാനും സ്വാധീനിക്കാനും പരിപോഷിപ്പിക്കാനും കഴിവുള്ളവനായിരിക്കണം. ഇന്നത്തെ ജനങ്ങൾ കൂടുതൽ വിദ്യാസമ്പന്നരാകയാൽ കാര്യകാരണസഹിതം സംഗതികൾ വിലയിരുത്താൻ പ്രാപ്തരാണു്. സ്വതന്ത്രമായ ചിന്തയ്ക്കും പ്രവർത്തനത്തിനും തുറന്ന വിമർശനത്തിനും ഇന്നു പലരും മടിക്കുകയില്ല. അതിനാൽത്തന്നെ നല്ല നേതൃത്വമല്ലാതെ വൈദികൻെറ മേധാവിത്വമൊന്നും ഇന്നു വിലപ്പോവില്ല. കഴിവും ആത്മാർത്ഥതയുമില്ലാത്തവർ അവഗണിക്കപ്പെട്ടെന്നു വരും.

## ഇന്നത്തെ വൈദികർ നല്ലനേതാക്കളോ?

തങ്ങൾ നല്ലതെന്നു മനസ്സിലാക്കുന്ന സാമൂഹ്യഭരണക്രമമാണു് സഭാമണ്ഡലത്തിലും പ്രാവർത്തികമായിക്കാണാൻ ജനങ്ങൾ ആഗ്രഹിക്കുക. അതിനാൽ, പഴയതുപോലെ 'അച്ചൻ പറയുന്നതെന്തും കണ്ണടച്ചു വിശ്വസിക്കാനും അക്ഷരം പ്രതി അനുസരിക്കാനും' ഇന്നാരും തയ്യാറല്ല. രാജാധിപത്യത്തിൻെറ പ്രൗഢിയും പ്രതാപവുമെല്ലാം ജനങ്ങൾ വെറുത്തു കഴിഞ്ഞു. സ്വന്തം അധികാരത്തിലും സ്വാധീനത്തിലും അഹന്തകൊള്ളുകയും അവയെ പ്രകടിപ്പിക്കാൻ തത്രപ്പെടുകയും ചെയ്യുന്നവർക്കു പകരം, വിനയാന്വിതരും കർമ്മശേഷിയുമുള്ള നല്ല വൈദിക നേതാക്കളെയാണു് അല്മായർ ഇഷ്ടപ്പെടുന്നതു്. ഇത്തരത്തിൽ നല്ല നേതാക്കളായി ആധുനിക വൈദികരെ അല്മായർ കാണുന്നുണ്ടോ?. സർവ്വേയിൽ അല്മായർക്കുള്ള ഒരു ചോദ്യമിതായിരുന്നു. ''ഇന്നത്തെ വൈദികർ നല്ല നേതൃത്വകഴിവുകൾ ഉള്ളവരാണോ?'' അതിനു ലഭിച്ച ഉത്തരം:

| | |
|---|---|
| അതേ | .3 % |
| നല്ലൊരുഭാഗം | 29 ,, |
| ചുരുക്കംചിലർ | 66 ,, |
| അല്ല | 1 ,, |

ഇന്നത്തെ വൈദികരിൽ ഏറിയഭാഗത്തെയും നല്ല നേതൃത്വകഴിവുകൾ ഉള്ളവരായി കാണുവാൻ അല്മായർക്കു കഴിഞ്ഞിട്ടില്ല എന്നല്ലേ ഇതു വ്യക്തമാക്കുക? കേരളത്തിലെ ഇന്നത്തെ വൈദിക നേതൃത്വത്തെ വിലയിരുത്തിക്കൊണ്ടു് പണ്ഡിതനും പരിചയസമ്പന്നനുമായ ഒരു ബ. വൈദികൻ അയച്ചുതന്ന അഭിപ്രായം ഇവിടെ പ്രസ്താവ്യമാണു്. ''ഓരോ വൈദികനും

നേതാവായിരിക്കുക അവശ്യാവശ്യമാണ്. അദൃശ്യനായ ദൈവത്തിന്റെ ഔദ്യോഗിക വക്താവായതിനാലാണ് ഇന്നുവരെ വൈദികൻ ചോദ്യം ചെയ്യപ്പെടാത്ത നേതാവായി അംഗീകരിക്കപ്പെട്ടിരുന്നത്. എന്നാൽ, ഇന്ന് അദ്ദേഹത്തിന്റെ സ്ഥാനത്തെ ആളുകൾ ചോദ്യം ചെയ്യും. അത്തരക്കാരോട് എപ്രകാരം വർത്തിക്കണമെന്ന് അദ്ദേഹം അറിഞ്ഞിരിക്കണം. അംഗീകാരത്തിന്റെ പ്രശ്നം പോകട്ടെ; സമൂഹത്തിൽ നിന്നുള്ള പ്രശ്നങ്ങളെ അഭിമുഖീഭവിക്കുമ്പോൾ ഓരോ വൈദികനും എന്തെന്ത സാധാരണ ടെക്നിക്കുകളാണ് പ്രയോഗിക്കുന്നത്! ഈ ടെക്നിക്കുകൾ ശാസ്ത്രീയമോ അതോ വെറും തന്ത്രങ്ങളോ?'' വൈദിക നേതൃത്വത്തെക്കുറിച്ച് ഇന്നുള്ള മങ്ങിയ മുഖഛായ മാറണമെങ്കിൽ ആധുനിക ലോകത്തിന് യോജ്യമായ വിധം വൈദികർ ഉയർന്നുവരണം.

# 3 വൈദികൻ ഒരു വ്യത്യസ്ത നേതാവ്

വെറുമൊരു സാമൂഹ്യ പരിഷ്കർത്താവല്ല
വൈദിക നേതൃത്വത്തിന്റെ പ്രത്യേകതകൾ
ശ്രദ്ധിക്കേണ്ട മേഖലകൾ
ചില അനുകൂല സാഹചര്യങ്ങൾ

---

നേതൃത്വത്തിനു പൊതുവായി പല സവിശേഷതകളുമുണ്ട്. എന്നാൽ, ഓരോ സമൂഹത്തിന്റെയും സ്വഭാവമനുസരിച്ച് അവയുടെ നേതൃത്വത്തിൽ ചില പ്രത്യേകതകളുണ്ടാകും. 'കരിസ്മാറ്റിക്'' നേതാവിന്റെ ചൈതന്യവും പ്രവർത്തന രീതിയുമല്ലല്ലോ രാഷ്ട്രീയനേതാവിനു് ഉണ്ടായിരിക്കേണ്ടത്. റൗഡി ഗ്രൂപ്പിന്റെയും ഗായകസംഘത്തിന്റെയും നേതൃത്വം നയത്തിൽ വ്യത്യാസപ്പെട്ടിരിക്കും. അതുപോലെ വൈദികന്റെ നേതൃത്വത്തിനും ചില പ്രത്യേകതകളുണ്ട്. തന്റെ ഇടവക സമൂഹത്തിനും അതിനു് താൻ നല്കാനുദ്ദേശിക്കുന്ന മൂല്യങ്ങൾക്കുമനുസരിച്ച നേതൃത്വരീതിയും കഴിവുകളുമാണു് അദ്ദേഹം പ്രകടമാക്കേണ്ടത്. മതപരവും മതേതരവുമായ നിരവധി പ്രസ്ഥാനങ്ങൾക്കു തേതൃത്വം വഹിക്കേണ്ട അദ്ദേഹം, തന്റെ നേതൃത്വത്തിന്റെ പ്രത്യേകതകളെ മറ്റു നേതൃത്വവുമായി താരതമ്യപ്പെടുത്തി മനസ്സിലാക്കിയിരിക്കണം. വൈദികനെന്ന നിലയിലുള്ള തന്റെ വ്യക്തിത്വവും നേതൃത്വശൈലിയും വ്യതിചലിക്കപ്പെടാതെ പരിപോഷിപ്പിക്കുവാൻ ഇതാവശ്യമാണു്.

## വെറുമൊരു സാമൂഹ്യപരിഷ്കർത്താവല്ല

പൗരോഹിത്യ ധർമ്മത്തിനു മുൻതൂക്കം നല്കികൊണ്ടുള്ള നേതൃത്വമാണു് വൈദികരുടേത്. ''പാപപ്പരിഹാരാർത്ഥം ബലികളും കാഴ്ചകളും സമർപ്പിക്കാൻ മനുഷ്യരിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ട് മനുഷ്യർക്കുവേണ്ടി ദൈവകാര്യങ്ങളിൽ നിയുക്തരായിയിരിക്കുന്നവരാണു് വൈദികർ.''[1] അവർ ജനങ്ങളിൽ

---

1 രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകൾ, 'വൈദികർ', നമ്പർ—3,

നിന്നു ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും, ദൈവത്തിനും മനുഷ്യർക്കുമിടയിലെ മദ്ധ്യവർത്തികളുമാണ്. യേശുക്രിസ്തുവിന്റെ ശുശ്രൂഷയിൽ പങ്കു ചേർന്നുകൊണ്ട് ദൈവത്തിന്റെ രക്ഷാകരപദ്ധതി ലോകത്തിൽ തുടർന്നു കൊണ്ടുപോകുകയാണ് അവരുടെ കർത്തവ്യം. അതിനാൽത്തന്നെ അവരുടെ നേതൃത്വം മററുള്ളവരുടേതിൽ നിന്നു വളരെ വിഭിന്നമാണ്.

തികച്ചും ആദ്ധ്യാത്മിക ധർമ്മങ്ങളാണ് പൗരോഹിത്യത്തിലൂടെ ഒരുവൻ ഏറ്റെടുക്കുക. വൈദികരെക്കുറിച്ചുള്ള കൗൺസിൽ ഡിക്രിയിൽ പ്രതിപാദിക്കുന്നതുപോലെ, ''വൈദികരുടെ ഒന്നാമത്തെ കടമ ദൈവത്തിന്റെ സുവിശേഷം എല്ലാവരെയും അറിയിക്കുക എന്നതാണ്.''[2] ദൈവജനത്തെ സ്ഥാപിക്കുകയും വളർത്തിക്കൊണ്ടു വരികയും ചെയ്യുക, വി. രഹസ്യങ്ങൾ പരികർമ്മം ചെയ്യുക,[3] ദൈവകുടുംബത്തെ സാഹോദര്യത്തിൽ സംയോജിപ്പിക്കുക. യഥാർത്ഥ ക്രിസ്തീയ സമൂഹം കെട്ടിപ്പടുക്കുക,[4] വിശ്വാസികളുടെ ഇടയിലെ അഭിപ്രായ ഭിന്നതകൾ പറഞ്ഞു തീർക്കുക,[5] എന്നിവയാണ് വൈദികന്റെ മററു പ്രധാന ധർമ്മങ്ങൾ.

ഇവയിൽ നിന്നു വ്യക്തമാകുന്നതുപോലെ വൈദികന്റെ ശ്രദ്ധ പതിയേണ്ടതു് സമൂഹത്തെ ദൈവത്തിലേക്കടുപ്പിക്കുവാനുപയുക്തമായ പ്രവർത്തന പദ്ധതികളിലാണ്. സാമൂഹ്യ സേവകനായി മാത്രം വൈദികൻ നിലനില്ക്കുകയാണെങ്കിൽ തന്റെ ലക്ഷ്യത്തിൽ ഒരിക്കലും അദ്ദേഹം എത്തിച്ചേരുന്നില്ല, മാത്രവുമല്ല വൈദികനെന്ന നിലയിലുള്ള തന്റെ വ്യക്തിത്വത്തെ അതുവഴി നഷ്ടപ്പെടുത്തുക കൂടിയാവും ചെയ്യുക. ശരിയാണ്, വൈദികൻ ഒരു സാമൂഹ്യ പ്രവർത്തകനാണ്. പൊതുപ്രവർത്തനത്തിലൂടെ സ്നേഹവും സാഹോദര്യവും നിറഞ്ഞ — അനീതിയും അധാർമ്മികതയും വഞ്ചനയും ഇല്ലാത്ത – സമൂഹത്തെ അരുത്താരയിലേക്കാനയിക്കുവാനും അവരെ വിശുദ്ധീകരിക്കുവാനും അദ്ദേഹം പരിശ്രമിക്കണം. സ്വന്തം ഉപജീവന മാർഗ്ഗമായോ, കഷ്ടപ്പെടുന്നവരോടുള്ള സഹതാപം മൂലമോ മററുള്ളവർ സമൂഹത്തെ സേവിക്കുമ്പോൾ സമൂഹത്തിൽ ക്രൈസ്തവ സാഹോദര്യം സംജാതമാക്കു

2 നമ്പർ—4
3 നമ്പർ—5
4 നമ്പർ—6
5 നമ്പർ—9

വാനായിരിക്കണം വൈദികൻ അതു നിർവ്വഹിക്കുക. അതി നാൽ, അടിസ്ഥാനപരമായിത്തന്നെ വൈദികൻെറ നേതൃത്വം മററു രാഷ്ട്രീയ– സാമൂഹ്യ – സാംസ്കാരിക നേതൃത്വങ്ങളിൽ നിന്നു വിഭിന്നമാണു്.

## വൈദികനേതൃത്വത്തിൻെറ പ്രത്യേകതകൾ

മററു നേതാക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ വൈദിക നു് പല പ്രത്യേകതകളുമുണ്ടെന്നു് കാണാം.

(i) ആദ്ധ്യാത്മികനേതാവായി വൈദികൻ സ്വയം അവ രോധിക്കുകയോ ജനങ്ങളാൽ അവരോധിക്കപ്പെടുകയോ അല്ല ചെയ്യുന്നതു്. ദൈവജനത്തിൻെറ പിതാവായി, നേതാവായി ദൈവത്താൽ വിളിക്കപ്പെട്ടവനാണു് അദ്ദേഹം. പ്രത്യേകമാ യൊരു ഇടവകയിലേക്കു് അദ്ദേഹത്തെ നിയമിക്കുന്നതു് മെത്രാ നാണു്. [6] അതിനാൽ, മററു സമൂഹങ്ങളിൽനിന്നു വ്യത്യസ്തമായി ഇടവകാംഗങ്ങൾക്ക തങ്ങളുടെ ഇഷ്ടാനുസരണം വികാരിയെ തെരഞ്ഞെടുക്കാനോ സ്ഥാനഭ്രഷ്ടനാക്കാനോ അവകാശമില്ല.

(ii) വൈദികൻെറ നേതൃത്വം, ഇഷ്ടമുള്ളപ്പോൾ സ്വീകരി ക്കുകയും സ്വേച്ഛാനുസരണം പരിത്യജിക്കുകയും ചെയ്യാവുന്ന തല്ല. അതു് സ്ഥായിയായൊരു ജീവിതാന്തസ്സാണു്; തിരുപ്പട്ടം വഴിയാണു് ഒരുവൻ വൈദികനായി — പുരോഹിതനും നേതാ വും പ്രവാചകനുമായി — രംഗപ്രവേശനം ചെയ്യുക. ദൈവജന ത്തിൻെറ ഔദ്യോഗിക നേതാവായി അഭിഷേകം ചെയ്യപ്പെട്ട നനതിനാലും, ക്രിസ്തുവിൻെറ പ്രതിപുരുഷനെന്ന കാരണത്താ ലും, നേതൃത്വ കഴിവുകൾ കാര്യമായി ഇല്ലെങ്കിൽപ്പോലും അദ്ദേ ഹത്തെ തങ്ങളുടെ അജപാലകനായി അംഗീകരിക്കുവാനും അദ്ദേഹത്തിൽ വിശ്വാസവും സ്നേഹവുമർപ്പിക്കുവാനും അദ്ദേഹ ത്തോടു സഹകരിക്കുവാനും ഇടവകാംഗങ്ങൾ സന്നദ്ധരാകും.

---

6 ''ഇടവക വികാരിയെ നിയമിക്കുന്നതിൽ ആക്കെങ്കിലും ഏതെങ്കിലും തരത്തിൽ ഒരാളെ അവതരിപ്പിക്കുന്നതിനോ നാമനിർദ്ദേശം ചെയ്യുന്ന തിനോ സംവരണം ചെയ്യുന്നതിനോ അവകാശം ഉണ്ടെങ്കിൽ അതു നിർത്തൽ ചെയ്തിരിക്കുന്നു. അതുപോലെതന്നെ പൊതുവും പ്രത്യേകവു മായ 'യോഗ്യതാ പരീക്ഷകൾ' (കൊൺകൂർസുസ്) അടങ്ങിയ പദ്ധതി കൾ എവിടെയെങ്കിലും നിലവിലുണ്ടെങ്കിൽ അതും നിർത്തലാക്കിയി രിക്കുന്നു.'' രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, മെത്രാന്മാർ, നമ്പർ — 31

(iii) ലൗകിക നന്മകളെക്കാൾ ആദ്ധ്യാത്മികലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ് വൈദികന്റെ നേതൃത്വം. അദ്ദേഹം ''ദൈവീകകാര്യങ്ങളിൽ നിയുക്തനായിരിക്കുന്നു''. [7] സാമൂഹ്യ പ്രവർത്തനങ്ങളിൽ അദ്ദേഹം നേതൃത്വം വഹിക്കുമെങ്കിലും ആത്യന്തികലക്ഷ്യം മനുഷ്യരക്ഷയായിരിക്കും. കാരണം, വിശ്വാസികളുടെ ആദ്ധ്യാത്മികപിതാവാണദ്ദേഹം.

കോട്ടയം വടവാതൂർ സെമിനാരിയുടെ ആഭിമുഖ്യത്തിൽ 1977–ൽ നടന്ന ഒരു സർവ്വേയിൽ 'കത്തോലിക്കാ വൈദികർ നിങ്ങൾക്ക് ആരായിരിക്കണം?' എന്ന ചോദ്യം കേരള കത്തോലിക്കരോട് ഉന്നയിക്കുകയുണ്ടായി. 1205 പേരാണ് അതിന് ഉത്തരം എഴുതിയത്. അതിൽ 71.243% ആളുകളും 'ആത്മീയ പിതാവ്'' എന്നാണ് എഴുതിയത്. 19.838% പേർ 'സഹോദരൻ' എന്നും 13.779 % പേർ 'സുഹൃത്ത്'' എന്നും 13.199% മാത്രം 'നേതാവ്'' എന്നും എഴുതി. [8] വൈദിക നേതൃത്വത്തെ ആദ്ധ്യാത്മികതയിൽനിന്ന് അകററിനിർത്തുവാൻ ദൈവജനം ഇഷ്ടപ്പെടുന്നില്ല എന്നതിന് പ്രകടമായ തെളിവാണിത്.

(iv) വൈദികൻ നിസ്വാർത്ഥ സേവകനാണ്. ദൈവത്താൽ അദ്ദേഹം പ്രത്യേകം 'വിളിക്കപ്പെട്ടിരിക്കുന്നത്' ശുശ്രൂഷിക്കപ്പെടുവാനല്ല ദൈവജനത്തെ ശുശ്രൂഷിക്കുവാനാണ്. [9] ''സ്വയം ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച'' [10] വനും, ''ശുശ്രൂഷിക്കപ്പെടാനല്ല, പ്രത്യുത, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും'' [11] ആഗതനുമായ യേശുവിനെയാണ് അദ്ദേഹം അനുകരിക്കുന്നത്.

---

7 രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, 'വൈദികർ' നമ്പർ — 3.

8 ഡോ. ജേക്കബ് കട്ടയ്ക്കൽ & ഡോ. തോമസ് വെള്ളിലാംതടം, കേരളസഭാസർവ്വേ. (പാലാ: ദീപനാളം പബ്ളിക്കേഷൻസ് 1978), p. 32.

9 രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, 'തിരുസ്സഭ' നമ്പർ — 28

10 ഫിലിപ്പി, 2: 7.

11 മത്തായി, 20: 28.

(v) ക്രിസ്തുവിന്റെ പ്രതിപുരുഷനും ദൈവത്തിനും ജനങ്ങൾക്കുമിടയിൽ മദ്ധ്യവർത്തിയുമാണു് പുരോഹിതൻ. അവിടുത്തെ അധികാരമുപയോഗിച്ചു് വിശ്വാസികളുടെ പാപങ്ങൾ മോചിക്കുക, അവരെ വിശുദ്ധീകരിക്കുക, ആരാധനാസമ്മേളനങ്ങളിൽ അദ്ധ്യക്ഷ്യം വഹിക്കുക, ജനങ്ങൾക്കുവേണ്ടി ദൈവതിരുമുമ്പാകെ മാദ്ധ്യസ്ഥ്യം വഹിക്കുക, ദൈവജനത്തിന്റെ അർച്ചനകൾ യേശുവിന്റെ ബലിയോടുചേർത്തു് ദൈവത്തിനർപ്പിക്കുക തുടങ്ങിയവ അദ്ദേഹത്തിന്റെ കടമകളാണു്.

(vi) ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളുടെയും രക്ഷാകർത്തൃത്വം വൈദികനാണു്. ക്രിത്യമായ സേവനപരിധിയോ ധർമ്മാനുഷ്ഠാനങ്ങളോ അല്ല അദ്ദേഹത്തിനുള്ളതു്. ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയിൽ അദ്ദേഹത്തെ അനുസരിക്കാൻ ഇടവകാംഗങ്ങൾ എന്നും ബാദ്ധ്യസ്ഥരുമാണു്.

ഇപ്രകാരം വീക്ഷിക്കുമ്പോൾ വൈദികൻ ദൈവജനത്തിന്റെ പിതാവും പുരോഹിതനും, നേതാവും പ്രതിനിധിയും, അദ്ധ്യക്ഷനും അദ്ധ്യാപകനും, ദാസനും ശുശ്രൂഷകനുമാണു്. അദ്ദേഹത്തിന്റെ ധർമ്മങ്ങൾ നിരവധിയാണു്. പ. പിതാവു് ജോൺപോൾ രണ്ടാമൻ പാദുവായിലെ വി. അന്തോനീസിന്റെ ദൈവാലയത്തിൽ ചെയ്ത പ്രസംഗത്തിൽ പറയുകയുണ്ടായി: ''ഇടവകയിൽ, യേശുവിന്റെ ജോലിയും പ്രവർത്തനവും വൈദികൻ തുടർന്നുകൊണ്ടുപോകുന്നു. അതിനാൽ അദ്ദേഹം 'അജഗണത്തെ മേയിക്കണം'; അദ്ദേഹം പഠിപ്പിക്കുകയും ഉപദേശിക്കുകയും, വരപ്രസാദം നല്കുകയും തെററിൽ നിന്നും തിന്മയിൽ നിന്നും ആത്മാക്കളെ സംരക്ഷിക്കുകയും, ആശ്വസിപ്പിക്കുകയും, സഹായിക്കുകയും മാനസാന്തരപ്പെടുത്തുകയും, സർവ്വോപരി സ്നേഹിക്കുകയും വേണം'' [12]. ചുരുക്കത്തിൽ മററു നേതാക്കളെക്കാൾ ഉപരിയായ കടമകളും ഉത്തരവാദിത്വവുമാണു് വൈദികനുള്ളതു്.

## ശ്രദ്ധിക്കേണ്ട മേഖലകൾ

സർവ്വേയിൽ അൽമായർക്കു നല്കിയ ഒരു പ്രധാന ചോദ്യം ''നിങ്ങളുടെ വീക്ഷണത്തിൽ ഇന്നു വൈദികർ ഏററവും ശ്രദ്ധിക്കേണ്ട മണ്ഡലം ഏതാണു്?'' എന്നതായിരുന്നു. അതിനു

12 L' Osservatore Romano, May 14, 1979, p. 7.

ലഭിച്ച ഉത്തരങ്ങളെ സൗകര്യാർത്ഥം മൂന്നു വിഭാഗങ്ങളായി തിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആദ്ധ്യാത്മിക മണ്ഡലം | — | 37 ശതമാനം |
| അജപാലന മണ്ഡലം | — | 26 ,, |
| സാമൂഹ്യ മണ്ഡലം | — | 25 ,, |
| (മററ് ഉത്തരങ്ങൾ | — | 12 ,,) |

ഇതേ ചോദ്യത്തിനു വൈദികർ നല്കിയ ഉത്തരം അല്മായരുടേതിനോടു വളരെ സാധർമ്മ്യപ്പെട്ടു വരുന്നു.

| | | |
|---|---|---|
| ആദ്ധ്യാത്മികം | — | 44 ശതമാനം |
| അജപാലനം | — | 29 ,, |
| സാമൂഹ്യം | — | 27 ,, |

വൈദികൻെറ വ്യക്തിത്വവും പ്രവർത്തന മണ്ഡലങ്ങളും മററു നേതാക്കളുടേതിൽ നിന്നു് എത്ര വിപുലവും വ്യത്യസ്തവുമാണെന്നു് ഇവയിൽ നിന്നു് വ്യക്തമാകുന്നുണ്ടു്. മററു നേതാക്കന്മാരിൽ നിന്നു വിഭിന്നമായി, അദ്ദേഹം ഒരു സാമൂഹ്യ പരിഷ്കർത്താവെന്നതിലുമുപരി ആദ്ധ്യാത്മിക നേതാവും അജപാലകനുമാകണം.

## ചില അനുകൂല സാഹചര്യങ്ങൾ

വൈദികനു് മററു നേതാക്കളേക്കാൾ അനുകൂലമായ സാഹചര്യങ്ങളാണു് സമൂഹത്തിലുള്ളതു്. ആത്മീയ നേതാവു കൂടിയാകയാൽ വൈദികനെ ദിവ്യപുരുഷനായാണു് ജനങ്ങൾ വീക്ഷിക്കുക. അദ്ദേഹം വിശുദ്ധനും പ്രാർത്ഥനയുടെ മനുഷ്യനുമായിരിക്കണമെന്നു് ജനങ്ങൾ ആഗ്രഹിക്കുന്നതും അതുകൊണ്ടു തന്നെയാണു്. നിസ്വാർത്ഥനും വിശ്വസനീയനും ആദർശപുരുഷനുമായി ആളുകൾ അദ്ദേഹത്തെ കാണുവാൻ ശ്രമിക്കുന്നു. അതിനാൽ, മററു നേതാക്കളെക്കാളുപരിയായി ജനങ്ങളുടെ വിശ്വാസമാർജ്ജിക്കാനും അവരെ വളരെ വേഗം സ്വാധീനിക്കാനും കർമ്മോന്മുഖരാക്കാനും അദ്ദേഹത്തിനു കഴിയും. അദ്ദേഹത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം മൂലം, മതേതര മണ്ഡലങ്ങളിൽപ്പോലും അദ്ദേഹത്തിൻെറ വാക്കുകൾ വിശ്വസിക്കപ്പെടുകയും പാലിക്കപ്പെടുകയും ചെയ്യും. മലബാറിലെ ഒരിടവകയിൽ സേവനമനുഷ്ഠിച്ച ഒരു വൈദികൻ പറയുകയാണു് ''ജാതി-മത—വർണ്ണ വിവേചന കൂടാതെ ആളുകൾ വൈദികരെ

ഉന്നത നിലവാരത്തിൽ കാണുന്നതു് എന്നെ അതിശയിപ്പിച്ചു. ഏതു സാമൂഹ്യ പ്രവർത്തനത്തിനും പ്രാദേശിക രാഷ്ട്രീയ നേതാക്കൾപോലും വൈദികന്റെ ഉപദേശം തേടുന്നു''[13]. തങ്ങളുടെ പല പ്രശ്നങ്ങളും. രഹസ്യങ്ങൾപോലും വൈദികനോടു് തുറന്നു പറയുവാൻ ജനം മടിക്കുകയില്ല. മററു നേതാക്കൾ തങ്ങളുടെ വ്യക്തി പ്രാഭവവും കഴിവുകളുടെ പ്രകടനവുംവഴി സമൂഹത്തിൽ സ്ഥാനവും അംഗീകാരവും വിശ്വാസ്യതയും ആർജ്ജിക്കുമ്പോൾ വൈദികൻ പൗരോഹിത്യ പദവിയാൽത്തന്നെ അതു സാധിക്കുന്നു. തന്മൂലം ആ സ്ഥാനത്തിനും അംഗീകാരത്തിനും അനുയോജ്യമാംവിധം ജീവിക്കാനും പ്രവർത്തിക്കാനും അദ്ദേഹത്തിനു് ധാർമ്മികമായ കടമയുണ്ടു്.

---

13 Fr. Thomas Kalloor O. C. D., 'Memories of a Decade' *Caritas*, Alwaye, 1978, p. 150.

# 4 ബലിയർപ്പകൻ മാത്രമായാൽ പോരാ

'ഭക്തിപൂർവ്വം ബലിയർപ്പിക്കണം'
ഭരണമല്ല, ശുശ്രൂഷയാണാവശ്യം
വൈദികൻ 'നല്ല ഇടയ' നാകണം
സഭയ്ക്കുള്ളിലും അനീതിയോ
നീതിയ്ക്കുവേണ്ടി പീഡ സഹിക്കണം

---

വൈദിക നേതൃത്വത്തിന്റെ പ്രധാന സവിശേഷത വൈദികന്റെ ത്രിവിധ ധർമ്മങ്ങളാണ്. കൗൺസിൽ പ്രസ്താവിക്കുമ്പോലെ, ''തിരുപ്പട്ടംവഴിയായും മെത്രാനിൽ നിന്നു ലഭിച്ച ദൗത്യം മുഖാന്തരവും വൈദികർ, പുരോഹിതനും രാജാവും അദ്ധ്യാപകനുമായ ക്രിസ്തുവിനുവേണ്ടി സേവനമനുഷ്ഠിക്കാൻ ഔദ്യോഗികമായി നിയുക്തരായിരിക്കുന്നു''[1]. സഭയിൽ കൂദാശകൾ പരികർമ്മം ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും, ദൈവജനത്തെ നയിച്ചുകൊണ്ട് അവിടത്തെ രാജത്വത്തിലും, പഠിപ്പിച്ചുകൊണ്ട് അവിടത്തെ പ്രവാചകധർമ്മത്തിലും വൈദികൻ പങ്കുചേരുന്നു. ഈ മൂന്നു മേഖലകളേയും ഉൾക്കൊള്ളുന്നതായിരിക്കണം വൈദികന്റെ നേതൃത്വം. ഒന്നിനെ മാററിനിർത്തി മററുള്ളവയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാവുന്നതല്ല. ഇവയെയെല്ലാം സമ്യക്കായി സംയോജിപ്പിച്ചുകൊണ്ട് ദൈവജനത്തെ 'സ്വർഗീയ ജറുസലത്തേക്കു' നയിക്കുന്നതിലാണ് വൈദികനേതൃത്വത്തിന്റെ വിജയം. ഈ ത്രിവിധ ധർമ്മങ്ങളെ ആധുനിക കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ നമുക്ക് വിലയിരുത്താം.

## 'ഭക്തിപൂർവ്വം ബലിയർപ്പിക്കണം'

ആരാധനാസമൂഹത്തിന്റെ നേതാവാണ് വൈദികൻ. വിശ്വാസികളെ ഒരുമിച്ചുകൂട്ടി ദൈവത്തിനു് ആരാധന–സ്തുതി–സ്തോത്രങ്ങളർപ്പിക്കുവാനും കൂദാശകൾ പരികർമ്മം ചെയ്യാനും

---

1 'വൈദികർ,' നമ്പർ—1

നിയുക്തനാണദ്ദേഹം. ആരാധനാ സമൂഹത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുമ്പോഴാണു് അദ്ദേഹത്തിന്റെ പൗരോഹിത്യം കൂടുതൽ പ്രസന്നമാകുന്നതു്. ക്രിസ്തുവിന്റെ പ്രതിപുരുഷനെന്നനിലയിൽ അപ്പോഠം അദ്ദേഹം ദൈവവചനം പഠിപ്പിക്കുകയും ബലിയർപ്പണം തുടരുകയും ചെയ്യുന്നു.

സർവ്വേയിലെ അല്മായർക്കുള്ള ചോദ്യാവലിയിൽ ''ഇന്നു വൈദികർ പ്രത്യേകം ശ്രദ്ധിക്കേണ്ട മണ്ഡലം ഏതാണു്?'' എന്ന ചോദ്യത്തിനു് ഉത്തരമായി ചിലർ (32 പേർ) എഴുതിയതു് വൈദികർ ഭക്തിപൂർവ്വം ദിവ്യകർമ്മങ്ങൾ പരികർമ്മം ചെയ്യണമെന്നാണു്. അവരുടെ വൈകാരികാവസ്ഥ വ്യക്തമാക്കാൻ ഏതാനും ഉദാഹരണങ്ങൾ.

''കേവലം ഔദ്യോഗിക ചടങ്ങുകളുടെ പൂർത്തീകരണം എന്ന മനോഭാവം ത്യജിച്ചു് ദിവ്യബലിയിലും മററു ദിവ്യകർമ്മങ്ങളിലും കാർമ്മികനു് ആത്മാർത്ഥതയുണ്ടാകണം.''

—ഗവൺമെൻറു് സർവ്വീസിൽനിന്നു റിട്ടയർ ചെയ്ത ഒരു 56 കാരൻ.

''നിറുത്തി നിറുത്തി ശരിയായ ഏകാഗ്രതയോടും ഭക്തിയോടുംകൂടി പ്രാർത്ഥിക്കണം''

—മുപ്പതുവയസ്സുള്ള ഒരു കോളേജ് ലക്ചറർ.

ഇതു സംബന്ധിച്ചു് ഒരു വൈദികൻ എഴുതുന്നതു് ശ്രദ്ധേയമാണു്. ''നമ്മിൽ പലരുടേയും കർബ്ബാനകണ്ടാൽ ജനങ്ങൾക്കു തോന്നും ഈ വിശ്വാസമില്ലാത്ത വൈദികന്റെ കർബ്ബാന ഇനി കാണണ്ടായെന്നു്. ക്രമേണ അവർ എന്നന്നേയ്ക്കുമായി ദിവ്യബലിയിൽ നിന്നും ദൈവാലയത്തിൽനിന്നും ദൈവകാര്യങ്ങളിൽ നിന്നും അകന്നുപോകുന്നു. ആരാണു് അവരുടെ നരകത്തിനുത്തരവാദി? ആത്മാർത്ഥമായി ചിന്തിച്ചുനോക്കുക.''

ആരാധനയ്ക്കു നേതൃത്വം വഹിക്കുന്ന വൈദികൻ നിശ്ചയമായും ആദ്ധ്യാത്മിക ചൈതന്യമുള്ളവനായിരിക്കണം. ഭാഗ്യസ്മരണാർഹനായ 23-ാം ജോൺ മാർപാപ്പാ പറയുന്നു, ''താനർപ്പിക്കുന്ന ബലിയുടെ രീതിയിൽ തന്നെയാവണം വൈദികന്റെ മുഴുവൻ വിശുദ്ധീകരണവും. അദ്ദേഹം ദിവ്യബലി വെറുതെ അർപ്പിച്ചാൽ പോരാ, യഥാർത്ഥത്തിൽ അതിൽ ജീവിക്കണം. അങ്ങനെ അൾത്താരയിൽ നടക്കുന്നതെന്തോ അതു്

അദ്ദേഹത്തിന്റെ ആത്മാവിൽ പ്രതിഫലിക്കണം'' [2]. വത്തിക്കാൻ കൗൺസിലും ഈ ആശയം ഊന്നിപ്പറയുന്നുണ്ട്: ആദ്യമായി ആത്മപാലകർതന്നെ ആരാധനക്രമ ചൈതന്യവും ശക്തിയും പൂർണ്ണമായി ഉൾക്കൊണ്ട് അതിന്റെ ആചാര്യരാകാതെ മേല്പറഞ്ഞവ (ആരാധനാക്രമത്തിലെ സജീവ ഭാഗഭാഗിത്വം) സാധിക്കുമെന്നു യാതൊരു പ്രതീക്ഷയുമില്ല'' [3].

ഇന്നത്തെ നമ്മുടെ ബ. വൈദികരുടെ വിശ്വാസത്തെയും ഭക്തിയേയും കുറിച്ച് വിശ്വാസികൾക്കുള്ള വീക്ഷണം ശ്രദ്ധാർഹമാണ്. അല്മായർക്കുള്ള ചോദ്യാവലിയിലെ, ''നമ്മുടെ വൈദികരുടെ വിശ്വാസത്തെയും ഭക്തിയേയും കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്ത്'' എന്ന ചോദ്യത്തിനു ലഭിച്ച ഉത്തരങ്ങളാണ് താഴെ ചേർക്കുന്നത്.

| | |
|---|---|
| വളരെ ഉണ്ട് | 17 ശതമാനം |
| ചിലർക്ക് | 39 ശതമാനം |
| പുരുക്കം ചിലർക്ക് | 30 ശതമാനം |
| വളരെ മോശം | 12 ശതമാനം |

(2ശതമാനം ഇതിന് ഉത്തരം എഴുതിയില്ല.)

വ്യക്തിപരമായി വൈദികൻ വിശ്വാസവും ഭക്തിയുമുള്ളവനായിരിക്കാം. എങ്കിലും 17 ശതമാനം അല്മായർ മാത്രമേ അതു് അംഗീകരിക്കാൻ തയ്യാറുള്ളു. മററുള്ളവർക്ക് എല്ലാ വൈദികരിലും അവയെ വേണ്ടത്ര കാണുവാൻ കഴിഞ്ഞിട്ടില്ല. സ്ത്രീകളെക്കാൾ (9%) പുരുഷന്മാരാണ് (15%) വൈദികരുടെ വിശ്വാസത്തിലും ഭക്തിയിലുമുള്ള ലാഘവത്തെ വിമർശനബുദ്ധ്യാ വിധിക്കുന്നതു്.

ഇടവക നേതൃത്വത്തിൽ വളരെ പ്രശോഭിച്ചുകൊണ്ടിരിക്കുന്ന പരിചയസമ്പന്നനായൊരു വൈദികൻ എഴുതി. ''പുതിയതായി ഒരിടവകയിൽ ചെന്നുപററിയാൽ ആദ്യമായി ഇടവകയിലെ ആരാധനക്രമത്തിൽ സജീവമായ ശ്രദ്ധ ചെലുത്തുക. വ്യക്തിപരമായ ജീവിതത്തിൽ പ്രാർത്ഥനാജീവിതത്തിനു സ്ഥാനം നല്കണം. പള്ളികളിൽ പ്രാർത്ഥിക്കുന്നവരായി തങ്ങളെ ദൈവജനം കാണേണ്ടതു് ഒരാവശ്യമാണെന്നുള്ള ബോദ്ധ്യം വൈദികർക്കുണ്ടാകണം. ദൈവമനുഷ്യരാണെന്ന് തങ്ങളെത്തന്നെ തെളിയിക്കണം''.

---

2 *Sacerdotii Nostri, Aug. 1, 1959*

3 'ലിററർജി', നമ്പർ–14

ബലിവേദിയാണു് വൈദികൻെറ എല്ലാപ്രവർത്തനങ്ങളുടെയും കേന്ദ്രബിന്ദു. ദൈവജനത്തെ അൾത്താരയിലേക്കാനയിക്കാൻ ഉപയുക്തമാകുന്ന പ്രവർത്തന പദ്ധതികൾക്കായിരിക്കണം അദ്ദേഹം പ്രാധാന്യം നല്കുക. അവിടെ നിന്നുൾക്കൊള്ളുന്ന സ്നേഹചൈതന്യമാണു് അദ്ദേഹത്തിൻെറയും ഇടവകാംഗങ്ങളുടെയും പൊതുജനസേവനത്തിൽ പ്രതിഫലിക്കേണ്ടതു്. ദൈവമനുഷ്യ സമാഗമത്തെ മുന്നിൽ കണ്ടുകൊണ്ടുള്ളതായിരിക്കണം വൈദികൻെറ എല്ലാ സാമൂഹ്യ പ്രവർത്തനങ്ങളും.

## ഭരണമല്ല, ശുശ്രൂഷയാണാവശ്യം

ക്രിസ്തുവിൻെറ രാജത്വത്തിൽ പങ്കുചേർന്നുകൊണ്ടു് ദൈവജനത്തിനു നേതൃത്വം നല്കുവാൻ വിളിക്കപ്പെട്ടവനാണു് വൈദികൻ. അതിനാൽ, അദ്ദേഹത്തിനു് ദൈവജനത്തിൻെറ മേൽ ആത്മീയാധികാരമുണ്ടു്. എന്നാൽ, ഈ അധികാരാംശത്തിനു മുൻതൂക്കം കൊടുത്തിരുന്നതിനാൽ വൈദികനേതൃത്വത്തെ ശുശ്രൂഷയേക്കാളുപരി, ദൈവജനത്തെ അടക്കിഭരിക്കുന്നതിനുള്ള 'ലൈസൻസായി' കാണാനിടയായി. ഇന്നു് ഈ ധാരണയ്ക്കു മാററം വന്നു കഴിഞ്ഞു. ആധുനിക വൈദികൻ നിർവ്വഹിക്കേണ്ടതു് ഇടവകഭരണമല്ല, ഇടവക നേതൃത്വമാണു്. ശുശ്രൂഷയുടെ നേതൃത്വമാണു് അദ്ദേഹത്തിൽ നിന്നു് പ്രതീക്ഷിക്കപ്പെടുന്നതു്. വിലയേറിയ വേഷമണിഞ്ഞു്, രാജകീയ പ്രൗഢിയോടും ഗൗരവഭാവത്തോടുംകൂടി പള്ളിമേടയിൽ പള്ളികൊള്ളുന്ന 'ഭരണാധിപതി'കളിൽ ഇന്നാർക്കും താല്പര്യമില്ല. 'ഞാൻ പറയുന്നതനുസരിച്ചാൽ മതി'യെന്ന ഭാവത്തോടെ സ്വേച്ഛാനുസരണം 'കല്പനകൾ' പുറപ്പെടുവിക്കാനിരിക്കുന്ന ഏകാധിപതികൾ ഇന്നു് അവജ്ഞയോടെയാണു് വീക്ഷിക്കപ്പെടുന്നതു്. പകരം, ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ, പാപികളുടെയും പാവങ്ങളുടെയും സ്നേഹിതനായി അവരുടെ ക്ലേശങ്ങളിൽ പങ്കുകൊള്ളുകയും അവരെ സമാശ്വസിപ്പിക്കുകയും ചെയ്ത, യേശുവിനെയാണു് ഇന്നത്തെ വൈദികരിൽ നിന്നു് ജനം പ്രതീക്ഷിക്കുന്നതു്.

പ്രശ്നാവലിയോടൊപ്പം ചില അല്മായർ അയച്ചുതന്ന അഭിപ്രായങ്ങൾ ഈ ആശയത്തെ സ്ഥിരീകരിക്കുന്നുണ്ടു്. ഒരു കോളേജ് ലക്ചറർ എഴുതി: ''ലക്ഷം വീടുകളിലും ദരിദ്രനാരായണന്മാരുടെ ചാളകളിലും, വേശ്യാലയങ്ങളിലും ക്രിസ്തുവിനെ

പരിചയപ്പെടുത്തുക. ക്രിസ്തു ജീവിച്ചിരുന്നപ്പോഴും ചെയ്തതും അതാണ്. ഇന്നത്തെ കത്തോലിക്കരും പുരോഹിതന്മാരും ക്രിസ്തുവിൻെറ കാലത്തെ യഹൂദന്മാർക്കു തുല്യരാണ്. കത്തോലിക്കാസഭ വെറും പ്രഹസനമായിരിക്കയാണ്. പുരോഹിതന്മാരെ 'കൈക്കാർ' എന്ന കൈക്കലൊക്കുകാരിൽ നിന്നും, മുതലാളിമാരുടെ കീശയിൽനിന്നും രക്ഷിക്കുക''. വിദ്യാസമ്പന്നയായൊരു യുവതി വൈദികരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു: ''രോഗികളെ സന്ദർശിക്കുക, വൈദികർ ജനങ്ങളോട് ഉപദേശിക്കുന്നതുപോലെതന്നെ പ്രവർത്തിക്കുകയും വേണം. ഇടവകയിലെ ഓരോവീടും സന്ദർശിക്കണം. അവരുടെ ആവശ്യങ്ങൾ അറിയണം. വൈദികർ അവരുടെ സുഖസൗകര്യം മാത്രം നോക്കാതെ, ഇടവകയിലുള്ള പാവങ്ങളുടെ കാര്യംകൂടി ശ്രദ്ധിക്കുക. ഇപ്പോഴത്തെ ചില വൈദികർ തങ്ങളുടെ സുഖസൗകര്യം നോക്കി നടക്കുകയാണ്. അവർ മററുള്ളവരെക്കുറിച്ച് ചിന്തിക്കുന്നില്ല. വൈദികർക്കു പണക്കാരെ മതി. ഒരു സാധുമനുഷ്യനെ കണ്ടാൽ ഒരു വൈദികനും വില വയ്ക്കില്ല. പണം എവിടെയുണ്ടോ അവിടെ എത്ര പുണ്യവാനുമുണ്ട്. ഈ മണ്ഡലങ്ങളിലെല്ലാം പുരോഹിതൻ ശ്രദ്ധിക്കണം''.

## വൈദികൻ 'നല്ലഇടയ'നാകണം

അജപാലകനു മാതൃകയായി യേശു അവതരിപ്പിക്കുന്ന ചിത്രം 'നല്ല ഇടയ' [4] ൻേറതാണ്. ഇടയനിലെ മൂന്നു പ്രത്യേകഗുണങ്ങളാണ് ഇവിടെ ശ്രദ്ധാർഹമായിട്ടുള്ളത്.

(i) ഇടയൻ തൻെറ ആടുകളെ പേരുചൊല്ലി വിളിക്കുകയും ആടുകൾ അവൻെറ സ്വരം കേൾക്കുകയും ചെയ്യുന്നു. വൈദികൻ ഒരു ഇടയനാണ്. അദ്ദേഹം തൻെറ അജഗണത്തെ വ്യക്തിപരമായി മനസ്സിലാക്കണം. എങ്കിൽ മാത്രമേ അവരുടെ പ്രശ്നങ്ങൾ ഗ്രഹിക്കാനും അവരെ വ്യക്തിപരമായി സ്വാധീനിക്കാനും കഴിയൂ. അവൈദികരായ നേതാക്കൾപോലും തങ്ങളുടെ അനുയായികളെ കഴിയുന്നത്ര പഠിക്കാനും അവരുടെ വ്യക്തിപരമായ കാര്യങ്ങളിൽ താല്പര്യം പ്രദർശിപ്പിക്കാനും ശ്രമിക്കുന്നുണ്ട്. ഇടവക വൈദികൻെറ ആത്മീയവും ഭൗതികവുമായ നല്ല നേതൃത്വത്തിന് അജഗണത്തോടുള്ള വ്യക്തിപര

4 യോഹന്നാൻ, 10:1-13

മായ താല്പര്യം ഒരാവശ്യം തന്നെയാണു്. ''നിങ്ങളുടെ ഇടവക വികാരി ഇടവകാംഗങ്ങളെ വ്യക്തിപരമായി അറിയുമോ?'' എന്ന പ്രശ്നാവലിയിലെ ചോദ്യത്തിനു് അല്മായർ നല്കിയ ഉത്തരം പ്രതീക്ഷയ്ക്കു വകനല്കുന്നുണ്ടു്.

| ഉത്തരം | ശതമാനം |
|---|---|
| എല്ലാവരെയും അറിയും | 20.2 |
| മിക്കവരെയും ,, | 50.1 |
| ചുരുക്കം ചിലരെ ,, | 27.5 |
| ധനവാന്മാരെ (പ്രമാണിമാരെ) മാത്രം | 0.8 |
| ആരെയും അറിയില്ല. | 0.5. |

0.9% ആളുകൾ ഉത്തരം നല്കിയില്ല.

(ii) <u>ഇടയൻ ആടുകൾക്കു മുമ്പേ പോകുന്നു. അവന്റെ സ്വരം തിരിച്ചറിഞ്ഞു് ആടുകൾ അവനെ അനുഗമിക്കുന്നു.</u> തന്റെ അജഗണത്തെ നന്നായി നയിക്കണമെങ്കിൽ വൈദികൻ തന്നെ ആദ്യം സൽപാതയിലൂടെ മുന്നോട്ടിറങ്ങണം. സ്വന്തം ജീവിതമാതൃകയിലൂടെ മാത്രമേ ആധുനികലോകത്തിൽ, പ്രത്യേകിച്ചു് മതാത്മകമണ്ഡലത്തിൽ, നല്ല നേതൃത്വം നല്കാൻ കഴിയൂ. താൻ ആചരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നതിലധികമായി മററുള്ളവരെക്കൊണ്ടു ചെയ്യിക്കുവാൻ ജനാധിപത്യസംവിധാനത്തിൽ ആർക്കും കഴിയുകയില്ല. ആടുകൾ ഇടയന്റെസ്വരം തിരിച്ചറിഞ്ഞു് അവനെ അനുഗമിക്കുന്നതുപോലെ വൈദികനിലെ സന്മാതൃകകളെ ജനങ്ങൾ ആദരിക്കുകയും അനുകരിക്കുകയും ചെയ്യും. മറിച്ചു്, അദ്ദേഹം ദുർമ്മാതൃകയാണു് നല്കുന്നതെങ്കിൽ അതും സമൂഹത്തെ വളരെയേറെ ദുഷിപ്പിക്കും. 'എമ്പ്രാനല്പം കട്ടുഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും' എന്ന കവിവാക്യം ഇവിടെ സ്മർത്തവ്യമാണു്.

(iii) <u>നല്ല ഇടയൻ തന്റെ ആടുകളുടെ സംരക്ഷണാർത്ഥം സ്വജീവൻപോലും സമർപ്പിക്കാൻ സന്നദ്ധനാണു്.</u> നിസ്വാർത്ഥരും അർപ്പണബോധവുമുള്ള നേതാക്കൾക്കുവേണ്ടി ആധുനികലോകം ദാഹിക്കുകയാണു്. എന്നാൽ, ഇന്നത്തെ ലോകത്തിൽ അത്തരം നല്ല നേതാക്കൾ വിരളമാണു്. രാഷ്ട്രീയ– സാമൂഹ്യ നേതാക്കളിൽ ജനങ്ങൾക്കു പൊതുവെ വിശ്വാസം നഷ്ടപ്പെട്ടു വരുന്നു. ഈ അവസരത്തിൽ വൈദികനേതൃത്വം കൂടുതൽ പ്രത്യാശയ്ക്കു വക നല്കുന്നുണ്ടു്. കാരണം, ചുരുങ്ങിയ കാല

ത്തിനുള്ളിൽ ജനങ്ങളുടെ വിശ്വാസവും സ്നേഹാദരവുകളും നേടാൻ കഴിഞ്ഞ, ജനങ്ങൾക്കുവേണ്ടി സ്വജീവൻപോലും വെടിയാൻ സന്നദ്ധനായ നസ്രസ്സിലെ 'നല്ല ഇടയനെ'യാണു് അദ്ദേഹം അനുകരിക്കുന്നതു്.

## സഭയ്ക്കുള്ളിലും അനീതിയോ?

വൈദികൻ ഒരു പ്രവാചകനാണു്. ദൈവജനത്തെ പഠിപ്പിക്കുവാനും സ്നേഹപൂർവ്വം തിരുത്തുവാനും അദ്ദേഹത്തിനു് കടമയുണ്ടു്. സമൂഹത്തിന്റെ മനഃസാക്ഷിയായി വർത്തിക്കേണ്ടവനാണു് അദ്ദേഹം. സമൂഹത്തിലെ ധാർമ്മിക നിലവാരം മെച്ചപ്പെടുത്താനും സത്യധർമ്മമാർഗങ്ങളിലൂടെ അതിനെ നീതിയുക്തമാക്കുവാനും അദ്ദേഹം യത്നിക്കണം. അനീതിക്കും അസമത്വത്തിനും അനാചാരങ്ങൾക്കുമെതിരെ പടവാളുയർത്തിയ പഴയനിയമത്തിലെ പ്രവാചകന്മാരും പുതിയനിയമത്തിലെ യേശുവുമാണു് ഇക്കാര്യത്തിൽ വൈദികന്റെ മാതൃക.

പ്രവാചക ധർമ്മാനുഷ്ഠാനം ആരംഭിക്കേണ്ടതു് നമ്മുടെ ഇടയിൽത്തന്നെയാണു്. ഇടവകകളിലും സഭാസ്ഥാപനങ്ങളിലുമാണു് ആദ്യം നീതി നിർവ്വഹിക്കപ്പെടേണ്ടതു്. 'സഭാസ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്കു് ന്യായമായ വേതനം നല്കപ്പെടുന്നില്ല', 'വൈദികർ പക്ഷം പിടിക്കുന്നു', 'അവർ പ്രമാണിമാരുടെ പോക്കറ്റിലാണു്', 'ഏതാനും ചിലരുടെ അഭിപ്രായങ്ങൾക്കനുസരിച്ചു മാത്രം ഇടവക ഭരണം നിർവ്വഹിക്കപ്പെടുന്നു' തുടങ്ങിയ ആരോപണങ്ങൾ ഇന്നും എന്നും ധാരാളം ഉയർന്നു വരുന്നുണ്ടു്. പള്ളിയുടെ വരവു ചെലവു കണക്കുകൾ രണ്ടു വിധത്തിലെഴുതി അരമനക്കച്ചേരിയിൽ എത്തിക്കേണ്ട വിഹിതം വെട്ടിക്കാൻ ശ്രമിക്കുന്ന കൈക്കാരന്മാരും അതിനു പിന്തുണ നല്കുന്ന വൈദികരും ചുരുക്കമായെങ്കിലുമുണ്ടു്. എത്രയോ നല്ല മാതൃക! പതിനേഴ വർഷത്തെ സേവന പരിചയമുള്ള ഒരു സാധാരണ വൈദികൻ പറയുന്നു: ''സഭ സാമൂഹ്യ അനീതികൾക്കു് വളം വച്ചുകൊടുക്കുന്ന നിലപാടാണു് സ്വീകരിക്കുക എന്നു് തെളിഞ്ഞിട്ടുണ്ടു്. പണവും പ്രതാപവുമുള്ളവരുടെ സ്വാധീനം ഒരു വശത്തു് — കപടഭക്തരായ സന്യാസികളുടെയും വൈദികരുടേയും മേൽക്കോയ്മ മറുവശത്തു് — ഇതു മിശിഹായുടെ കാലത്തെ സ്ഥിതിപോലെ ഇന്നും തുടരുന്നു''. കോളേജ് അദ്ധ്യാപകനായിരുന്ന ഒരു 62 കാരന്റെ പ്രതികരണം, ''അവർതന്നെ അനീതിക്കാരും അഴിമതിക്കാരു

മാണു്''' എന്നാണു്. ഒരു കോളേജ് വിദ്യാർത്ഥി കൂട്ടിച്ചേർത്തു, "'ആദ്യം വൈദികർ സ്വയം നന്നാകുക. അതിനുശേഷം സമൂഹത്തിലെ അനീതികൾക്കും അക്രമങ്ങൾക്കും എതിരായി പോരാടുക''.

## നീതിയ്ക്കുവേണ്ടി പീഡ സഹിക്കണം

ഭാരതത്തിലെ സാമൂഹ്യസംവിധാനം നീതി നിഷേധത്തിലേക്കു വഴുതി മാറിക്കൊണ്ടിരിക്കുകയാണു്. സ്വാധീനമുള്ള സമ്പന്ന വർഗ്ഗത്തിന്റെയും പൂഴ്ത്തിവയ്പുകാരായ കച്ചവടക്കാരുടെയും, കൈക്കൂലി പ്രേമികളായ ഉദ്യോഗസ്ഥ വൃന്ദത്തിന്റെയും സ്വാർത്ഥമോഹികളായ രാഷ്ട്രീയ പ്രവർത്തകരുടെയും കരാളഹസ്തങ്ങളിൽ പാവപ്പെട്ടവർ ഞെരിഞ്ഞമരുന്ന ഈ പാരതന്ത്ര്യത്തിൽനിന്നു് അവരെ വിമോചിപ്പിക്കാൻ, അനീതിക്കെതിരെ ഖഡ്ഗമുയർത്താൻ, വേണ്ടിവന്നാൽ രക്തസാക്ഷിത്വം വരിക്കാൻ തയ്യാറുള്ള നല്ല നേതാക്കൾ ഇന്നാവശ്യമാണു്.

ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനും, ഹൃദയവ്യഥ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാനും, ബന്ധിതരെ മോചിപ്പിക്കാനും, കുരുടർക്കു കാഴ്ച നല്കാനും, മർദ്ദിതരെ സ്വതന്ത്രരാക്കാനും, കർത്താവിനു സ്വീകാര്യമായ വത്സരവും പ്രതികാരദിനവും പ്രഖ്യാപിക്കാനും[5] വന്ന യേശുവിന്റെ ദൗത്യം ഇന്നും തുടരണം. വിദ്യാഭ്യാസ സ്ഥാപനങ്ങളോ മതസ്വാതന്ത്ര്യമോ സംരക്ഷിക്കുവാൻ വേണ്ടിമാത്രം നാം ജനങ്ങളെ സംഘടിപ്പിച്ചാൽ പോരാ. നീതിനിർവ്വഹണത്തിനു വിഘാതമായ പ്രതികൂല സാഹചര്യങ്ങൾക്കെതിരെ സുശക്തം പോരാടാൻ നാം നേതൃത്വം നല്കണം. അല്ലാതെ സത്യക്രിസ്ത്യാനികൾ കമ്മ്യൂണിസ്റ്റു പാളയത്തിലേക്കു പോകുന്നുവെന്നു പരാതിപ്പെട്ടിട്ടു് പ്രയോജനമില്ല. അവർ ആ വഴിക്കു തിരിയുന്നതെന്തുകൊണ്ടാണു്? തന്റെ അനുഭവജ്ഞാനത്തിൽ നിന്നു ഫാദർ ജോസഫ് വടക്കൻ പറയുന്നു, ''ലോകത്തിലെ മിക്ക ട്രേഡ് യൂണിയനുകളും സോഷ്യലിസ്റ്റ് — കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ കീഴിലാണു്. ട്രേഡ് യൂണിയൻ മേഖലയിലൂടെയാണു് കത്തോലിക്കർ പൊതുവെ സോഷ്യലിസ്റ്റു — കമ്മ്യൂണിസ്റ്റു ചേരിയിലേക്കു ചായുന്നതു്. അല്ലാതെ നിരീശ്വര കമ്മ്യൂണിസത്തോടുള്ള സൈദ്ധാന്തിക അടുപ്പം കൊണ്ടല്ല''. പ്രായോഗിക ഫല

5 ലൂക്കാ 4: 18—19

മാണല്ലോ പലപ്പോഴും സമൂഹത്തിൻെറയോ നേതാവിൻെറയോ വിജയത്തിനു മാനദണ്ഡമാവുക. ഇന്നത്തെ സഭ തങ്ങളുടെ അനുദിന ജീവിതപ്രശ്നങ്ങൾക്കു മുമ്പിൽ നിഷ്ക്രിയയായി നിൽക്കുകയാണെന്ന് ജനങ്ങൾ കണ്ടു. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന അവർ എവിടെ സംതൃപ്തി കണ്ടെത്തും? ഫാ. വടക്കൻെറ വാക്കുകൾ ശ്രദ്ധേയമാണ്: ''മുതലാളിത്വത്തിൻെറയും, ജന്മിത്വത്തിൻെറയും, പ്രഭുത്വത്തിൻെറയും കിനാവള്ളികളിൽ നിന്നു കർഷകരെയും, തൊഴിലാളികളെയും, സാധാരണക്കാരെയും വിമോചിപ്പിക്കുവാൻ പടപൊരുതുന്നവരുടെ കൊടിയായി ചെങ്കൊടി ഉയർന്നു'' നിൽക്കുന്നതു് അവർ കണ്ടു. പ്രായോഗികഫലം ആസ്വദിക്കുന്നതോടൊപ്പം കമ്മ്യൂണിസത്തിൻെറ നിരീശ്വര സിദ്ധാന്തങ്ങളുമായി അവർ അലിഞ്ഞുചേരുന്നെങ്കിൽ അതിശയിക്കാനെന്തുണ്ട്! ഇന്നത്തെ അസമത്വത്തിനും അനീതിക്കുമെതിരെ സഭാനേതാക്കൾ മുമ്പന്തിയിൽ ഇറങ്ങിയാൽ ഇന്നത്തെ തിന്മകൾക്കെതിരെ സുശക്തമായ നേതൃത്വം നല്കിയാൽ, ജറുസലെം ദൈവാലയത്തിൽ അമിതലാഭവും വെട്ടിപ്പും നടത്തി തീർത്ഥാടകരെ വഞ്ചിച്ച പ്രാവുവില്പനക്കാരുടെയും നാണയമാററക്കാരുടെയും വിലയേറിയ സാധനങ്ങൾ തട്ടിനിരത്തുകയും ക്രൂദ്ധനായി അവരെ ചാട്ടവാറുകൊണ്ടടിച്ചു പുറത്താക്കുകയും ചെയ്ത യേശുവിനെ അനുകരിക്കാൻ തയ്യാറുള്ള ക്രൈസ്തവ നേതാക്കൾ ഇന്നു രംഗത്തിറങ്ങിയാൽ, സഭയെ ഇന്നു വിമർശിക്കുകയും വെറുക്കുകയും അവളിൽ നിന്നു് അകന്നു നിൽക്കുകയും ചെയ്യുന്നവർ പോലും അവളോടൊത്തു് അണിനിരക്കുമെന്നതിൽ സംശയമില്ല. കഴിയുമെങ്കിൽ, ആത്മാർത്ഥതയില്ലാത്ത ഒരു രാഷ്ട്രീയ പാർട്ടിയെയും കൂട്ടുപിടിക്കാതെ, സ്വാർത്ഥമതികളെ അകററിനിർത്തി സഭ തനതായ വ്യക്തിത്വം ഉയർത്തിപ്പിടിച്ചുകൊണ്ടു വേണം ഇതു സാധിക്കാൻ. മർദ്ദനങ്ങളും സംഘർഷങ്ങളും സംജാതമാകുമെന്നതു നിശ്ചയം. എന്നാൽ, യേശു അവിടെ ആശ്വസിപ്പിക്കാനുണ്ടാകും: ''നീതിക്കുവേണ്ടി പീഡകൾ സഹിക്കുന്നവർ അനുഗ്രഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു''[6].

സാമൂഹ്യ പ്രവർത്തനങ്ങളെപ്പററിയുള്ള വിശ്വവിജ്ഞാനകോശത്തിൽ പറയുമ്പോലെ, ''നീതിനിഷ്ഠവും ധാർമ്മികവുമായ മാനദണ്ഡങ്ങളെ അവതരിപ്പിച്ചുകൊണ്ട് പ്രവാചകന്മാരും ആത്മീയാചാര്യന്മാരും നേതാക്കളും 'സാമൂഹ്യപ്രവർത്ത'കരുമായി വ്യാപരിച്ചു. അവരുടെ പ്രബോധനങ്ങൾ സാമൂഹ്യക്ഷേമ

6 മത്തായി 5;10

ങ്ങാംക്കം ധാർമ്മിക അധഃപതനത്തിനുമെതിരെ പ്രതിരോധ ശക്തിയായി പ്രവർത്തിച്ചു. സംസ്ക്കാരം അത്യുന്നതിയിലെത്തിയ, നീതിയുക്തമായ ചിന്തകാംക്ക വിജ്ഞാനവും ശാസ്ത്രവും പഠനങ്ങളുമെല്ലാം സാഹചര്യമൊരുക്കിയ, ഈ ആധുനിക കാലത്തും കഷ്ടപ്പെടുന്ന ജനതയ്ക്കും ആത്മീയനേതാക്കളുടെ ആവശ്യകത അനുഭവപ്പെടുകയും ബോദ്ധ്യപ്പെടുകയും ചെയ്യുന്നു''[7].

കേരളപശ്ചാത്തലത്തിൽ ഈ ധർമ്മാനുഷ്ഠാനം ആവശ്യമാണോ? അതു് ഇന്നു് എത്രമാത്രം പ്രാവർത്തികമാക്കപ്പെടുന്നു? സർവ്വേയിൽ അല്മായർക്കുള്ള ഒരു ചോദ്യം, ''സമൂഹത്തിലെ അനീതികാംക്കം അഴിമതികാംക്കമെതിരായി വൈദികർ ശബ്ദമുയർത്തേണ്ടതാണോ? എന്നതായിരുന്നു. 65 ശതമാനം ആളുകളും അതാവശ്യമാണെന്നു് എഴുതി. 31 ശതമാനം പേർ അതു 'കുറെയൊക്കെ' മതിയെന്നും വെറും 3 ശതമാനം പേർ അതു വേണ്ടെന്നും അഭിപ്രായപ്പെട്ടു. സ്ത്രീകളേക്കാം (55%) പുരുഷന്മാരാണു് (74 ശതമാനം) അനീതിയ്ക്കും അഴിമതിയ്ക്കുമെതിരെ വൈദികർ നിലകൊള്ളണമെന്നു വാദിക്കുന്നതു്.

സമൂഹത്തിലെ അനീതികാംകെതിരായി അടരാടുവാൻ സഭാനേതൃത്വം മുൻകൈയെടുക്കണമെന്നു് സഭാതനയർ ആഗ്രഹിക്കുന്നുവെന്നു വ്യക്തമാണു്. എന്നാൽ, ഇന്നു വൈദികർ അപ്രകാരം ചെയ്യുന്നുണ്ടോ എന്ന അടുത്ത ചോദ്യത്തിനു് 7.7 ശതമാനം ആാംക്കാർ മാത്രമാണു് 'ചെയ്യുന്നുണ്ടു്'' എന്നു് എഴുതിയതു്. കുറെയൊക്കെ ചെയ്യുന്നുണ്ടു് എന്നു് 67.3 ശതമാനം പേർ സമ്മതിച്ചു. 23.4 ശതമാനം പേർ ''ചെയ്യുന്നില്ല'' എന്നു തീർത്തുപറഞ്ഞു. 1.6 ശതമാനം ഇതിനു് ഉത്തരം നല്കിയില്ല. ഈ അഭിപ്രായം പ്രകടിപ്പിച്ചവരും സ്ത്രീകളേക്കാം (19 ശതമാനം) പുരുഷന്മാരും (28 ശതമാനം) മുതിർന്നവരേക്കാം ചെറുപ്പക്കാരുമാണു്. ഏതായാലും ഒന്നു തീർച്ച. സമൂഹത്തിലെ നീതിനിഷേധത്തിനെതിരെ വൈദികർ ഇന്നു സ്വീകരിക്കുന്ന നിലപാടു് തൃപ്തികരമല്ല.

---

7 *Encyclopaedia of Social work in India,*, vol. 1, Delhi: 1968, pp. 459–460.

# 5 വൈദികൻെറ നേതൃത്വ ശൈലി

നേതൃത്വശൈലി ബൈബിളിൽ
വൈദികനിൽനിന്ന് ജനങ്ങൾ എന്തു പ്രതീക്ഷിക്കുന്നു?

---

ജനാധിപത്യ നേതൃത്വത്തെക്കുറിച്ചുള്ള ആധുനിക ചിന്താഗതികൾ ഇടവക സമൂഹത്തെ വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ലോകത്തിലെ ഇതരസമൂഹങ്ങളിൽ ഏകാധിപത്യം അസ്തമിക്കുകയും ജനാധിപത്യവും കൂട്ടുത്തരവാദിത്വവും പ്രബലമാകുകയും ചെയ്തതോടെ ഇടവകയുടെ ഭരണക്രമത്തിലും മാററം അനിവാര്യമായി. അങ്ങനെ വൈദിക നേതൃത്വത്തിൻെറ രൂപവും ഭാവവും പരിവർത്തനവിധേയമായി. വൈദികനിൽനിന്ന് ആധുനികജനത പ്രതീക്ഷിക്കുന്ന ഗുണങ്ങൾ അദ്ദേഹത്തിൽ കാണാതാകുമ്പോൾ അദ്ദേഹം വെറുക്കപ്പെടുന്നു, വിമർശിക്കപ്പെടുന്നു, ചിലപ്പോൾ തഴയപ്പെടുന്നു. ഈ സാഹചര്യത്തിൽ, വൈദിക നേതൃത്വത്തിൻെറ കാലോചിതമായ അവതരണശൈലി എന്തായിരിക്കണം, ഏതെല്ലാം ഗുണങ്ങൾക്കാണ് വൈദികൻ പ്രാധാന്യം നല്കേണ്ടത് എന്നീ കാര്യങ്ങൾ ചിന്താവിഷയമാക്കുന്നതു നല്ലതാണ്.

## നേതൃത്വശൈലി ബൈബിളിൽ

തോമസ് ദുബൈ (Dubay) തൻെറ ഒരു ലേഖനത്തിൽ നേതൃത്വശൈലിയെ വി. ഗ്രന്ഥത്തിൻെറ പശ്ചാത്തലത്തിൽ വിലയിരുത്തുന്നുണ്ട്[1]. അദ്ദേഹത്തിൻെറ വീക്ഷണത്തിൽ സഭാഭരണത്തെ സംബന്ധിച്ചുള്ള ആധുനിക വിമർശനങ്ങൾ രണ്ടു

---

1 Thomas Dubay, 'Ministerial Leadership and Discernment, '*Communio*' Vol.3, No.1 (Spring 1976) pp. 57–59.

വ്യത്യസ്ത ധ്രുവങ്ങളിലാണ്. "സേവകനാകാതെ പ്രഭുത്വത്തോടും, വിനയമോ കൂടിയാലോചനയോ കൂടാതെ പ്രതാപത്തോടും, മഹോന്നതമായ സ്വയം പര്യാപ്തതയോടുംകൂടി ഭരിക്കുന്ന, സഭയിലെ ഏകാധിപതികൾക്കെതിരെ അഭംഗുരവും തീവ്രവുമായ വിമർശനങ്ങൾ ഒരു വശത്ത്. ഉറച്ചതീരുമാനമെടുക്കാനും കാര്യങ്ങൾ വെട്ടിത്തുറന്നു പറയാനും വൈമുഖ്യമുള്ളവനെന്ന ധാരണ നല്കുന്ന, പൊതുജന വിമർശനത്തെ ഭയന്ന് സമൂഹത്തിൽ സ്ഥിരപ്രതിഷ്ഠിതമാകാത്ത, തീരുമാനങ്ങളെ എത്രയും ഒളിച്ചുവയ്ക്കുന്ന, ഭീരുവും നിശ്ശബ്ദനും ഭയചകിതനെന്നു തോന്നിക്കുന്നവനുമായ നേതാക്കൾക്കെതിരെ അതുപോലെ അഭംഗുരവും രൂക്ഷവുമായ വിമർശനങ്ങൾ മറുവശത്ത്"[2].

ഈ ദ്വിവിധ തീവ്രനിലപാടുകളേയും പുതിയനിയമം ശക്തിയായി നിഷേധിക്കുന്നുവെന്നാണ് ദുബൊയുടെ പക്ഷം. സഭയിലെ നേതാവ് സ്വാർത്ഥമതിയും സ്ഥാനമോഹിയുമാകാതെ സമൂഹത്തിന്റെ ഏറ്റം വിനയാന്വിത ദാസനായിരിക്കണം എന്നതാണ് യേശുവിന്റെ ആഗ്രഹം[3]. വി. പത്രോസ് ശ്ലീഹാ സഭയിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നത്, ലാഭേച്ഛ കൂടാതെ തീക്ഷ്ണതയോടും അജഗണത്തിന്റെമേൽ ആധിപത്യം ചുമത്താതെ സന്മാതൃക നല്കിക്കൊണ്ടും വേണം, അജഗണത്തെ പരിപാലിക്കാനെന്നാണ്[4]. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ, കാണുമ്പോലെ സുപ്രധാനകാര്യങ്ങൾ സമൂഹത്തിന്റെ കൂടിയാലോചനകൾക്ക വിധേയമാകണം[5]. നേതാവാണ് അന്തിമതീരുമാനമെടുക്കുന്നതെങ്കിലും ആദ്യം മറ്റുള്ളവരുമായി ആലോചിക്കണം. അങ്ങനെ അമിതമായ വേർതിരിവുകളെ ഒഴിവാക്കണം, ആദിമസഭയിലെ സഭാനേതാക്കൾ പാവപ്പെട്ട മനുഷ്യർക്കുപോലും അപ്രാപ്യരായിരുന്നില്ല. മറിച്ച്, അവർ എല്ലാവിശ്വാസികളെയും, പ്രത്യേകിച്ച് ദുഃഖത്തിലും വിഷമത്തിലും കഴിയുന്നവരെ, സന്ദർശിക്കുകയും അവരെ അത്യേറ്റം സ്നേഹിക്കുകയും അവരുമായി സന്ദേശങ്ങൾ കൈമാറുകയും ചെയ്തിരുന്നു[6].

2 *Ibid;* P. 57

3 മത്തായി, 23:2–12; ലൂക്കാ, 22:24–27

4 I പത്രോസ്, 5: 2–3

5 അപ്പ. പ്രവ., 6: 2–5; 15: 1–2, 22

6 അപ്പ. പ്രവ., 18:23; 20:31; II കൊറി, 2:4; ഫിലി, 1:8

ലേസേഫെയർ നേതൃത്വംപോലെ ആളുകൾക്ക് ഇഷ്ടാനുസരണം എന്തും പ്രവർത്തിക്കാൻ അനുവദിക്കുന്നതല്ല സഭയിലെ നേതൃത്വം. ജനങ്ങൾക്ക് അനിഷ്ടകരമോ, സാഹചര്യങ്ങൾ പ്രതികൂലമോ ആയാലും, ജാഗ്രൂകതയോടും ക്ഷമയോടും ശ്രദ്ധാപൂർവ്വവും അജഗണത്തെ ശാസിക്കാനും ഉദ്ബോധിപ്പിക്കാനും സഭാനേതാക്കൾ ശ്രദ്ധിക്കേണ്ടതാണ്[7] പ്രതിബന്ധങ്ങളുടെ മുമ്പിൽ മുട്ടുമടക്കിക്കൊണ്ടുള്ളതോ, ഭൂരിപക്ഷത്തിൻെറ തെററായ വീക്ഷണങ്ങളെ അന്ധമായി അംഗീകരിച്ചുകൊണ്ടുള്ളതോ ആയിരുന്നില്ല യേശുവിൻെറ നേതൃത്വം. പുതിയനിയമത്തിൽ നിന്നു പ്രകടമാകുന്ന നേതൃത്വശൈലി തന്നെയാണ് ആധുനികലോകം ഇടവക വൈദികരിൽനിന്ന് ആവശ്യപ്പെടുന്നതും.

## വൈദികനിൽ നിന്ന് ജനങ്ങൾ എന്തു പ്രതീക്ഷിക്കുന്നു?

നേതൃത്വത്തെക്കുറിച്ചുള്ള പഠനത്തിൽ പണ്ടുകാലം മുതൽതന്നെ പ്രാധാന്യം സിദ്ധിച്ചിട്ടുള്ളതാണ് നേതൃത്വഗുണങ്ങൾ. എന്നാൽ, നേരത്തെ സൂചിപ്പിച്ചതുപോലെ, എല്ലാത്തരം നേതൃത്വങ്ങൾക്കും ആവശ്യമായ കഴിവുകളെ അവതരിപ്പിക്കുക എളുപ്പമല്ല. നേതൃത്വധർമ്മങ്ങളുടെയും സമൂഹങ്ങളുടെയും വൈവിദ്ധ്യമാണ് അതിനുകാരണം. സൽബുദ്ധി, കർമ്മോന്മുഖത, സാന്ദർഭികമായി പെരുമാറാനുള്ള കഴിവ്, ആത്മവിശ്വാസം, സമൂഹാംഗങ്ങളിൽ താല്പര്യം തുടങ്ങി പല ഗുണങ്ങൾ എല്ലാ നേതാക്കൾക്കും പൊതുവായി പറയാമെങ്കിലും അതാതു സമൂഹത്തിൻെറ പ്രത്യേകതസ്സും സമൂഹാംഗങ്ങളുടെ അഭിലാഷങ്ങൾക്കും നേതാവിൽ നിന്നുള്ള അവരുടെ പ്രതീക്ഷകൾക്കും അനുസരിച്ച കഴിവുകളും പ്രത്യേകതകളുമാണ് ആധുനിക നേതാക്കൾ പ്രകടിപ്പിക്കേണ്ടത്. സെസിൽ. എ. ഗീബ് (Cecil A. Gibb) പ്രസ്താവിക്കുന്നത്, "സമൂഹലക്ഷ്യം എന്തു തന്നെ ആയാലും ശരി ഏതു നേതൃത്വടെക്നിക്കിൻെറയും ഫലപ്രാപ്തി അനുയായികളുടെ അംഗീകാരത്തിലാണ് അടങ്ങിയിരിക്കുന്നത്". ഇന്നു പല പഠനങ്ങളും തെളിയിക്കുന്നപോലെ ടെക്നിക്കുകളിൽ സാധികാരപരമോ ജനകീയമോ ഏതാണു കൂടുതൽ ഫലപ്രദമെന്നത് മിക്കപ്പോഴും അനുയായി

---

7 II തിമോ, 4: 1–5; തീത്തോസ്, 1:10–11; 3:8

കളുടെ പ്രതീക്ഷകളെ ആശ്രയിച്ചാണിരിക്കുന്നതു്'' 8. അതിനാൽ, ഇടവകയുടെ പ്രമുഖനേതാവായ വൈദികനു് വേണമെന്നു് അല്മായർ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്ന പ്രധാന ഗുണങ്ങൾ ഏവയെന്നു് അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണു്.

സർവ്വേയിലെ പ്രഥമചോദ്യം ''വൈദികരിൽ നിന്നു പ്രതീക്ഷിക്കുന്ന ഏറ്റം പ്രധാനപ്പെട്ട രണ്ടോ മൂന്നോ ഗുണങ്ങൾ'' രേഖപ്പെടുത്താനായിരുന്നു. ഈ വിഷയം സംബന്ധിച്ചു് അല്മായർക്കും വൈദികർക്കുമുള്ള ധാരണ എത്രമാത്രം പൊരുത്തപ്പെടുന്നു എന്നു വിലയിരുത്താൻ ഈ ചോദ്യം ഇരുകൂട്ടർക്കുമുള്ള പ്രശ്നാവലിയിൽ ചേർത്തിരുന്നു. അവരുടെ ഉത്തരങ്ങൾ അവർ തന്നെ നല്കിയ പ്രാധാന്യമനുസരിച്ചു് താഴെച്ചേർക്കുന്നു.

| അല്മായർ | | വൈദികർ | |
|---|---|---|---|
| ശതമാനം | ഗുണങ്ങൾ | ശതമാനം | ഗുണങ്ങൾ |
| 77.2 | സേവനസന്നദ്ധത | 75.9 | സേവനസദ്ധത |
| 49.4 | മാതൃകാജീവിതം | 62.0 | ജവീതവിശുദ്ധി |
| 45.6 | ജീവിതവിശുദ്ധി | 52.8 | മാതൃകാ ജീവിതം |
| 42.6 | പ്രാത്ഥനാ ജീവിതം | 38.9 | ലളിതജീവിതം |
| 29.3 | ലളിത ജീവിതം | 26.9 | സ്നേഹം |
| 26.9 | സ്നേഹം | 15.7 | വിനയം |
| 14.2 | സംഘാടകശക്തി | 7.4 | പ്രസംഗചാതുര്യം |
| 13.5 | വിനയം | 5.6 | സംഘാടകശക്തി |
| 11.4 | പ്രസംഗചാതുര്യം | 4.6 | പ്രാത്ഥനാജീവിതം |
| 5.2 | ഫലിതരസം | 1.9 | ഫലിതരസം |
| 3.2 | സംഗീതവാസന | 0.9 | സംഗീതവാസന |

8 Cecil A. Gibb, 'Leadership', *The Handbook of Social psychology*, Ed. by Lindzey & Aronson, Vol 4, Second Edition, London: 1969, p. 261.

# 6 എത്ര എത്ര പ്രതീക്ഷകൾ!

സേവന സന്നദ്ധത : ഏകാഭിപ്രായം
'കൂടുതലും ദുർമാതൃക'
ജീവിത വിശുദ്ധിയുടെ കാര്യത്തിൽ സ്വയം ബോധവാന്മാർ
പ്രാർത്ഥനയുടെ മനുഷ്യനാകണം

---

വൈദികരിൽ നിന്നു് അല്മായർ പ്രതീക്ഷിക്കുന്ന ഗുണങ്ങളും അവയെക്കുറിച്ചു് വൈദികർക്കുള്ള ധാരണയും മുന്നദ്ധ്യായത്തിൽ നാം കണ്ടു. കൂടാതെ, ഇന്നത്തെ വൈദികരിൽ പൊതുവേ കാണുന്ന നല്ലതും മോശവുമായ പ്രത്യേകതകൾ രേഖപ്പെടുത്തുവാൻ അല്മായർക്കുള്ള പ്രശ്നാവലിയിൽ അവസരം കൊടുത്തിരുന്നു. അതിന്റെ ഉത്തരങ്ങൾ, കേരള കത്തോലിക്കാസഭയിലെ ഇന്നത്തെ വൈദികരെക്കുറിച്ചു ജനങ്ങൾക്കുള്ള ചിന്താഗതി എന്തെന്നു് വളരെ വ്യക്തമാക്കുന്നുണ്ടു്. വൈദികർക്കു വേണ്ട നേതൃത്വ ഗുണങ്ങൾക്കു് അല്മായർ കൊടുക്കുന്ന പ്രാധാന്യക്രമമനുസരിച്ചു് മേൽപ്പറഞ്ഞ മൂന്നിന്റെയും ഉത്തരങ്ങൾ കൂടുതൽ വിശദമായും താരതമ്യപ്പെടുത്തിയും പഠിക്കുവാനുള്ള ശ്രമമാണു് ഇനിയുള്ള രണ്ടു് അദ്ധ്യായങ്ങളിൽ.

## സേവനസന്നദ്ധത: ഏകാഭിപ്രായം

സർവ്വേയുടെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ, വൈദികനുവേണ്ട അത്യുത്തമ ഗുണത്തിന്റെ കാര്യത്തിൽ അല്മായരും വൈദികരും തുല്യ അഭിപ്രായക്കാരാണു്. വൈദികൻ നല്ല ജനസേവകനായിരിക്കണമെന്നു് 77.2 ശതമാനം അല്മായർ ആഗ്രഹിക്കുമ്പോൾ 75.9 ശതമാനം വൈദികരും ആ അഭിപ്രായത്തെ അനുകൂലിക്കുന്നവരാണു്. എന്നാൽ, സേവനംവഴി സാമൂഹ്യപ്രവർത്തനം മാത്രമല്ല ഉദ്ദേശിക്കുന്നതെന്നു് പലരും വ്യക്തമാക്കി. ആദ്ധ്യാത്മികവും അജപാലനപരവും സാമൂഹ്യവുമായ എല്ലാക്കാര്യങ്ങളിലും വൈദികൻ ശുശ്രൂഷകനായിരിക്കണമെന്നാണു് പൊതുവേയുള്ള വിവക്ഷ.

വൈദീകൻ സ്വേച്ഛാധിപതിയോ അധികാര ദുർവ്വിനിയോഗിയോ ആകരുതെന്നു് പലരും നിർദ്ദേശിച്ചു. നേതാവും അധികാരിയും ഒരേ വ്യക്തിയാകാമെങ്കിലും യഥാർത്ഥനേതൃത്വം 'അധികാര പ്രയോഗ'ത്തിൽനിന്നു ബഹുദൂരെയാണു്. ആധുനിക നേതാക്കൾ കേവലം ആജ്ഞകൾ നല്കിക്കൊണ്ടു് അനുയായികളെ അന്ധമായ അനുസരണത്തിനു് പ്രേരിപ്പിക്കുകയല്ല; പ്രത്യുത, സമൂഹത്തിന്റെ ലക്ഷ്യത്തെയും ആവശ്യങ്ങളെയും കണ്ടറിഞ്ഞു് അവയ്ക്കു് യോജ്യമായ തന്റെ നല്ല ആശയങ്ങൾ 'സഹപ്രവർത്തകർ' സ്വയം അംഗീകരിക്കും വിധം അവരുടെ മുന്നിലവതരിപ്പിക്കുകയാണു്, അവരുടെ ചിന്താഗതിയെ സ്വാധീനിക്കുകയാണു്. അവരെ ബോധവൽക്കരിക്കുന്നതു കൂടാതെ, അദ്ദേഹം അവരുമായി കൂടിയാലോചിക്കയും അവരുടെ വ്യക്തിത്വത്തെയും നല്ല അഭിപ്രായങ്ങളെയും ആദരിക്കുകയും സ്വീകരിക്കുകയും വേണം. അപ്പോൾ അവർ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. ഫാ. മർസലിനൊ ഇരാഗ്വിയുടെ അഭിപ്രായത്തിൽ, ''പഴയ കാലത്തേക്കാളെല്ലാമുപരി ഇന്നു് അധികാരം ഉപയോഗിക്കേണ്ടതു് നേതൃത്വം, മാതൃക, പ്രചോദനം, പ്രവചനപരമായ ദീർഘദൃഷ്ടി, പ്രോത്സാഹനം എന്നിവ വഴിയായിരിക്കണം'' [1].

സഭയിലെ നേതൃത്വം അധികാരം ഉൾക്കൊള്ളുന്നതാണെങ്കിലും അതു് സേവനത്തിനു വേണ്ടിയുള്ളതാണു്. യേശു തന്റെ ശിഷ്യന്മാർക്കു നല്കിയ ഉപദേശം ശ്രദ്ധേയമാണു്. ''വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും, അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലൊ. എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുതു്. നിങ്ങളിൽ വലിയവനാകാനാഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനും നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനുമായിരിക്കണം'' [2]. അതിനാൽ പാപങ്ങൾ മോചിക്കാനും ബന്ധിക്കാനും, കൂദാശകൾ പരികർമ്മം ചെയ്യാനും, ദൈവജനത്തെ വിശുദ്ധീകരിക്കാനും നയിക്കാനും പഠിപ്പിക്കാനും സഭാ നേതാക്കൾക്കു് യേശു അധികാരം നല്കിയെങ്കിൽ

1 Marcelino Iragui O.C.D., *Jreebom and Obedience in Evangelical perspective,* Alwaye : Pontifical Institute, 1974, p. 183.

2 മത്തായി, 20:25–27

അതു് അവരുടെ മഹത്വവും പ്രതാപവും ഉയർത്തിക്കാട്ടാനല്ല; മറിച്ച്, ദൈവജനത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞു് അവരെ ശുശ്രൂഷിക്കാനാണ്. അതിനാലാണ് പുരോഹിതരെ 'മിനിസ്റ്റേഴ്സ്'' (ദാസന്മാർ) എന്നും അവരുടെ ഔദ്യോഗിക ധർമ്മത്തെ 'ശുശ്രൂഷ' എന്നും പറയുന്നതു്. മാർപാപ്പാ തന്നെ തന്നെ വിശേഷിപ്പിക്കുന്നതു് 'ദാസന്മാരുടെ ദാസൻ' (servus servorum) എന്നാണല്ലോ. വി. ഗ്രന്ഥവും വത്തിക്കാൻ കൗൺസിലും ഈ ശുശ്രൂഷയുടെ വശത്തിനു് വളരെ പ്രാധാന്യം നല്കുന്നു.

ഇന്നത്തെ വൈദികരുടെ സേവന മനോഭാവത്തെക്കുറിച്ച് അല്മായരുടെ വീക്ഷണം നോക്കാം. 77.2 ശതമാനം ആളുകൾ വൈദികർക്ക വേണ്ട ഏററം പ്രധാന ഗുണമായി സേവനസന്നദ്ധതയെ ദർശിച്ചെങ്കിൽ 41 ശതമാനംപേർ മാത്രമെ ഇന്നത്തെ വൈദികർ പൊതുവെ സേവനസന്നദ്ധരാണെന്നു് അഭിപ്രായപ്പെട്ടുള്ളു. ശ്രദ്ധേയമായ മറെറാരു വസ്തുത, 25.4 ശതമാനം ആളുകളുടെ ദൃഷ്ടിയിൽ വൈദികർ പൊതുവെ അലസന്മാരാണ്. പുരുഷന്മാരാണ് ഈ അഭിപ്രായക്കാരിലധികവും. (പുരുഷന്മാർ: 30.5 ശതമാനം, സ്ത്രീകൾ: 17.7 ശതമാനം). ഒരു കേളേജ് കുമാരൻ എഴുതുന്നതു്, ''ഇന്നത്തെ പുരോഹിതരിൽ ഭൂരിഭാഗവും തിരുക്കർമ്മങ്ങൾമാത്രം ചെയ്തു് സുഖമായി കഴിയണം എന്ന ചിന്താഗതിക്കാരാണ്.'' 51 വയസ്സുകാരനായ ഒരു പ്രസ്സ് ജീവനക്കാരൻ പറയുന്നു, ''സേവനസന്നദ്ധരായി പല വൈദികരും രംഗത്തിറങ്ങുന്നു. സാഹചര്യത്തിനനുസരിച്ച് പിന്നീട് അലസരാകുന്നു. ഉദാ: വികാരി അസ്തേന്തി ബന്ധത്തിലെ തകരാറു്''.

ഡോ. ജെ. ജി. വാൻസിന്റെ വീക്ഷണത്തിൽ ഏതൊരു നേതാവിന്റെയും പ്രഥമവും അപരിത്യാജ്യവുമായ ഒരാവശ്യമാണ് സേവനതീഷ്ണത. അദ്ദേഹം പറയുന്നു, ''നിങ്ങൾക്കതില്ലെങ്കിൽ ദൈവത്തെപ്രതി നിങ്ങൾ നയിക്കാൻ ശ്രമിക്കരുതു്. അക്ഷരാർത്ഥത്തിൽ തന്നെയാണു് ഞാനിപ്പറയുന്നതു്. സാഹചര്യം ഏതുമായിക്കൊള്ളട്ടെ, ലക്ഷ്യപ്രാപ്തിക്കുവേണ്ടി യഥാർത്ഥവും ആഴമേറിയതുമായ ചൂടും പ്രചോദനവും നേതാവിനില്ലെങ്കിൽ അയാൾ പ്രയോജനരഹിതനാണ്'' [3]. അദ്ദേഹം

3 Dr. J. G. Vance, *Leadership for Women*, Middx: The Grail Field End House, 1943, p.6.

തുടരുന്നു, ''അശ്രദ്ധമായി നയിക്കുന്നതിനേക്കാൾ വളരെ ഭേദം നന്നായി പിൻതുടരുകയാണു്'' 4. പരിചയ സമ്പന്നനായ ഒരു വൈദികൻ എഴുതി അയച്ചതുപോലെ, ''ക്രിസ്തുവിന്റെ വിമോചകദൗത്യം ഏറ്റെടുക്കുവാനുള്ള വൈദികനെ, അലസത ഒരിക്കലും ബാധിക്കരുതു്.'' വൈദികരിൽ ചിലരെങ്കിലും സജീവപ്രവർത്തനങ്ങളിൽ നിന്നു വിരമിക്കുന്നതു് സാമൂഹ്യസേവനമണ്ഡലത്തിൽ തങ്ങൾക്കുണ്ടായ തിക്താനുഭവങ്ങളുടെ വെളിച്ചത്തിലാണെന്നു പല വൈദികരുമായുള്ള അഭിമുഖസംഭാഷണങ്ങളിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. 'അങ്ങേയററം ബുദ്ധിമുട്ടിയിട്ടു്, എന്തിനു് അനാവശ്യമായ പ്രശ്നങ്ങളും ആരോപണങ്ങളും കരിശുകളും തലയിൽ കയററണം,' ഇതാണു് ചിലരുടെയെങ്കിലും മനോഭാവം. അവരുടെ അപക്വമായ നേതൃത്വത്തെയല്ലേ ഇതു വിളിച്ചറിയിക്കുക!

## 'കൂട്ടതലും ദുർമാതൃക'

അല്മായരുടെ വീക്ഷണത്തിൽ സേവനസന്നദ്ധത കഴിഞ്ഞാൽ വൈദികർക്കുണ്ടായിരിക്കേണ്ട ഏററം പ്രധാനഗുണം മാതൃകാജീവിതമാണു്. സ്ത്രീകളേക്കാളുപരി (47.4 ശതമാനം) പുരുഷന്മാരാണു് (50.2 ശതമാനം) ഇതു് കൂടുതൽ ആവശ്യപ്പെടുന്നതു്. വൈദികരിൽ 52.8 ശതമാനവും ഇതേ വീക്ഷണമുള്ളവരാണു്. ഇതിൽനിന്നു് ഒരു കാര്യം തീർച്ചയാണു്, ഈ ഗുണം തങ്ങൾക്കാവശ്യമാണെന്നു് അല്മായരെപ്പോലെ തന്നെ വൈദികരും ബോധവാന്മാരാണു്. പക്ഷേ, വൈദികരിൽ ഇന്നുള്ള പ്രത്യേകതകളിലൊന്നായി ദുർമ്മാതൃകയെ 13.7 ശതമാനം അല്മായർ ചൂണ്ടിക്കാണിക്കുന്നു. സ്ത്രീകളേക്കാൾ (10.4 ശതമാനം) പുരുഷന്മാരാണു് (16.7 ശതമാനം) ഇവിടെയും വൈദികരെ കുററപ്പെടുത്തുന്നതു്.

വൈദികരുടെ ബ്രഹ്മചര്യപാലനത്തിൽ വന്നിട്ടുള്ള പാകപ്പിഴകളെ ചിലർ നിശിതമായി വിമർശിക്കുന്നുണ്ടു്. നിർബ്ബന്ധ ബ്രഹ്മചര്യം ആവശ്യമില്ലെന്നു വാദിക്കുന്ന അല്മായരും വിരളമല്ല. 52 കാരനായ ഒരു വൈദികൻ എഴുതുന്നതുപോലെ, ''ധനസമ്പാദന വ്യഗ്രത, മദ്യപാനാസക്തി, ലൈംഗികാസക്തി എന്നിവ വൈദികന്റെ ദൗത്യനിർവ്വഹണ മാർഗ്ഗത്തിൽ കടുത്ത പ്രതിബന്ധങ്ങൾ (way block) ആണു്. ഈ

4 *Ibid*., P. 7

ദൗർബ്ബല്യങ്ങൾക്കടിമയായ വൈദികന് യാതൊരു നന്മയും ചെയ്യുക സാധ്യമല്ല''.

സമൂഹ മന:ശാസ്ത്രജ്ഞന്മാരുടെ പഠനമനുസരിച്ച് ഏതു സമൂഹത്തിലെ നേതാവും തന്റെ സന്മാതൃക വഴി വേണം സമൂഹത്തിന് പ്രചോദനമേകാൻ [5]. ഭീരുവായൊരു പട്ടാള മേധാവിക്കോ, പാടാനറിയാത്ത ഗായകസംഘത്തലവനോ, കളിക്കാനറിയാത്ത ടീം ക്യാപ്റ്റനോ തന്റെ സമൂഹത്തെ ശരിക്കു നയിക്കാനാവില്ല. അതുപോലെ, ആദ്ധ്യാത്മിക – ധാർമ്മിക മൂല്യങ്ങളുടെ വക്താവെന്ന നിലയിൽ അത്തരം മൂല്യങ്ങളും ആദർശങ്ങളും സ്വ ജീവിതത്തിലൂടെ മററുള്ളവർക്കു കാണിച്ചുകൊടുക്കാൻ വൈദികനും ബാദ്ധ്യതയുണ്ട്. ആദ്ധ്യാത്മികവും ഭൗതികവുമായ നേതൃത്വവും സ്വാധീനവും അദ്ദേഹത്തിനുള്ളതിനാൽ അദ്ദേഹം എല്ലാവരാലും ശ്രദ്ധിക്കപ്പെടുന്നു. ജനങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനം, ദിവ്യബലിയർപ്പിക്കുന്ന രീതി, ദൈവാലയത്തിലും സങ്കീർത്തിയിലും മററുമുള്ള പെരുമാററം തുടങ്ങിയവയെല്ലാം, വിലയിരുത്തപ്പെടും. പൂർവ്വകാലങ്ങളെ അപേക്ഷിച്ച്, അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതവും ഇന്നു നിരീക്ഷണ വിഷയമാണ്. അദ്ദേഹത്തിൽ കാണപ്പെടുന്നതോ സംശയിക്കപ്പെടുന്നതോ ആയ നിസ്സാരതെററുകൾ പോലും പരസ്യപ്പെടുത്താനും ഊതിവീർപ്പിക്കാനും ഇന്നാർക്കും മടിയില്ല.

വൈദികനിലെ നല്ലതോ മോശമോ ആയ പ്രത്യേകതകൾ സമൂഹത്തെ വളരെ സ്വാധീനിക്കും. കാരണം കുട്ടികൾക്ക് ആരാധ്യദേവനും യുവജനങ്ങൾക്കു വീരപുരുഷനും മുതിർന്നവർക്കു ആദർശശാലിയും പ്രായമായവർക്കു ആശ്വാസദായകനുമാണദ്ദേഹം. അതിനാൽ, ബോധപൂർവ്വമോ അല്ലാതെയോ അവർ അദ്ദേഹത്തെ അനുകരിക്കും. പ്രസംഗങ്ങളേക്കാളുപരി അദ്ദേഹത്തിന്റെ ജീവിതശൈലിയാവും അവർക്കു മാർഗദർശി. തങ്ങളുടെ ആദ്ധ്യാത്മിക ജീവിതം എപ്രകാരമായിരിക്കണമെന്നതിന്റെ മാനദണ്ഡമായി അവരെടുക്കുന്നത് ആത്മീയകാര്യങ്ങളിൽ തങ്ങൾക്കു ബോധനം നല്കുന്ന വൈദികന്റെ ജീവിതക്രമമായിരിക്കും. ജെയിംസ് ജെ. നവഗ് പറയുന്നു, ''നിങ്ങൾ (വൈദികർ) വിശുദ്ധ കർബ്ബാനയ്ക്കു കൂടെക്കൂടെ വിസ്തീത കഴിക്കുന്നതു കാണു

5 S. P. Adinarayan, *Social Psychology*, Bombay: Allied publishers Pvt. Ltd; 1964 p.95

മ്പോൾ അവരും (അജഗണവും) ഇടക്കിടെ ദിവ്യകാരുണ്യ സന്ദർശനം നടത്തും. നിങ്ങൾ തനിയെ കുരിശിന്റെ വഴി നടത്തുന്നതു കാണുമ്പോൾ അവരും തനിയെ സ്ലീവാപ്പാത നടത്തും. നിങ്ങളുടേതല്ലാത്ത കുർബ്ബാനകൾക്കു കൂടി നിങ്ങളെ ദിവസവും ദൈവാലയത്തിൽ കാണുമ്പോൾ അവരും അനുദിനം ദിവ്യബലിയിൽ സംബന്ധിക്കും. നിങ്ങളുടെ മാതൃകവഴി കാണിച്ചു കൊടുക്കുന്നപക്ഷം നിങ്ങൾ ആഗ്രഹിക്കുന്നതെന്തും അവരെക്കൊണ്ടു ചെയ്യിക്കാൻ കഴിയും.[6] റയ്മണ്ടു് ടാർട്ടറി (Raymond Tartre) ന്റെ അഭിപ്രായത്തിൽ ക്രിസ്തുവിന്റേതു പോലുള്ള നേതൃത്വം വൈദികനിൽ വ്യക്തമായി കാണുന്ന പക്ഷം അവിടുത്തേക്കുണ്ടായിരുന്നപോലെ ധാരാളം അനുയായികൾ അദ്ദേഹത്തിനുമുണ്ടാകും എന്നാണു്[7].

## ജീവിത വിശുദ്ധിയുടെ കാര്യത്തിൽ സ്വയം ബോധവാന്മാർ

പഴയ നിയമകാലം മുതൽതന്നെ പൗരോഹിത്യത്തിൽ പ്രാധാന്യം നല്കപ്പെട്ട ഒരു സവിശേഷ ഗുണമാണു് ജീവിത വിശുദ്ധി. ജോൺ എ. ഗ്രിൻഡു് ക്രിസ്തീയ പൗരോഹിത്യത്തിന്റെ പരിശുദ്ധിയെ പഴയനിയമ പശ്ചാത്തലത്തിൽ വിവരിക്കുന്നതു് വളരെ ശ്രദ്ധേയമാണു്[8]. പൗരോഹിത്യ ധർമ്മം വഴി പുരോഹിതൻ വിശുദ്ധീകരിക്കപ്പെടുകയും[9] വേർതിരിക്കപ്പെടുകയും[10] ചെയ്യുന്നു. ബാഹ്യലോകത്തിൽ നിന്നു വിട്ടുമാറി വിശുദ്ധമായ ജീവിതമാണു് അദ്ദേഹം നയിക്കേണ്ടിയിരുന്നതു്. വൈദികന്റെ പരിശുദ്ധി ദൈവാലയത്തിന്റെ പരിശുദ്ധിക്കു തുല്യമായി കണക്കാക്കപ്പെട്ടിരുന്നു. അതിനാലാണു് വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കാനും വിശുദ്ധ വസ്തുക്കളെ സ്പർശിക്കാനും അദ്ദേഹത്തിനുമാത്രം അനുവാദമുണ്ടായിരുന്നതു്. തന്റെ പരി

---

6 James J. Navagh, The Apostolic Parish, New York: Kennedy & Sons, 1950, p p. 17-18

7 Raymond A. Tartre, S.S.S, S. T. L., *The Priesthood is a challenge*, New york: Sentinel press, 1974, P. 111

8 John A. Grinde, 'The old Testament and Christian Priesthood', *Communio*, vol 3, No. 1 (Spring 1976), p 25

9 ലേവ്യർ, 21: 6

10 സംഖ്യ, 8:14; നിയമാവർത്തനം, 10:8

ശുദ്ധി കാത്തു സൂക്ഷിക്കുവാൻ പ്രത്യേക കടമകരംക്കും നിബ ന്ധനകരംക്കും അദ്ദേഹം വിധേയനായിരുന്നു 11.

പഴയനിയമത്തിനു സമാന്തരമായ വീക്ഷണമാണു് പുതി യനിയമത്തിലുമുള്ളതു്. ക്രിസ്തുനാഥന്റെ തിരുശ്ശരീരരക്തങ്ങരം പരികർമ്മം ചെയ്യുകയും ജനങ്ങളെ ദൈവനാമത്തിൽ വിശു ദ്ധീകരിക്കുകയും ചെയ്യേണ്ട വൈദികൻ, സ്വയം വിശുദ്ധജീ വിതം നയിക്കാൻ കടപ്പെട്ടവനാണു്. കൗൺസിൽ പിതാക്ക ന്മാർ ഇക്കാര്യം അനുസ്മരിപ്പിക്കുന്നുണ്ടു്. ''മാനുഷികമായ ബലഹീനതയ്ക്കധീനരെങ്കിലും പുണ്യപൂർണത പ്രാപിക്കാൻ അവർ (വൈദികർ) പ്രാപ്തരാകുന്നു. അതിനവർ കടപ്പെട്ട ന്നുണ്ടു്''. ''സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണ നായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുക'' 13 എന്ന ക്രിസ്തുസൂക്തമാണു് വൈദികനു് മാർഗ്ഗദർശനമായി കൗൺസിൽ നല്കുന്നതു്.

കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ചു് മനുഷ്യൻ ഇന്നു തന്റെ തന്നെ കഴിവുകളിൽ പൂർണ്ണമായി ആശ്രയിക്കാൻ ശ്രമിക്കയാണു്. ഇന്നത്തെ വൈദികരിലും ഇതിന്റെ സ്വാധീനം വളരെയുണ്ടു്. വി. പുണ്യത്തിന്റെ പരിപാലനത്തെ സംബന്ധിച്ചു് പലക്കും 'വരുന്ന വഴിയേകാണാ'മെന്ന മനോഭാവമാണു്. എന്നാൽ, വിശുദ്ധരുടെയും മഹാത്മാക്കളുടെയും ജീവിതത്തിലേക്കു കട ന്നാൽ പുണ്യപൂർണ്ണമായ ജീവിതം നയിക്കാൻ, ത്യാഗാനുഷ്ഠാന ങ്ങരംക്കും ആത്മനിയന്ത്രണത്തിനും ദൈവാശ്രയത്തിനും വളരെ യേറെ പ്രാധാന്യം കല്പിച്ചിരുന്നുവെന്നു് കാണാൻ കഴിയും. ഇത്തരം കാര്യങ്ങളിൽ ഇന്നുണ്ടായിട്ടുള്ള മൂല്യത്തകർച്ച വൈദി കരുടെയും അല്മായരുടെയും ധാർമ്മിക നിലവാരത്തെ പ്രതി കൂലമായി ബാധിച്ചിട്ടുണ്ടു്.

സർവ്വേയിൽ, വൈദികർ ജീവിതവിശുദ്ധിയുള്ളവരായി രിക്കണമെന്നു 45.6 ശതമാനം അല്മായർ ആഗ്രഹിക്കുമ്പോരം 62 ശതമാനം വൈദികരും അതേ അഭിപ്രായക്കാരാണു്. അതു തന്നെ വളരെ ആശാസ്യമായ കാര്യമാണു്.

ആലുവാ, സെമിനാരിയുടെ വാർഷീക പ്രസിദ്ധീകരണ മായ 'കാരിത്താസ്'' മാസികയിൽ പത്തുവഷത്തെ പൗരോ

11 ലേവ്യർ, 21:1–5, 7, 17–23; പുറപ്പാടു്, 30:18–21, എസെക്കിയേൽ, 44:17–31

12 വൈദികർ; നമ്പർ–12

ഹിത്യ ജീവിതത്തിനുശേഷം പൂർവ്വവിദ്യാർത്ഥികൾ തങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ എഴുതിയ കുറിപ്പുകൾ 1972–'73 മുതൽ പ്രസിദ്ധീകരിച്ചിരുന്നു. അവയിൽ, ഇന്നത്തെ വൈദികനു ആവശ്യം ഉണ്ടായിരിക്കേണ്ട ഗുണമായി ഭൂരിപക്ഷം പേരും എടുത്തുപറഞ്ഞ ഒരു സവിശേഷത ജീവിതവിശുദ്ധി യാണ്. അവരുടെ അഭിപ്രായങ്ങളിലെ ചില പ്രസക്തഭാ ഗങ്ങൾ ഇവിടെ ഉദ്ധരിക്കാം.

''വൈദികർ കാര്യമായി ബഹുമാനിക്കപ്പെടുന്നില്ല എന്നു മിക്കപ്പോഴും കേൾക്കുന്നുണ്ട്. എന്നാൽ എവിടെയും എല്ലായ് പ്പോഴും വിശുദ്ധരായ വൈദികരെ എല്ലാവരും ബഹുമാനിക്കു ന്നുണ്ടെന്നാണ് എനിക്കു തോന്നുന്നത്. വൈദികന്റെ ജീവി തം വിജയപ്രദമാകണമെങ്കിൽ വിശുദ്ധി അവശ്യാവശ്യമാണ്. ആത്മാക്കളെ ക്രിസ്തുവിലേക്ക് ആനയിക്കുകയാണ് വൈദി കന്റെ കർത്തവ്യം എന്നാൽ അവർ തന്നെ ക്രിസ്തുവുമായി ഐക്യപ്പെടാതെ എങ്ങനെ മററുള്ളവരെ അവനിലേക്കാനയി ക്കാൻ കഴിയും! തനിക്കില്ലാത്തതു നല്കുവാൻ ഒരുവനും സാദ്ധ്യമല്ല'' 13.

''സ്പെഷലൈസേഷന്റെ കാലമാണിന്നത്തേത്. ഒരുവൻ വൈദികനായിരിക്കുന്നുവെന്ന കാരണത്താൽ തന്നെ വിശുദ്ധി യിൽ സ്പെഷലൈസു ചെയ്യാൻ അയാൾക്കു കടമയുണ്ട്. വിശു ദ്ധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ പരിഹരിക്കുവാൻ അയാൾക്കു കഴിയണം. വൈദികന്റെ മാതൃകാപരമായ ജീവി തമാണ് കാര്യമായുള്ളത്. വചനവും പ്രവൃത്തിയും തമ്മിൽ 'വിടവു'ണ്ടാകരുത്. വൈദികർ വിശുദ്ധരായിരിക്കുവാനാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. സുരക്ഷിതത്വത്തിനുള്ള ഏതു മുഖം മൂടിയും ഒരിക്കൽ താഴെ വീഴും'' 14.

''വിശുദ്ധിയിൽ അടിസ്ഥാനപ്പെടുത്തിയതല്ല പൗരോഹി ത്യ ജീവിതമെങ്കിൽ ആധുനിക സംസ്ക്കാരത്തിന്റെ നീർച്ചുഴി യിൽ പ്രത്യേകിച്ചും പരാജയം ഏററുവാങ്ങേണ്ടിവരും'' 15.

---

13 Rev. Fr. Augustine Manakkattumattam, *Caritas*, Alwaye: 1973-74, p. 159

14 Fr. Joseph Kairumpuram, 'Pastoral work should precede Institutional work', *Caritas*, Alwaye: 1974–75, pp. 114–115

15 Rev. Fr. Xavieor Kareethara, *Caritas* Alwaye: 1973-74 p. 159-160.

വൈദികർ ഇക്കാര്യത്തിൽ ബോധവാന്മാരാണെന്ന കാര്യം പ്രതീക്ഷയ്ക്കു വക നല്കുന്നുണ്ട്.

## പ്രാർത്ഥനയുടെ മനുഷ്യനാകണം

വൈദികരുടെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് പ്രാധാന്യം നല്കണമെന്ന് അല്മായർ ആഗ്രഹിക്കുന്നുണ്ട്. 42.6 ശതമാനം ആളുകൾ വൈദികന്റെ പ്രധാനഗുണങ്ങളിലൊന്നായി പ്രാർത്ഥനാജീവിതത്തെ കാണുന്നു. പുരുഷന്മാരെക്കാളുപരി (40.3 ശതമാനം) സ്ത്രീകളാണ് (45.1 ശതമാനം) വൈദികൻ പ്രാർത്ഥനയുടെ മനുഷ്യനായിരിക്കണമെന്ന് ആവശ്യപ്പെടുന്നത്. 33 ശതമാനം അല്മായരുടെ വീക്ഷണത്തിൽ ഇന്നത്തെ വൈദികർ പൊതുവെ പ്രാർത്ഥനയിലധിഷ്ഠിതമായ ജീവിതം നയിക്കുന്നവരാണ്. ഈ അഭിപ്രായത്തിൽ പുരുഷന്മാരെ (23.5 ശതമാനം)ക്കാൾ സ്ത്രീകളാണ്(43.5 ശതമാനം) മുൻപന്തിയിൽ. എന്നാൽ, വളരെ ശോചനീയമായൊരു വസ്തുത വൈദികരിൽ 4.6 ശതമാനം പേർ മാത്രമേ അതിനെ തങ്ങളുടെ പ്രധാന ഗുണമായി കരുതുന്നുള്ളുവെന്നതാണ്. ഒരു പക്ഷേ 'ജീവിത വിശുദ്ധി'യിലും 'മാതൃകാജീവിത'ത്തിലും പ്രാർത്ഥനയെക്കൂടി അവർ ഉദ്ദേശിക്കുന്നുണ്ടാവാം. ഇവിടെ പരാമർശിക്കപ്പെടുന്ന നേതൃത്വ ഗുണങ്ങളിൽ പലതും പരസ്പരം അതിവ്യാപിക്കുന്നവയാണെന്നതു ശരിതന്നെ. എങ്കിലും അവയിൽ ഓരോന്നിനും അതതിന്റേതായ വീക്ഷണവിശേഷമുണ്ട്. ആ വിധം നോക്കുമ്പോൾ, പ്രാർത്ഥനാജീവിതത്തിന് വേണ്ടത്ര പ്രാധാന്യം വൈദികർ നല്കുന്നില്ല. എന്നു വ്യക്തമാകുന്നു.

ദൈവജനത്തിന്റെ പ്രതീക്ഷക്കൊത്ത് അജപാലകരുടെ പ്രാർത്ഥനാജീവിതത്തിൽ ഉയർച്ചയുണ്ടാകണം. മാത്രമല്ല, ദൈവജനത്തിന്റെ ആദ്ധ്യാത്മിക ഉപദേഷ്ടാവും പ്രാർത്ഥനാ സമൂഹത്തിന്റെ നേതാവുമെന്ന നിലയിൽ സ്വജീവിതത്തിൽ ദൈവത്തെ അനുഭവിച്ചറിയുവാനും അതിൽനിന്നു ലഭിക്കുന്ന ചൈതന്യം വഴി മററുള്ളവർക്കുകൂടി ആത്മീയ പ്രചോദനമരുളാനും വൈദികനു കഴിയണം. ജനങ്ങളെ ഇപ്രകാരം പ്രാർത്ഥനയിലൂടെ നയിക്കണമെങ്കിൽ വൈദികൻ തന്നെ ആദ്യം പ്രാർത്ഥനയുടെ ഉന്നതനിലവാരത്തിലെത്തണം. ''ജനങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും പ്രാർത്ഥനയിൽ നയിക്കുകയും ചെയ്യുകയെന്നതാണ് വൈദികന്റെ പ്രധാന കർത്തവ്യമെന്നത് തെല്ലും അതിശയോക്തി കൂടാതെ പറയാം. കാരണം പ്രാർത്ഥനയെ

തങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമായി കണക്കാക്കിയില്ലെങ്കിൽ അവർ നശിക്കുകയാണ്'' [16].

പ്രവർത്തന ബാഹുല്യത്തിനും ജീവിതക്ലേശങ്ങൾക്കുമിടയിൽ സ്വർഗ്ഗീയ പിതാവിനോടു പ്രാർത്ഥിക്കുന്നതിന് വിജന പ്രദേശങ്ങളും നിശയുടെ നീണ്ടയാമങ്ങളും കണ്ടെത്തിയ യേശു[17] സ്വശിഷ്യന്മാർക്ക് തന്റെ മാതൃക വഴിയാണ് പ്രാർത്ഥനാ ചൈതന്യം പകർന്നുകൊടുത്തത്. തങ്ങളുടെ ദിവ്യഗുരു പ്രാർത്ഥിക്കുന്നതു കണ്ടപ്പോൾ തങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമെന്ന് അവർ അദ്ദേഹത്തോടപേക്ഷിച്ചു [18]. പ്രാർത്ഥനയിൽ ദൈവജനത്തിന് ഇതേ രീതിയിൽ പ്രചോദനമരുളാൻ ആധുനിക വൈദികർക്കു കഴിഞ്ഞിരുന്നെങ്കിൽ !

---

16 Raymond A. Tartre, *op. cit.*, p.10

17 മത്തായി, 14:23; ലൂക്കാ, 5:16; 6:12

18 ലൂക്കാ, 11:1–2

# 7 സർവ്വഗുണ സമ്പൂർണ്ണൻ

ലളിതജീവിതം അപ്രത്യക്ഷമായിരിക്കുന്നു
സ്നേഹം നേതൃത്വ വിജയത്തിനാവശ്യം
നല്ലൊരു സംഘാടകനാകണം
വിനയം വിജയത്തിലേയ്ക്കു നയിയ്ക്കും
അഭികാമ്യമായ മററു കഴിവുകൾ

---

## ലളിതജീവിതം അപ്രത്യക്ഷമായിരിക്കുന്നു

ആധുനിക നേതാക്കൾക്കു വേണ്ട ഒരു സുപ്രധാന ഗുണമായി എസ്. പി. അധിനാരായൺ പറയുന്നത്, "വിജയിയായൊരു നേതാവ് താൻ നയിക്കാനുദ്യമിക്കുന്ന സമൂഹത്തിന്റെ അംഗത്വ സ്വഭാവം ഉൾക്കൊള്ളണം"[1] എന്നാണ്. നേരത്തെ പരാമർശിച്ചതുപോലെ, നേതാവ് സമൂഹത്തിൽ നിന്നു യാതൊരു വിധത്തിലും മാനസികമായോ ശാരീരികമായോ, അകന്നു നിൽക്കാവുന്നതല്ല. സമൂഹാംഗങ്ങളുടെ സ്വഭാവത്തെയും ജീവിതക്ലേശങ്ങളെയും സ്വയം ഉൾക്കൊള്ളാനും പ്രകടമാക്കാനും അയാൾക്കു കഴിയണം. അതിനാലാണ് തങ്ങളേപ്പോലൊരുവനെ നേതാവാക്കാൻ സമൂഹം തത്രപ്പെടുന്നത്. വൈദേശികനേതാക്കളെ അവർ സ്വാഭാവികമായും വിദ്വേഷത്തോടെ വീക്ഷിക്കും. സമൂഹത്തിനു വെളിയിൽ നിന്നോ, സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിന്റെ ജീവിത രീതികളിൽ നിന്നോ വ്യത്യസ്തനായ വ്യക്തിയാണ് നേതാവെങ്കിൽ, അവരുടെ ജീവിതവുമായി താദാത്മ്യപ്പെടാതെ അയാൾക്കു സമൂഹത്തിന്റെ പൂർണ്ണ പിന്തുണ ആർജ്ജിക്കാനാവില്ല. രാഷ്ട്രീയ നേതാക്കളിൽ കോടീശ്വരന്മാർ പോലും ചില സന്ദർഭങ്ങളിലെങ്കിലും സാധാരണക്കാരോടൊത്തു സഹവസിക്കാനും അവരെപ്പോലെ ജീവിക്കാനും സഹിക്കാനും സന്നദ്ധരാകുന്നത് ഇക്കാരണത്താലാണ്.

ദരിദ്രർ കൂടുതലായി അധിവസിക്കുന്ന നമ്മുടെ ഇടവകകളിൽ നേതൃത്വം നല്കുന്ന വൈദികൻ ആർഭാടപ്രിയനോ, സ

---

1 S. P. Adinarayan, *op.* cit., p. 91

ന്നരായ 'പ്രമാണിമാരുടെ കുഞ്ഞക'യോ ആയാൽ സാധാരണ ജനങ്ങളെ സ്വാധീനിക്കാൻ സാധിക്കുകയില്ല. ഇടവകയിലെ സാധാരണക്കാരന്റെ വൈഷമ്യങ്ങളെയും ജീവിതചര്യയെയും തന്റേതായ രീതിയിൽ ഉൾക്കൊള്ളാൻ അദ്ദേഹത്തിനു കഴിയണം. അല്ലാത്തപക്ഷം, അവർക്കു് അദ്ദേഹം അപ്രാപ്യനായിത്തോന്നും; അവരുടെ പ്രശ്നങ്ങൾക്കനുസരിച്ച പ്രവർത്തന പദ്ധതികളെ ആവിഷ്ക്കരിക്കാൻ അദ്ദേഹത്തിനു കഴിയുകയുമില്ല. അല്മായരുടെ പ്രശ്നാവലിയിൽ ഒരു യുവാവു് വൈദികരെക്കുറിച്ചുള്ള തന്റെ അഭിപ്രായം രേഖപ്പെടുത്തുന്നതു് ഇപ്രകാരമാണു്: ''ഇക്കൂട്ടർ തടി അനങ്ങി വേല ചെയ്യാത്തവരാണു്. അതുകൊണ്ടു് അദ്ധ്വാനിക്കുന്നവരുടെ പ്രശ്നങ്ങൾ ഇവർക്കു് അറിയത്തില്ല''. ''ദാരിദ്ര്യമെന്തെന്നറിഞ്ഞവർക്കേ പാരിൽ പരക്ലേശ വിവേകമുള്ളൂ'' എന്ന കാവ്യശകലം എത്രയോ അന്വർത്ഥമാണു്!

ലളിത ജീവിതത്തിനു് ആത്മീയമായൊരു ദർശനമുണ്ടു്. ''ലാളിത്യമെന്നാൽ എല്ലാ ജീവികളിലും വസ്തുക്കളിലും ദൈവത്തെ കാണുകയും സ്നേഹിക്കുകയും ആഗ്രഹിക്കുകയുമാണു്; ദൈവത്തോടുകൂടി തന്റെ ജീവിതത്തെ നിർമ്മലമാക്കുകയാണു്. ആദ്ധ്യാത്മിക ജീവിതത്തിന്റെ ആത്മാവാണതു്'' [2]. സ്വയം ശൂന്യവല്ക്കരിച്ചു കൊണ്ടു്, ഏററം നിസ്സാരനായി ജീവിച്ചു്, തല ചായ്ക്കാനിടമില്ലാതെ ദരിദ്രനായി ജീവിച്ചു്, ഏററം നിന്ദ്യമായി കൊല ചെയ്യപ്പെടാൻ സന്നദ്ധനായ യേശു ലാളിത്യത്തിന്റെ പ്രതീകമാണു്. തനിക്കുള്ള സർവ്വസ്വവും ഉപേക്ഷിക്കാതെ [3], തന്നെത്തന്നെ ദൈവത്തിനും ദൈവജനത്തിനുംവേണ്ടി പൂർണ്ണമായി സമർപ്പിക്കാതെ, ഒരുവനും അദ്ദേഹത്തിന്റെ ഉത്തമ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല.

വൈദികർക്കു് ലളിതജീവിതം ഇന്നാവശ്യമാണോ? അവ എത്രമാത്രം പ്രാവർത്തികമാക്കപ്പെടുന്നു? വളരെ ചിന്തോദ്ദീപകങ്ങളായ ഉത്തരങ്ങളാണു് സർവ്വേ നല്കുന്നതു്. അല്മായരേക്കാളധികമായി ജീവിതലാളിത്യത്തിന്റെ ആവശ്യകതയെക്കുറിച്ചു ബോധവാന്മാരാണു വൈദികർ. 29.3 ശതമാനം അല്മായർ അതു വൈദികരിൽ നിന്നു പ്രതീക്ഷിക്കുമ്പോൾ 38.9 ശത

2 Richard M. Mekeon, 'Aspects of simplicity', *Homiletic and Pastoral Review*, vol. L XXVI, No. 4 (Janua.y 1976), p. 56.

3 ലൂക്കാ. 14:33.

മാനം വൈദികരും ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതാണെന്നു സമ്മതിക്കുന്നു. എന്നാൽ, അതിന്നു എത്രമാത്രം അനുവർത്തിക്കപ്പെടുന്നുവെന്നു പരിശോധിക്കുമ്പോഴാണ് വൈരുദ്ധ്യാത്മകമായൊരു വസ്തുത വ്യക്തമാകുന്നത്. 49.1 ശതമാനം (പുരുഷന്മാർ: 55.3%; സ്ത്രീകൾ 42.3%). അല്പമായരും വൈദികരെ കാണുന്നതു ആർഭാടജീവിതം നയിക്കുന്നവരായിട്ടാണ്. അതേസമയം, 15.1 ശതമാനം പേർ മാത്രമേ അവരിൽ ജീവിത ലാളിത്യം ദർശിക്കുന്നുള്ളു. അതിൽത്തന്നെ പുരുഷന്മാർ വളരെ കുറവും. (10.6 ശതമാനം; സ്ത്രീകൾ 20.1 ശതമാനം)

നിശിത വിമർശനങ്ങൾ കൂട്ടിച്ചേർക്കാൻ ചിലർ മറന്നില്ല. ഒരു ബിസിനസ്സുകാരന്റെ വികാരനിർഭരമായ വാക്കുകൾ: ''ഫോറിൻ തുണികൊണ്ടു ളോഹയും തുന്നി, കിട്ടാവുന്നതിൽ മെച്ചപ്പെട്ട വാച്ച്, റേഡിയോ, ടേപ്പ്റിക്കാർഡർ, കണ്ണട, എന്തു വേണ്ടാ അത്യാധുനികതയുമായി മുന്നോട്ടു പോവാനാണ് മിക്ക വൈദികർക്കും താല്പര്യമെന്നു തോന്നുന്നു. കഴുത്തുവരെ എത്തുന്ന ളോഹക്കടിയിലും സ്വർണമാലയിട്ടു മോട്ടോർ സൈക്കിളിൽ ലോകം ചുററുന്നവരെയും എനിക്കറിയാം. ഇപ്പോൾ ളോഹയുടെ സ്ഥാനത്തു പാൻറ്സ് ഇടാനാണ് എല്ലാവർക്കും താല്പര്യമെന്നു തോന്നുന്നു. കുറച്ചുകാലംകൂടി കഴിയുമ്പോൾ പൊടിമീശവസ്ത്രാനം, അമേരിക്കയിലും മററും ഉണ്ടെന്നു കേൾക്കുന്നതുപോലെ വിവാഹം കഴിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനുംവേണ്ടി മുന്നോട്ടു വരികയില്ലെന്ന് ആരറിഞ്ഞു! സാഹചര്യം മനുഷ്യനെ തെററിലേക്കു നയിക്കുമെന്നുള്ള സത്യത്തെ മറച്ചു വച്ചിട്ടു കാര്യമില്ലല്ലോ.

''ദൈവത്തെ സേവിക്കാനും ദൈവജനത്തെ നയിക്കാനും നിയോഗിക്കപ്പെടുന്നവർ സുഖസൗകര്യങ്ങൾക്കായി വെമ്പൽ കൊള്ളുന്നതു കാണുമ്പോൾ, ലളിത ജീവിതവും അനാർഭാടവുമൊക്കെ അല്പമേനിക്കുള്ളതാണെന്നു തോന്നിപ്പോകുന്നു പലപ്പോഴും. ക്രൈസ്തവരും അക്രൈസ്തവരുമായ ആളുകൾ വൈദികരെക്കുറിച്ച് അത്ര സുഖകരമല്ലാത്ത കാര്യങ്ങൾ പറയുന്നതിന് ആരാണ് കാരണക്കാർ? വൈദികരും വൈദികമേലദ്ധ്യക്ഷന്മാരും ചിന്തിക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുകയാണ്''.

ആർഭാടപ്രിയരായ വൈദികർ സാധാരണ ജനങ്ങൾക്കു വളരെ ക്ലേശങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഒരു ബി. എസ്സി. വിദ്യാർത്ഥി അതു പ്രകടിപ്പിക്കുന്നതിങ്ങനെയാണ്, ''.... അച്ചനെ വിളിക്കുവാൻ കാറുകൊണ്ടുചെല്ലണം. അല്ലെങ്കിൽ അച്ചന്റെ

പൃച്ഛവും പരിഹാസവും കേൾക്കണം. പലസ്തീനായിലെ വീഥികളിലൂടെ ക്ലേശപൂർണ്ണമായ കാൽനടയാത്ര നടത്തി ആവശ്യക്കാരുടെ വീടുകൾ സന്തോഷപൂർവ്വം സന്ദർശിച്ചു് എല്ലാവരെയും സമാശ്വസിപ്പിക്കുന്നതിൽ താല്പര്യം പ്രദർശിപ്പിച്ച യേശുവിൻെറ പുതിയ പതിപ്പു്!''

ഇതിനൊരു മറുവശംകൂടിയുള്ളതു് വിസ്മരിക്കാവുന്നതല്ല. യേശു കാൽനടയായും കഴുതപ്പുറത്തും മലയോരങ്ങളിലൂടെയും സഞ്ചരിച്ചും, അന്തിയുറങ്ങിയും കഴിഞ്ഞെങ്കിൽ, അതേപടി ഇന്നത്തെ വൈദികരും പ്രവർത്തിക്കണമെന്നാവശ്യപ്പെടുന്നതു് വിഢിത്തമായിരിക്കും. രണ്ടായിരം വർഷത്തെ ശാസ്ത്രസാങ്കേതിക നേട്ടങ്ങൾവഴി കൈവന്ന ജീവിത സൗകര്യങ്ങളെ ഉപയോഗപ്പെടുത്തി കൂടുതൽ സേവനം കാലോചിതമായനുഷ്ഠിക്കാനാണു നാം ശ്രമിക്കേണ്ടതു്. തൻെറ അജപാലന ശുശ്രൂഷയ്ക്കു സ്വന്തമായി വാഹനമോ സ്വയം കഴുകാവുന്ന ടെറിക്കോട്ടൺ തുണിത്തരങ്ങളോ അത്യാവശ്യമായനുഭവപ്പെടുമ്പോൾ അവ വൈദികൻ ഉപയോഗപ്പെടുത്തുന്നെങ്കിൽ അതു് ആർഭാടമാകുമോ? മുൻകാലങ്ങളിലെ ആർഭാടങ്ങൾ ഇന്നു ചിലപ്പോൾ അത്യാവശ്യങ്ങളും പണ്ടത്തെ ആവശ്യങ്ങൾ ഇന്നു നിരർത്ഥകങ്ങളുമാകാം.

വൈദികരുടെ ജീവിതലാളിത്യത്തെ സംബന്ധിച്ചു് വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു. ''ലോകത്തിൽ ജീവിക്കുന്ന വൈദികർ നമ്മുടെ കർത്താവു പറഞ്ഞിട്ടുള്ളതുപോലെ തങ്ങൾ ഈ ലോകത്തിൻേറതല്ലെന്ന കാര്യം എപ്പോഴും മനസ്സിലാക്കണം....ഹൃദയം ഒരിക്കലും ധനത്തോടു് ഒട്ടിച്ചേരാത്ത വിധം വൈദികർ ദ്രവ്യാഗ്രഹങ്ങളിൽ നിന്നു് ഒഴിഞ്ഞിരിക്കണം ... ക്രിസ്തുവിൻെറ മററനുയായികളെക്കാൾ ഉപരിയായി വൈദികരും മെത്രാന്മാരും തങ്ങളുടെ പെരുമാററത്തിൽ എല്ലാത്തരത്തിലുമുള്ള ആഡംബരവും വെറുത്തുതള്ളണം. അവരുടെ വാസസ്ഥലങ്ങൾ ഏവരെയും സ്വാഗതം ചെയ്യട്ടെ. ആർക്കും, ഏററം താഴ്ന്ന നിലയിലുള്ളവർക്കുപോലും, അവിടം സന്ദർശിക്കുന്നതിനു് ആശങ്ക തോന്നാനിട നല്കരുതു്.'' 4

## സ്നേഹം: നേതൃത്വ വിജയത്തിനാവശ്യം

ക്രിസ്തുദർശനത്തിൻെറ കേന്ദ്ര ബിന്ദുവും ക്രൈസ്തവൻെറ അടയാളവുമാണു് സ്നേഹം. സ്നേഹം തന്നെയായ ദൈവത്തിൻെറ

4 'വൈദികർ' നമ്പർ—17

പ്രിയസുതനായ യേശു, സ്നേഹത്തിന്റെ മൂർത്തീഭാവമാണ്. വൈദികൻ തന്റെ ജീവിതവും പ്രവർത്തനങ്ങളുംവഴി ജനങ്ങൾക്ക പകരുന്നതും മറെറാന്നല്ല. യേശുവിന്റെ സ്നേഹം ഇന്നിന്റെ ജനതയ്ക്ക് അദ്ദേഹം യാഥാർത്ഥ്യമാക്കണം. അതു സാധിക്കേണ്ടതു് അവരെ അറിഞ്ഞും സ്നേഹിച്ചും സേവിച്ചുമാണ്. മതേതരമണ്ഡലത്തിലെ നേതാക്കൾപോലും തങ്ങളുടെ സഹപ്രവർത്തകരുടെയും അനുയായികളുടെയും സ്നേഹാദരവുകൾ പിടിച്ചുപററുവാൻ ശ്രമിക്കുമ്പോൾ, വൈദികനേതൃത്വത്തിൽ ഇതിന്റെ പ്രസക്തി പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലൊ.

സർവ്വേയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ വൈദികനേതൃത്വത്തിൽ സ്നേഹത്തിന്റെ ആവശ്യകതയെക്കുറിച്ച് അല്മായരും വൈദികരും തുല്യവീക്ഷണമുള്ളവരാണ് (26.9%) സ്ത്രീകളാകട്ടെ ലളിതജീവിതത്തെക്കാൾ പ്രാധാന്യം കൊടുക്കുന്നതു് സ്നേഹത്തിനാണ്. എന്നാൽ 22.9 ശതമാനം അല്മായരും (പുരുഷന്മാർ 26.1 ശതമാനം; സ്ത്രീകൾ 19.3 ശതമാനം) പറയുന്നതു് വൈദികർ പൊതുവെ ദേഷ്യസ്വഭാവക്കാരാണെന്നാണ്. കേവലം 12 ശതമാനം ആളുകളേ അവരിൽ അനുകമ്പയും സ്നേഹവും കാണുന്നുള്ളു. അതിലധികവും സ്ത്രീകളാണ് (16.9 ശതമാനം). പുരുഷന്മാർ 7.7 ശതമാനം മാത്രം.

അമ്പത്തൊന്നു വയസ്സായ ഒരു അല്മായനു വൈദികരോടു പറയാനുള്ളതു് ഇതാണ്.

'സ്നേഹത്തിലൂടെയേ വൈദികനു എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനാവൂ. ഏതു മോശമായവനെയും വശീകരിക്കുവാൻ സ്നേഹത്തിനു കഴിയും. ഇതിലൂടെയേ വിജയമുണ്ടാകൂ.''

അദ്ദേഹം തുടരുന്നു.

''അച്ചന്മാർ ഏതു രംഗത്തു ചെന്നാലും ഉയന്ന നിലവാരത്തിലുള്ളവരാണ് തങ്ങളെന്ന വിചാരമുണ്ട്. അച്ചന്മാർ പാവപ്പെട്ടവരോടൊത്തു് ഇടപഴകാതെ മാറിനിന്നു് വിമർശിക്കുന്നു. അല്മായരെ ഹീനവർഗമായി കരുതി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.''

അമ്പത്തിരണ്ടുകാരനായൊരു വൈദികൻ പറയുന്നു: ''വിധിയാളനാകാതെ, എനിക്കു് ഈ ജനതയോടു സഹതാപം തോന്നുന്നു'. എന്നുദീരണം ചെയ്ത യേശുവിനെ അനുകരിക്കുക.''

എന്നാൽ ഒരു മുന്നറിയിപ്പുകൂടി അദ്ദേഹം നല്കുന്നുണ്ട്. ''ഇടവകയിലെ പ്രത്യേക ഗ്രൂപ്പിന്റെ മാത്രം വക്താവാകരുത്. ചില കുടുംബങ്ങളുടെ മാത്രം സ്നേഹിതനാകരുത്. പെരുമാററത്തിൽ നീതിബോധം ഉണ്ടാകണം.''

പതിനാറാം ശതകത്തിൽ വി. ഫ്രാൻസീസ് സേവ്യർ മിഷനറിമാർക്കു നല്കിയ ഉപദേശം ഇന്നും വളരെ പ്രസക്തമാണ്. ''ജനങ്ങൾ നിങ്ങളെ സ്നേഹിക്കാൻവേണ്ടി നിങ്ങളുടെ സർവ്വശക്തിയുമുപയോഗിക്കുക. അവർ നിങ്ങളെ വെറുക്കുമ്പോഴുള്ളതിനേക്കാൾ വളരെ മെച്ചമായ ഫലം അവർ നിങ്ങളെ സ്നേഹിക്കുമ്പോഴുണ്ടാകും. പ്രാതമിസ്സുവാനായി വരുന്ന കുട്ടികളോടു വലിയ സ്നേഹം പ്രകടിപ്പിക്കുക. അവരുടെ തെററുകൾ കണ്ടില്ലെന്നു വയ്ക്കുക. അല്ലെങ്കിൽ അവരുടെ വികാരങ്ങളെ വ്രണപ്പെടുത്താത്തവിധം അവർ അർഹിക്കുന്ന ശിക്ഷകൾ രഹസ്യത്തിലാക്കുക ...നിങ്ങൾ പോകുകയോ താമസിക്കുകയോ ചെയ്യുന്ന സ്ഥലങ്ങളിൽ സ്നേഹിക്കപ്പെടുന്നതിനു പരിശ്രമിക്കാൻ ഞാൻ നിങ്ങളെ വീണ്ടും നിർബന്ധിക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾ നല്ലതും വാക്കുകൾ സ്നേഹജന്യവുമാകട്ടെ. അപ്പോൾ വെറുക്കപ്പെടുന്നതിനു പകരം നിങ്ങൾ എല്ലാവരാലും സ്നേഹിക്കപ്പെടും. അപ്പോൾ ഞാൻ മുൻപു പറഞ്ഞതുപോലെ നമുക്കു സൽഫലങ്ങൾ ഉളവാകും'' [5]

പൗലോസ് അപ്പസ്തോലന്റെ വാക്കുകളിൽ, ''കർത്താവിന്റെ ദാസൻ കലഹപ്രിയനായിരിക്കരുത്; മറിച്ച്, എല്ലാവരോടും സൗമ്യതയുള്ളവനും യോഗ്യനായ അദ്ധ്യാപകനും ക്ഷമാശീലനുമായിരിക്കണം. എതിർക്കുന്നവരെ അവൻ സൗമ്യതയോടെ തിരുത്തണം.'' [6]

## നല്ലൊരു സംഘാടകനാകണം

നേതൃത്വത്തിന്റെ മറെറാരവശ്യ ഗ്ഗുണമാണ് സംഘടിപ്പിക്കുവാനുള്ള കഴിവ്. ആദ്ധ്യാത്മികവും ഭൗതികവുമായ ലക്ഷ്യങ്ങൾക്ക് വിശ്വാസികളെ സംയോജിപ്പിക്കേണ്ടവനാണ് വൈദികൻ. വിവിധ സംഘടനകളുടെ ഭരണസാരഥ്യവും രക്ഷാകർ

5 Quoted in *Petrus*, Dec 1976 p.20

6 II തിമോ, 2:24–25

ത്തുതപവും ഏറ്റെടുക്കേണ്ടവൻ കൂടിയാണദ്ദേഹം. അദ്ദേഹമാണ് ഇടവകതലത്തിലുള്ള എല്ലാ പ്രസ്ഥാനങ്ങളുടെയും ചരട് വലിക്കേണ്ടത്. നിരവധി പ്രശ്നങ്ങൾക്ക് ഉടനടൻ പരിഹാരം കാണേണ്ടിവരും. എങ്കിലും നല്ലൊരു സംഘാടകനാണെങ്കിൽ നിരവധി കാര്യങ്ങൾ ഒരേ സമയം നിർവ്വഹിക്കാൻ അദ്ദേഹത്തിനു സാധിക്കും. ഇത് എല്ലാ ജോലികളും ഉത്തരവാദിത്വവും സ്വയം ഏറ്റെടുത്തുകൊണ്ടല്ല; മറിച്ച്, തന്റെ സമൂഹത്തെ കർമ്മോന്മുഖമാക്കി അതിൽ കഴിവുള്ളവരും വിശ്വസ്തരുമായവർക്കു ജോലിയും ഉത്തരവാദിത്വങ്ങളും ഏല്പിച്ചുകൊടുത്തുകൊണ്ടാണ്. ഇടവകാംഗങ്ങളിൽ കഴിവുള്ളവരെ കണ്ടെത്തി, അവർക്ക് പ്രചോദനവും പ്രോത്സാഹനവും നല്കി അവർക്കുവേണ്ടിത്തന്നെ സേവനമനുഷ്ഠിക്കാൻ അവരെ പ്രാപ്തരാക്കണം. നിർബ്ബന്ധമോ ബലപ്രയോഗമോ കൂടാതെ സ്വമനസ്സാലെയുള്ള അവരുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുകയും അതിനുവേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നല്കുകയുമാണ് ഒരു വികാരി ചെയ്യേണ്ടത്. പൗരോഹിത്യത്തിനടുത്ത പ്രധാന കർത്തവ്യങ്ങളൊഴിച്ച് ബാക്കികാര്യങ്ങളിലെല്ലാംതന്നെ ഇപ്രകാരം അല്മായരുടെ സേവനവും സഹകരണവും ഉപയോഗപ്പെടുത്താൻ സാധിക്കും, സാധിക്കണം. 'എന്നാൽ, അവർക്ക് ഏല്പിച്ചുകൊടുത്തു എന്ന കാരണത്താൽ ആ പ്രസ്ഥാനങ്ങളിൽ നിന്നു് അദ്ദേഹം ഒഴിഞ്ഞു നില്ക്കാൻ പാടില്ല, പ്രത്യുത അവയുടെ പ്രവർത്തനങ്ങളെ സദാ വീക്ഷിക്കുകയും, അവയിൽ പതറിച്ചയോ നിർജ്ജീവത്വമോ ഉണ്ടാകുമ്പോൾ അവർക്കു ചൈതന്യമേകുകയും, അവരുടെ നല്ല വശങ്ങളെയും നേട്ടങ്ങളെയും അഭിനന്ദിക്കുകയും വേണം.

സംഘടനാ വൈഭവം വൈദികരിലെ അവശ്യഗുണമായി 5.6 ശതമാനം വൈദികരും 14.2 ശതമാനം അല്മായരും അംഗീകരിക്കുന്നു. എന്നാൽ 27.4 ശതമാനം അല്മായരുടെ വീക്ഷണത്തിൽ(പുരുഷന്മാർ:32.8 ശതമാനം സ്ത്രീകൾ:21.3 ശതമാനം) വൈദികർ പൊതുവെ പിടിവാശിക്കാരും 16.3 ശതമാനം പേരുടെ അഭിപ്രായത്തിൽ (പുരുഷന്മാർ:17.7 ശതമാനം; സ്ത്രീകൾ 14.9 ശതമാനം) അവർ അമിത കാർക്കശ്യക്കാരുമാണ്. ഇക്കാര്യങ്ങളിലെല്ലാം സ്ത്രീകളേക്കാൾ പുരുഷന്മാരാണ് വൈദികരെ പഴിക്കുന്നതെന്നതും ശ്രദ്ധേയമാണ്. നല്ല സംഘാടകനോ, നേതൃത്വവിജയം കാംക്ഷിക്കുന്ന വ്യക്തികൾക്കോ ഇവ യോജ്യമല്ലെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. മറിച്ച്, ഒരു വൈദികൻ തന്നെ എഴുതിയതുപോലെ, ''സേവനസന്നദ്ധത

യോടും ആത്മാർത്ഥതയോടും പിടിവാശിയില്ലാതെയും ജീവിത വിശുദ്ധിയോടുംകൂടി ഇടവക വൈദികൻ പ്രവർത്തിച്ചാൽ, ആ ഇടയനെ(വൈദികനെ), ഇടവകക്കാർ ബഹുമാനിക്കും. ബഹുമാനം ഉണ്ടാകുമ്പോൾ വൈദികൻ പറയുന്ന നല്ല കാര്യങ്ങൾ അനുസരിക്കും. ആദ്ധ്യാത്മികമായി ഇടവക പുരോഗമിക്കും''.

## വിനയം വിജയത്തിലേയ്ക്കു നയിക്കും

വിനയം വൈദികർക്കു ഭൂഷണമായി 13.5 ശതമാനം അല്മായരും 15.7 ശതമാനം വൈദികരും കാണുന്നു. നേതാവ് വിനയം പ്രകടമാക്കുന്നത് സമൂഹാംഗങ്ങളെ, സഹപ്രവർത്തകരായും സഹോദരീസഹോദരന്മാരായും കണക്കാക്കി, അവരുമായി ജോലിയും ഉത്തരവാദിത്വവും അധികാരവും വിജയത്തിന്റെ മഹിമയും പങ്കുവച്ചുകൊണ്ടാണ്. അപ്രകാരമുള്ള നേതാവ് തന്റെ തെററുകുററങ്ങളെ തുറന്നു സമ്മതിക്കാനും സഹപ്രവർത്തകരിലെ ഏററം താഴ്ന്നവനെപ്പോലും ശ്രവിക്കാനും സന്നദ്ധനാകും.

ആദ്ധ്യാത്മിക നേതാവുകൂടിയായ വൈദികൻ ഒരു പടി കൂടിക്കടന്ന്, ദൈവമഹത്വത്തെയും മനുഷ്യനന്മയെയും മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന അദ്ദേഹം ജനങ്ങളെ നയിക്കുന്നത് യേശുവിലേക്കാണ്. അതിനാൽ, സ്വന്തം മഹത്വവും പ്രതാപവും പ്രകടമാക്കാനോ, ജനങ്ങളുടെ സ്തുതിയും ബഹുമാനവും സ്വയം ഏററുവാങ്ങുവാനോ അദ്ദേഹത്തിനു് അവകാശമില്ല. സ്നാപകയോഹന്നാനെപ്പോലെ, ''അവൻ വളരുകയും ഞാൻ കുറയുകയും വേണം'' [7] എന്നതായിരിക്കണം അദ്ദേഹത്തിന്റെയും മനോഭാവം. സ്വശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ യേശുവിനെപ്പോലെ [8] അദ്ദേഹം വിനയാന്വിത സേവകനാകണം.

## അഭികാമ്യമായ മററു കഴിവുകൾ

സർവ്വേയിൽ പ്രസംഗചാതുര്യത്തിനു് അനല്പമായ പ്രാധാന്യം അല്മായരും(11.4ശതമാനം) വൈദികരും(7.4ശതമാനം) നല്കുന്നുണ്ട്. അല്മായരിൽ അതു കൂടുതൽ ആവശ്യപ്പെടുന്നതു് സ്ത്രീകളാണ്. (12.2ശതമാനം; പുരുഷന്മാർ 10.8 ശത

---

7 യോഹന്നാൻ, 3:30

8 യോഹന്നാൻ, 13:4–5

മാനം) സംഗീതവാസനയ്ക്ക് വൈദികരും അല്മായരും അത്ര വലിയ പ്രാധാന്യം കല്പിക്കുന്നില്ല. (വൈദികർ: 0.9; ശതമാനം അല്മായർ 3.2 ശതമാനം). പ്രസംഗത്തിലും സംഗീതത്തിലുമുള്ള കഴിവുകൾ നൈസർഗികമാണെങ്കിലും ദൈവവചനം പ്രഘോഷിക്കുന്നതിനും, ദിവ്യകർമ്മങ്ങൾ സമാകർഷകവും ഭക്തി സംവർദ്ധകവുമാക്കുന്നതിനും അവ വളരെ ഉപകാരപ്രദമാണ്. സംഗീതവാസനയേക്കാളുപരി പ്രാധാന്യം ഫലിതരസത്തിന് അല്മായരും (5.2 ശതമാനം) വൈദികരും (1.9 ശതമാനം) കാണുന്നു. അല്മായരിൽ പുരുഷന്മാരാണ് (6.2 ശതമാനം) സ്ത്രീകളേക്കാൾ(4.3 ശതമാനം) കൂടുതലായി അതു് ആഗ്രഹിക്കുന്നതു്. അതും നൈസർഗിക കഴിവുകളിൽപ്പെട്ടതാണെങ്കിലും പ്രായോഗികമായി വളരെ ഗുണം ചെയ്യുന്നതാണ്. ഗൗരവപ്രകൃതം മാററി കൂടുതൽ സ്നേഹത്തോടും സൗഹാർദ്ദതയോടും കൂടി സഹപ്രവർത്തകരെ സമീപിക്കാൻ അതു സഹായിക്കുന്നു.

ചുരുക്കത്തിൽ, വൈദികൻ സർവ്വഗുണസമ്പൂർണ്ണനാകണം എല്ലാത്തരം കഴിവുകളും അദ്ദേഹത്തിൽ നിന്നു പ്രതീക്ഷിക്കപ്പെടുന്നെങ്കിലും എല്ലാം തികഞ്ഞ വ്യക്തിയെ കണ്ടെത്തുക പ്രയാസമാണ്. എത്ര വെളുത്തു ശുഭ്രമായ വസ്ത്രമായിരുന്നാലും അതിൽ ചെറിയൊരു കറുത്ത പാടുണ്ടെങ്കിൽ അതായിരിക്കും ആദ്യം നമ്മുടെ ശ്രദ്ധയിൽപ്പെടുക. നന്മയെക്കാളുപരി. അതെത്രയുണ്ടെങ്കിലും, തിന്മയെ ഉയർത്തിക്കാട്ടാനും ഊതിവീർപ്പിക്കാനും നാലുപേരു കൂടുന്നിടത്തു പരസ്യമായി വിമർശനത്തിന് അതു വിഷയമാക്കാനും പലർക്കും മടിയില്ല. ഈ നയം ആദ്ധ്യാത്മികനേതാക്കളായ വൈദികരോടും വച്ചു പുലർത്തുന്നതു് തികച്ചും അപഹാസ്യമാണ്. നന്മകളിൽ വൈദികരെ അനുമോദിക്കാനും തിരുത്താവുന്ന പിശകുകൾ സ്നേഹപൂർവ്വം തിരുത്തിക്കൊടുക്കാനും അല്മായർ സന്നദ്ധരാകണം; അവയെ വിനയാന്വിതരായി സ്വീകരിക്കുവാൻ വൈദികരും.

# 8 വ്യക്തിപരമായ സമീപനം

സാധാരണക്കാരുമായി താദാത്മ്യപ്പെടുക
ജനസ്വാധീനം വ്യക്തികളിലൂടെ
വൈദികം – അല്പമായ സാമീപ്യം ഇന്ന്

---

നേതൃത്വത്തെ, പ്രവൃത്തികേന്ദ്രീകൃതം (task oriented), വ്യക്തികേന്ദ്രീകൃതം (person oriented) എന്നീ ദ്വിവിധ മാനങ്ങളിലൂടെ വീക്ഷിക്കാനാണ് ആധുനിക സമൂഹമനഃശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നത്. പ്രവൃത്തികേന്ദ്രീകൃത സിദ്ധാന്തക്കാരുടെ ശ്രദ്ധ അധികവും, സമൂഹപ്രവർത്തനങ്ങൾ ഭംഗിയായി കോർത്തിണക്കുന്നതിലും കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നതിലുമാണ്. അവിടെ സമൂഹാംഗങ്ങളുടെ സംതൃപ്തിയോ അവരുടെ അഭിപ്രായങ്ങളോ മാനിക്കപ്പെടുന്നില്ല. സമൂഹത്തിന്റെ വിവിധ പദ്ധതികളെയോ അവയുടെ പ്രവർത്തനരീതികളേയോ പറ്റി അംഗങ്ങളുമായി ആലോചിക്കാനോ അവയെ വിശദീകരിക്കാനോ ശ്രമിക്കുന്നതിനു പകരം, താൻ കല്പിക്കുന്നതു കർശനമായി പാലിച്ചാൽ മതിയെന്ന ഭാവമായിരിക്കും അതിലെ നേതാവിന്. നിയമത്തിന്റെ മുനപിടിച്ച് ശിക്ഷ നല്കാനും അയാൾ മടിക്കുകയില്ല. പട്ടാളത്തിൽ ഒരുപക്ഷേ, ഇത്തരം നേതൃത്വം കുറെയൊക്കെ ആവശ്യമായി വരാം. എന്നാൽ, ഇതിൽനിന്നു വ്യത്യസ്തമാണ് വ്യക്തികേന്ദ്രീകൃത നേതൃത്വം. ഇവിടെ നേതാവ് അംഗങ്ങളോടുള്ള സ്നേഹപൂർവ്വകമായ സമീപനം വഴി അവരെ സ്വാധീനിക്കുകയും അവരുടെ വീക്ഷണഗതിയെ മാനിക്കുകയും അവയിൽ നല്ലവയെ സ്വീകരിക്കുകയും അസ്വീകാര്യമായവയെ കാര്യകാരണ സഹിതം വ്യക്തമാക്കിക്കൊടുക്കുകയും, നല്ല പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നല്കുകയും ചെയ്തുകൊണ്ട് അവരെ കർമ്മോന്മുഖരാക്കുന്നു. അപ്പോൾ നേതാവിന്റെ ആജ്ഞയെയോ ശിക്ഷയെയോ ഭയന്നല്ല, തങ്ങളുടെതന്നെ താല്പര്യവും നേതാവിനോടുള്ള ഹൃദയംഗമമായ സ്നേഹൈക്യവും മൂലമായി

രിക്കും ആളുകൾ സമൂഹപ്രവർത്തനങ്ങളിൽ ഏർപ്പെടുക. ഇവിടെ സമൂഹത്തിന്റെ പ്രവർത്തനശേഷിയേക്കാൾ ആന്തരികൈക്യത്തിനും അംഗത്വസംതൃപ്തിയ്ക്കുമാവും മുൻതൂക്കം.

ഈ രണ്ടു സമീപനരീതികളിലുമുള്ള നല്ല വശങ്ങളെ സംയോജിപ്പിച്ചുകൊണ്ട് സമൂഹത്തെ നയിക്കുന്നതിലാണ് നേതൃത്വവിജയം. വ്യക്തികളെ വിസ്മരിച്ച് കർമ്മശേഷിയിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്ന നേതാവിനെ അപകടസന്ദർഭങ്ങളിൽ സ്വാഗതം ചെയ്യാമെങ്കിലും മററവസരങ്ങളിൽ അയാൾ സമൂഹത്തിൽ അസ്വീകാര്യനായെന്നുവരും. മറിച്ച്, വ്യക്തികളുമായി ഇടപഴകുകയും അവരെ സ്നേഹിക്കുകയും, എന്നാൽ സമൂഹത്തിന്റെ പ്രവർത്തനങ്ങളെ ശരിക്കു നയിക്കാനോ കാര്യശേഷിയോടെ കോർത്തിണക്കാനോ കഴിവില്ലാതിരിക്കയും ചെയ്താൽ സമൂഹത്തിൽ അയാൾ അസ്വീകാര്യനാകാം. വൈദികൻ ഇന്നു് മേൽവിവരിച്ച ദ്വിവിധ നേതൃത്വ ശൈലികളിലൂടെ വേണം വിജയം കൈവരിക്കാൻ.

## സാധാരണക്കാരുമായി താദാത്മ്യപ്പെടുക

സമൂഹത്തിന്റെ അംഗീകാരത്തോടുകൂടി മാത്രമേ, ഒരുവനു നേതൃത്വത്തിൽ ഇന്നു നിലനില്ക്കാനാവൂ. അംഗീകരിക്കപ്പെടാത്ത നേതാവ് വെറുക്കപ്പെടുകയും, നിരവധി പ്രശ്നങ്ങൾക്ക് കാരണക്കാരനാവുകയും, ഒരുപക്ഷേ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ചെയ്യെന്നു വരാം. പ്രായോഗിക തലത്തിൽ ഈ പ്രതിഭാസം വൈദിക നേതൃത്വത്തിലും അനുഭവപ്പെടുന്നുണ്ട്. സമൂഹത്തിൽ അംഗീകരിക്കപ്പെട്ടവനാകണമെങ്കിൽ നേതാവ് തന്റെ സമൂഹത്തിലെ ആളുകളുമായി മാനസികൈക്യം പ്രാപിക്കണം. അവരുടെ ലക്ഷ്യങ്ങളിലും മൂല്യങ്ങളിലും പരിപാടികളിലും പാരമ്പര്യങ്ങളിലുമെല്ലാം അയാളും പങ്കുചേരണം. വി. വി. അകോൽക്കാർ പറയുന്നപോലെ, ''മാനസികമായി തികച്ചും വ്യത്യസ്തമായൊരു സമൂഹത്തിലാണ് അയാൾ നില കൊള്ളുന്നതെങ്കിൽ അവരുമായി വൈകാരിക ഐക്യം പ്രാപിക്കാൻ അയാൾക്കു സാധിക്കുകയില്ല.'' 1

ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനിയും ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയുമായ പണ്ഡിററ് ജവഹർലാൽ നെഹ്റു

1 V. V. Akolkar, *Social Psychology, A Study of Mind in Society*, Bombay: Asia Publishing House, 1972 p. 225

വിൻെറ നേതൃത്വഗുണങ്ങളിൽ ഏററം ശ്രദ്ധേയമായി അദ്ദേഹത്തിൻെറ ജീവചരിത്രകാരന്മാർ പ്രതിപാദിക്കുന്നതു് അന്നത്തെ ഭാരതജനതയെ സ്വാധീനിക്കുന്നതിനു് അദ്ദേഹത്തിനുണ്ടായിരുന്ന നയോപായങ്ങളാണു്. സമ്പത്തിലും പ്രതാപത്തിലും ബുദ്ധിശക്തിയിലും വിജ്ഞാനത്തിലും ജനസ്വാധീനത്തിലുമെല്ലാം മുൻപന്തിയിൽത്തന്നെയായിരുന്ന അദ്ദേഹം സാധാരണക്കാരുമായി ഇടപഴകാനും അവരോടു് കുശലാന്വേഷണങ്ങൾ നടത്താനും വളരെ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. പൊതുസമ്മേളനങ്ങളിൽ പങ്കെടുത്തശേഷം ഗ്രാമീണകർഷകരോടു് അവരുടെ കൃഷി, വളം, കാർഷികോപകരണങ്ങൾ മുതലായവയെക്കുറിച്ചു് അന്വേഷിച്ചിരുന്നു. അവരുടെ പ്രശ്നങ്ങൾ ശ്രവിക്കാനും ആവശ്യമായ ഉപദേശങ്ങൾ നല്കാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു [2]. കോൺഗ്രസ് പ്രവർത്തകരോടുകൂടിയായിരിക്കുമ്പോൾ തൻെറ സ്ഥാനമഹിമ വകവയ്ക്കാതെ അദ്ദേഹം അവരോടൊത്തു ചക്കയിൽ നൂൽ നൂല്ക്കുകയും, അവരെപ്പോലെ വസ്ത്രം ധരിക്കുകയും പെരുമാറുകയും ചെയ്തിരുന്നു. ഗ്രാമീണരോടുകൂടിയായിരിക്കുമ്പോൾ അദ്ദേഹം അവരുടെ ശിരോവസ്ത്രം ധരിക്കുകയും അവരോടുകൂടി ഭക്ഷിക്കുകയും നൃത്തം വയ്ക്കുകയും ചെയ്തിരുന്നു [3]. അതിനാൽ ജനങ്ങൾ തങ്ങളിലൊരുവനായി അദ്ദേഹത്തെ കാണുകയും സ്നേഹിക്കുകയും, അദ്ദേഹം തങ്ങളുടെ നേതാവായിരിക്കുന്നതിൽ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്തിരുന്നു.

പൗലോസ് അപ്പസ്തോലൻ തൻെറ പ്രേഷിതവേലയിൽ ഇപ്രകാരംതന്നെ ജനങ്ങളുമായി അനുരൂപപ്പെടുവാൻ ശ്രമിച്ചിരുന്നു. യഹൂദരെ നേടേണ്ടതിനു് അവരുടെ ഇടയിൽ യഹൂദനെപ്പോലെയും, നിയമത്തിൻ കീഴുള്ളവരെ നേടേണ്ടതിനു് നിയമത്തിനു വിധേയനല്ലെങ്കിലും അവരെപ്പോലെയും, നിയമത്തിനു പുറമെയുള്ളവരെ നേടേണ്ടതിനു് അവരുടെ ഇടയിൽ നിയമം

---

2 George Kaitholil, 'Nehru The man of the Masses', *The Teenager*, Vol 14, No. 3(May 1976), p.8

3 Hans Raj Bhatia, *Elements of Social Psychology*, Second Revised Edition, Bombay: Samaiya publications pvt Ltd; 1970, p. 318

ഇല്ലാത്തവനെപ്പോലെയും ബലഹീനരെ നേടേണ്ടതിന്ന് അവരുടെ ഇടയിൽ ബലഹീനനായും അദ്ദേഹം വർത്തിച്ചു[4].

യേശുവാകട്ടെ സമൂഹത്തിലെ എല്ലാവിഭാഗത്തിൽപ്പെട്ട വ്യക്തികളുമായി, പ്രത്യേകിച്ച് ദരിദ്രരും ചുങ്കക്കാരും പാപികളും അവഗണിക്കപ്പെട്ടവരുമായി ഇടപഴകി. പരസ്യപാപികളുടെയും യഹൂദപ്രമാണിമാരുടെയും ഭവനങ്ങളിൽ അദ്ദേഹം ഭക്ഷണം കഴിച്ചു; സ്വശിഷ്യന്മാരോടൊത്ത് എല്ലായിടത്തും ചുററിസഞ്ചരിച്ച് പ്രസംഗിച്ചു; എല്ലാവരുടെയും ദുഃഖത്തിൽ പങ്കുചേൻ; അവരെ സമാശ്വസിപ്പിച്ചു. പല പാപികളെയും വ്യക്തിപരമായ സമീപനത്തിലൂടെ അവിടുന്നു സ്വാധീനിച്ചു. അങ്ങനെ ചുരുങ്ങിയ കാലയളവിൽ അദ്ദേഹം സർവ്വസമാരാധ്യനായി. അദ്ദേഹത്തെ തങ്ങളുടെ രാജാവാക്കാൻപോലും ജനങ്ങൾ ആഗ്രഹിച്ചു. ഇന്നും ലോകം അംഗീകരിക്കുന്ന ഏററവും വലിയ നേതാവാണ് യേശു.

യേശുവിൻെറ സുവിശേഷവേല തുടർന്നു കൊണ്ടുപോകുന്ന വൈദികനും യേശുവിനെ അനുകരിച്ച് സമൂഹത്തിലെ എല്ലാ വ്യക്തികളുമായി ഇടപഴകണം; അവരുടെ ജീവിതരീതിക്കനുസരിച്ച് അവരുമായി കഴിയുന്നതും താദാത്മ്യപ്പെടണം. ദരിദ്രരുടെ ഇടയിൽ ആർഭാടപ്രിയനായോ, സമ്പന്നരുടെ ഇടയിൽ അനുചിതമായോ ജീവിക്കുക അഭികാമ്യമല്ല. മറിച്ച്, വി. അപ്പസ്തോലനെപ്പോലെ സംസ്ക്കാരസമ്പന്നരുടെ ഇടയിൽ സംസ്ക്കാരസമ്പന്നനായും, വിജ്ഞാനികളുടെ ഇടയിൽ വിജ്ഞാനിയായും, ദരിദ്രരുടെ ഇടയിൽ ദരിദ്രനായും, രോഗികളുടെയും ആകുലരുടെയുമിടയിൽ അവരുടെ രക്ഷാദീപമായും അദ്ദേഹം പ്രത്യക്ഷപ്പെടണം. ഇന്നത്തെ വൈദികരിൽ പലരും അതിന് പരിശ്രമിക്കാത്തതിനാലാവണം 'വൈദികരിലെ ആർഭാടഭ്രമത്തെ' ജനങ്ങൾ അപലപിക്കുകയും ലളിത ജീവിതം നയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നത്.

## ജനസ്വാധീനം: വ്യക്തികളിലൂടെ

സർവ്വേയിൽ ബഹു. വൈദികരോട്, ഇടവകയുടെ ഫലപ്രദമായ നടത്തിപ്പിനെ സംബന്ധിച്ച് തങ്ങൾക്കു സ്വന്തമായി എന്തെങ്കിലും ആശയമോ പ്രവർത്തന രീതിയോ ഉണ്ടെങ്കിൽ പങ്കുവയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു. അതിനു ലഭിച്ച ഉത്തരങ്ങ

---

4 I കൊറി, 9: 20–22

ളിൽ പ്രഥമസ്ഥാനം 'വൈദിക–അല്മായ സഹകരണ'ത്തിനാണു്.(23 ശതമാനം) അടുത്തതായി അവർ പ്രാധാന്യം കൊടുത്തതു് 'ഇടവകാംഗങ്ങളുമായുള്ള വ്യക്തിപരമായ സമീപന'ത്തിനും (21 ശതമാനം). ഇതിനു് പലരും വിശദീകരണം നല്കുന്നുണ്ടു്. ജനങ്ങളുമായി കൂടുതൽ അടുത്തിടപഴകിയും അവരുടെ ഭവനങ്ങൾ സന്ദർശിച്ചും അവരോടു സ്നേഹപൂർവ്വം വർത്തിച്ചും വേണം ഇതു സാധിക്കാൻ. കൂടാതെ വ്യക്തിപരമായ സമീപനത്തിനു സഹായകമായ മററു പല പ്രായോഗിക പദ്ധതികളും ചിലർ നിർദ്ദേശിച്ചു.

| | |
|---|---|
| കുടുംബ സമ്മേളനങ്ങൾ സംഘടിപ്പിക്കുക | 10 ശതമാനം |
| ജനങ്ങളുമായി ആലോചിക്കുക | 6 ശതമാനം |
| ഇടവകയുടെ വലിപ്പം കുറയ്ക്കുക | 4 ശതമാനം |
| സ്ഥിതിവിവര കണക്കെടുക്കുക | 2 ശതമാനം |
| അഞ്ചുവർഷമെങ്കിലും തുടർച്ചയായി ഒരേ ഇടവകയിൽ തുടരാൻ വൈദികനെ അനുവദിക്കുക | 1 ശതമാനം |
| ഇടവകയിൽ തങ്ങൾ വേണ്ടപ്പെട്ടവരാണെന്ന ബോദ്ധ്യം ജനങ്ങളിൽ വരുത്തുക | 1 ശതമാനം |

അല്മായർക്കുള്ള പ്രശ്നാവലിയിലെ ''ഇന്നു വൈദികർ പ്രത്യേകം ശ്രദ്ധിക്കേണ്ട മണ്ഡലം ഏതാണു്''? എന്ന ചോദ്യത്തിനു് ഉത്തരമായി 'ഭവനസന്ദർശനം' എന്നു് മുപ്പതുപേരും, 'സാധാരണക്കാരുമായി (പാവപ്പെട്ടവരുമായി) ഇടപഴകണ'മെന്നു് ഇരുപതുപേരും നിർദ്ദേശിച്ചു.

## വൈദിക–അല്മായ സാമീപ്യം ഇന്നു്

അല്മായർക്കുള്ള പ്രശ്നാവലിയിലെ ഒരു ചോദ്യം ഇതായിരുന്നു. ''നിങ്ങളുടെ ഇടവകവികാരിയെ ഏതു പ്രശ്നത്തിനും (ആവശ്യത്തിനും) സമീപിക്കാൻ വിഷമമുണ്ടോ? ഉണ്ടെങ്കിൽ കാരണം?'' 54 ശതമാനം ആളുകൾ അതിനു വിഷമമില്ലെന്ന ഉത്തരം നല്കിയപ്പോൾ, 41 ശതമാനംപേർ വിഷമമുണ്ടെന്നു് എഴുതി. സ്ത്രീകളേക്കാൾ (40 ശതമാനം) കൂടുതൽ പുരുഷന്മാരാണു് (44 ശതമാനം) വൈദികരെ സമീപിക്കുക ദുഷ്കരമായി കാണുന്നതു്:

വൈദിക — അല്മായ സാമീപ്യത്തിനു പ്രതിബന്ധം സൃഷ്ടിക്കുന്ന കാരണങ്ങൾ വിവിധങ്ങളും ഗൗരവശ്രദ്ധ അർഹി

ക്കുന്നവയുമാണ്. അവയെ പ്രാധാന്യക്രമമനുസരിച്ച് താഴെ ച്ചേർക്കുന്നു.

| | | |
|---|---|---|
| 17 ശതമാനം | അദ്ദേഹത്തിൻെറ താല്പര്യക്കുറവ് | |
| 12 ,, | ,, | ദേഷ്യസ്വഭാവം |
| 8 ,, | അങ്ങനെ സമീപിക്കുന്ന പതിവില്ല. | |
| 8 ,, | അദ്ദേഹത്തിൻെറ പുച്ഛമ മനോഭാവം | |
| 8 ,, | വലിയ ഇടവക | |
| 7 ,, | പ്രായ വ്യത്യാസം | |
| 5 ,, | അദ്ദേഹത്തിൻെറ പരിഹാസ പ്രകൃതി | |
| 4 ,, | ,, | വിശ്വാസക്കുറവ്. |

ചുരുക്കം ചിലർ { അദ്ദേഹത്തിൻെറ കഴിവു കുറവ്.
അദ്ദേഹം സ്ഥലത്തുണ്ടാവില്ല.
അദ്ദേഹത്തിൻെറ സമയക്കുറവ്.

മേൽവിവരിച്ച പ്രതിബന്ധങ്ങളിൽ അപരിത്യാജ്യങ്ങളായവയൊഴിച്ച് ബാക്കിയുള്ളവ ഒരു നേതാവും വച്ചു പുലർത്താവുന്നതല്ല. തൻെറ സഹപ്രവർത്തകരുമായി കൂടെക്കൂടെ കണ്ടുമുട്ടാൻ സാധാരണ നേതാക്കൾപോലും പ്രതിപത്തികാണിക്കാറുണ്ട്. ഇടവക വൈദികൻ ഭവനസന്ദർശനംവഴി ജനങ്ങളെ നേരിൽകണ്ട് അവരുടെ ജീവിത പശ്ചാത്തലം മനസ്സിലാക്കുന്നതു കൂടാതെ, തൻെറ തന്നെ വസതിയിൽ അവരെ താല്പര്യപൂർവ്വം സ്വീകരിക്കുകയും അവരുടെ പ്രശ്നങ്ങളും വിഷമതകളും പങ്കുവയ്ക്കുവാൻ അവസരം കൊടുക്കുകയും വേണം. അവർക്കു സമീപസ്ഥനും വിശ്വസ്തനുമാണ് താൻ എന്ന ബോദ്ധ്യം അവരിൽ വരുത്താൻ കഴിഞ്ഞാൽ അനേകരെ, അക്രൈസ്തവരെപ്പോലും തന്നിലേയ്ക്ക് അടുപ്പിക്കാനും അവരുടെ ചിന്താഗതിയെയും ജീവിതത്തെ തന്നെയും സ്വാധീനിക്കാനും അദ്ദേഹത്തിനു കഴിയും. എന്നാൽ, ദേഷ്യസ്വഭാവം, പുച്ഛമമനോഭാവം, പരിഹാസപ്രകൃതി തുടങ്ങിയവ അതിനു പ്രതിബന്ധങ്ങളാണെന്നതിൽ സംശയമില്ല. അവ എല്ലാ വൈദികർക്കുമില്ലെങ്കിലും അത്തരം പ്രത്യേകതകൾ തന്നിൽ വളരാതെയും പ്രകടമാകാതെയുമിരിക്കാൻ നല്ല നേതൃത്വം കാംക്ഷിക്കുന്ന ഏവരും ശ്രദ്ധിക്കേണ്ടതാണ്.

വികാരി പലപ്പോഴും ഇടവകയിൽ ഉണ്ടാവില്ല എന്ന പരാതി ചിലർ പ്രകടിപ്പിച്ചു. എപ്പോഴും സ്വന്തം മുറിയിലോ ഇടവകാതിർത്തിക്കുള്ളിലോ ഒതുങ്ങി നില്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞെന്നു വരില്ല. ഇതു സംബന്ധിച്ച് ഒരു പ്രായോഗിക നിർദ്ദേശം ഒരു പ്രസ്സ് ജീവനക്കാരൻ എഴുതുന്നു. '' വൈദികൻ നിശ്ചിത സമയങ്ങളിൽ സ്ഥലത്തുണ്ടായിരിക്കണം. മററവസരങ്ങളിൽ ആവശ്യമായി വന്നാൽ സമീപിക്കാൻ സാധിക്കണം. അതിനാൽ, എവിടെപ്പോയാലും പോകുന്ന സ്ഥലവും തിരിച്ചെത്തുന്ന സമയവും മുറിയുടെ വാതില്ക്കൽ കുറിച്ചു വയ്ക്കണം''.

# 9 ഭവന സന്ദർശനത്തിൻെറ ആവശ്യകത

നേട്ടങ്ങൾ നിരവധി
നഷ്ടപ്പെട്ടവരെ വീണ്ടെടുക്കാം
ചില മുൻകരുതലുകൾ

---

അജപാലന മണ്ഡലത്തിൽ സുപ്രധാനമായൊരു സ്ഥാനം ഭവനസന്ദർശനത്തിനുണ്ട്. ഇടയൻ തൻെറ ആടുകളെ അറിയുകയും, പേരുചൊല്ലി വിളിക്കുകയും അവ അയാളുടെ സ്വരം തിരിച്ചറിഞ്ഞ് അയാളെ അനുഗമിക്കുകയും ചെയ്യണമെങ്കിൽ[1] ഇടയനും ആടുകളും തമ്മിൽ നന്നായി അടുത്തറിയണം. ഇതു സാധിക്കേണ്ടതു് ഇടയൻ ആടുകളോടുകൂടി സമയം ചെലവഴിച്ചുകൊണ്ടാണ്. നല്ല ഇടയനായ യേശുതന്നെയും ജനസ്വാധീനത്തിനുള്ള പ്രധാന ഉപാധിയായി സ്വീകരിച്ചതു് ഭവനസന്ദർശനമാണ്. 'ആവശ്യമുള്ളവർ തന്നെ വന്നു കാണട്ടെ' യെന്ന ഭാവത്തോടെ സ്വന്തമായൊരു ബംഗ്ലാവുതീർത്ത് അതിൽ കഴിഞ്ഞുകൂടാനല്ല അദ്ദേഹം ഇഷ്ടപ്പെട്ടതു്, പ്രത്യുത, സമ്പന്നരുടെയും ദരിദ്രരുടെയും ഭവനങ്ങൾ അദ്ദേഹം സന്ദർശിക്കുകയും അവരോടൊത്തു് സല്ക്കാരങ്ങളിൽ പങ്കെടുക്കുകയും ചെയ്തുകൊണ്ടാണ് അദ്ദേഹം അവരുടെ ഹൃദയം കവർന്നതു്; നാടും നഗരവും ചുററി നടന്നാണ് അദ്ദേഹം തൻെറ അണിയിലേക്ക് അനേകായിരങ്ങളെ ആകർഷിച്ചതു്. യേശുവിൻെറ ഈ പ്രവർത്തനശൈലി ഇന്നത്തെ വൈദികനും അനുകരണീയമാണ്.

ഇടയധർമ്മ നിർവ്വഹണത്തിൽ അജഗണത്തെ നന്നായി മനസ്സിലാക്കുവാൻ വൈദികൻ ശ്രമിക്കണമെന്നും അതിനു് ഇടയധർമ്മം ആവശ്യപ്പെടുന്നവിധത്തിൽ ഭവനങ്ങളും വിദ്യാലയ

---

1 യോഹന്നാൻ, 10:3-5

ങ്ങളും സന്ദർശിക്കണമെന്നും കൗൺസിൽ പിതാക്കന്മാർ വ്യക്തമാക്കുന്നുണ്ട് [2]. ഇന്നത്തെ നമ്മുടെ ഇടവക സംവിധാനമനുസരിച്ച് വൈദികനും ഇടവകാംഗങ്ങളും തമ്മിൽ സംസാരിക്കാനും ബന്ധപ്പെടാനുമുള്ള അവസരം വളരെ പരിമിതമാണ്. അത്യാവശ്യ സഹായങ്ങൾക്കുമാത്രമേ ജനങ്ങൾ വൈദികനെ സന്ദർശിക്കാറുള്ളു. തൽഫലമായി, തന്നെ ഏതെങ്കിലും ആവശ്യത്തിനു സമീപിക്കുന്ന വ്യക്തി തന്റെ ഇടവകയുടെ പരിധിയിൽപ്പെട്ട ആളാണോ എന്നുപോലും സംശയിക്കേണ്ടിവരുന്ന സന്ദർഭങ്ങളുണ്ട്. വിവാഹാവശ്യങ്ങൾ, സ്വഭാവസർട്ടിഫിക്കററ്, സാമ്പത്തിക സഹായം മുതലായ കാര്യങ്ങളിൽ വൈദികനെ കുഴക്കാറുള്ള പ്രശ്നമാണിത്. പള്ളിമുറിയിൽ എത്രയധികം ആളുകൾ വരുമെങ്കിലും അവരെയെല്ലാം ശരിക്കു പഠിക്കുവാനും ഓർത്തിരിക്കുവാനും സാധിച്ചെന്നുവരില്ല. എന്നാൽ ഭവനസന്ദർശനം ഇക്കാര്യത്തിൽ വളരെ സഹായിക്കും. ഒരു ഇടവകയിൽ പുതുതായി ചാർജ്ജെടുത്താൽ പ്രത്യേകിച്ചും ഇതു് അത്യന്താപേക്ഷിതമാണ്.

## നേട്ടങ്ങൾ നിരവധി

ഇടവക ജനങ്ങളുടെ അസൗകര്യങ്ങളും പ്രശ്നങ്ങളും ആവശ്യങ്ങളുമെല്ലാം അവരുടെ ആദ്ധ്യാത്മികജീവിതത്തെയും ഇടവകയുമായുള്ള ബന്ധത്തെയും സാരമായി സ്വാധീനിക്കും. അതിനാൽ, ഇടവകയുടെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഇടവകാംഗങ്ങളുടെ ജീവിതസാഹചര്യങ്ങൾ, അവരുടെ താമസസൗകര്യങ്ങൾ, തൊഴിലുകൾ മുതലായവ മനസ്സിലാക്കേണ്ടതാവശ്യമാണ്. ഇടവകയുടെ യഥാർത്ഥ സ്ഥിതിഗതിയും പ്രശ്നങ്ങളും മനസ്സിലാക്കുമ്പോൾ കൂടുതൽ പ്രസക്തവും ഫലപ്രദവുമായ പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്യുവാൻ വികാരിക്കു സ്വയം പ്രചോദനമുണ്ടാകും. അല്ലാതെ, പള്ളിമേടയിലെ 'കറങ്ങുന്ന കസേരയിൽ' ആധുനിക സുഖസൗകര്യങ്ങൾ മാത്രം ആസ്വദിച്ചിരുന്നാൽ ഇവയൊന്നും അറിയുവാനോ സന്ദർഭോചിതമായ പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കുവാനോ സാധിക്കാതാകും. പലപ്പോഴും സംഭവിക്കുന്നതു്, വികാരിക്കു് ഇടവകയിലെ ഏതാനും 'പ്രമുഖ'വ്യക്തികളുമായി മാത്രമേ അടുത്തു ബന്ധമുണ്ടാകൂ. അവരായിരിക്കും ഇടവകയെ നിയന്ത്രി

2 'മെത്രാന്മാർ,' നമ്പർ 30

കുന്നതു്. അവരുടെ വാക്കുകളാകും പൊതുജനാഭിപ്രായമായി വൈദികൻ പരിഗണിക്കുക. നമ്മുടെ പദ്ധതികൾ പലതും അശാസ്ത്രീയവും അപ്രസക്തവുമായി പരിണമിക്കുന്നതും ഇക്കാരണത്താലാണു്.

ഇടവകാംഗങ്ങൾ വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും സാമ്പത്തികസ്ഥിതിയിലും വൈവിധ്യമുള്ളവരാകയാൽ ഇടവകയുടെ പ്രവർത്തന പദ്ധതികളെയും നടത്തിപ്പിനെയും സംബന്ധിച്ചു് വിവിധ വീക്ഷണമുള്ളവരാകും. ജനങ്ങളുടെ അവശതകൾ നേരിൽ കണ്ടു് സ്വയം കർമ്മോന്മുഖനാകുന്നതു കൂടാതെ, സ്ഥലത്തെ സ്ഥിതിഗതികളെക്കുറിച്ചു് അനുഭവസ്ഥരായ ആളുകൾ പറയുന്നതിന്റെ വെളിച്ചത്തിലും നിലവിലുള്ള പദ്ധതികളെ നന്നാക്കുവാനും, ആവശ്യമെങ്കിൽ പുതിയ രീതികൾ ആവിഷ്കരിക്കുവാനും സാധിക്കും. ജനങ്ങളുടെ ആവശ്യങ്ങൾക്കു് യോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്ന വൈദികനെ തീർച്ചയായും ജനങ്ങൾ അംഗീകരിക്കും. അവരുടെ അഭിപ്രായങ്ങളെ മാനിക്കുന്നവൻ കൂടിയാകയാൽ അയാളെ സഹായിക്കാനും ആ പദ്ധതികളെ വിജയിപ്പിക്കാനും അവർ ഉത്സുകരാകും. താൻ ആവിഷ്കരിക്കുന്ന പരിപാടികളിലേയ്ക്കു് ജനശ്രദ്ധ തിരിയ്ക്കുവാനും അവയെക്കുറിച്ചു് വിരുദ്ധാഭിപ്രായമുള്ളവർക്കു് അവരുടെ തെററിദ്ധാരണകൾ തിരുത്തി അനുകൂലമായ അഭിപ്രായം രൂപപ്പെടുത്താനും ഭവനസന്ദർശനം ഉപകരിക്കും.

## നഷ്ടപ്പെട്ടവരെ വീണ്ടെടുക്കാം

ചില പ്രത്യേക സാഹചര്യങ്ങൾമൂലം ആദ്ധ്യാത്മിക കർമ്മങ്ങളിൽ നിന്നും ഇടവകയുടെ ഇതര പ്രവർത്തനങ്ങളിൽ നിന്നും അകന്നുമാറിയ ഇടവകാംഗങ്ങൾ ഉണ്ടാകും. ചിലർ നിസ്സാര തെററിദ്ധാരണകൾ മൂലമാകാം പള്ളിയുമായി അടുക്കാതിരിക്കുകയോ ഇടവകയുടെ പ്രവർത്തനങ്ങളെ ദുരുദ്ദേശ്യത്തോടെ വിമർശിക്കുകയോ കിംവദന്തികൾ പരത്തുകയോ ചെയ്യുന്നതു്. അല്പമൊരംഗീകാരമോ, കാര്യങ്ങളുടെ വസ്തുനിഷ്ഠമായ അവതരണമൊ സൗമ്യമായ പെരുമാററമോ മതി ഇത്തരക്കാരെ നമുക്കു് അനുകൂലമായി മാററാൻ. ഇതാ, അനുഭവസ്ഥനായൊരു വൈദികന്റെ വാക്കുകൾ, ''ഇടവകയുമായി തെററി നടക്കുന്നവരുമായി കഴിവുള്ളിടത്തോളം സ്നേഹബന്ധം പുലർത്തുക. വ്യക്തിപരമായ ബന്ധംകൊണ്ടു പലരും ഇടവ

കയുമായി ബന്ധപ്പെട്ടും'' പത്തുവർഷത്തെ പരിചയത്തിന്റെ വെളിച്ചത്തിൽ ഫാ. തോമസ് നടയിൽ എഴുതുന്നു, ''ക്ഷമയോടും സഹതാപത്തോടുംകൂടി ശ്രവിക്കുവാൻ സന്നദ്ധരായി പുഞ്ചിരിയോടും മാന്യമായും നാം ആളുകളെ സമീപിക്കുന്ന പക്ഷം ഏറ്റവും വലിയ കഠിനഹൃദയനെപ്പോലും ക്രിസ്തുവിനു വേണ്ടി നേടുവാൻ നമുക്കുകഴിയും. ഇതാണ് എന്റെ അനുഭവം''[3].

സഹപ്രവർത്തകരുടെ സ്വഭാവ വൈവിദ്ധ്യത്തെയും ജീവിത പശ്ചാത്തലത്തെയും പ്രശ്നങ്ങളെയും നേരിട്ടു മനസ്സിലാക്കാത്ത ഏതൊരു നേതാവും വിജയിക്കുക പ്രയാസമാണ്. ഇടവകയുള്ളിൽത്തന്നെ പല ബന്ധങ്ങളും ബന്ധനങ്ങളും, സ്വരച്ചേർച്ചകളും വടം വലികളും കാണും. ഐക്യവും പരസ്പര സൗഹാർദ്ദതയുമില്ലാത്ത ഇടവകാംഗങ്ങളെ നയിക്കുക അതി ദുഷ്കരമാകയാൽ കുടുംബത്തിനുള്ളിലും കുടുംബങ്ങൾ തമ്മിലുമുള്ള വഴക്കുകൾ മനസ്സിലാക്കുകയും പരിഹരിക്കുകയും ആവശ്യമാണ്. ഭവനസന്ദർശനം അതിനു വളരെ ഉപകരിക്കും. വൈദികൻ വിശ്വാസ്യനാണെന്നു ബോദ്ധ്യപ്പെട്ടാൽ തങ്ങളുടെ പ്രശ്നങ്ങൾ — രഹസ്യങ്ങൾപോലും— തുറന്നുപറയുവാൻ ആളുകൾ സന്നദ്ധരാകും.

സഹപ്രവർത്തകരുമായുള്ള സൗഹൃത്ബന്ധം നേതൃത്വവിജയത്തിന് അവശ്യാവശ്യമാണ്. ദൈവാലയത്തിൽ ഔദ്യോഗിക കർമ്മങ്ങൾ നിർവ്വഹിക്കുന്ന വൈദികനെ ജനങ്ങൾ അറിഞ്ഞു സ്നേഹിക്കണമെങ്കിൽ അദ്ദേഹം അവരോടു സംസാരിക്കുകയും അവരുമായി ഇടപഴകുകയും വേണം. താൻ അറിയാത്തവരെയോ, തന്നെ അറിയാത്തവരെയോ സ്വാധീനിക്കുക എളുപ്പമല്ല. ഭവനസന്ദർശനത്തിലൂടെ വികാരിയും വിശ്വാസികളും തമ്മിൽ ബന്ധപ്പെടുന്നു. അദ്ദേഹം തന്നെ പരിഗണിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടെന്ന് ഓരോ വ്യക്തിക്കും അനുഭവപ്പെടുന്നു. ഒരിക്കൽ പതിനേഴു മുതിന്ന ആളുകൾ സംബന്ധിച്ച കുടുംബസമ്മേളനത്തിൽ വൈദികരുടെ ഭവനസന്ദർശനത്തെക്കുറിച്ചുള്ള അവരുടെ അഭിപ്രായം ആരായുവാനിടയായി. അവരുടെ പ്രതികരണം ഇതായിരുന്നു: ''അച്ചന്മാർ ഞങ്ങളുമായി

3 Thomas Nadayil, 'For Successful Seminary Training and Pastoral Ministry, *Caritas*, Alwaye: 1977, pp. 130–131

ഇടപഴകുമ്പോഴാണ് ഞങ്ങൾക്ക് അവരോട് വല്യ കാര്യമാകും''. വൈദികന്റെ വാക്കുകളെ മുഖവിലയ്ക്കെടുക്കുവാനും അതു കാരണമാകും. ബിരുദധാരിയായൊരു വൈദികൻ എഴുതി;'' ജനങ്ങളുമായി വ്യക്തിപരമായ ബന്ധങ്ങൾ വളരെ നല്ലതാണ്. വൈദികർക്ക് ആത്മാർത്ഥതയുണ്ടെന്ന് ജനങ്ങൾക്ക ബോദ്ധ്യമായാൽ ഇടവകയിലെ 75 ശതമാനം പ്രശ്നങ്ങൾക്കും പരിഹാരമായി''.

ദിവ്യകർമ്മങ്ങളിൽ ജനങ്ങളെ ഉത്സുകരാക്കുകയാണ് ഭവന സന്ദർശനത്തിന്റെ മറെറാരു ലക്ഷ്യം. പരേതനായ ലൂയിസ് വെബർ എന്ന ഈശോ സഭാ വൈദികന്റെ ഭവനസന്ദർശന രീതിയെ വിവരിക്കുന്നതു് ഇപ്രകാരമാണ്. അദ്ദേഹം ഏതെങ്കിലും തെരുവിൽ, പല ദിവസങ്ങളായിട്ട ദൈവാലയത്തിൽ വരാത്ത വ്യക്തികളുടെ ഭവനങ്ങളിൽ ചെല്ലുന്നു. ഗൃഹനാഥനെ കണ്ട് നേരെ തന്റെ ദൗത്യത്തിലേയ്ക്കു പ്രവേശിക്കുന്നു. ഏതാനും ദിവസമായി താങ്കളെ പള്ളിയിൽ കാണാറില്ലല്ലോ. മുട്ടുകുത്തു്. കുമ്പസാരം 'ഉടനെ നടത്താം'. അയാൾ അനുസരിക്കാൻ നിർബന്ധിതനാകുന്നു. പാപമോചനാനന്തരം 'ഞാനങ്ങു വന്നേക്കാം' എന്ന് അയാൾ സമ്മതിക്കുന്നു. നഷ്ടപ്പെടാറായ മററുള്ളവരെ തിരക്കി ആ ഇടയൻ വീണ്ടും കറങ്ങുന്നു[4]. ഭവന സന്ദർശനം നടത്തുന്ന ദിവസങ്ങളിൽ വൈദികരിൽ ചിലരെങ്കിലും ഏതെങ്കിലും ഭവനത്തിൽ കുടുംബാംഗങ്ങളോടൊപ്പം സന്ധ്യാപ്രാർത്ഥനയിൽ പങ്കെടുക്കാറുണ്ട്. വിവേകപൂർവ്വം കൈകാര്യം ചെയ്താൽ ഇതൊരു നല്ല പരിപാടിയായിരിക്കും.

ദിവ്യബലിയിലും ഇടവക പ്രസ്ഥാനങ്ങളിലും താല്പര്യം കുറഞ്ഞവരെ കണ്ടുപിടിച്ച് അവയിൽ ഉത്സുകരാക്കണമെന്ന് ജയിംസ്. ജെ. ഡ്രവഗ് ഊന്നിപ്പറയുന്നു. ''ഞായറാഴ്ച ദിവ്യബലിയർപ്പിച്ചാൽ മാത്രം പോരാ, നിങ്ങളുടെ നിർവ്വീര്യരും അശ്രദ്ധരുമായ കത്തോലിക്കരെ അതിലേക്ക നിങ്ങൾ ആകർഷിക്കണം. കുമ്പസാരക്കൂട്ടിൽ സന്നിഹിതനായാൽ പോരാ, വളരെക്കാലമായി അതിൽനിന്നകന്നു നില്ക്കുന്നവരെ തേടിപ്പിടിച്ച് കുമ്പസാരത്തിലേക്ക നയിക്കണം. വിശുദ്ധ കർബ്ബാന എഴുന്നള്ളിച്ചു കൊടുത്താൽമാത്രം പോരാ, അതിൽ അശ്രദ്ധരാ

---

4 Sr. Mary Pierre Friez, "Another 'Hound of Heavan'. My favourite priest", *Homilitic and Pastoral Review*, March 1980, vol L XXX, No. 6, p. 51

യവരെ അഴിക്കാലിനടുത്തേക്ക വരാൻ പ്രേരിപ്പിക്കണം. മത പഠന ക്ലാസ്സുകഠം നടത്തിയാൽ പോരാ; നിങ്ങളുടെ ഇടവകാതിർത്തിക്കള്ളിലെ ഓരോ കുട്ടിയേയും ആ ക്ലാസ്സുകളിലേക്ക കൊണ്ടുവരാൻ എക്കാലവും യത്നിക്കണം. കത്തോലിക്കാ സ്കൂഠം നടത്തിയാൽ മാത്രം പോരാ, ഓരോ കുട്ടിയും ഇടവകസ്കൂളിൽ ചേരുന്നതുവരെ നിങ്ങളുടെ ഇടവകയിലെ മാതാപിതാക്കളെ ബോദ്ധ്യപ്പെടുത്തുകയും നിർബന്ധിക്കുകയും വേണം.'' [5] അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ഞായറാഴ്ച അതാതാഴ്ചയിലെ കർമ്മഫലം കൊയ്യുന്ന ദിവസമാണു്. അന്നു് കുർബാന, പ്രസംഗം, കുമ്പസാരം, ജനങ്ങളുമായുള്ള സംഭാഷണം മുതലായവയിൽ ശ്രദ്ധിച്ചുകൊണ്ടു് സമയം മുഴവൻ അവർക്കവേണ്ടി ചെലവഴിക്കവാൻ സന്നദ്ധമാകണം. [6]

## ചില മുൻകരുതലുകഠം

ഭവനസന്ദർശനം നല്ലതും ആവശ്യവുമാണെങ്കിലും അതു നിർവ്വഹിക്കന്നേ രീതിയിൽ ശ്രദ്ധിക്കേണ്ടതുണ്ടു്. ഇടവകയിൽ സാമ്പത്തികമായി വിഭിന്ന നിലവാരങ്ങളിലുള്ളവർ കാണും. എല്ലാ വിഭാഗക്കാരോടും ഏതാണ്ടു് തുല്യമനോഭാവം ഇക്കാര്യത്തിൽ ആവശ്യമാണു്. ഇടയ്ക്കു് ഏതെങ്കിലും ഭവനം ഉപേക്ഷിച്ചാൽ അതു ചിന്താക്കഴപ്പത്തിനു കാരണമാകും. ചില കുടുംബങ്ങളോടുമാത്രം പ്രത്യേകം മമത കാണിക്കന്നതു അഭികാമ്യമല്ല. എന്നു കരുതി സമ്പന്നരെ തീർത്തുപേക്ഷിക്കകയല്ല വേണ്ടതു്. പണ്ഡിതനും പരിചയ സമ്പന്നനുമായൊരു വൈദികൻ പറയുന്നപോലെ, ''ഇടവകയിലെ സമ്പന്നന്മാരുമായി പിണങ്ങാതെ അവരുടെ പണം പാവപ്പെട്ടവർക്കുകൂടി ഉപയോഗിക്കാൻ അവരെ സ്വാധീനിക്കണം.'' ജാതിമതഭേദമന്യേ എല്ലാ വീടുകളും — അകത്തോലിക്കരുടെ ഭവനങ്ങളും — സന്ദർശിക്കണമെന്നതാണു് ചില വൈദികരുടെ അഭിപ്രായം. കാരണം, വൈദികൻ കത്തോലിക്കരുടെ മാത്രമല്ല, ഇടവകാതിർത്തിയിലെ എല്ലാവരുടെയും പിതാവാണു്.

---

5 James J. Navagh, *op. cit*; p. 40

6 *Ibid*, p. 62

ജനങ്ങളുമായി ഇടപഴകുന്നതിൽ ചില അതിർത്തിവരമ്പുകൾ ആവശ്യമാണ്. അമിതമായ അടുപ്പമോ അകൽച്ചയോ ദോഷം ചെയ്യും. ജനപ്രീതിക്കുവേണ്ടിയുള്ള പരിശ്രമത്തിൽ തന്റെ തന്നെ നിലയും വിലയും വൈദികൻ കാത്തുസൂക്ഷിക്കേണ്ടതുണ്ട്. ഫാ. എബ്രഹാം പൂച്ചക്കാട്ട് എഴുതുന്നു, "അധികപ്പറ്റാതിത്തം, ആളുകളുമായി അതിരുകടന്ന സ്വാതന്ത്ര്യം, മേലധികാരികളെ വിമർശിക്കൽ, ആദ്ധ്യാത്മികതയുടെ പ്രാധാന്യത്തെ അല്പീകരിക്കുക തുടങ്ങിയവവഴി വിലകുറഞ്ഞ ജനപ്രീതി നേടുവാൻ വൈദികൻ പ്രലോഭിക്കപ്പെടാം. എന്നാൽ, തന്റെ അജഗണത്തിൽ നിന്ന് ആദരണീയവും പിതൃതുല്യവുമായ അകൽച്ച നിലനിർത്തുന്നതാണ് ഭേദം." [7]

7 Fr. Abraham Poochakatt, 'Parish Priest, A Saintly Father,' *Car'tas*, Alwaye: 1972–73, pp. 151–152

# 10 ശ്രദ്ധിക്കപ്പെടേണ്ടവർ

കുട്ടികളുടെ ആരാദ്ധ്യപുരുഷൻ
കുട്ടികളിലൂടെ മുതിർന്നവരെ
യുവാക്കൾ

---

സമൂഹത്തെ നന്നായി അറിയുകയും അതിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവരുമായി ബന്ധപ്പെടുകയും ചെയ്യുക നേതൃത്വവിജയത്തിന് ആവശ്യമാണ്. താനുമായി കൂടുതൽ അടുക്കുകയും സഹകരിക്കുകയും ചെയ്യുന്നവരുമായി മാത്രം നേതാവ് ഇടപഴകുകയും അവർ പറയുന്നപോലെ മാത്രം പ്രവർത്തനപദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്താൽ, ഭൂരിപക്ഷം വരുന്ന മററുള്ളവർ സമൂഹത്തിൽ നിന്നും നേതാവിൽ നിന്നും അകലുകയും അയാൾക്കെതിരായി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക സ്വഭാവികമാണ്. ദൈവത്തിൽ നിന്നു തെററിപ്പിരിയുകയും സമൂഹത്താൽ അവഗണിക്കപ്പെടുകയും ചെയ്യുന്നവരെ തിരിച്ചുകൊണ്ടുവരുന്നതിലാണ് ക്രൈസ്തവനേതൃത്വത്തിൻെറ പ്രത്യേകത. ''ഒരാൾക്ക് നൂറ് ആടുകൾ ഉണ്ടായിരിക്കെ അതിലൊന്നു വഴിതെററിപ്പോയാൽ തൊണ്ണൂററൊൻപതിനെയും മലയിൽ വിട്ടിട്ട് വഴിതെററിപ്പോയതിനെ അന്വേഷിച്ചിറങ്ങു''[1] ന്ന ഇടയനെപ്പോലെ, ''നീതിമാന്മാരെയല്ല പാപികളെ വിളിക്കാൻ''[2] വന്ന മനുഷ്യപുത്രനെപ്പോലെ, അവിടുത്തെ പിൻഗാമിയായ വൈദികനും പ്രവർത്തിക്കണം. എന്നാൽ, ഇന്നത്തെ സ്ഥിതി തികച്ചും വിഭിന്നമാണ്. അതിനെ വളരെ സരസമായി ഫാ. ഛഗോ റാനർ അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്. ''സുരക്ഷിതരായ തൊണ്ണൂററൊൻപതു് ആടുകളെയും വിട്ടിട്ട് നല്ല ഇടയൻ നഷ്ടപ്പെട്ടുപോയ ആടിനെ അന്വേഷി

---

1 മത്തായി 18:12

2 മർക്കോസ്, 2;17

ച്ചിറങ്ങുന്നവെന്നു് ക്രിസ്തു പറയുന്നു. ഇന്നു പലപ്പോഴും നേരെ മറിച്ചാണു സംഭവിക്കുക. കൂട്ടിൽ സുരക്ഷിതമായി കഴിയുന്ന ഒരാടിനെ സംരക്ഷിക്കുന്നതിലാണു് വളരെയേറെപ്പേരുടെയും ശ്രദ്ധ. അതേ സമയം നഷ്ടപ്പെട്ട തൊണ്ണൂറെറാൻപതിനെയും അവയുടെ വിധിക്കു വിട്ടിരിക്കുകയാണു്''[3] വളരെ പ്രാധാന്യമർഹിക്കുന്ന പ്രശ്നമാണിതു്. തങ്ങളെ ചുററിപ്പററി നില്ക്കുന്ന 'സഭാസ്നേഹി'കളിൽ മാത്രമാണു് സഭാനേതാക്കളുടെ കൂടുതൽ ശ്രദ്ധയും. തങ്ങളിൽ നിന്നു മാനസികമായോ ശാരീരികമായോ അകന്നു നില്ക്കുന്ന അജഗണത്തെ അവർ അറിഞ്ഞോ അറിയാതെയോ വിസ്മരിക്കുന്നു. തന്നോടടുത്ത സൗഹൃത്വലയത്തിൽ മാത്രം കെട്ടി നിറുത്തപ്പെടാതെ വിശാലമായ ലോകത്തിലേക്കിറങ്ങി എല്ലാ പ്രായത്തിലും വിഭാഗത്തിലും പെട്ടവരുമായി അവർ ഇടപഴകണം. എങ്കിൽ മാത്രമേ അവരിൽ നിക്ഷിപ്തമായ ദൗത്യനിർവ്വഹണം കൂടുതൽ പൂർണ്ണവും ഫലപ്രദവുമാകൂ.

## കുട്ടികളുടെ ആരാദ്ധ്യപുരുഷൻ

ഇടവകയിലെ കുട്ടികൾ വൈദികനെ വളരെ ശ്രദ്ധിക്കുന്നവരാണെങ്കിലും പലപ്പോഴും അവർ അദ്ദേഹത്താൽ ശ്രദ്ധിക്കപ്പെടുന്നില്ല. 'ഗൗരവതരമായ' കാര്യങ്ങൾ നിർവ്വഹിക്കേണ്ട അദ്ദേഹം കുട്ടികൾ തന്നെ 'ശല്യപ്പെടുത്താതെ' അവരെ മാററി നിർത്തിയെന്നുവരും. അവർ തങ്ങളുടെ ആരാദ്ധ്യപുരുഷന്മാരെ സ്വയം കണ്ടെത്തുകയും അനുകരിക്കുകയും, അങ്ങനെ സ്വന്തം വ്യക്തിത്വത്തെ രൂപപ്പെടുത്തുകയും ചെയ്യുന്ന ആ കാലഘട്ടത്തിൽ, അദ്ദേഹം തൻെറ സ്നേഹപൂർവ്വകമായ സമീപനവും പ്രോത്സാഹനവും അംഗീകാരവും വഴി അവരെ തന്നിലേക്കടുപ്പിക്കാൻ ശ്രമിക്കുകയാണെങ്കിൽ അതു് ഭാവിതലമുറയുടെ ക്രൈസ്തവ രൂപീകരണത്തിനു് നല്ലൊരടിസ്ഥാനമിടുകയായിരിക്കും. കാരണം, ''സത്യത്തിനു മുമ്പിൽ തുറന്നതും വഴങ്ങുന്നതുമായ മനസ്സാണു് ശിശുവിൻേറതു്. ഒരിക്കൽ അവൻെറ വിശ്വാസമാർജ്ജിക്കാൻ കഴിഞ്ഞാൽ ജീവിതാന്ത്യംവരെ ക്രിസ്തു.

---

3 Hugo Rahner S. J. (Ed), *The parish from theology to practise*, Trans. by Robert Kress Westminister; The Newman press, 1958, p. 73.

വിനോട് വിശ്വസ്തനാക്കുന്ന തത്ത്വങ്ങൾ ആഴമായും സുദൃഢമായും അവനിൽ നട്ടുവളർത്താൻ എളുപ്പമാകും''[4]. വൈദികൻ കുട്ടികളുമായി ഇടപഴകേണ്ടതു് എങ്ങനെയെന്നു് പ്രായോഗിക പരിചയത്തിന്റെ വെളിച്ചത്തിൽ ജെയിംസ് ജെ. നവഗ് അവതരിപ്പിക്കുന്ന പ്രധാന ആശയങ്ങൾ താഴെച്ചേർക്കുന്നു:

എല്ലാ കുട്ടികളുമായി സംസാരിക്കണം. ഏറ്റവും ചെറിയ ശിശുവിനെപ്പോലും ശ്രവിക്കണം. മുതിർന്നവരിൽ അധികവും അവരെ വിസ്മരിക്കുന്നവരാണ്. അതിനാൽ, നമ്മുടെ ദയയും താല്പര്യവും ജീവിതകാലം മുഴുവൻ അവർ സ്മരിക്കും.

നമ്മോടു താല്പര്യം പ്രദർശിപ്പിക്കുന്നതിനുമുമ്പുതന്നെ നമ്മൾ അവരിൽ താല്പര്യം കാണിക്കണം. അവരുടെ പ്രോഗ്രസ് കാർഡ്, ക്ലാസ്സുകൾ, അദ്ധ്യാപകർ, കളികൾ, വിനോദങ്ങൾ തുടങ്ങി അവർക്കു താത്പര്യമുള്ള എല്ലാകാര്യങ്ങളെക്കുറിച്ചും അന്വേഷിക്കണം.

വൈദികൻ കുട്ടികളെ സ്നേഹിക്കുകയും അവരോടൊത്തു വിനോദിക്കുകയും ചെയ്യുന്നതു് മററുള്ളവരുടെ ശ്രദ്ധയാകർഷിക്കും. അവരുമായി സൗഹൃദം പുലർത്തുന്നവരെ നല്ല മനുഷ്യരായിട്ടാണ് മിക്കവരും കരുതുന്നതു്. അതിനാൽ, ഇതുവഴി ഇടവകയിലെ എല്ലാ മനുഷ്യരുടെയും സന്മനസ്സാർജ്ജിക്കുവാൻ അദ്ദേഹത്തിനു് എളുപ്പം സാധിക്കും.

സ്നേഹബന്ധത്തിലായ കുട്ടികളോട് വിനോദത്തിനും കളികൾക്കും മററുമായി തങ്ങളുടെ അകത്തോലിക്കാ സുഹൃത്തുക്കളെയും കൂട്ടിക്കൊണ്ടുവരുവാൻ ആവശ്യപ്പെടാം. ആ പുതിയ 'കൂട്ടുകാരെ'യും അവരിലൂടെ അവിടുത്തെ അകത്തോലിക്കാ ജനതയേയും സ്വാധീനിക്കാനാവും[5].

## കുട്ടികളിലൂടെ മുതിർന്നവരെ

കുട്ടികളുമായുള്ള സൗഹൃദംവഴി മുതിർന്നവരെക്കൂടി സ്വാധീനിക്കാൻ കഴിയും. ഫാ. തോമസ് മൂർ സി.എം.ഐ. ചൂണ്ടിക്കാണിക്കുമ്പോലെ, വൈദികൻ ഒരിടവകയിൽ നവാഗതനെങ്കിൽ, ''ആദ്യം കുട്ടികളിലും പിന്നീട് ഗൃഹനായികമാർ, ഗൃഹനാഥ

4 James J Navagh, *Op. Cit*; p.24

5 *Ibid*, pp. 142–143

ന്മാർ, യുവജനങ്ങൾ എന്ന ക്രമത്തിലെ വിജയകരമായ സമ്പക്ക മാണ്, നല്ല ബന്ധത്തിലേയ്ക്കു നയിക്കുക.'' [6] പട്ടണപ്രദേശത്തെ ഒരു പള്ളിയിൽ ഇടവകാംഗങ്ങൾ വൈദികനുമായി അകന്നുനി ന്നിരുന്നതിനാൽ അവരെ അടുപ്പിക്കുവാനായി കുട്ടികൾക്കായി സ്കൗട്ടും ബാൻറുസെററും മററു വിനോദോപായങ്ങളും ആവി ഷ്ക്കരിച്ച ഒരു യുവവൈദികനെ അറിയാം. തൻെറ ഈ ശ്രമ ഫലമായി എല്ലാ ഇടവകാംഗങ്ങളെയും തന്നിലേക്കാകർഷിക്കു വാൻ അദ്ദേഹത്തിനു കഴിഞ്ഞു. ജെയിംസ്. ജെ. നവഗ് പറ യുന്നപോലെ, ''വൈദികനുമായി സൗഹൃദത്തിലാകുന്ന കുട്ടികൾ തങ്ങളുടെ വീടുകളിൽ അദ്ദേഹത്തെക്കുറിച്ചു സംസാരിക്കും. അതിബൃഹത്തായ ഫലം അതു മാതാപിതാക്കളിൽ ഉളവാക്കും. സ്വന്തം വീട്ടിലെ കുട്ടികൾവഴി സഭയിൽ ചേരുകയോ സഭയു മായി പുനരൈക്യപ്പെടുകയോ ചെയ്യു പ്രായമായ നിരവധി പേരെ ചൂണ്ടികാണിക്കുവാൻ കുട്ടികളുമായി സുഹൃദ്ബന്ധം സ്ഥാപിച്ച ഓരോ വൈദികനും കഴിയും'' [7]. എന്നാൽ, മുതി ന്നവരെ അവഗണിച്ചുകൊണ്ട് കുട്ടികളിൽ മാത്രം ശ്രദ്ധ കേന്ദ്രീ കരിക്കുക മൗഢ്യമായിരിക്കും. കാരണം വൈദികൻ എല്ലാ വക്കും വേണ്ടിയുള്ളവനാണ്.

## യുവാക്കൾ

തെരുവിൽ അലഞ്ഞുനടന്ന അനാഥനായൊരു കുട്ടിയുടെ സ്നേഹാദരവ് ആർജ്ജിക്കുവാൻ വി. ഡോൺ ബോസ്ക്കോയ്ക്കു കഴിഞ്ഞതാണ് ലോകവ്യാപകമായ സലേഷ്യൻ സഭയുടെ 'ഓറ ട്ടറി' യെന്നറിയപ്പെടുന്ന യുവജന പ്രസ്ഥാനത്തിനു് ആരംഭം കുറിച്ചതു്.

ഒരു ദിവസം ദിവ്യബലിക്കൊരുങ്ങുമ്പോൾ സങ്കീർത്തിയുടെ മൂലയിൽ കപ്യാർ ഒരു പയ്യനെ അടിക്കുന്നതും അവൻ കരയു ന്നതും ഡോൺ ബോസ്ക്കോ കണ്ടു. കപ്യാരോട് വിവരം അന്വേഷിച്ചപ്പോഴേയ്ക്കും അവൻ ഓടി രക്ഷപെട്ടു. ''കുർബാനയ്ക്കു കൂടാനറിയാത്ത കുട്ടി എന്തിനാണ് സങ്കീർത്തിയിൽ കയറിയി

6 തോമസ് മൂർ സി. എം. ഐ, 'ദൈവജനത്തെ പ്രവർത്തനനിരതനാക്കുന്ന അജപാലകൻ' മതവും ചിന്തയും സെപ്റ്റംബർ — ഒക്ടോബർ 1978, പുസ്തകം 58, ലക്കം 5, p. 450

7 James J. Navagh, *op. cit*; p. 25,

രുന്നതു്?'' എന്നാണു് കപ്യാരുടെ ന്യായം. ആ കുട്ടിയെ ഉടനെ വിളിച്ചുകൊണ്ടുവരുവാൻ അദ്ദേഹം നിർദ്ദേശിച്ചു. ഗത്യന്തരമില്ലാതെ അയാൾ ഓടിച്ചെന്നു് അവനെ പിടിച്ചുകൊണ്ടു വന്നു. ഇനിയും ശിക്ഷ കിട്ടിയേക്കുമോ എന്നു ഭയന്നാണു് അവൻ വന്നതു്. എന്നാൽ ഡോൺ ബോസ്‌കോ സ്നേഹപൂർവ്വം അവന്റെ വിവരങ്ങൾ അന്വേഷിച്ചറിഞ്ഞു. അവന്റെ മാതാപിതാക്കൾ മരിച്ചുപോയിരുന്നു. വായിക്കുവാനോ എഴുതുവാനോ അവനു് അറിഞ്ഞുകൂടാ. മുതിർന്ന കുട്ടി ആയതിനാൽ മററു കൊച്ചുകുട്ടികളോടൊപ്പം ഇരുന്നു മതപഠന ക്ലാസ്സിൽ സംബന്ധിക്കാൻ അവനു ലജ്ജയായിരുന്നു.

ഡോൺ ബോസ്‌കോ അവനെ സമാശ്വസിപ്പിച്ചു. അദ്ദേഹം അവനു തനിച്ചു ക്ലാസ്സെടുത്തു. അടുത്ത ആഴ്ചയിൽ കൂട്ടുകാരെക്കൂടി കൂട്ടിക്കൊണ്ടുവരുവാൻ അദ്ദേഹം ഉപദേശിച്ചു. അതനുസരിച്ചു് പിറേറ ഞായറാഴ്ച അവൻ ആറു സ്നേഹിതന്മാരോടുകൂടി വന്നു. വാത്സല്യപൂർവ്വം അദ്ദേഹം അവരെ സ്വീകരിച്ചു. ക്ലാസ്സിനുശേഷം അവരോടൊത്തു് വിനോദങ്ങളിലും കളികളിലും അദ്ദേഹം പങ്കുചേർന്നു.

അടുത്ത ഞായറാഴ്ച അവർ വന്നപ്പോൾ ഒരോരുത്തനോടുമൊപ്പം വേറെ ചില സ്നേഹിതന്മാരുമുണ്ടായിരുന്നു. രണ്ടു മാസത്തിനകം അവരുടെ എണ്ണം എൺപതിൽപ്പരമായി. സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്തവരും വ്യവസായ ശാലകളിൽ തൊഴിൽ അഭ്യസിക്കുന്നവരുമായിരുന്നു അവരിലധികവും. 8 ദൈവത്തിൽനിന്നും സഭയിൽനിന്നുമകന്നു് പ്രശ്നകാരികളായിത്തീർന്ന അനവധി യുവാക്കളെ നേർവഴിക്കു തിരിക്കുവാൻ ഈ വിശുദ്ധനു കഴിഞ്ഞതു് അദ്ദേഹത്തിന്റെ സ്നേഹപൂർവ്വകവും പ്രോത്സാഹജനകവുമായ സമീപനമായിരുന്നു.

ഇന്നു നമ്മുടെ ഇടവകകളിലും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടവരാണു് യുവാക്കൾ. സർവ്വേയിൽ പതിമൂന്നു വൈദികരും മുപ്പതു് അല്മായരും ഇതു പ്രത്യേകം എടുത്തു പറയുന്നുണ്ടു്. സത്യാന്വേഷികളും നീതിക്കുവേണ്ടി ദാഹിക്കുന്നവരും ജീവിതത്തിനു് അർത്ഥവും പ്രസക്തിയും ആരായുന്നവരുമായ യുവജന

---

8 ഡോൺ ബോസ്‌കോ, സീരീസ് X, നമ്പർ 142, എറണാകുളം: പ്രതിമാസഗ്രന്ഥക്ലബ്, ജനുവരി – ഫെബ്രുവരി 1964, pp 49–52

ങ്ങൾക്ക് ശരിയായ മാർഗ്ഗദർശനം നല്കാൻ നമുക്ക് കഴിയണം. അതിനു അവരുടെ സ്നേഹം സമ്പാദിക്കുകയും യുവജനപ്രസ്ഥാനങ്ങൾ സമാകർഷകമാക്കുകയും വേണം. വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്നവരും സമൂഹത്തിന്റെ അംഗീകാരം വേണ്ടത്ര ലഭിക്കാത്തവരുമായവരുടെ കാര്യം പ്രത്യേകം പരിഗണിക്കേണ്ടതാണ്. അത്തരക്കാരിൽ എളുപ്പം സമീപിക്കാവുന്ന ഒരുവനെ സ്വാധീനിച്ചാൽ അവനോടൊപ്പം അവന്റെ യുവസുഹൃത്തുക്കളും വന്നുകൊള്ളും. അവരോട് സ്നേഹപൂർവ്വം പെരുമാറുകയും അവർക്ക് ജോലിയും ഉത്തരവാദിത്വങ്ങളും നല്കുകയും സൽപ്രവർത്തനങ്ങളിൽ അവരെ അഭിനന്ദിക്കുകയും ചെയ്താൽ അവരെ എളുപ്പം നേടാൻ കഴിയും. അവർക്ക് ക്രിസ്തീയമായ നേതൃത്വപരിശീലനവും ആദ്ധ്യാത്മികോന്മേഷവും നല്കാനും ഇടവകയുടെ പ്രവർത്തനങ്ങളെ കൂടുതൽ സുഗമവും സജീവവുമാക്കാനും അതുപകരിക്കും.

# 11 പൊതുജന സ്വാധീനം

കുശലാന്വേഷണം
സ്നേഹിക്കപ്പെടാൻ ദാഹിക്കുന്ന തലമുറ
സഹായാർഹരായവരിലൂടെ
അകത്തോലിക്കരെ സ്വാധീനിക്കാൻ

---

ഇടവകയിലെ സാധാരണജനങ്ങളുടെ സ്നേഹവും വിശ്വാസവും നല്ല അഭിപ്രായവും ആർജ്ജിച്ചാൽ വൈദികന്റെ സർവ്വ പ്രവർത്തനങ്ങളിലും അവരുടെ പിന്തുണയും സഹകരണവുമുണ്ടാകും. മറിച്ച്, ഇവയുടെ അഭാവത്തിൽ വൈദികൻ വിമർശനബുദ്ധ്യാ വീക്ഷിക്കപ്പെടുകയും കിംവദന്തികൾക്കും എതിർപ്പുകൾക്കും വിധേയനാവുകയും ചെയ്യുന്നു വരാം.

## കുശലാന്വേഷണം

ഭവനസന്ദർശന വേളയിലും നടപ്പാതകളിൽ വച്ചും കണ്ടു മുട്ടുന്ന കഴിവതും എല്ലാ സ്ഥലവാസികളുമായി സംസാരിക്കാനും അടുത്തുപരിചയപ്പെടാനും ശ്രമിക്കയാണ് പ്രാഥമികമായി വേണ്ടതു്. വലിയൊരു ഇടവകയിൽ പുതുതായി വന്ന ഒരു അസിസ്റ്റൻറിനെക്കുറിച്ച് മദ്ധ്യവയസ്ക്കനായൊരു കൃഷിക്കാരൻ നാലുക്കവലയിൽ നിന്നു് തന്റെ കർഷകസുഹൃത്തുക്കളോട് പറഞ്ഞുകേട്ടതു് ഇപ്രകാരമാണ്: ''പുതിയ കൊച്ചച്ചൻ നല്ല ആളാണ്. നല്ല വിനയോം സ്നേഹോം ഉള്ള ആളാ. ഇന്നലെ എന്നെ വഴിയിൽവച്ചു കണ്ടപ്പോൾ അങ്ങേരെന്നോടു സംസാരിച്ചു. പഴയ അച്ചന്മാരെപ്പോലത്തെ ഭാവമൊന്നും അങ്ങേർക്കില്ല. ഏതായാലും നല്ലൊരച്ചനാണങ്ങേര്.'' സമൂഹത്തിൽ ഉന്നതസ്ഥാനികനല്ലാത്ത തന്നോട് അപരിചിതനായ ആ വൈദികൻ നടത്തിയ കുശലാന്വേഷണമാണ് ആ വ്യക്തിയെ അദ്ദേഹത്തോട് അടുപ്പിക്കുകയും, അദ്ദേഹത്തെക്കുറിച്ച് നല്ല അഭിപ്രായം പ്രകടിപ്പിക്കാൻ അയാളെ പ്രേരിപ്പിക്കുകയും

ചെയ്തതു്. പാപിയും പിടിച്ചുപറിക്കാരനുമായി മുദ്രകുത്തപ്പെട്ടിരുന്ന സക്കേവൂസിനെ യേശു പേരുചൊല്ലി വിളിക്കുകയും അയാളോടുകൂടി അന്നേദിവസം താമസിക്കാമെന്നു പറയുകയും[1] ചെയ്തപ്പോഠം തന്നെ അയാളിൽ വലിയ സ്വാധീനവും പരിവർത്തനവും ഉണ്ടായി. നിസ്സാരമെന്നു ചിന്തിക്കപ്പെടാവുന്ന ഈ പെരുമാററരീതി എത്ര വലിയ സ്വാധീനമാണ്് വ്യക്തികളിൽ ചെലുത്തുന്നതു്! ഇതുപോലെ തൻെറ പ്രവർത്തനമേഖലയിലെ എല്ലാ മനുഷ്യരെയും പുഞ്ചിരിക്കുന്ന വദനത്തോടെ അഭിവാദ്യം ചെയ്യാനും പരിചയപ്പെടാനും ക്ഷേമാന്വേഷണം നടത്താനും ഓരോ വൈദികനും സാധിക്കണം. അതിനു പ്രായോഗികമായി പലരും പറയുന്ന ഒരു നിർദ്ദേശം, ഇടവകാതിർത്തിയിൽ ചുററി സഞ്ചരിക്കുമ്പോഠം, സ്വന്തമായ സൈക്കിളോ വാഹനങ്ങളോ ഉള്ളവർപോലും, കഴിവതും കാൽനടയായിത്തന്നെ പോകണമെന്നാണ്്. കാരണം, കൂടുതൽ പേരെ കണ്ടുമുട്ടാനും ബന്ധപ്പെടാനും അതു് അവസരം നല്കും.

## സ്നേഹിക്കപ്പെടാൻ ദാഹിക്കുന്ന തലമുറ

സമൂഹത്തിലെ ദരിദ്രരെയും നിരാശ്രയരെയും നിസ്വാർത്ഥമായി സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നവർ എക്കാലവും ശ്രദ്ധിക്കപ്പെടുകയും അനുകരിക്കപ്പെടുകയും ചെയ്യും. വിലയേറിയ പട്ടുവസ്ത്രങ്ങളണിഞ്ഞോ, സ്വന്തം സ്ഥാനമഹിമ പ്രകടിപ്പിച്ചോ, അംബരചുംബികളായ കെട്ടിടങ്ങഠം തീർത്തോ, പണം വാരിയെറിഞ്ഞോ അല്ല യേശു ജനശ്രദ്ധയാകർഷിച്ചതു്. നിന്ദിതരുടെയും നിരാശ്രയരുടെയും ഇടയിലേക്കിറങ്ങിച്ചെന്നു് സ്നേഹം എന്തെന്നു് പ്രവൃത്തിയിലൂടെ അവർക്ക്് അനുഭവവേദ്യമാക്കികൊടുത്തപ്പോഴാണ്് യേശു ജനസ്വാധീനമുള്ള വ്യക്തിയായതു്. 'നഗരം മുഴുവൻ ഇളകി വശാ'കുമാറ്[2] ജയ്് വിളികഠം മുഴക്കി, ഓശാന പാടിക്കൊണ്ടാണ്് അവർ അദ്ദേഹത്തെ ജറുസലെമിലേയ്ക്ക്് എതിരേററതു്. ആർസിലെ കൊടുംപാപികളെ നിഷ്ക്കളങ്കമായ സ്നേഹവും വിനയാന്വിതമായ സമീപനവും വഴി നേർവഴിക്കു തിരിക്കാൻ കഴിഞ്ഞ വി. ജോൺ മരിയ വിയാനിയും, കുഷ്ഠരോഗികളുടെ കേന്ദ്രമായിരുന്ന മൊളോക്കോയിൽ സ്നേഹത്തിൻെറ ദീപശിഖയുമായി ചെന്ന ഫാദർ ഡാമിയനും, തീരാരോഗങ്ങളുടെയും അന്ധവിശ്വാസ

---

1 ലൂക്കാ 19: 1–8

2 മത്തായി, 21:10

ത്തിന്റെയും അടിമത്തച്ചങ്ങല തകർക്കാൻ ആശാകേന്ദ്രമായെ ത്തിയ ആൽബർട്ട് ഷൈവറ്റ്സറും, ഇന്നും ജനഹൃദയങ്ങളിൽ മായാതെ നില്ക്കുന്നു. കൽക്കത്തയിലെ തെരുവീഥികളിൽ അഗ തികൾക്കും മരണാസന്നർക്കും മാതൃസഹജമായ പരിചരണംവഴി സ്നേഹവും ആശ്വാസവും പകർന്ന മദർ തെരേസ ഇന്നു ലോക ത്തിന്റെ മുഴുവൻ സ്നേഹാദരവുകൾക്ക് പാത്രീഭൂതയാണ്. സ്നേഹം മാത്രം മൂലധനമാക്കി സേവനത്തിനിറങ്ങിയ 'അഗ തികളുടെ അമ്മ' വഴി ദരിദ്രർക്കു സഹായമെത്തിക്കാൻ ഇന്നു ധാരാളം സമ്പന്നർ സന്നദ്ധരാകുന്നുണ്ട്. ലോകോത്തരമായ നിരവധി അവാർഡുകളും സമ്മാനങ്ങളും നല്കി ലോകം അവരെ ബഹുമാനിക്കുന്നു. ബുദ്ധിരാക്ഷസിയല്ലെങ്കിലും ആ 'ജീവിക്കുന്ന വിശുദ്ധ' യുടെ വാക്കുകൾ ഇന്നു വിലമതിക്കപ്പെ ടുന്നു; അനേകരെ അവ ആഴത്തിൽ സ്പർശിക്കുന്നു. ആയിരക്ക ണക്കിനു യുവതികൾ അവരുടെ സേവനത്തിന്റെ കാലടിപ്പാത പിന്തുടരാൻ സന്നദ്ധരായി രംഗത്തിറങ്ങുന്നുമുണ്ട്.

വൈദികനും തന്റെ സമൂഹത്തിൽ കഷ്ടപ്പെടുകയും അവ ഗണിക്കപ്പെടുകയും ചെയ്യുന്നവരെ സ്നേഹിക്കാനും സേവിക്കാനും മുമ്പോട്ടിറങ്ങിയാൽ ഇടവകാംഗങ്ങളും അദ്ദേഹത്തെ ആദരി ക്കുകയും അദ്ദേഹത്തിൽ നിന്നു് പഠിക്കുകയും ചെയ്യും. 'മല നാടിന്റെ മിഷനറി' എന്നറിയപ്പെടുന്ന സി. എം. ഐ. സഭ യിലെ ബഹു. പുൽപ്പറമ്പിൽ ശൗര്യാരച്ചന്റെ ജീവചരിത്ര ത്തിൽ, ദരിദ്രരോടു കരുണകാണിക്കാൻ ഒരു ധനികന് അദ്ദേഹം പ്രചോദനമേകിയ ചെറിയൊരു സംഭവം വിവരിക്കുന്നുണ്ട്. "ഒരു സ്ഥലത്തു ധ്യാനത്തിനു ചെന്നപ്പോൾ ഒരു ധനവാൻ കുടുംബപ്രതിഷ്ഠയ്ക്കു ക്ഷണിച്ചു. പ്രതിഷ്ഠ കഴിഞ്ഞപ്പോഴേയ്ക്കും മേശപ്പുറത്തു വിഭവസമൃദ്ധമായ കാപ്പി വന്നു കഴിഞ്ഞു. അച്ചൻ പറഞ്ഞു: 'ഞാൻ പള്ളിയിൽനിന്നു കാപ്പികുടിച്ചിട്ടാണ് വന്ന ത്. ഇവിടെ അടുത്ത് ഒരു പാവപ്പെട്ട വീട്ടിൽ ഒരു ക്യാൻസർ രോഗി കിടപ്പുണ്ട്. അയാൾക്ക് ഇവ കൊടുക്കാം.' ആ വീട്ടു കാർ അച്ചന്റെ പിന്നാലെ പലഹാരങ്ങളുമായി നടന്നു, ആ രോഗിയുടെ വീട്ടിലേയ്ക്കു"[3] നിസ്സാരമെങ്കിലും ഈ സമീപന രീതി ധനികനായ ആ മനുഷ്യനിൽ എന്തെന്തു മാററങ്ങൾ വരു ത്തിക്കൂടായ്കയില്ല! ഒരു പക്ഷേ, ആ ക്യാൻസർ രോഗിയു

3 സി. ജെമ്മ, മലനാടിന്റെ മിഷനറി, നാഗപ്പുഴ: സെൻറ് മേരീസ് ചർച്ച് 1971, p. 57

ടെയും ആ നാട്ടുകാരുടെതന്നെയും കണ്ണും കരളും കവരാൻ അദ്ദേഹത്തിന് ആ പെരുമാററം വഴി സാധിച്ചിരിക്കും.

ആളുകളുമായി ഇടപഴകാൻ പററിയ ചില നിർദ്ദേശങ്ങൾ ജെയിംസ് ജെ. നവഗ് നല്കുന്നുണ്ട്.

പാവപ്പെട്ടവരോട് ഹൃദ്യമായി പെരുമാറുക.

സംഭാഷണമദ്ധ്യേ മറെറാരാളെക്കുറിച്ച് പ്രതിപാദിക്കേണ്ടിവരുമ്പോൾ അയാളെക്കുറിച്ച് നല്ലതു പറയുക. അതു് പിന്നീട് അയാളുടെ കാതിലെത്തുകയും അയാൾക്ക് നമ്മോട് ഇഷ്ടമാവുകയും ചെയ്യും.

ഒരോരുത്തൻെറയും പ്രത്യേക താല്പര്യങ്ങൾ ശ്രദ്ധിക്കുക. അവരുമായി വീണ്ടും കാണുമ്പോൾ അവയെക്കുറിച്ചും സംസാരിക്കുക. ഉദാ: കളി, കച്ചവടം, കൃഷി, സംഗീതം.

മററുള്ളവരിലെ നന്മകൾ പുകഴ്ത്താൻ മടിക്കരുതു്. ഉദാ: അവർ ജോലിചെയ്യുന്ന രീതി, അവരുടെ കുട്ടികൾ, വീടിൻെറ ആകൃതി, അവിടെ സ്ഥാപിച്ചിരിക്കുന്ന കലാരൂപങ്ങൾ മുതലായവ [4].

## സഹായാർഹരായവരിലൂടെ

മനുഷ്യബന്ധങ്ങൾ കച്ചവടമനസ്ഥിതിയിലേക്കു വഴുതി വീണുകൊണ്ടിരിക്കുകയാണിന്നു്. പ്രതിഫലേച്ഛയോടെയാണു് മററുള്ളവരെ സഹായിക്കാനും ശുശ്രൂഷിക്കാനും പലരും തയ്യാറാകുന്നതു്. അതിനാലാണു് നിർദ്ധനരും തടവുകാരും, രോഗികളും മരണാസന്നരുമായ പലരും നിരാശ്രയരും നിരാശരുമാകുന്നതു്. പ്രതിഫലം കാംക്ഷിക്കാതെ ഈ മണ്ഡലത്തിൽ നിസ്വാർത്ഥസേവനത്തിനിറങ്ങുന്നവരെ ലോകം ശ്രദ്ധിക്കതന്നെ ചെയ്യും. മദർ തെരേസയുടെയും ഫാദർ ഡാമിയൻെറയും മററും അനുഭവം ഇതിനു തെളിവാണു്. തങ്ങൾക്കു് ഒരു വിധത്തിലും പ്രത്യുപകാരം ചെയ്യാൻ സാധിക്കാത്ത അവസ്ഥയിൽ വൈദികൻ തനിക്കുവേണ്ടി ബുദ്ധിമുട്ടുന്നതു കാണുമ്പോൾ ഏതു ശിലാഹൃദയനും നിരീശ്വരവാദിയും പറഞ്ഞുപോകും, 'ഇദ്ദേഹത്തിൻെറ പിന്നിൽ ഏതോ ദൈവികശക്തിയുണ്ട്" എന്നു്. നിരാലംബരായ വ്യക്തികളുടെ മാത്രമല്ല, അവരുടെ ബന്ധുമിത്രാദികളുടെ

4 James J. Navagh, *Op Cit*, pp. 143–145.

കൂടി കണ്ണും കരളും കവരാൻ, അവരെ യേശുവിലേക്കടുപ്പിക്കു വാൻ, അതു കാരണമാകും.

താൻ ചെയ്തതോ ചെയ്യാത്തതോ ആയ തെററിൻെറ പേരിൽ ശിക്ഷിക്കപ്പെട്ട്, സമൂഹത്താൽ അവഗണിക്കപ്പെട്ട്, ഏകാന്തതയുടെയും നിരാശയുടെയും തടവറയിൽ കഴിയുന്ന കുററവാളികൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ തുറന്നു പറയുവാൻ സാധിക്കുന്ന, അതു ശ്രവിക്കാനും തന്നെ സ്നേഹി ക്കാനും സന്മനസ്സുള്ള ഒരു വ്യക്തിയെയാണ് ആവശ്യം. വേദനയാൽ പുളഞ്ഞു് തീരാരോഗവുമായി മരണത്തിൻെറ മണിക്കൂറുകൾ എണ്ണിക്കഴിയുന്ന രോഗിക്ക് ജീവിതം നിരർത്ഥ കമായി, ഈശ്വരൻ ക്രൂരനായി അനുഭവപ്പെടാം. ആത്മീയമാ യൊരു വീക്ഷണവും ആന്തരികമായ സമാധാനവും വഴി മാന സികാരോഗ്യം തന്നിൽ സംജാതമാക്കാൻ കെല്പുള്ള ഒരു ആദ്ധ്യാത്മികോപദേഷ്ടാവിനെയാണ് അയാൾക്കാവശ്യം. തങ്ങളുടെ ഉററവരും ഉടയവരുമായവരുടെ ദേഹവിയോഗത്തിൽ ഹൃദയം നൊന്തു വേദനിക്കുന്നവർക്കാവശ്യം ഏതാനും ആശ്വാ സവാക്കുകളാവും. വൈകാരിക സംഘർഷം അത്യുച്ചിയിലെ ത്താവുന്ന ഈ ഘട്ടം വ്യക്തിയുടെ ജീവിതത്തിൽ വഴിത്തിരിവു സൃഷ്ടിക്കാവുന്നതാണ്. വൈദികൻെറ സേവനരംഗത്തിലെ ഒരു സുപ്രധാന ഭാഗമാണിതു്.

താൻ തടവുകാരനായി ആരാലും ശ്രദ്ധിക്കപ്പെടാതെയും സ്നേഹിക്കപ്പെടാതെയുമിരുന്ന സാഹചര്യത്തിൽ തൻെറ ഹൃദയം കവന്ന വൈദികനെ വെറുക്കാൻ ആർക്കു കഴിയും? താൻ വേ ദനയുടെയും നിരാശയുടെയും കൈയ്പുനീരു കുടിച്ചിരുന്ന പ്പോൾ, ആ നിമിഷങ്ങൾക്കു മാധുര്യം പകന്ന വൈദികനെ ഒരു വ്യക്തിക്കും വിസ്മരിക്കാനാവില്ല. തങ്ങളുടെ പ്രിയപ്പെട്ട ആൾ രോഗിയായിരുന്നപ്പോൾ വളരെ താല്പര്യത്തോടെ ഉപ ദേശങ്ങൾ നല്കി സമാശ്വസിപ്പിക്കുകയും കുമ്പസാരവും വി. കുർബാനയും രോഗിലേപനവും വഴി ആത്മീയമായി അയാളെ ഒരുക്കുകയും, മരണാവസരത്തിൽ തങ്ങളെ സമാശ്വസിപ്പിക്കു കയും ചെയ്ത വൈദികനെ ആരാണ് ആദരിക്കാതിരിക്കുക!

രോഗഗ്രസ്ഥരായ കുട്ടികളും അപകടത്തിൽപ്പെട്ടവരും, വാദ്ധക്യസഹജമായ അസുഖങ്ങൾ ബാധിച്ചവരുമെല്ലാം വൈ ദികനെ സ്വാഗതം ചെയ്യും. തങ്ങളെ സമാശ്വസിപ്പിക്കുന്ന വൈദികനിൽ മറെറാരു ക്രിസ്തുവിനെ കണ്ടെത്താൻ അവക്ക്

എളുപ്പം കഴിയും. വൈദികനെ ബുദ്ധിമുട്ടിക്കരുതല്ലോ എന്നു കരുതി ഒരുപക്ഷേ, വി. കുർബ്ബാന ഭവനത്തിൽ കൊണ്ടുവന്നു കൊടുക്കാൻ അവർ ആവശ്യപ്പെട്ടില്ലെന്നു വരാം. എങ്കിലും വൈദികൻ ഇക്കാര്യത്തിൽ മുൻകൈയെടുത്താൽ അവർ അതിൽ സന്തുഷ്ടരാകും. കൂദാശകളിൽ നിന്നും ആദ്ധ്യാത്മിക ചൈതന്യത്തിൽ നിന്നും അകന്നുനില്ക്കുന്ന നഷ്ടപ്പെട്ട നിരവധി ആടുകളെ കണ്ടെത്തി വീണ്ടെടുക്കാനുള്ള നല്ല വേദിയാണ് രോഗശയ്യ. വൈദികനും രോഗിക്കും പ്രചോദനമേകുന്ന സ്ഥലമാണത്. ഫാ. തോമസ് എഫ്. കേയ്സി യുവ വൈദികരോടു പറയുന്നു, ''തന്റെ ഇടവകയിലും വെളിയിലുമുള്ള കത്തോലിക്കരും അകത്തോലിക്കരുമായ രോഗികളെ സന്ദർശിക്കുന്നിടത്തോളം വൈദികനും ജനങ്ങൾക്കുമൊപ്പം സൽഫലം ലഭിക്കുന്ന ശുശ്രൂഷ ചുരുക്കമാണ്'' [5].

സർവ്വേയിലും ഇതേ ആശയം ചിലർ ഊന്നിപ്പറയുന്നുണ്ട്.

''ആതുരാലയങ്ങൾ, ആസ്പത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾ ആഴ്ചയിലൊരിക്കൽ തീർച്ചയായും സന്ദർശിക്കണം. അവിടങ്ങളിലെ കാത്തലിക്കാ രോഗികൾക്ക് കുമ്പസാരം വി. കുർബ്ബാന സ്വീകരണം എന്നിവയ്ക്ക് സൗകര്യം നല്കണം. ഇടവകയിലെ ശയ്യാവലംബരായ രോഗികൾക്ക് മാസത്തിലൊരിക്കൽ ദിവ്യകാരുണ്യം നല്കുക.''

—പരിചയ സമ്പന്നനായൊരു വൈദികൻ.

''മരിച്ചറിയിപ്പുകിട്ടിയാൽ ഉടനെ ആ വീടു സന്ദർശിച്ചു പ്രാർത്ഥിക്കുക. രോഗികൾക്കുവേണ്ടി അവരവരുടെ സ്ഥലങ്ങളിൽ പോയി പ്രാർത്ഥിക്കുക. പള്ളിയിൽ പൊതുവായി അറിയിക്കുക. ജനനം, മരണം, അപകടം, വിവാഹം — അവക്കൊക്കെ വേണ്ടി പ്രാർത്ഥിക്കുവാൻ എല്ലാവരോടും ആവശ്യപ്പെടുക''.

—ഒരു യുവവൈദികൻ.

## അകത്തോലിക്കരെ സ്വാധീനിക്കാൻ

കത്തോലിക്കാസഭ മിഷനറിയാണ്. അതിനാൽ ഇടവക വികാരി ഇടവകാംഗങ്ങളോടുമാത്രം ദൈവവചനം പ്രഘോഷിച്ചാൽ പോരാ. അക്രൈസ്തവരെയും ക്രിസ്തുവിലേക്കാകർഷിക്കാനും അകത്തോലിക്കാ സഭകളിൽപ്പെട്ടവരുമായി ഐക്യ

5 Rev. Thomas F. Casey, '*Pastoral Manual for New priests*' Milwaukee: The Bruce Publishing Company, 1962, p. 112

ത്തിൽ വർത്തിക്കാനും ശ്രമിക്കണം. വ്യക്തിപരമായ സൗഹൃദ് ബന്ധവും സ്വാധീനവുമാണു് ഇവിടെയും കരണീയം.

അകത്തോലിക്കാ ഭവനങ്ങളിലും കത്തോലിക്കാ വൈദികർക്കു് ഹൃദ്യമായ സ്വാഗതം ലഭിക്കമെന്നതാണു് പരിചയസമ്പന്നരായ പല വൈദികരുടെയും അനുഭവം. ആറുവർഷത്തെ ഇത്തരം പരീക്ഷണത്തിനുശേഷം ഇതിന്റെ സൽഫലങ്ങളെക്കുറിച്ച് ജെയിംസ്. ജെ. നവഗ് രേഖപ്പെടുത്തുന്നു.

1) ഇതര മതവിദ്വേഷവും തെററിദ്ധാരണകളും ദൂരീകരിക്കപ്പെടുന്നു.

2) അകത്തോലിക്കാ കുട്ടികൾ സഭയിൽ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നു.

3) ഏതാനും ചിലരിൽ ആരംഭിച്ച് കൂടുതൽ അകത്തോലിക്കർ മതപഠനം നടത്തുന്നു.

4) കത്തോലികർ തങ്ങളുടെ സഭയിൽ കൂടുതൽ അഭിമാനം കൊള്ളുന്നു. വിശ്വാസികളിലെ പാളിച്ചകൾ ഇല്ലാതാകയും സഭയിൽനിന്നു് അകന്നവരിൽ നല്ലൊരു വിഭാഗം മതാനുഷ്ഠാനങ്ങൾ പുനരാരംഭിക്കുകയും ചെയ്യുന്നു.

5) കത്തോലിക്കാ സഭയെക്കുറിച്ചുള്ള മതിപ്പ് അകത്തോലിക്കരിൽ കുതിച്ചുയരുന്നു.

6) കത്തോലിക്കരുടെയും പല അക്രൈസ്തവരുടെയും സാക്ഷ്യം അംഗീകരിക്കപ്പെട്ടാൽ അതു് ഒരു ആട്ടിൻ കൂട്ടത്തിലേക്കും ഒരു ഇടയനിലേക്കുമുള്ള അനവധി അകത്തോലിക്കരുടെ തിരിച്ചുവരവിനു് അടിസ്ഥാനമിടുന്നു [6].

അകത്തോലിക്കാ സുഹൃത്തുക്കളുടെ ഭവനങ്ങൾ സന്ദർശിന്നതോടൊപ്പം അവരെ ദൈവാലയത്തിലേയ്ക്കു ക്ഷണിക്കുകയും ചെയ്യാം. ദിവ്യകർമ്മങ്ങളിലും സുവിശേഷ പ്രഭാഷണങ്ങളിലും പങ്കെടുക്കുവാനോ നേർച്ച കാഴ്ചകൾ സമർപ്പിക്കുവാനോ വരുന്നവരെ വികാരിയും ഇടവകാംഗങ്ങളും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുകയും സൗമ്യമായി പെരുമാറുകയും വേണം.

യേശു യഹൂദരോടുമാത്രമല്ല വിജാതീയരോടും സമ്പർക്കം പുലർത്തിയിരുന്നു. റോമൻ ഭരണാധിപന്മാരിൽ പലരും

---

6 James J. Navagh, *op.* cit., pp. 65–66.

അദ്ദേഹത്തിനു് അനുഭാവികളായിരുന്നു. നാനാജാതി മതസ്ഥ രായ വിവിധ നേതാക്കളുമായി ബന്ധപ്പെടുന്നതു് പ്രായോഗി കമായി വൈദികനും വളരെ ഉപകാരപ്രദമാണു്.

അകത്തോലിക്കരുമായി പരിചയപ്പെടാനും കൂടുതൽ ബന്ധപ്പെടാനും സാധിക്കുന്നതു് പൊതുപ്രവർത്തനങ്ങളിലൂടെ യാണു്. ആകർഷകമായ പ്രവർത്തന പദ്ധതികളിലൂടെ സ്ഥല വാസികളുടെ മുഴുവൻ ശ്രദ്ധ വൈദികനിലേക്കു തിരിയുന്നു. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ അവർ അദ്ദേഹവുമായി ബന്ധപ്പെടുന്നു. അവയിലുള്ള പങ്കാളിത്തം വഴി അദ്ദേഹത്തി ന്റെ വ്യക്തിമാഹാത്മ്യത്തെ അവർ മനസ്സിലാക്കുന്നു. അദ്ദേഹ ത്തോടുള്ള സ്നേഹത്തിനും ബഹുമാനത്തിനും അതു വഴി തെളി ക്കുന്നു. വിഭാഗീയ ചിന്തകളോ ധനികദരിദ്രവ്യത്യാസമോ കൂടാതെ എല്ലാവരെയും സ്നേഹിക്കുന്ന എല്ലാവരേയും സേവി ക്കുന്ന വൈദികൻ ക്രൈസ്തവരുടെ മാത്രമല്ല എല്ലാവരുടെയും സുഹൃത്തായിരിക്കും. ഫാ. വടക്കൻ തന്റെ ഇടവകനേതൃത്വ ത്തിന്റെ വിജയത്തിനു നിദാനമായ വസ്തുതകളെ അവതരിപ്പി ക്കുന്നതു് ഇപ്രകാരമാണു്. ''എന്റെ തലയിൽ എന്തെല്ലാം ചിന്ത കാം പുകഞ്ഞിരുന്നുവെങ്കിലും യാതൊരു സമുദായ പരിഗണ നയും ധനികദരിദ്ര പരിഗണനയും കക്ഷിരാഷ്ട്രീയ പരിഗണ നയും കാണിക്കാതെ ഇടവകയിലെ ആയിരത്തഞ്ഞൂറിലധികം കത്തോലിക്ക കുടുംബങ്ങളെയും ഏതാണ്ടത്രതന്നെ വരുന്ന അക ത്തോലിക്കാ അക്രൈസ്തവ കുടുംബങ്ങളെയും ഒരുപോലെ സ്നേ ഹിക്കുകയും സേവിക്കുകയും ചെയ്തു എന്നതാണു് കരിയച്ചിറയി ലെ എന്റെ വിജയത്തിന്റെ അടിസ്ഥാനരഹസ്യം. കത്തോ ലിക്കർക്കു് മാത്രമായി അനുഷ്ഠിക്കേണ്ട ആദ്ധ്യാത്മിക ശുശ്രൂഷ കളിൽ തീവ്രമായ ശുഷ്കാന്തി കാണിക്കുന്നതിനൊപ്പം തന്നെ, കത്തോലിക്കരും അല്ലാത്തവരുമായ ജനങ്ങളുടെ കുടുംബപരവും സാമൂഹികവും സാമ്പത്തികവും കലാപരവും കായികവിനോദ പരവുമായ പ്രശ്നങ്ങളുടെ പരിഹാരാർത്ഥം ഞാനെന്നെ പൂർണ്ണ മായും അർപ്പിച്ചു; എന്റെ സകല കഴിവുകളും പരമാവധി ഉഴിഞ്ഞു വയ്ക്കുകയും ചെയ്തു. ഇടവക വികാരിയെന്ന നിലയിൽ സ്വാധീനം പ്രയോഗിച്ചു് എന്റെ രാഷ്ട്രീയാഭിപ്രായം ഒരൊററ വ്യക്തിയിലും കുത്തിക്കേററാൻ ഞാനിഷ്ടപ്പെട്ടില്ല. കോൺഗ്രസ്സു കാരെന്നോ മാർക്സിസ്റ്റുകാരെന്നോ കെ. ടി. പി. ക്കാരെന്നോ മറേറതെങ്കിലും പാർട്ടിക്കാരെന്നോ ഉള്ള ചിന്തകൂടാതെ എല്ലാ വരേയും എന്റെ മക്കളായി ഞാൻ കണ്ടു''.

അകത്തോലിക്കരുമായി ഇടപഴകുവാനും അവരെ സ്വാധീനിക്കുവാനും മാത്രമായി മതേതരപ്രസ്ഥാനങ്ങളിൽ വൈദികൻ കടന്നു ചെല്ലേണ്ടതില്ല. കാരണം തൻെറ പ്രധാന ലക്ഷ്യത്തിനു കോട്ടം തട്ടാതെ സൂക്ഷിക്കുക ആവശ്യമാണു്. പൊതു സംരംഭങ്ങളിലും ജനസേവനത്തിലും താല്പര്യം പ്രദർശിപ്പിക്കുകയും സഹകരിക്കുകയും ചെയ്യുക, ബിസിനസ്സുകാർ, പഞ്ചായത്തു് അല്ലെങ്കിൽ മുൻസിപ്പൽ അംഗങ്ങൾ, പോലീസുകാർ, ഡോക്ടർമാർ, ഇലക്ട്രിസിററി വിഭാഗക്കാർ, വക്കീലന്മാർ, ബ്ലോക്കു് ഓഫീസർമാർ, ഗ്രാമസേവകർ തുടങ്ങി വിവിധ ഉദ്യോഗസ്ഥവൃന്ദവുമായി ബന്ധപ്പെടുകയും അവരുമായി സഹകരിക്കുകയോ ഉപദേശം ആരായുകയോ ചെയ്യുന്നതും വൈദികൻെറ പ്രവർത്തനങ്ങളെ സുഗമമാക്കാൻ ഉപകരിക്കും.

അകത്തോലിക്കാ ഹൃദയങ്ങളെ സ്വാധീനിക്കാൻ പററിയ മററു ചില സന്ദർഭങ്ങളുണ്ടു്. ഇതിൽ ഏററം പ്രധാനം മൃതസംസ്ക്കാരവേളയാണു്. ശവസംസ്ക്കാരത്തോടനുബന്ധിച്ച അനുശോചന പ്രസംഗത്തിൽ ജീവൻെറയും മരണത്തിൻെറയും അർത്ഥത്തെ സംബന്ധിച്ച ഹൃദയസ്പർശകമായ വാക്യങ്ങൾ മൃതശരീരത്തിനു മുമ്പിൽ വച്ചു കേൾക്കുമ്പോൾ അതു് ഓരോ വ്യക്തിയുടേയും ആഴത്തിലേക്കിറങ്ങുക തന്നെ ചെയ്യും. കൂടാതെ, നൊവേന, കുരിശടികളിൽ നടത്തപ്പെടുന്ന വണക്കമാസം, പരസ്യമായ വേസ്പര, തിരുന്നാൾ പ്രസംഗങ്ങൾ തുടങ്ങിയവയും വിവേകപൂർവ്വം ഉപയോഗപ്പെടുത്തിയാൽ കൂടുതൽ ഫലം ചെയ്യും. ചുരുക്കത്തിൽ ഇടവകയുടെ കേന്ദ്രമായ പള്ളിയോടൊപ്പം കത്തോലിക്കരും അകത്തോലിക്കരുമായ എല്ലാ പ്രായക്കാരുടെയും ഹൃദയങ്ങളിൽക്കൂടി ദൈവാലയം പടുത്തുയർത്തുവാൻ വൈദികനു കഴിയണം. മുപ്പതുവയസ്സുള്ള ഒരു ഇടവക വൈദികൻ ഇത്തരത്തിലുള്ള തൻെറ വീക്ഷണം വളരെ വ്യക്തമായി പ്രകടിപ്പിച്ചു: ''ആർഭാടങ്ങളിൽ താല്പര്യമില്ല. വലിയ പള്ളിക്കെട്ടിടങ്ങളും സ്ഥാപനങ്ങളും നിർമ്മിക്കുന്നതിൽ മുഴുവൻ അർത്ഥം കാണുന്നില്ല. ആവശ്യത്തിനു വേണ്ടെന്നല്ല അതിനേക്കാൾ ഉപരിയായി മനുഷ്യമനസ്സുകളിൽ സ്ഥാപനം നിർമ്മിക്കുക; ദൈവാലയങ്ങളായി മനുഷ്യമനസ്സുകളെ രൂപപ്പെടുത്തുകയാണാവശ്യം. അപ്പോൾ എല്ലാം ആവും. അതിനു് വലിയൊരു ആത്മശോധനയും വിപുലമായൊരു അഴിച്ചു പണിയും അനിവാര്യമാണു്. അതിനു് തയ്യാറാവാത്തിടത്തോളം ഫലപ്രദമായി ഒന്നും ചെയ്യാനാവുമെന്നു് വിശ്വാസമില്ല''.

# 12 ക്ലേശകരമായ വൈദിക ജീവിതം

തകരുന്ന സ്വപ്നങ്ങൾ
വൈദികരും അസ്തിത്വ പ്രതിസന്ധിയിൽ
വിടവ് നികത്തുന്നു
വൈദിക വിമർശനത്തിൻെറ അതിപ്രസരം
അർഹമായ പ്രോത്സാഹനം നല്കുക
പ്രശ്നങ്ങൾക്ക മുമ്പിൽ പതറേണ്ടവനല്ല വൈദികൻ
ആത്മീയ വീക്ഷണം

---

സുഖദു:ഖ സമ്മിശ്രമായ ഈ ജീവിതം എല്ലാവർക്കും പ്രശ്നം നിറഞ്ഞതാണ്. നിത്യപട്ടിണിക്കാർ മുതൽ ഒന്നാംകിട കോടീശ്വരന്മാർ വരെ ഇതിൽ നിന്നും വിമുക്തരല്ല. സ്വാഭാവികമായി തന്നെ വൈദികൻെറ ജീവിതവും പ്രശ്നവിധേയമാണ്.

സാധാരണക്കാരേക്കാളുപരിയായി, വൈദികൻ ഇടവകയെന്ന വലിയ സമൂഹത്തിലും അതിനെ ആശ്രയിച്ചും കഴിയേണ്ടവനാണ്. സമൂഹജീവിതം പ്രശ്നം നിറഞ്ഞതാണ്. തെററിദ്ധാരണകളും അപശ്രുതികളും ചേരിതിരിവും വ്യക്തിവൈരാഗ്യവുമെല്ലാം അതിൽ നിരവധിയുണ്ടാകാം. പലപ്പോഴും സമൂഹത്തിൽ ബലിയാടായിത്തീരുന്നത് നിസ്സഹായനായ നേതാവായിരിക്കും. നിസ്വാത്ഥ സേവനത്തിനും ആത്മാർപ്പണത്തിനും പ്രതിഫലമായി ഒരു പക്ഷേ അയാൾക്ക് സമൂഹത്തിൽ നിന്നു ലഭിക്കുന്നത് കടുത്ത അവഗണനയും കയ്പേറിയ അനുഭവങ്ങളുമായിരിക്കാം. ഇടവക സമൂഹത്തിൻെറ നേതാവായ വൈദികൻെറ അനുഭവവും ഇതിന് അപവാദമല്ല.

## തകരുന്ന സ്വപ്നങ്ങൾ

പൗരോഹിത്യത്തെക്കുറിച്ച് സുന്ദര സ്വപ്നങ്ങളും, തൻെറ വീക്ഷണത്തിനനുസരിച്ച പ്രവത്തന പദ്ധതികളുമായി, ഉൽക്കടമായ ആവേശത്തോടും തികഞ്ഞ ആത്മാത്ഥതയോടും വദ്ധിച്ച തീക്ഷ്ണതയോടും കൂടി സെമിനാരിയിൽ നിന്ന് ഇടവകയിലേക്കിറങ്ങുന്ന പല വൈദികർക്കും കാലവിളംബമന്യേ നിരാശപ്പെടുത്തുന്ന അനുഭവങ്ങളാണ് പലപ്പോഴും ഉണ്ടാകുക,

അറിവും ജീവിതാനുഭവവും തമ്മിലുള്ള വൈവിധ്യം ഇതിനൊരു പ്രധാനകാരണമാവാം. സമൂഹ പ്രവർത്തനത്തിന്റെ ഗതിവിഗതികളെ മനസ്സിലാക്കാൻ ഏററം ആവശ്യമായിരിക്കുന്നത് അനുഭവജ്ഞാനമാണ്. അനുഭവത്തിൽ നിന്നു പഠിച്ച് ജീവിതത്തെ മെച്ചപ്പെടുത്താനുള്ള രീതികളെക്കുറിച്ചു ചിന്തിക്കുന്നതിനു പകരം, 'ഇത്തരത്തിലായിരിക്കും വൈദിക ജീവിതമെന്ന്' ഒരിക്കലും താൻ പ്രതീക്ഷിച്ചിരുന്നില്ല എന്ന പ്രതികരണമാണ് പലരിൽ നിന്നും ബഹിർഗമിക്കുക. തന്റെ 'വിധിയായി', 'മടയത്തരമായി', 'നിവൃത്തികേടിന്റെ പരിണതഫല' മായി അതിനെ പിന്നീടു കാണാനും അങ്ങനെ ജീവിതം നിരാശാജനകവും പരാജയ പൂർണ്ണവുമാക്കാനും പലർക്കും ഇടവരുന്നു.

## വൈദികരും അസ്തിത്വ പ്രതിസന്ധിയിൽ

കച്ചവടമനസ്ഥിതിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ആധുനിക യന്ത്രവൽകൃത ലോകത്തിന്റെ പ്രത്യേക പ്രതിഭാസമാണ് അസ്തിത്വ പ്രതിസന്ധി. വൈദികരും ഇതിൽ നിന്നു വിമുക്തരല്ല. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം അസ്തിത്വത്തിന്റെയും പ്രസക്തിയുടെയും മൂല്യത്തിന്റെയും പ്രതിസന്ധികൾ വൈദികലോകത്തെ വളരെയേറെ ബാധിക്കുന്നുണ്ട്. പ. പിതാവ് പോൾ ആറാമൻ പാപ്പായുടെ ഭരണകാലത്തു തന്നെ ഏതാണ്ടു മുപ്പതിനായിരത്തിലധികം വൈദികരെ പൗരോഹിത്യം ഉപേക്ഷിക്കാൻ അനുവദിക്കേണ്ടിവന്നു[1]. അതിനുശേഷം അല്മായ പദവിയിലേക്കു തിരിച്ചുപോകാനുള്ള അനുവാദത്തിനായി ആയിരക്കണക്കിനു വൈദികരുടെ അപേക്ഷകൾ വത്തിക്കാനിൽ ലഭിച്ചുകൊണ്ടിരിക്കയാണ്[2]. വൈദികനായശേഷം, താൻ തെരഞ്ഞെടുത്ത ജീവിതാന്തസ്സിനെക്കുറിച്ച് പശ്ചാത്തപിക്കുന്നവർ ഇന്ന് എത്ര അധികമാണ്! പൗരോഹിത്യത്തെക്കുറിച്ചുള്ള മൂല്യത്തകർച്ചയും, വൈദികരോട് ജനങ്ങളുടെ പെരുമാററത്തിൽ ഇന്നു സംജാതമാകുന്ന വലിയ വ്യതിയാനവും ഇതിനു കാരണങ്ങളാകുന്നുണ്ട്.

## വിടവ് നികത്തുന്നു

വൈദികർക്കും അല്മായർക്കുമിടയിൽ മുമ്പുണ്ടായിരുന്ന വലിയ വിടവ് ഇന്നു നികന്നു വരികയാണ്. അടുത്തകാലം

1 കാർമ്മൽ, ഏപ്രിൽ 1980, പേജ് 164.

2 സത്യദീപം, ജൂലൈ 16, 1980, P.9,

വരെ ത്രെന്തോസ് സൂനഹദോസിന്റെ പൗരോഹിത്യത്തെക്കുറിച്ചുള്ള വിശദീകരണമായിരുന്നു കത്തോലിക്കാ സഭയിൽ നിലവിലിരുന്നതെങ്കിൽ, രണ്ടാം വത്തിക്കാൻ കൗൺസിലും തുടർന്നുള്ള ദൈവശാസ്ത്ര വിശദീകരണങ്ങളും പൊതു പൗരോഹിത്യത്തിന്റെ ഔന്നത്യത്തെയാണ് അവതരിപ്പിക്കുന്നത്. അതേസമയം, കൂദാശകൾ പരികർമ്മം ചെയ്യുവാനും ബലിയർപ്പിക്കാനും അധികാരമുള്ള 'ഉന്നതസ്ഥാനികനായ' വൈദികനെ ഇന്നു ശുശ്രൂഷകനായി ചിത്രീകരിക്കുന്നു. ഉയന്ന പദവിയിലുള്ള ഒരുവനു പെട്ടെന്നു തരം താഴ്ത്തപ്പെടുന്നതായി അനുഭവപ്പെട്ടാൽ പുതിയ സാഹചര്യത്തോടിണങ്ങുക ക്ലേശകരമാണല്ലൊ.

അല്മായരുമായി താരതമ്യപ്പെടുത്തുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ വൈദികർക്കു മുമ്പുണ്ടായിരുന്ന ഉന്നതസ്ഥാനവും, തൽഫലമായി ഉളവായിരുന്ന സ്വാധീനവും ഇന്നു വളരെ കുറഞ്ഞിരിക്കുകയാണ്. (ചില മിഷൻ കേന്ദ്രങ്ങൾ ഇതിനു് അപവാദമായിരിക്കാം.) സെമിനാരി പരിശീലനം മാത്രം സിദ്ധിച്ച സാധാരണ വൈദികൻ അമ്പതു വർഷങ്ങൾക്കു മുമ്പ് സ്ഥലത്തെ ഏറ്റം വിദ്യാസമ്പന്നനായിരുന്നു. ഉപദേശകനും അദ്ധ്യാപകനും മന:ശാസ്ത്രജ്ഞനും സാമൂഹ്യ പ്രവർത്തകനുമെല്ലാം പണ്ടു വൈദികനായിരുന്നെങ്കിൽ അവയിലെല്ലാം ഇന്നു് അല്മായർ കൂടുതൽ ശോഭിക്കുന്നുണ്ട്. ആദ്ധ്യാത്മിക കാര്യങ്ങളൊഴിച്ച് ബാക്കി പലതിലും പ്രമുഖരായ അല്മായരുടെയെങ്കിലും ഉപദേശം വൈദികനു് തേടേണ്ടിവന്നിരിക്കുന്നു. ആരാധനാക്രമത്തിലും ഇടവകയുടെ നടത്തിപ്പിലും, ആശുപത്രി, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഭരണകാര്യങ്ങളിലും അല്മായർക്കു കൂടുതൽ പ്രാതിനിധ്യം ലഭിച്ചു വരികയാണ്. അതിനാൽ മുൻകാലത്തെ സ്വേച്ഛാധിപത്യ മന:സ്ഥിതി ഇന്നും വച്ചുപുലർത്തുവാൻ ആഗ്രഹിക്കുന്ന വൈദികർക്കു് കൂടുതൽ പ്രശ്നങ്ങൾ അഭിമുഖീഭവിക്കുന്നു.

## വൈദിക വിമർശനത്തിന്റെ അതിപ്രസരം

ആധുനിക ജീവിത സാഹചര്യങ്ങളും,. ധാർമ്മിക മൂല്യങ്ങളിലെ വിലയിടിവും, വാർത്താ വിനിമയോപാധികൾ, പരസ്യങ്ങൾ, കലകൾ തുടങ്ങിയവയിലെ സെക്സ് മേധാവിത്വവും ബ്രഹ്മചര്യം വിശ്വസ്തതയോടെ പുലർത്തുന്നതിനു് ഒരുവനു പ്രതികൂലമാകുന്നുണ്ട്. അതിനാൽ ഇന്നത്തെ വൈദികനിൽ

കഴിഞ്ഞ കാലങ്ങളേക്കാൾ കൂടുതൽ വീഴ്ച സംഭവിക്കാൻ സാദ്ധ്യതയുണ്ട്. എന്നാൽ ഇക്കാര്യത്തിൽ പരിഗണനാർഹമായ ചില സംഗതികളുണ്ട്. മുൻകാലങ്ങളേക്കാൾ ഇന്നു വൈദികരുടെ എണ്ണം വളരെ വിപുലമാണ്. അതിൽ ന്യൂനപക്ഷം മാത്രമേ പൗരോഹിത്യം ഉപേക്ഷിക്കുന്നതിനു് അപേക്ഷിക്കുകയോ, ധാർമ്മിക ധ:പതനത്തിനു് വശംവദരാകയോ ചെയ്യുന്നുള്ളു. എന്നാൽ അവയെ ഊതിവീർപ്പിച്ച് 'പരസ്യപ്പെടുത്താനും, അത്തരം ചിലരുടെ മാത്രം തെറ്റുകൾ വൈദികരിൽ പൊതുവായി ആരോപിക്കാനും പ്രതിലോമ ശക്തികൾ എന്തിനു്, കത്തോലിക്കാ തറവാടിത്തമുണ്ടെന്നഭിമാനിക്കുന്നവർ തന്നെ, കിണഞ്ഞു ശ്രമിക്കുന്നുണ്ട് എന്നതു വാസ്തവമല്ലേ? ളോഹയിട്ട് ഒരു വൈദികനെ തെരുവീഥിയിൽ കണ്ടാൽ പുച്ഛത്തോടെ സംസാരിക്കുന്ന ചെറുപ്പക്കാരെയും, മുതിർന്ന കത്തോലിക്കരെത്തന്നെയും കാണാറില്ല? സഭാംഗങ്ങൾ തന്നെ തങ്ങളുടെ വൈദികരെക്കുറിച്ച് വിലയിടിച്ചു സംസാരിക്കാൻ മടിക്കാറില്ല.

വൈദിക വിമർശനം എന്നത്തേക്കാളേറെ വർദ്ധിച്ചുവരികയാണിന്നു്. തങ്ങളുടെ നാവിൽ നിന്നുയരുന്ന ഏതു രൂക്ഷവിമർശനവും വൈദികൻെറ മുഖത്തു നോക്കി തുറന്നടിക്കാൻ ഇന്നു പലർക്കും മടിയില്ല. സഭാ സംവിധാനത്തോടോ, ഇടവകയിലെ ഏതെങ്കിലും വിഭാഗത്തോടോ ഉള്ള എതിർപ്പ് ചിലർ പ്രകടിപ്പിക്കുന്നതു് നിരപരാധികളായ വൈദികരെ കൈയേറ്റം ചെയ്തുകൊണ്ടാണ്. ദൈവാലയ ധ്വംസനവും വൈദികാക്രമണവും വർദ്ധിച്ചുവരുന്നതിനാൽ രാത്രികാലങ്ങളിൽ പള്ളിമുറിയിൽ ഒററയ്ക്കു താമസിക്കുവാൻ പല വൈദികരും ഭയപ്പെടുന്നുണ്ട്.

വൈദികനിലെ നന്മകളേക്കാളുപരി ന്യൂനതകളെ പർവ്വതീകരിച്ചു കാണിക്കാനാണ് പലർക്കും വാസന. പ്രായമായൊരു വൈദികൻ വികാരിയായി വന്നാൽ വിശ്വാസികൾ പറയും: 'ഈ കിളവനെ വേണ്ട; ചെറുപ്പക്കാരനെ മതി'. ചെറുപ്പക്കാരൻ വന്നാൽ ആരോപണം മറെറാന്നാകും: 'അങ്ങേർക്കു സംഗീത വാസനയില്ല', അല്ലെങ്കിൽ 'പ്രസംഗചാതുര്യമില്ല', അതുമല്ലെങ്കിൽ 'സംഘടിപ്പിക്കാൻ കഴിവില്ല'. നിസ്സാരകാര്യങ്ങൾ — അവ ശരിയോ തെറേറാ എന്നു തിരക്കാൻപോലും ക്ഷമാശക്തിയില്ലാതെ — ഊതിവീർപ്പിച്ച് വലിയ തെററുകളാക്കി 'മാസ്' പെററീഷനുമായി' മെത്രാസനക്കച്ചേരി കേറാൻ വേറൊരു വിഭാഗം 'തീഷ്ണതയേറിയ സത്യക്രിസ്ത്യാനി'കളുണ്ടാകും. ഓരോരുത്തനും അവനവൻേറതായ കഴിവുകളും കഴി

വുകേടുകളും, ബലവും ബലഹീനതകളും, ശൈലിയും ശൈലീ ഭംഗങ്ങളും കാണും. വൈദികനെ അനുഭാവത്തോടെ കാണാനും അദ്ദേഹത്തിലെ നന്മകളെ വിലമതിക്കാനും അധികാര അധീന വിഭാഗമൊന്നും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. അപ്പോൾ തൻെറ വ്യക്തിത്വത്തിൻെറ വില ഇടിയുന്നതായി, താൻ സമൂഹത്തിനു വേണ്ടാത്തവനായി പല വൈദികർക്കും അനുഭവപ്പെടുന്നെങ്കിൽ അതിശയിക്കാനെന്തിരിക്കുന്നു!

പത്തിരുപത്തു വർഷങ്ങൾക്കുമുമ്പ് വൈദികനെ കുററം പറയുന്നതു വലിയ തെററായി കണക്കാക്കപ്പെടുകയും അതിൽനിന്നു കുട്ടികളെ പിന്തിരിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ, ഇന്നു ക്രൈസ്തവ ഭവനങ്ങൾ വൈദിക വിമർശനത്തിൻെറ വേദികളാണ്. വൈദികനെ ദിവ്യപുരുഷനെന്നതിനേക്കാൾ, രാഷ്ട്രീയ നേതാക്കളെപ്പോലെ കാണാനും കുററം പറയാനും, ഇഷ്ടപ്പെടാത്തപക്ഷം താറടിച്ചു കാണിക്കാനും മടിക്കാത്തതിനാൽ അദ്ദേഹത്തോടുള്ള ബഹുമാനം പൊതുവെ, പ്രത്യേകിച്ച് വരും തലമുറയിൽ കുറഞ്ഞുവരുന്നു. ദൈവവിളി കുറയുകയും വൈദികനെ എപ്പോഴും വിമർശനബുദ്ധ്യാ നിരീക്ഷിക്കുകയും ചെയ്യുന്നെങ്കിൽ അതിൻെറ കാരണം ഈ പ്രത്യേകതയല്ലേ? വിമർശനത്തെക്കാളുപരി അദ്ദേഹത്തിലെ നല്ല വശങ്ങളെയും അദ്ദേഹം പറയുന്ന നല്ല കാര്യങ്ങളേയും വിലയിരുത്തുവാനുള്ള വേദികളാകണം ഭവനങ്ങൾ. തെററുകൾ അദ്ദേഹത്തിലും കാണും. അവയെ ആത്മാർത്ഥതയോടും സ്നേഹത്തോടും കൂടി രഹസ്യമായി തിരുത്തിക്കൊടുക്കുവാൻ അല്മായർ സന്നദ്ധരാകണം. യേശു തൻെറ ശിഷ്യരോടുപദേശിച്ചതു് തെററു ചെയ്യുന്നവരെ ഉടനെ പരസ്യമായി പരിഹസിക്കാനോ ക്രൂശിക്കാനോ അല്ല: ''നിൻെറ സഹോദരൻ തെററു ചെയ്യുന്നെങ്കിൽ നീയും അവനും മാത്രമായിരിക്കുമ്പോൾ പോയി ആ തെററ് അവനു് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുക'' [3]. അങ്ങനെ വൈദികനെ സ്വന്തം സഹോദരനായി, കുടുംബത്തിലെ ഒരംഗമായി കാണാൻ ഇട വരണം.

## അർഹമായ പ്രോത്സാഹനം നല്കുക

വേണ്ടത്ര പ്രോത്സാഹനം വൈദികനു് ഇന്നു ലഭിക്കുന്നില്ല എന്നതു് ഒരു യാഥാർത്ഥ്യമാണ്. പൗരോഹിത്യത്തിൻെറ മോഹന സ്വപ്നങ്ങളും സുന്ദര പ്രതീക്ഷകളുമായി വൈദികജീവിത

3 മത്തായി 18;15

ത്തിലേക്ക കാൽകുത്തി എത്താനും നാളുകാംക്കകം സ്വീകരണ ങ്ങളും, തിരുക്കർമ്മങ്ങളിൽ കാർമ്മികത്വം വഹിക്കന്നതിലുള്ള പുതുമയും പോയ്മറയുന്നു. തന്റെ പ്രതീക്ഷകാംക്കനുസരിച്ച പുതിയ പദ്ധതികളുമായി രംഗപ്രവേശനം ചെയ്യുമ്പോഴുണ്ടാകാ വുന്ന പ്രശ്നങ്ങളും പരാജയവും പലരേയും ഭഗ്നാശരാക്കന്നു. സൽഫലമുണ്ടെങ്കിൽതന്നെ അവ പലപ്പോഴും അദൃശ്യമായിരി ക്കാം. പല പദ്ധതികളും കാലാന്തരത്തിൽ മാത്രം നന്മ പുറപ്പെ ടുവിക്കന്നവയാകാം. വൈദികനോടു നന്ദിപറയാൻ ആരും സന്മനസ്സു കാണിച്ചെന്നു വരില്ല. പ്രോത്സാഹനത്തിനും സഹ കരണത്തിനും പകരം സംശയത്തോടെയുള്ള വീക്ഷണവും വിമ ർശനവുമാകാം പലയിടത്തുനിന്നും ഉണ്ടാകുക. തന്റെ സർഗ്ഗ ശക്തിയിലും കഴിവിലും വിശ്വാസം നഷ്ടപ്പെടാൻ പലർക്കും ഇതു കാരണമാകാം. സ്വന്തം പ്രശ്നങ്ങൾ പങ്കുവയ്ക്കാനും, തന്നെ അനുമോദിക്കാനും പ്രതിസ്നേഹം പ്രകടിപ്പിക്കാനും മാനുഷിക നിലയിൽ നോക്കുമ്പോൾ, സ്വന്തമായൊരു ജീവിത പങ്കാളി യില്ലാത്ത വൈദികന് ജീവിതം വിരസമായും അർത്ഥശൂന്യ മായും അനുഭവപ്പെട്ടില്ലെങ്കിലേ അതിശയിക്കാനുള്ളു. ഇവിടെ യാണു്, അല മായരുടെയും അധികാരികളുടെയും ഭാഗത്തുനി ന്നു് വൈദികനെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാകുന്നതു്.

വിവിധ മാർഗ്ഗങ്ങളിലൂടെ വൈദികനു പ്രോത്സാഹനമരുള വാൻ കഴിയും. അദ്ദേഹത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരു ന്നാളിൽ ഇടവകാംഗങ്ങൾ പൊതുസമ്മേളനം വഴി അദ്ദേഹത്തെ അനുമോദിക്കുകയും അദ്ദേഹത്തിനു് മംഗളങ്ങൾ നേരുകയും ചെയ്യുക, അന്നേദിവസം അദ്ദേഹത്തോടുള്ള ബഹുമാന സൂചക മായി കലാപരിപാടികൾ നടത്തുക, ഇടവകദിനം ആഘോ ഷിക്കുമ്പോൾ വികാരിയുടെ സേവനങ്ങളെ ക്രിയാത്മകമായി വിലയിരുത്തുക, ഇടവകയിൽനിന്നു യാത്രപറഞ്ഞു പിരിയുന്ന അവസരത്തിൽ അദ്ദേഹത്തെ സന്തോഷത്തോടെ യാത്രയാക്കുക, പുതുതായി വരുന്ന വൈദികനെ സ്നേഹപൂർവ്വം സ്വീകരിക്കുക, കുടുംബ പ്രാർത്ഥനയിൽ അദ്ദേഹത്തിനും ഇടവകയുടെ അഭിവൃ ദ്ധിയ്ക്കും വേണ്ടിക്കൂടി പ്രാർത്ഥിക്കുക തുടങ്ങിയവ ചില ഉദാഹര ണങ്ങളാണു്.

## പ്രശ്നങ്ങൾക്കു മുമ്പിൽ പതറേണ്ടവനല്ല വൈദികൻ

പ്രശ്നങ്ങളും ബുദ്ധിമുട്ടുകളുമില്ലാത്ത ജീവിതാന്തസ്സില്ല. ഒരു വൻ എത്ര ഉയർന്ന നിലവാരത്തിൽ കഴിയുന്നുവോ അത്രയ്ക്കു്

അവൻെറ ജീവിതം പ്രശ്നപൂർണ്ണമാകാനാണ സാധ്യത. ഒരു വൈദികനും എല്ലാപ്പോഴും ഒരുപോലെ ആദരിക്കപ്പെട്ടിട്ടില്ല. ഏതു നല്ല മനുഷ്യൻെറ ജീവിതത്തിലും വ്യക്തിപരമോ സാമൂഹ്യമോ ആയ പ്രശ്നങ്ങഠം ഉണ്ടാകുകതന്നെ ചെയ്യും. നല്ല ഉദ്യമങ്ങഠംക്കുപോലും പ്രതിബന്ധം ഉണ്ടായെന്നു വരും. അതിനിടയിലും ശക്തിയാർജ്ജിച്ചു വരുമ്പോഴാണ് വ്യക്തികളും പ്രസ്ഥാനങ്ങളും കരുത്തുററവയും ഓജസ്സുള്ളവയുമാകുന്നത്. ആദിമ സഭയുടെ വിശ്വാസസ്ഥിരതയ്ക്കും അസൂയാർഹമായ വളർച്ചയ്ക്കും പ്രധാന നിദാനമായതു് അന്നത്തെ മതമർദ്ദനങ്ങളാണെന്നു പറയാം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങഠം, മതസ്വാതന്ത്ര്യം തുടങ്ങിയ മൗലികാവകാശങ്ങഠംക്കുവേണ്ടി പടപൊരുതേണ്ടി വരുമ്പോഠം സഭ കൂടുതൽ സംഘടിതവും ശക്തിയാർജ്ജിച്ചതുമായി കാണപ്പെടാറുണ്ടു്. ചിന്തിക്കാനും പഠിക്കാനും പ്രാത്ഥിക്കുവാനും, പലരെയും പ്രേരിപ്പിക്കാറുണ്ട് ജീവിത പ്രശ്നങ്ങഠം. മഹാന്മാരെപ്പോലെ പ്രശ്നങ്ങഠംക്കും പ്രതിസന്ധികഠംക്കുമിടയിൽ നന്മ കൈവരിക്കാൻ നമുക്കു കഴിയണം.

പ്രശ്നങ്ങളില്ലാത്ത വൈദികജീവിതം അസാദ്ധ്യമെങ്കിലും ജീവിതത്തോടുള്ള ശരിയായ മനോഭാവം പ്രശ്നങ്ങഠംക്കിടയിലും സൗഭാഗ്യം പകരാൻ പോരുന്നവയാണ്. പൗരോഹിത്യത്തിലൂടെ ക്രിസ്തുവിൻെറ പ്രതിനിധിയും ആദ്ധ്യാത്മികപിതാവുമായ താൻ വിമർശിക്കപ്പെടാൻ പാടില്ല എന്നു ചിന്തിക്കുന്നതു ശരിയല്ല. ഇസ്രായേൽ ജനങ്ങളുടെ ചിര പ്രതീക്ഷയായ മിശിഹാ നന്മകഠം മാത്രം ചെയ്തുകൊണ്ട് ലോകത്തിലേയ്ക്കു കടന്നുവന്നപ്പോഠം അദ്ദേഹത്തെ തെററിദ്ധരിച്ചവരും, അവിടുത്തേക്കെതിരെ കള്ളസാക്ഷ്യം നല്കിയവരും അനവധിയായിരുന്നു. അദ്ദേഹത്തെ കല്ലെറിയാനും വധിക്കാനും ലോകം പല പ്രാവശ്യം പരിശ്രമിച്ചു. അധികാരികഠം യേശുവിനെ വിമർശനബുദ്ധ്യാ വീക്ഷിക്കുകയും, കാര്യങ്ങഠം വസ്തുനിഷ്ഠമായി പഠിക്കാതെ ശിക്ഷിക്കുകയുമാണുണ്ടായതു്. സ്വന്തം കുരിശെടുത്തു് യേശുവിനെ പിഞ്ചെല്ലുന്ന വൈദികനെ സഹായിക്കാനും ആശ്വസിപ്പിക്കാനും അദ്ദേഹത്തിൻെറ സേവനഫലമായ മംഗലനമറിയവും കൂട്ടരും സൈറീൻകാരൻ ശിമയോനും മാത്രമേ കണ്ടെന്നു വരൂ. തൻെറ വീക്ഷണഗതിയും ആത്മാർത്ഥതയും സത്യസന്ധതയും മനസ്സിലാക്കാതെ തന്നെ ക്രൂശിക്കുന്നവരെ നോക്കി 'പിതാവേ, ഇവർ ചെയ്യുന്നതെന്തെന്നു് ഇവർ അറിയുന്നില്ല; ഇവരോടു ക്ഷമിക്കേണമേ' എന്നു് യേശുവിനോടു ചേർന്നു പ്രാത്ഥിക്കാൻ കഴിഞ്ഞാൽ അതെത്ര ആശ്വാസ

കരമായിരിക്കും. യേശു അനുഭവിച്ചതിലധികമായ നിന്ദനവും പീഡനവും അപമാനവും ഒരു വൈദികനും സഹിക്കേണ്ടിവരുമെന്നു പ്രതീക്ഷിക്കാനില്ല. യേശു തന്റെ ശിഷ്യന്മാർക്ക് വാഗ്ദാനം ചെയ്തതും കുരിശുകൾ മാത്രമാണ്. ചെന്നായ്ക്കളുടെ ഇടയിലേയ്ക്ക് ചെമ്മരിയാടുകളെ എന്നപോലെയത്രേ[4] അവിടുന്ന് അവരെ സുവിശേഷവേലയ്ക്കയച്ചത്. എന്നാൽ യേശുവിനോ അവിടുത്തെ സുവിശേഷത്തിനോ വേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ നിത്യജീവൻ നേടുമെന്ന് അവിടുന്നു വാഗ്ദാനം ചെയ്യുന്നു[5].

വിമർശനങ്ങളെ ക്രിയാത്മകമായെടുക്കാൻ വൈദികനു കഴിയണം. ഒരുവനും സർവ്വജ്ഞാനിയല്ല. ജനാധിപത്യ വ്യവസ്ഥിതിയുടെ ഇക്കാലത്ത് ജനങ്ങളുമായി ആലോചിക്കുകയും തെററിദ്ധാരണകൾ നീക്കുകയും, നിസ്സാര പണമിടപാടുകളിൽപ്പോലും വിശ്വസ്തത തെളിയിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ക്രിയാത്മകമായ വിമർശനങ്ങളെ സ്വാഗതം ചെയ്യണം. തെററു തെററാണെന്ന് അംഗീകരിക്കാനുള്ള എളിമയും, നല്ല ആശയങ്ങളെ വിലമതിക്കാനും അവയ്ക്കു നന്ദിപറയുവാനുമുള്ള ഹൃദയവിശാലതയും ഇന്നാവശ്യമാണ്. നശീകരണ വിമർശനങ്ങൾക്കു മുമ്പിൽ നിയന്ത്രണം വിട്ടുപെരുമാറാതെ അവയ്ക്കു പ്രേരകമായി ഭവിച്ച അടിസ്ഥാനകാരണങ്ങളെ കണ്ടുപിടിക്കാൻ ശ്രമിക്കണം. ഇടവകയിലെ ഭിന്നിപ്പോ, ചില സജീവ പ്രവർത്തകരോടുള്ള വിദ്വേഷമോ, പുതിയ പദ്ധതികളെപ്പററിയുള്ള തെററിദ്ധാരണകളോ മൂലമാകാം വിമർശനങ്ങൾ ഉയരുക.

## ആത്മീയ വീക്ഷണം

അജപാലന രംഗത്തെ പ്രശ്നങ്ങളെ എപ്രകാരം വീക്ഷിക്കണമെന്ന് ഫാ. മാത്യു വില്ലുന്താനം നല്കുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക: "പുരോഗമനോന്മുഖമായ ഈ കാലഘട്ടത്തിൽ, വൈദികർ ഒരനാവശ്യമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഇന്നത്തെ ലോകത്തിന് വൈദികന്റെ ആവശ്യം തന്നെ അനുഭവപ്പെടുന്നില്ല. പലരും അവരെ സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുക. മിക്കപ്പോഴും അവർ തെററിദ്ധാരണകൾക്കും ദുരാരോപണങ്ങൾക്കും വിഷയീഭവിക്കുന്നു. അതിനാൽ സമൂഹത്തിലെ തങ്ങ

4 മത്തായി 10:16
5 മർക്കോസ് 8:35

ളുടെ ദൗത്യത്തിൻെറയും പങ്കാളിത്തത്തിൻെറയും പ്രാധാന്യത്തെ ക്കറിച്ച് ഉറച്ച ബോധ്യമില്ലെങ്കിൽ ഏകാന്തതയും അസംതൃപ്തിയും വൈദികർക്കനുഭവപ്പെടുവാൻ സർവ്വ സാദ്ധ്യതയുമുണ്ട്[6].

ആത്മീയമായൊരു വീക്ഷണത്തോടെ ജീവിതപ്രശ്നങ്ങളെ വിലയിരുത്തുമ്പോഠം മനഃക്ലേശത്തേക്കാളേറെ ആത്മസംതൃപ്തിയാകും വൈദികനുണ്ടാകുക. അജപാലന മണ്ഡലത്തിൽ അദ്ദേഹം മാത്രമല്ല വേല ചെയ്യുന്നത്. ''എന്നെക്കൂടാതെ നിങ്ങഠംക്കൊന്നും ചെയ്യാൻ സാധിക്കില്ല'' (യോഹന്നാൻ 15: 5) എന്നു പറഞ്ഞ ക്രിസ്തുനാഥൻെറ ഉപകരണം മാത്രമാണ് വൈദികൻ. അദ്ദേഹത്തിലൂടെ ദൈവത്തിൻെറ അരൂപി പ്രവർത്തിക്കുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. കോറിന്തിലെ സഭയെക്കുറിച്ച് വി. പൗലോസ് എഴുതി, ''ഞാൻ നട്ടു; അപ്പോളോ നനച്ചു; എന്നാൽ, ദൈവമാണു വളർത്തിയത്.'' അദ്ദേഹം തുടരുന്നു, ''അതുകൊണ്ട്, നടുന്നവനോ നനയ്ക്കുന്നവനോ അല്ല പ്രാധാന്യം, വളർത്തുന്നവനായ ദൈവത്തിനത്രേ''[7]. അവിടുത്തെ ഹിതാനുവർത്തികളാകുന്നവർക്ക് പീഡനങ്ങളുണ്ടാകുമെന്ന് വി. ഗ്രന്ഥം തന്നെ മുന്നറിയിപ്പു നല്കുന്നുണ്ട്. യേശുക്രിസ്തുവിനോട് ഐക്യപ്പെട്ട് വിശുദ്ധജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും''[8]. എന്നാൽ യേശു പറയുന്നു, '' ഞാൻനിമിത്തം മനുഷ്യർ നിങ്ങളെ അവഹേളിക്കയും പീഡിപ്പിക്കയും എല്ലാവിധ തിന്മകളും നിങ്ങഠംക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോഠം നിങ്ങഠം ഭാഗ്യവാന്മാർ. നിങ്ങഠം ആനന്ദിച്ചാഹ്ളാദിക്കുവിൻ; എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങഠംക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെ അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്''[9]. വി. അപ്പസ്തോലനോടു ചേർന്നുകൊണ്ട് ആധുനിക വൈദികർക്കും പറയാൻ കഴിയണം: ''ഞങ്ങഠം എല്ലാ വിധത്തിലും പീഡിപ്പിക്കപ്പെടുന്നു; എങ്കിലും തകർക്കപ്പെടുന്നില്ല. വിഷമിപ്പിക്കപ്പെടുന്നു; എങ്കിലും ഭഗ്നാശരാകുന്നില്ല. ദ്രോഹിക്കപ്പെടുന്നു; എങ്കിലും പരിത്യക്തരാകുന്നില്ല. അടിച്ചു വീഴ്ത്തപ്പെടുന്നു; എങ്കിലും നശിപ്പിക്കപ്പെടുന്നില്ല''.[10]

6 Ex-alumni Column, *Caritas*, Alwaye: 1973–74, pp. 158-159.
7 1 കൊറി, 3: 6–7
8 II തിമോ, 3:12
9 മത്തായി, 5: 11–12
10 II കൊറി, 4: 8–9

എന്നാൽ തികഞ്ഞ ആദ്ധ്യാത്മിക ചൈതന്യമുള്ളവർക്കേ ഇത്തരത്തിൽ പ്രശ്നങ്ങളെ കാണാൻ കഴിയൂ.

അജപാലനരംഗത്തെ ക്ലേശങ്ങൾക്കിടയിലും ആനന്ദ നിർവൃതി ഉളവാകുന്ന നിമിഷങ്ങൾ വൈദികജീവിതത്തിലുണ്ടാകും. ചില വൈദികർ രേഖപ്പെടുത്തിയ അനുഭവങ്ങൾ തന്നെ ഇതിനു് തെളിവാണു്.

''പിന്തിരിഞ്ഞു നോക്കുമ്പോൾ പൗരോഹിത്യം എനിക്കു കൂടുതൽ കൂടുതൽ ദുർഗ്രഹമായി തോന്നുന്നു. എന്റെ ഭാവനകളിൽ നിന്നും പ്രതീക്ഷകളിൽനിന്നും വളരെ അകലെയാണു് എന്റെ വൈദികജീവിതം. ചെയ്യണമെന്നാഗ്രഹിച്ചതു പലപ്പോഴും എനിക്കു ചെയ്യാൻ കഴിഞ്ഞിട്ടില്ല. ദരിദ്രരേയും പീഡിതരേയും സഹായിക്കുന്നതിനും സംഘടിപ്പിക്കുന്നതിനുമായി അവരെ ബോധവൽക്കരിക്കുമ്പോൾ അവർതന്നെയാണു് എന്നെ ഒഴിവാക്കാൻ ശ്രമിച്ചതു്. സുരക്ഷിതത്വവും സ്വാധീനവും എനിക്കു നഷ്ടപ്പെട്ടേക്കുമെന്ന ഭീതി എന്നെ അസ്വസ്ഥനാക്കുന്നു. എന്റെ തീക്ഷ്ണത വററിപ്പോകുന്നതായി എനിക്കനുഭവപ്പെടുന്നു. അനുദിന ദിവ്യബലിയിലും പ്രാർത്ഥനയുടെ നിശ്ശബ്ദ യാമങ്ങളിലും വീണ്ടും ഞാൻ ശക്തിയും ധൈര്യവും കണ്ടെത്തുന്നു.'' [11]

''ക്രിസ്തുവിന്റെ അജഗണമെന്ന നിലയിൽ ജനങ്ങളെ സേവിക്കുന്നതിൽ മുഴുവനായി തല്പരനായിരിക്കുന്ന വൈദികനു് തന്റെ പൗരോഹിത്യം കൂടുതൽ അർത്ഥഗർഭമായും ക്രിസ്തുവിനോടു പങ്കു ചേരുന്നതായും അനുഭവപ്പെടും. അങ്ങനെ പൗരോഹിത്യ ജീവിതത്തിൽ അദ്ദേഹം കൂടുതൽ സംതൃപ്തി കണ്ടെത്തും''. [12]

ചുരുക്കത്തിൽ വൈദികൻ തന്റെ പ്രശ്നം നിറഞ്ഞ ജീവിതത്തിൽ ആനന്ദവും സംതൃപ്തിയും കണ്ടെത്തുക ദൈവാനുഭവത്തിലൂടെയും ജനങ്ങളുടെ സംതൃപ്തിയിലൂടെയുമാണു്. ഇവ രണ്ടും സാധിച്ചാൽ അദ്ദേഹത്തിന്റെ ജീവിതം അർത്ഥപൂർണ്ണവും ആനന്ദസംദായകവുമാകും.

11 Fr. Sebastian Peruttil, 'The Mystery and Bliss of priesthood', *Caritas*, Alwaye: 1977. P. 132.

12 Fr. Jacob Illiparambil, 'Mission Work brings me Satisfaction', *Caritas*, Alwaye: 1974-75 pp 112-113.

# 13 ചില ആനുകാലിക പ്രശ്നങ്ങൾ

വൈദികൻ 'ഏകനായിരിക്കുന്നതു നന്നല്ല'
പ്രശ്നം സൃഷ്ടിക്കുന്നോ ബ്രഹ്മചര്യം?

---

വൈദിക ലോകത്തെ പ്രശ്നങ്ങൾ ഇന്നു നിരവധിയാണ്. കേരള പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഏകാന്തതയും മനംമടുപ്പും, കുശിനിക്കാരന്റെ അഭാവവും തുച്ഛവരുമാനവുമെല്ലാം വൈദികനു ചുററും പ്രശ്നങ്ങളുടെ വലയം സൃഷ്ടിക്കുന്നു. ഇത്തരം പ്രശ്നങ്ങളെല്ലാം വിശകലനം ചെയ്ത് അവയ്ക്ക് ഒററമൂലി കല്പിക്കുക ക്ഷിപ്രസാദ്ധ്യമല്ല. എങ്കിലും കൂടുതൽ പഠനത്തിനും പരിചിന്തനത്തിനും വേണ്ടി അവയുടെ നാനാവശങ്ങളെ അവതരിപ്പിക്കുവാനേ ഇവിടെ ഉദ്യമിക്കുന്നുള്ളു.

## വൈദികൻ 'ഏകനായിരിക്കുന്നതു നന്നല്ല'

ഏദൻ തോട്ടത്തിലെ മഞ്ജുള മോഹനമായ അന്തരീക്ഷത്തിൽ ആദാമിനനുഭവപ്പെട്ട ഏക പ്രശ്നം ഏകാന്തതയായിരുന്നു. ''മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല'' എന്ന് അപ്പോൾ ദൈവം കണ്ടു. അതിനാൽ അവനൊരു ജീവിത സഖിയെ അദ്ദേഹം നല്കി. മനുഷ്യന്റെ സാമൂഹ്യ സ്വഭാവം അങ്ങനെ ആദികാലം മുതൽ തന്നെ പ്രകടമാകുന്നുണ്ട്.

വൈദികനും 'ഏകനായിരിക്കുന്നതു നന്നല്ല'. പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ ഒററപ്പെടുമ്പോഴാണ് അദ്ദേഹത്തിന് മനംമടുപ്പും നിരാശയും അനുഭവപ്പെടുക. ജീവിതം നിരർത്ഥകമായി തോന്നാനും, പല അനാവശ്യ തഴക്കങ്ങളിലേക്കു വഴുതിവീഴാനും അതു കാരണമാകുന്നു. ഇന്നത്തെ സാഹചര്യം പലപ്പോഴും ഏകാന്തതയെ ദൂരീകരിക്കുവാൻ ബുദ്ധിമുട്ടുളവാക്കുന്നതാണ്. നമ്മുടെ ചില ദൈവാലയങ്ങളെങ്കിലും ജനസമ്പർക്ക

ത്തിനു ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലാണ് സ്ഥാപിതമായിട്ടുള്ളത്. ജനങ്ങൾ അധികം അധിവസിക്കാത്ത സ്ഥലങ്ങളിലോ, കുന്നിൻ പുറങ്ങളിലോ, ഇടവകാതിർത്തിയുടെ ഏതെങ്കിലും കോണിലോ ആകാം ദൈവാലയം. അങ്ങനെയെങ്കിൽ പ്രകൃതിദത്തമായി ത്തന്നെ ജനസമ്പർക്കം കുറയുന്നു. ആളുകൾക്ക് എളുപ്പം കടന്നു വരാൻ കഴിയുന്ന പള്ളികളിൽത്തന്നെ, ഭിക്ഷക്കാരും 'നക്കാപ്പിച്ച' പിരിവുകാരുമൊഴിച്ച് അധികമാരും അവിടെ തിരിഞ്ഞു കയറിയെന്നുവരില്ല. ഇന്നു പല വൈദികർക്കും ഒന്നു സംസാരിക്കാനോ അത്യാവശ്യ സഹായത്തിനോ കശിനിക്കാരൻ പോലുമില്ല. ചെറിയ ഇടവകകളിൽ ആത്മീയാവശ്യങ്ങൾക്കുപോലും അവരെ സമീപിക്കാൻ മിക്ക ദിവസവും ആരും ഉണ്ടാവില്ല. എന്നാൽ ജനങ്ങളെത്തേടി ഇറങ്ങാമെന്നു വച്ചാൽ ത്തന്നെ രാവിലെ എങ്ങനെ ഭവന സന്ദർശനത്തിനിറങ്ങും? കാരണം, അപ്പോഴേയ്ക്കും ഭവനങ്ങളിലെ മുതിർന്നവർ തൊഴിലിനും കുട്ടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പോയിരിക്കും. അതുമല്ലെങ്കിൽ, കഠിനമായ സൂര്യതാപമോ, ശക്തിയായ മഴയോ ഉണ്ടാകാം. അങ്ങനെ വരുമ്പോൾ നേരമ്പോക്കിനായി ചിലരെങ്കിലും 'തൊഴിലില്ലാപ്പാർട്ടികളെ' വിളിച്ച് അല്പം 'നിരത്താ'മെന്ന് (ചീട്ടുകളിക്കാമെന്ന്) വയ്ക്കുന്നു. അങ്ങനെ, കുടുംബത്തിനുവേണ്ടി അദ്ധ്വാനിക്കേണ്ട കായികശേഷിയുള്ള പൗരന്മാരെ അവർ അറിഞ്ഞോ അറിയാതെയോ അലസന്മാരാക്കുന്നു. മദ്യപാനം, പുകവലി, അമിതമായ പകലുറക്കം മുതലായ പല അനാവശ്യ ശീലങ്ങൾക്ക് ചില വൈദികരെയെങ്കിലും പ്രേരിപ്പിക്കുന്നത് വിരസതയാണെന്നു പറയാം.

ഈ വിഷയത്തിനു് ഒരു മറുവശം കൂടിയുണ്ട്. പലസ്ഥാപനങ്ങളിലും ഇടവകകളിലും സേവനമനുഷ്ഠിക്കുന്ന വൈദികർ– അവ വലുതോ ചെറുതോ ആയിക്കൊള്ളട്ടെ – എപ്പോഴും തിരക്കിട്ട ജോലിയിലായിരിക്കും. അവർക്കു ശരിക്കു വിശ്രമിക്കാൻ കൂടി സമയം കിട്ടാറില്ല. കാരണം മറ്റൊന്നുമല്ല; ഇവരിൽ പലരും പള്ളിമുറിയിൽത്തന്നെ കഴിയുവാൻ ഇഷ്ടപ്പെടുന്നവരല്ല. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു് അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ശ്രേയസ്സിനുതകുന്ന കർമ്മപരിപാടികൾക്കു നേതൃത്വം കൊടുക്കുന്നതിൽ അവർ ബദ്ധശ്രദ്ധരായിരിക്കും. ഭക്തസംഘടനാ പ്രവർത്തനങ്ങൾ, ഭവന സന്ദർശനം, കൗൺസിലിംഗ്, പ്രാർത്ഥനാ സമ്മേളനങ്ങൾ, കുടുംബയോഗങ്ങൾ തുടങ്ങി ആത്മീയാഭിവൃദ്ധിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലോ, സർക്കാരിന്റെയോ ഉപവി പ്രവർത്തകരു

ടെയോ സഹായത്തോടെ തൊഴിൽ കണ്ടെത്തൽ, ദാരിദ്ര്യോച്ചാടനം, ചേരി നിർമ്മാർജ്ജനം ഭവന നിർമ്മാണം, സെമിനാറുകൾ, വാസ്തു പദ്ധതികൾ തുടങ്ങിയ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലോ താല്പര്യമെടുക്കുന്ന വൈദികർക്ക് ഏകാന്തതയുടെ പ്രശ്നമേ ഉദിക്കുന്നില്ല. പകരം, ക്ലേശകരമെങ്കിലും ജീവിതം രസകരമായി സംതൃപ്തിദായകമായി അവർക്കനുഭവപ്പെടുന്നു.

## പ്രശ്നം സൃഷ്ടിക്കുന്ന ബ്രഹ്മചര്യം

വിവാദ വിഷയമായൊരു പ്രശ്നമാണ് വൈദികരുടെ ബ്രഹ്മചര്യം. വളരെ വിപുലമായ പഠനവും പരിചിന്തനവും ആവശ്യപ്പെടുന്ന വിഷയമാണിത്. എന്നിരിക്കിലും ഇന്നു സാധാരണക്കാരെ സ്വാധീനിക്കുന്ന ചില ധാരണകൾ മാത്രം ഇവിടെ കുറിക്കുന്നു.

വൈദിക ബ്രഹ്മചര്യത്തിന്റെ പ്രായോഗികതയെക്കുറിച്ചുള്ള ജനങ്ങളുടെ ധാരണ അതാതു കാലത്തെ വൈദികർ അതിനോട് എത്രമാത്രം വിശ്വസ്തത പുലർത്തുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. വൈദികരിൽ ചിലരെങ്കിലും അതിൽ പരാജയപ്പെടുന്നതു കണ്ടാൽ അവർ പറയും അത് അസാദ്ധ്യമാണ്, പ്രകൃതി വിരുദ്ധമാണ്, അല്ലെങ്കിൽ, 'എന്തിനീ കബളിപ്പിക്കൽ; വിവാഹം കഴിച്ചുകൂടെ' എന്നെല്ലാം.

സർവ്വേയിൽ വൈദിക ബ്രഹ്മചര്യത്തെക്കുറിച്ച് വ്യക്തമായ ചോദ്യമൊന്നും ഉന്നയിക്കാതിരുന്നിട്ടും ചില അല്മായർ ഇതേക്കുറിച്ചു തങ്ങൾക്കുള്ള വീക്ഷണം എഴുതി അറിയിച്ചു. പ്രതികൂലമായ പ്രതികരണങ്ങളാണവയെല്ലാം.

''വൈദികരും വിവാഹം കഴിക്കേണ്ടതാവശ്യമാണ്. അതു സ്വാഭാവികാവശ്യമാണ്. എന്നാൽ നിർബന്ധിതമാക്കേണ്ടതില്ല.''

— 51 കാരനായൊരു പ്രസ്സ് ജീവനക്കാരൻ.

വൈവാഹിക ജീവിതത്തിലേക്കു ചാച്ചിൽ ഉള്ളവരെ അതിനു് അനുവദിക്കുകയും, തുടർന്നു് വൈദികവൃത്തി തുടരുവാൻ അനുവദിക്കുകയും വേണം.''

— കോളജ് അദ്ധ്യാപകനായ ഒരു 62 കാരൻ.

വളരെ നിശിതവും അസഭ്യവുമായ വിമർശനങ്ങൾ പോലും ചിലർ കുട്ടിച്ചേർത്തു. ഇവയെല്ലാം ബ്രഹ്മചര്യത്തോടല്ല, അതനു

ഷ്ടിക്കുന്നതിൽ വരുന്ന പരാജയത്തോടുള്ള വെറുപ്പാണു് പ്രകട മാക്കുക.

വൈദിക ബ്രഹ്മചര്യത്തിലൂടെ നിർവ്വഹിക്കപ്പെടുന്നതു് സമ്പൂർണ്ണ സമർപ്പണമാണു്. ഗാർഹികപ്രശ്നങ്ങളിൽ നിന്നകന്നു്, ദൈവത്തിനും ജനങ്ങൾക്കും വേണ്ടി പൂർണ്ണമായി സമർപ്പിക്കു വാൻ അതു വൈദികനു് അവസരമരുളുന്നു. എല്ലാവരുടെയും പിതാവും സഹോദരനും സുഹൃത്തുമാകാനും, അവരുടെ സ്നേഹവും വിശ്വാസവും ആർജ്ജിക്കുവാനും, അതു് അദ്ദേഹത്തെ സഹായി ക്കുന്നു. സ്വാർത്ഥമോഹങ്ങളോ, മുതലെടുപ്പോ കൂടാതെ നിർമ്മല സ്നേഹത്തോടെയും ത്യാഗമനോഭാവത്തോടെയും യേശുവിനെ സ്വജീവിതത്തിൽ കാണിച്ചുകൊടുക്കുന്ന ഒരുവനായി വൈദി കനെ കാണാൻ ജനങ്ങൾക്കു കഴിയുന്നു.

ബ്രഹ്മചര്യമാണു് ഇന്നത്തെ വൈദികരിലെ പ്രതിസന്ധി കൾക്കു കാരണമെന്ന ധാരണ ചിലർക്കെങ്കിലുമുണ്ടു്. എന്നാൽ ചാൾസ് ഇ. കുറാൻ ഈ ആശയഗതിയോടു വിയോജിപ്പു പ്രകടി പ്പിക്കുന്നുണ്ടു്. മററു ക്രൈസ്തവ സമൂഹങ്ങളുടെ അനുഭവം വച്ചു നോക്കുമ്പോൾ പുരോഹിതൻ വിവാഹിതനോ, വനിതയോ, അല്പകാലത്തേക്കു മാത്രം തെരഞ്ഞെടുക്കപ്പെട്ടവനോ ആയാൽ പ്പോലും എല്ലാവരിലും അസ്തിത്വ പ്രതിസന്ധി നിലനില്ക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ നോട്ടത്തിൽ ഇതു വലിയൊരു പ്രശ്നമല്ല. ഇതിനേക്കാൾ പ്രാധാന്യമേറിയതായി അദ്ദേഹം കാണുന്നതു് ആധുനികലോകത്തിൽ ക്രൈസ്തവ പുരോഹിത രുടെ പ്രസക്തിയും പങ്കും വിശകലനം ചെയ്യുകയാണു്.[1]

## വൈദികൻ കുശിനിപ്പുണിയിൽ

'ഒററത്തടി'യായി ജീവിക്കുന്ന വൈദികനു് തന്റെ ഭക്ഷ ണത്തിനും അത്യാവശ്യ ശുശ്രൂഷകൾക്കും, ചിലപ്പോൾ ശാരീ രിക സുരക്ഷിതത്വത്തിനുപോലും സേവകൻ അവശ്യാവശ്യ മാണു്. തൊഴിലില്ലായ്മ ഇന്നു രൂക്ഷമാണെങ്കിലും വൈദികനു സേവകനെ കിട്ടാനില്ല. ഏകാകിയായിരിക്കാനുള്ള വൈഷ മ്യം, തുച്ഛ വരുമാനം, കൂടുതൽ വരുമാനം സിദ്ധിക്കുന്ന മററു തൊഴിലുകളിലേക്കുള്ള ആകർഷകത്വം തുടങ്ങിയവയാവാം ഇതിനു കാരണങ്ങൾ. കഴിവുള്ളവനും വിശ്വസ്തനുമായൊരു ഭൃത്യനെ കിട്ടാൻ വിഷമം. അഥവാ ഒരുത്തനെ 'സംഘടിപ്പി

1 Charles E. Curran, *The crisis in priestly ministry*, Notre-Dame: Fides publications Inc, 1972, p. 10.

ച്ചെട്ടത്താൽ' തന്നെ, അവനു ന്യായമായ വേതനം നല്കാൻ വൈദികന്റെ ഇന്നത്തെ വരുമാനം കൊണ്ടു സാധിക്കുകയില്ല. കുശിനിക്കാരന്റെ അഭാവംമൂലം ചിലർ ഭക്ഷണത്തിനായി കോൺവെന്റുകളുടെയോ, അയലത്തുള്ള വീട്ടുകാരുടെയോ, ഹോട്ടലുകളുടെയോ സഹായം തേടുന്നു. മററു ചിലർ സ്വയം ഭക്ഷണം പാകംചെയ്യുന്നു. സെമിനാരിയിലെ സുദീർഘമായ പരിശീലനത്തിനിടയിൽ, എന്തിന്; ജീവിതത്തിലൊരിക്കൽപ്പോലും. ഭക്ഷണം സ്വയം പാകം ചെയ്യാതെ വിശപ്പടക്കിപ്പോന്ന വൈദികാർത്ഥി, തന്റെ സമുന്നതമായ പൗരോഹിത്യ ജീവിതത്തിനിടയിൽ പട്ടിണി കിടക്കാതിരിക്കണമെങ്കിൽ സെമിനാരികളിൽ തന്നെ പാചകകല അഭ്യസിപ്പിക്കേണ്ടതാണെന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്. അജപാലന ധർമ്മത്തിനിടയിൽ ക്ഷീണിതനായ കർത്താവിന്റെ പുരോഹിതനു് അല്പം ഭക്ഷണം കഴിക്കണമെങ്കിൽ, വിരുന്നുകാരെ സൽക്കരിക്കണമെങ്കിൽ, കുശിനിയിൽ കയറി വീണ്ടും കാിനാദ്ധ്യാനം ചെയ്യണം! ക്രിസ്തുവിന്റെ ആത്മാക്കൾക്കു വേണ്ടിയുള്ള ദാഹം ഒരുവശത്തു്; സ്വന്തം വിശപ്പിന്റെ വിളി മറുവശത്തു്! വിശപ്പടക്കാനുള്ള 'മന്നാ' വർഷിക്കപ്പെട്ടാൽത്തന്നെ സേവകന്റെ ആവശ്യം ഇല്ലാതാകുമോ? വെള്ളംകോരൽ, മുറി അടിച്ചുവാരൽ, അത്യാവശ്യ സാധനങ്ങൾ വാങ്ങൽ, എഴുത്തുകൾ പോസ്റ്റു ചെയ്യൽ, മററുള്ളവരുമായി സന്ദേശം കൈമാറൽ തുടങ്ങി എത്രയെത്ര മററാവശ്യങ്ങൾ!

ഈ ഒരൊററ പ്രശ്നം മൂലമെങ്കിലും വൈദികർക്കു വിവാഹം അനുവദിക്കേണ്ടതാണെന്നു ചിന്തിക്കുന്ന വൈദികരുണ്ടു്. സർവ്വേയിലെ പ്രശ്നാവലി പൂരിപ്പിച്ചു് അയച്ച കൂടെ ഒരു യുവവൈദികൻ എഴുതി: ''ബ്രഹ്മചര്യം ഐച്ഛികമാക്കണം. 16-ാം നൂററാണ്ടിനു മുമ്പുള്ള ക്രമം പുനരുദ്ധരിക്കുക. അതുവഴി മസ്കൃമ്മസ്സു് സംഘടനകളെ നയിക്കാനും ഭക്ഷണകാര്യങ്ങളിൽ സഹായിക്കാനും അതുവഴി വൈദികർക്കു വലിയ സഹായമാകും.'' വേലക്കാരനില്ലാത്തതിന്റെ കഷ്ടപ്പാടുകൾ ശരിക്കും അനുഭവിച്ചറിഞ്ഞ പ്രായാധിക്യം ചെന്ന ഒന്നിലധികം വൈദികർ തികഞ്ഞ ആത്മാർത്ഥതയോടെ ഹൃദയസ്പർശകമായി ഉച്ചരിച്ച ഒരു വാക്യം മറക്കാനാവില്ല. ''എന്റെ മോനേ, എന്റെ ജീവിതത്തിലെ ഏററം വലിയ മടയത്തം ഞാൻ വിവാഹം കഴിച്ചില്ലെന്നതാണു്.'' വൈവാഹികജീവിതത്തോടുള്ള ആസക്തിയല്ല സഹായിയുടെ അഭാവംമൂലമുള്ള ക്ലേശങ്ങളാണു് അവരെ ഇപ്രകാരം പറയാൻ പ്രേരിപ്പിച്ചതു്.

# 14 സാമ്പത്തിക ക്ലേശങ്ങൾ

പാപ്പരത്തം ഇടവക വൈദികരിലും
തിരുക്കർമ്മങ്ങളിലൂടെയുള്ള വരുമാനം
ഭാവി ഇരുളടഞ്ഞതു്; ഇരുളടയാത്തതും

---

ശിഷ്യന്മാരെ സുവിശേഷവേലയ്ക്കയച്ചപ്പോൾ യേശു ഉപദേശിച്ചു: ''നിങ്ങളുടെ അരപ്പട്ടയിൽ സ്വർണ്ണമോ വെള്ളിയോ ചെമ്പോ കരുതി വയ്ക്കരുതു്. യാത്രയ്ക്കു സഞ്ചിയോ രണ്ടു് ഉടുപ്പുകളോ ചെരിപ്പോ വടിയോ കൊണ്ടുപോകരുതു്. വേല ചെയ്യുന്നവൻ തന്റെ ആഹാരത്തിനു് അർഹനാകുന്നു''[1]. ദൈവത്തിനും ദൈവജനത്തിനുംവേണ്ടി പൂർണ്ണ ശ്രദ്ധയോടെ സേവനമനുഷ്ഠിക്കുവാൻ വൈദികനു കഴിയണമെങ്കിൽ ധനാസക്തിയോ ദാരിദ്ര്യമോ അദ്ദേഹത്തിനു പ്രതിബന്ധമായിക്കൂടാ. ദൈവരാജ്യത്തെപ്രതി സർവ്വവും ഉപേക്ഷിച്ച അദ്ദേഹം സർവ്വരാലും ഉപേക്ഷിക്കപ്പെട്ടവനാകരുതു്. സ്വന്തമായി വസ്തുവകകൾ സൂക്ഷിക്കാത്തവരായിരുന്നു ലേവായ പുരോഹിതർ. എന്നാൽ ബലിയർപ്പണത്തിനായി സമർപ്പിക്കപ്പെടുന്നവയുടെ ഒരു ഭാഗം അവർക്കു് അവകാശപ്പെട്ടതായിരുന്നു[2] ഇന്നത്തെ പുരോഹിതനും മാന്യമായി ജീവിക്കാനാവശ്യമായതു നല്കാൻവിശ്വാസികൾക്കു് കടമയുണ്ടു്.

## പാപ്പരത്തം ഇടവക വൈദികരിലും

വൈദികന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി എത്രയോ ശോചനീയമാണെന്നു് സർവ്വേയിലെ കണക്കുകൾ കാണിക്കുന്നുണ്ടു്. രണ്ടു ചോദ്യങ്ങളാണു് ഇതു് സംബന്ധിച്ച വൈദികർക്കു നല്കിയതു്.

---

1 മത്തായി, 10:9–10

2 എസെക്കിയേൽ, 44:28–30

(1) ''അങ്ങയുടെ സാമ്പത്തികനില(വരുമാനം)തൃപ്തികരമാണോ''?

ഉത്തരം:

| | |
|---|---|
| തൃപ്തികരമാണ് | 39 ശതമാനം |
| കുറെയൊക്കെ | 25 ശതമാനം |
| തൃപ്തികരമല്ല | 27 ശതമാനം |

(9% പേർ മൗനം അവലംബിച്ചു).

(2) ''സാമ്പത്തിക സുരക്ഷിതത്വം അങ്ങേയ്ക്ക് അനുഭവപ്പെടുന്നുണ്ടോ''?

ഉത്തരം:

| | |
|---|---|
| ഉണ്ട് | 33 ശതമാനം |
| കുറെയൊക്കെ | 29 ശതമാനം |
| ഇല്ല | 21 ശതമാനം |
| ഭാവി ഇരുളടഞ്ഞത് | 6 ശതമാനം |

(11 ശതമാനം പേർ ഉത്തരം നല്കിയില്ല).

ഈ രണ്ടു പ്രശ്നങ്ങൾക്കും ഏതാണ്ട് മൂന്നിലൊരു ഭാഗം വൈദികർ മാത്രമേ പൂർണ്ണമായും അനുകൂലമായ ഉത്തരം നല്കുന്നുള്ളുവെന്നത് ഏററം ശ്രദ്ധേയമാണ്. അഭിമുഖ സംഭാഷണവേളയിൽ പലരും തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. ഇടവകയിലെ സേവനത്തിനിടയിൽ ചില അവസരങ്ങളിൽ പട്ടിണി കിടന്നവരുണ്ട്. ഇടവകയൊഴിച്ച് മററു സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെയോ, വിദേശ സഹായം ലഭിക്കുന്നവരുടെയോ നില അല്പംകൂടി മെച്ചമാണെന്നു പറയാം. പതിനഞ്ചു വർഷത്തോളം ഇടവകകളിൽ ഇരുന്നശേഷം രണ്ടു വർഷമായി ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ഒരു വൈദികൻ പറഞ്ഞത്, ''പതിനഞ്ചു വർഷക്കാലം ഞാൻ പരിതാപകരമായ സ്ഥിതിയിലായിരുന്നു. ഇപ്പോൾ ഒരു വർഷമേ ആയുള്ളു സാമ്പത്തിക സുരക്ഷിതത്വം അനുഭവപ്പെട്ടു തുടങ്ങിയിട്ട്''.

M.A. ബിരുദധാരിയായ 46 കാരനായൊരു വൈദികൻ ഈ പ്രശ്നം അവതരിപ്പിക്കുന്നതിപ്രകാരമാണ്: ''ഇന്നത്തെ നിലപാടിൽ, വേലക്കാരനെ നിറുത്തി ഒരച്ചൻ ജീവിക്കണമെങ്കിൽ പിതാക്കന്മാർ അനുവദിച്ചു തന്നിരിക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ പോരാ. 125 രൂപയും കർബാന പണവും

7 പറ നെല്ലും 30 തേങ്ങയുംകൊണ്ടു് ഉപ്പുതൊട്ടു കർപ്പൂരം വരെയും, കൈത്തൂവാല തൊട്ടു ളോഹവരെയുമുള്ള സാധനങ്ങൾ വാങ്ങണം, വേലക്കാരനെ പോററണം, ശമ്പളം കൊടുക്കണം. അത്യാവശ്യ സന്ദർഭങ്ങളിലെങ്കിലും (എല്ലാ മാതാപിതാക്കളും സഹോദരങ്ങളും മത്തായിമാർഗരററിനെപ്പോലുള്ളവരല്ലാത്തതിനാൽ) മാതാപിതാക്കളെയും സഹോദരങ്ങളെയും അവരുടെ മക്കളെയും അല്പമൊക്കെ സഹായിക്കണം........''

ദാരിദ്ര്യവ്രതം എടുക്കാതെ തന്നെ— ഒരു പക്ഷേ ഇന്നത്തെ സന്യാസിനീ സന്യാസികളേക്കാളധികമായി—ദാരിദ്ര്യമനുഭവിക്കുന്നതു് ഇടവക വൈദികരാണു്. പണ്ടു് അദ്ധ്യാപകനുള്ളതിനേക്കാൾ പല മടങ്ങു് പ്രതിമാസ വരുമാനം വൈദികനുണ്ടായിരുന്നെങ്കിൽ ഇന്നു സംഗതി നേരെ തിരിച്ചാണു്. സക്കാർ സർവ്വീസിലെ ഏററം താഴ്ന്ന ജീവനക്കാരൻെറ വരുമാനം വൈദികനു് ഇന്നു ലഭിക്കുന്നതിനേക്കാൾ ഉയന്നതല്ലേ? ന്യായമായും ഉന്നയിക്കപ്പെടാവുന്ന ഒരു ചോദ്യമുണ്ടു്: ''വൈദികനോളം വരുമാനമില്ലാത്തവരും ജീവിക്കുന്നില്ലേ?'' ശരിതന്നെ. പക്ഷേ അവരുടെയും വൈദികൻെറയും സ്ഥാനവും ജീവിതദൗത്യവും വിഭിന്നങ്ങളാണു്. ദരിദ്രരെ മാത്രമല്ല, സമ്പത്തോ പദവികളോ വഴി ഉന്നത നിലവാരത്തിലെത്തിയവരെയും നയിക്കുകയും സ്വാധീനിക്കുകയും ചെയ്യേണ്ട വൈദികൻ സാമാന്യം മെച്ചമായ ജീവിത നിലവാരം പുലർത്തേണ്ടതുണ്ടു്. മാത്രമല്ല നൂതന ചിന്താഗതികളെയും വൈജ്ഞാനിക ശാഖകളിലെ മാറിവരുന്ന വിവിധ ആശയഗതികളെയും പഠിക്കുവാനും, തൻെറ പ്രവത്തനപദ്ധതികളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്താനും വേണ്ടി പ്രധാനപ്പെട്ട ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വരുത്തി വായിക്കണം. വാത്താ വിനിമയ മാദ്ധ്യമങ്ങൾക്കു പ്രാധാന്യമേറിവരുന്ന ഇക്കാലത്തു് റേഡിയോ അദ്ദേഹത്തിനാവശ്യമാണു്. ആരാധനാക്രമത്തിൽ മാറിവരുന്ന ഭക്തിഗാനങ്ങൾ പഠിക്കുവാനും പഠിപ്പിക്കുവാനും ഒരു പക്ഷേ റേപ്റിക്കോർഡർ ആവശ്യമായി വരും. പല പള്ളികളുടെയോ സ്ഥാപനങ്ങളുടെയോ മേൽനോട്ടം ഒരേ സമയം വഹിക്കേണ്ട വൈദികനു് ചിലപ്പോൾ മോട്ടോർസൈക്കിളോ മററു വാഹനങ്ങളോ ആവശ്യമായി വരാം. ഇവയെല്ലാം പലപ്പോഴും ആർഭാടത്തിൻെറ അടയാളങ്ങളായി ചിത്രീകരിക്കപ്പെടാറുണ്ടെങ്കിലും, വൈദികനെ സംബന്ധിച്ചിടത്തോളം സാഹചര്യത്തിനനുസരിച്ചു് ഇവ അത്യാവശ്യമോ, ആവശ്യമോ ആർഭാടമോ ആകാം.

സാധാരണ ജനങ്ങൾക്ക കുടുംബം പുലർത്തേണ്ടതുണ്ടെങ്കിലും അവരുടെ വരുമാനത്തിൻെറ മാനദണ്ഡം വച്ചു് വൈദികനെ വിധിക്കുന്നതു് യുക്തിരഹിതമായിരിക്കും. വൈദികനെ 'ഒററത്തടി'യായി കണക്കാക്കി വരുമാനത്തെ വിലയിരുത്തുന്നതിനോടു വിയോജിപ്പുള്ളവരുണ്ടു്. കാരണം വൈദികൻെറ വരുമാനം അദ്ദേഹത്തിനു മാത്രമുള്ളതല്ല; വേലക്കാരനും കൂടിയുള്ളതാണു്. രണ്ടു പേരുടെയും സർവ്വചിലവും വൈദികനിന്നു ലഭിക്കുന്ന വരുമാനം കൊണ്ടുമാത്രം എങ്ങനെ നടത്തുമെന്നതാണു് പ്രശ്നം.

വേലക്കാരനു് അവൻെറ സർവ്വ ചിലവും വൈദികൻെറ പ്രതിമാസ പ്രതിഫലം മുഴുവനുംകൂടി കൊടുത്താലും അവനെ തൃപ്തിപ്പെടുത്താനാവില്ല. സാമ്പത്തിക പ്രതിസന്ധിമൂലം വൈദികർ വീർപ്പുമുട്ടുന്ന ഇക്കാലത്തും ജനങ്ങളിൽ നല്ലൊരു വിഭാഗം അവരെ കാണുന്നതു് സമ്പന്ന വർഗ്ഗമായിട്ടാണു്. ധനാസക്തിയുള്ളവരും പണം കുന്നുകൂട്ടുന്നവരുമാണു് അവരെന്ന ധാരണ പലർക്കുമുണ്ടു്. ഇതേക്കുറിച്ചു് ഒരു വൈദികൻ രേഖപ്പെടുത്തുന്നതു് ശ്രദ്ധേയമാണു്. ''ചെലവിനു മതിയാകുന്ന വരുമാനം ലഭിക്കാത്തതിലോ വീട്ടുകാർ തുടർന്നു് ബുദ്ധിമുട്ടിക്കുന്നതിലോ കടം കയറുന്നതിലോ അനുഭവപ്പെടുന്ന ക്ലേശങ്ങളേക്കാൾ ദുസ്സഹമായി എനിക്കു തോന്നിയിട്ടുള്ളതു് പുരോഹിതൻ ധനം സമ്പാദിച്ചുകൂട്ടുകയാണെന്നുള്ള തെററിദ്ധാരണ നമ്മുടെ ആളുകൾ ഇപ്പോഴും വച്ചു പുലർത്തുന്നു എന്നതാണു്''[3]. ഒരു പക്ഷേ മുൻകാലങ്ങളിലെ വൈദികരുടെ വരുമാനമോ, ദാരിദ്ര്യത്തിനിടയിലും അഭിമാനം നിലനിർത്തിക്കൊണ്ടുള്ള ആധുനിക വൈദികരുടെ മോടിയായ ജീവിതമോ, പള്ളിയിൽ ലഭിക്കുന്നതെല്ലാം വൈദികനാണെന്ന തെററിദ്ധാരണയോ ആവാം ഇതിനു കാരണം.

നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുകയും, നാണയമൂല്യത്തിൽ ഇടിവു സംഭവിക്കുകയും ചെയ്യുന്ന ഇക്കാലത്തു്, തൻെറ പരിമിതമായ വരുമാനംകൊണ്ടു മാത്രം ജീവിക്കുക വൈദികനു ദുഷ്കരമാണു്. അതിനാൽ കഴിവതും മററുള്ളവരെ ശല്യപ്പെടുത്താതെ, അല്പമൊക്കെ പട്ടിണി കിടക്കുകയൊ, സ്വന്തം കുടുംബത്തെ ആശ്രയിക്കു

3 'ഫാദർ എം.എസ്. ജോർജ്ജ്, ഒരു കൊച്ചച്ചൻെറ ഓർമ്മക്കുറിപ്പുകൾ, മാനന്തവാടി; ഗിരിദീപം, 1967, p.144

കയോ ചെയ്യുന്നവരുണ്ടു്. വൈദിക പരിശീലന കാലത്തു മാത്ര മല്ല, സമുന്നതമായ പൗരോഹിത്യ ശുശ്രൂഷാ വേളയിലും സാമ്പ ത്തിക സഹായത്തിനായി സ്വകുടുംബാംഗങ്ങളെ ബുദ്ധിമുട്ടി ക്കേണ്ടി വരിക എത്രയോ ശോചനീയമാണു്. ''അച്ചനാകാൻ വിഷമം; അച്ചനായാലും വിഷമം'' എന്നു ചിലർ ഹാസ്യാ ത്മകമായി പറയുന്നെങ്കിലും അതിൽ വളരെ കഴമ്പുണ്ടു്. അല ക്കുകാരന്റെ വർദ്ധിച്ച കൂലിയും തുണിയുടെ പഴക്കവും പരിഗ ണിച്ചു് 'ടെറിക്കോട്ടൺ' തുണികൊണ്ടുള്ള ളോഹയും പാൻറ് സും മററും ഉപയോഗിച്ചു് സ്വയം കഴുകിയെടുക്കുന്നവരുണ്ടു്. അത്തരക്കാരെ സംബന്ധിച്ചിടത്തോളം വിലയേറിയ വസ്ത്രം ആർഭാടത്തേക്കാൾ ദാരിദ്ര്യത്തിന്റെ അടയാളമാണെന്നു പറ യാം. വൈദികർ സമ്പന്നരാണെന്ന തെററിദ്ധാരണയോടെ അവരിൽനിന്നു് അമിതമായ മുതലെടുപ്പു നടത്തുന്ന കച്ചവട ക്കാരും തട്ടിപ്പുകാരുമുണ്ടു്. മററു ജനങ്ങളിൽനിന്നു് വാങ്ങുന്ന തിൽ കൂടുതൽ വില വൈദികനിൽനിന്നു് ഈടാക്കാൻ ചില കച്ചവടക്കാർക്കു മടിയില്ല. 'അയാൾക്കൊത്തിരി ഉള്ളതല്ലേ. ഭാര്യേം മക്കളേം പോററാനില്ലല്ലോ. പിന്നെ കുറെ ഇങ്ങു തന്നാലെന്താ', ഇതാണു് ഇവരുടെയും, ചുരുക്കം ചില 'സ്വന്ത ക്കാ'രുടെയും മനോഭാവം. കാര്യലാഭമാണല്ലൊ ചിലരുടെ 'സ്നേഹ'ത്തിന്റെ മാനദണ്ഡം!

## തിരുക്കർമ്മങ്ങളിലൂടെയുള്ള വരുമാനം

വൈദികന്റെ ഉപജീവനത്തിനുള്ള വക നല്കേണ്ടതു് വിശ്വാസികളാണു്. അവരതു് നല്കുന്നുമുണ്ടു്. എന്നാൽ ഇന്ന ത്തെപ്പോലെ തിരുക്കർമ്മങ്ങളുടെ പേരിൽ പണം പിരിക്കുന്ന സമ്പ്രദായത്തോടു് പലർക്കും എതിർപ്പാണുള്ളതു്. മാന്യമായ മറേറതെങ്കിലും രീതി വൈദികന്റെ വരുമാനത്തിനായി ആവി ഷ്ക്കരിക്കണമെന്നതാണു് അവരുടെ പക്ഷം. ഫാ. ജോസഫ് വടക്കന്റെ വാക്കുകളിൽ, ''പിള്ളത്തൊട്ടിതൊട്ടു കുഴിമാടം വരെ യുള്ള എല്ലാ വൈദിക ശുശ്രൂഷകൾക്കും വിശ്വാസികളിൽനിന്നു നിശ്ചിതസംഖ്യ നിർബ്ബന്ധപൂർവ്വം വാങ്ങുന്ന കത്തോലിക്കാ സഭാ നിയമങ്ങൾ ഒരിക്കലും ഒരു പരിഷ്കൃത യുഗത്തിനു ചേർ ന്നതല്ല. ഈ സമ്പ്രദായം ദിവ്യ ശുശ്രൂഷകളെ ലാഭക്കച്ചവട ങ്ങളാക്കി അധഃപതിപ്പിച്ചിരിക്കുന്നു. വൈദികരെ വിധവക ളുടെ കുടുംബങ്ങളെ വിഴുങ്ങുന്നവരാക്കി മാററിയിരിക്കുന്നു. പ്രമാ ണികൾക്കു് അവരുടെ പണക്കൊഴുപ്പു പ്രകടിപ്പിക്കാനുള്ള പ്രദർ ശനശാലയാക്കി ദേവാലയത്തെ തരം താഴ്ത്തിയിരിക്കുന്നു.

'പാവം ചത്താൽ മരകുരിശ്ശ്, പണക്കാരൻ ദിവംഗതനായാൽ പൊന്നുംകുരിശ്ശ്'' എന്ന പ്രതീതി നാടാകെ പരത്തിയിരിക്കുന്നു. ക്രിസ്തുവിൻെറ സമഭാവനയ്ക്കും സാഹോദര്യത്തിനും നിരക്കാത്ത ഇത്തരം നിയമങ്ങൾ എത്രയും നേരത്തെ നിർത്തിവയ്ക്കണമെന്നു പുരോഹിതനാകുംമുൻപേ ഞാൻ പറയാറുള്ളതാണ്. വൈദികരുടെ ജീവിതച്ചെലവിനു് മററു തരത്തിലുള്ള സംഭാവനാരീതികളും ധനാഗമ മാർഗ്ഗങ്ങളും കണ്ടെത്തുകയാണ് വേണ്ടതു്''. വി. കുർബാന, മററു തിരുക്കർമ്മങ്ങൾ, നേർച്ച കാഴ്ചകൾ എന്നിവയെ വിവിധ ഇനങ്ങളായി തിരിച്ച് ഈടാക്കുന്ന പണവും മാമ്മോദീസ മുതൽ മരിച്ചടക്കുവരെ പള്ളിയിൽ അടയ്ക്കുന്ന സർവ്വ തുകയും വൈദികനാണു ലഭിക്കുന്നതെന്നു ചിലരെങ്കിലും തെററിദ്ധരിക്കുന്നുണ്ട്. ''ഇത്തരം 'നക്കാപ്പിച്ച' വരുമാനങ്ങളിൽനിന്നു് പുരോഹിതരെ രക്ഷപ്പെടുത്തിയിട്ട് മാന്യമായി ജീവിക്കുവാൻ പര്യാപ്തമായ ഒരു ക്ലിപ്തസംഖ്യ പ്രതിമാസം അവർക്ക് ലഭിക്കത്തക്ക ഏർപ്പാടുകൾ'' ചെയ്യണമെന്ന്[4] ആഗ്രഹിക്കുന്നവരാണധികവും.

## ഭാവി ഇരുളടഞ്ഞതു്; ഇരുളടയാത്തതും

ഈ ലോകത്തിൽ തനിക്കായി സമ്പത്തു ശേഖരിക്കേണ്ടവനല്ല വൈദികൻ. അദ്ദേഹത്തിൻെറ ഇന്നത്തെ വരുമാനം അതനുവദിക്കുന്നുമില്ല. കിട്ടുന്ന പണംകൊണ്ടു് അനുദിന ചിലവുകൾ നിർവ്വഹിച്ചു നീങ്ങുന്ന വൈദികനു് രോഗമോ, അപകടമോ പോലുള്ള അത്യാവശ്യ സന്ദർഭങ്ങളിലും, പ്രായാധിക്യമോ മററു കാരണങ്ങളാലോ ഔദ്യോഗിക സേവനത്തിൽനിന്നു വിരമിക്കുമ്പോഴും സാമ്പത്തിക സുരക്ഷിതത്വമുണ്ടാകണം. അക്കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാവില്ലെന്നു് അദ്ദേഹത്തിനു് ഉറപ്പു കിട്ടണം. ഈ വിഷയത്തോടു് വ്യത്യസ്ത മനോഭാവമാണ് പലരും പ്രകടിപ്പിച്ചതു്.

ആത്മീയ വീക്ഷണത്തിലാണ് ഒരു യുവ വൈദികൻെറ പ്രതികരണം: ''കർത്താവിൻെറ പുരോഹിതനു കർത്താവല്ലാതെ മറെറങ്ങും സുരക്ഷിതത്വമില്ല''.

മദ്ധ്യവയസ്ക്കനായൊരു വൈദികൻ ഇക്കാര്യത്തിൽ സംതൃപ്തി പ്രകടിപ്പിച്ചു. ''സുരക്ഷിതത്വത്തിൻെറ കാര്യത്തിൽ

---

4 ഫാ. എം. എസ്. ജോർജ്ജ്, *op. cit.*, p. 144

പിന്നെയും ഏതാണ്ടൊരു സംതൃപ്തിയുണ്ട്. പ്രൊവിഡൻറ് ഫണ്ട്, ചികിത്സാ സൗജന്യം, വാർദ്ധക്യകാല ജീവിത സൗകര്യങ്ങൾ, സാമാന്യ രീതിയിലുള്ള ശവസംസ്ക്കാരച്ചിലവുകൾക്കുള്ള ഏർപ്പാട് മുതലായവ ഇന്ന് മിക്ക രൂപതകളിലുമുണ്ട്''.

എന്നാൽ, റിട്ടയർ ചെയ്ത 72 കാരനായൊരു വൈദികൻെറ പ്രതികരണം നിരാശജനകമാണ്. ''സാമ്പത്തിക സുരക്ഷിതത്വം ഒട്ടും ഇല്ല. പ്രൊവിഡൻറ് ഫണ്ട് തൃപ്തികരമല്ല—ഇന്നത്തെ നിലയിൽ''.

സാമ്പത്തിക സുരക്ഷിതത്വം തങ്ങളുടെ മെത്രാനിൽ അർപ്പിക്കുന്നവരാണധികവും. രൂപതയ്ക്കുവേണ്ടി ആജീവനാന്തം പ്രയത്നിക്കുന്ന തങ്ങളുടെ അന്ത്യ കർമ്മാനുഷ്ഠാനങ്ങൾ വരെയുള്ള സംരക്ഷണത്തിനു് ചുമതലപ്പെട്ടതു് രൂപതയും മെത്രാനുമാണെന്നാണ് അവരുടെ പക്ഷം. പ്രായാധിക്യത്താലോ മററു ഗൗരവമായ കാരണങ്ങളാലോ വികാരിസ്ഥാനത്തുനിന്നു രാജി സമർപ്പിക്കുന്ന വൈദികർക്കു് ഉചിതമായ ജീവസന്ധാരണ മാർഗ്ഗം മെത്രാൻ നല്കണമെന്നു് കൗൺസിൽഡിക്രി വ്യക്തമാക്കുന്നുണ്ട്[5].

---

5 'മെത്രാൻ', നമ്പർ—31

# 15 വൈദീക – മെത്രാൻ ബന്ധം

വളരെയേറെ പ്രതീക്ഷകൾ
പ്രശ്നങ്ങളുണ്ടാകുമ്പോൾ
മെത്രാന്മാരുടെ പ്രതീക്ഷകൾ
വൈദികരുടെ നിയമനം

---

മെത്രാന്റെ പൗരോഹിത്യത്തിലും ദൗത്യത്തിലും പങ്കുചേരുന്ന വൈദികൻ അദ്ദേഹവുമായി യോജിച്ചും സഹകരിച്ചും വേണം പ്രവർത്തിക്കുവാൻ. ക്രിസ്തുവിന്റെ നാമത്തെ പ്രതി ഭവനത്തെയും സഹോദരിസഹോദരന്മാരെയും മാതാപിതാക്കളെയും മക്കളെയും വസ്തുക്കളെയും പരിത്യജിച്ച[1] വൈദികന് സ്വാഭാവികമായിത്തന്നെ തന്റെ മെത്രാനിൽ നിന്നു വളരെ പ്രതീക്ഷകളുണ്ടാകും. അവയെ പഠിക്കുവാനായി ബ. വൈദികർക്കുള്ള പ്രശ്നാവലിയിൽ ഇപ്രകാരമൊരു ചോദ്യം നല്കി:

''അങ്ങയുടെ അനുഭവത്തിൽ വൈദികർ തങ്ങളുടെ മെത്രാന്മാരിൽനിന്ന് പ്രതീക്ഷിക്കുന്നതെന്തെല്ലാമാണ്'''? മൂന്നു പേരൊഴിച്ച് ബാക്കി എല്ലാവരും ഇതിന് ഉത്തരം നല്കി. അവരുടെ പ്രതീക്ഷകൾ പ്രാധാന്യക്രമമനുസരിച്ച് താഴെച്ചേർക്കുന്നു.

| | |
|---|---|
| 41. 7 % | സ്നേഹം |
| 36. 1 ,, | പൈതൃക സ്നേഹം |
| 30. 6 ,, | വൈദികരുടെ പ്രശ്നങ്ങളെ മനസ്സിലാക്കുക; തദനുസരണം പ്രവർത്തിക്കുക |
| 24. 1 ,, | പരിഗണന, അംഗീകാരം, പ്രോത്സാഹനം |
| 13. 0 ,, | സാഹോദര്യം |
| 12. 0 ,, | മനുഷ്യത്വപൂർണ്ണമായ സമീപനം |
| 11. 1 ,, | സമഭാവന |
| 10. 2 ,, | നല്ല നേതൃത്വം |

---

1 മത്തായി, 19:29

| | | |
|---|---|---|
| 6. 5 | % | വൈദികരുമായി ആലോചിച്ചു പ്രവർത്തിക്കുക |
| 5. 6 | ,, | സൗഹൃദസ്നേഹം |
| 5. 6 | ,, | മാതൃകാ ജീവിതം |
| 4. 6 | ,, | ആത്മാർത്ഥത |
| 4. 6 | ,, | തെറ്റുകൾ സ്നേഹപൂർവ്വം തിരുത്തുക |
| 4. 6 | ,, | ഇടക്കിടെ അനൗദ്യോഗികമായി പള്ളികൾ സന്ദർശിക്കുക |
| 4. 6 | ,, | ക്ഷമാപൂർവ്വം ശ്രവിക്കുക |
| 4. 6 | ,, | വ്യക്തിപരമായ സമീപനം |
| 3. 7 | ,, | ഹൃദയ വിശാലത |
| 3. 7 | ,, | പ്രാർത്ഥന |
| 2. 8 | ,, | 'കൈമണി'ക്കാരെ വിശ്വസിക്കാതിരിക്കുക |
| 2. 8 | ,, | കാര്യങ്ങൾ ശരിക്കു മനസ്സിലാക്കി, വസ്തു നിഷ്ഠമായി പ്രവർത്തിക്കുക |
| 2. 8 | ,, | സംരക്ഷണം |
| 2. 8 | ,, | പരസ്പര ധാരണ |
| 1. 9 | ,, | കഴിവു മനസ്സിലാക്കി പ്രവർത്തിപ്പിക്കുക |
| 1. 9 | ,, | സംലഭ്യത (Availability) |

സ്നേഹമാണു മെത്രാന്മാരിൽനിന്നു വൈദികർ മുഖ്യമായും പ്രതീക്ഷിക്കുന്നതെന്നു ഈ ഉത്തരങ്ങളിൽ നിന്നെല്ലാം മനസ്സിലാക്കാം. കാരണം, 'പൈതൃകസ്നേഹം', 'സാഹോദര്യം', 'സൗഹൃദസ്നേഹം' മുതലായവയിലൂടെ മിക്കവരും ഇതുതന്നെ പ്രകടിപ്പിക്കുന്നു. ഈ മൂന്നു പദപ്രയോഗങ്ങൾ പ്രകടിപ്പിച്ചവരെ മൊത്തത്തിൽ വീക്ഷിച്ചാൽ സ്നേഹത്തിന്റെ പ്രാധാന്യം കൂടുതൽ വ്യക്തമാകും. വൈദികരിലെ സേവന പരിചയത്തിന്റെ അടിസ്ഥാനത്തിൽ അതു താഴെ ചേർക്കുന്നു.

| സേവന പരിചയം | | സ്നേഹം |
|---|---|---|
| 1– 4 | വർഷം | 84.6 % |
| 5– 9 | ,, | 66.7 ,, |
| 10–14 | ,, | 56.3 ,, |
| 15–19 | ,, | 100.0 ,, |
| 20–24 | ,, | 63.6 ,, |
| 25–29 | ,, | 90.0 ,, |
| 30–39 | | 100.0 ,, |
| 40–49 | ,, | 100.0 ,, |
| | ശരാശരി | 78.7 ,, |

## വളരെയേറെ പ്രതീക്ഷകൾ

ചിന്തോദ്ദീപകമായ പല കുറിപ്പുകളും വൈദികരിൽ നിന്നു ലഭിക്കുകയുണ്ടായി. അവയിൽ ചിലതു് ഇവിടെ ഉദ്ധരിക്കാം.

''വൈദികർക്കു് മെത്രാനല്ലാതെ പിന്നെ ആരാണുള്ളതു്? അതുകൊണ്ടു് എന്തെല്ലാം ഒരു വൈദികനു് ആവശ്യമാണോ അതെല്ലാം അവനു കിട്ടണം. അല്ലെങ്കിൽ അയാൾ അസംതൃപ്തനായിത്തീരും''.

''എന്റെ മെത്രാനിൽനിന്നു് പിതൃനിർവ്വിശേഷമായ മനോഭാവമാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. സ്വതന്ത്രമായി സമീപിക്കുകയും എല്ലാക്കാര്യത്തിലും പരിപൂർണ്ണ വിശ്വാസമർപ്പിക്കുകയും ചെയ്യുന്ന ഒരു യഥാർത്ഥ പിതാവിനെ''.

''വൈദികരോടു മെത്രാന്മാർ സഹപ്രവർത്തകരെന്ന നിലയിൽ, പിതാവു മക്കളോടെന്ന നിലയിൽ, ഏതെങ്കിലും പ്രശ്നങ്ങളുണ്ടായാൽ അവഗണനാ മനോഭാവമില്ലാതെ, പ്രോത്സാഹനം നല്കുന്ന രീതിയിൽ, ശിക്ഷിക്കുന്ന മനോഭാവം കാണിക്കാതെ പെരുമാറണം''.

''തന്റെ വൈദികരിൽ 90 ശതമാനത്തിനും എതിർപ്പുണ്ടാക്കാവുന്ന രീതിയിൽ രൂപതയെ മെച്ചപ്പെടുത്താൻ മെത്രാന്മാർ തുനിയരുതു്. തകർന്ന വിവാഹ പ്രശ്നങ്ങൾക്കു നേരെ മെത്രാന്മാർ കണ്ണടയ്ക്കരുതു്''.

''സഹോദരാ എന്ന വിളി അച്ചടിയിലും സംഭാഷണത്തിലും പ്രസംഗത്തിലുമേ ഇന്നു കാണുന്നുള്ളു''.

''മെത്രാന്മാരിൽ നിന്നു വൈദീകർ വളരെയേറെ പ്രതീക്ഷിക്കുന്നു ................ പലപ്പോഴും തങ്ങളുടെ മെത്രാന്മാരിൽ നിന്നു് അവർക്കതു ലഭിക്കാറില്ല. ചിലർ, തങ്ങളുടെ മെത്രാന്റെ സാന്നിദ്ധ്യം പോലും കഴിവതും ഒഴിവാക്കാൻ ശ്രമിക്കുന്നു''.

## പ്രശ്നങ്ങളുണ്ടാകുമ്പോൾ

തങ്ങളുടെ പ്രശ്നങ്ങളെ ക്ഷമാപൂർവ്വം ശ്രവിക്കുകയും വസ്തുനിഷ്ഠമായി മനസ്സിലാക്കുകയും ചെയ്തശേഷം തീരുമാനങ്ങൾ കൈക്കൊള്ളണമെന്നു് വൈദികരിലധികവും ആവശ്യപ്പെടുന്നു. സർവ്വേയിൽ, മെത്രാന്മാരിൽ നിന്നുള്ള പ്രതീക്ഷകൾ രേഖപ്പെടു

ത്തുമ്പോഠം പല വിധത്തിൽ അവർ അതു പ്രകടിപ്പിക്കുന്നുണ്ടു്. മക്കളും സ്നേഹിതരുമെന്നപോലെ [2] മെത്രാന്മാർ വൈദികരോടു വത്തിക്കയും അവരെ ശ്രവിക്കാൻ സന്നദ്ധത പ്രദർശിപ്പിക്കുകയും [3] വേണമെന്നാണു് വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനവും. കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യാ (CBCI) യുടെ 1972 ലെ മദ്രാസ് സമ്മേളനത്തിന്റെ തീരുമാനം ഇക്കാര്യത്തിൽ മെത്രാന്മാരുടെ ധാരണ വ്യക്തമാക്കുന്നുണ്ടു്. ''ഇടയന്മാരും സഹോദര വൈദികരുടെ സുഹൃത്തുക്കളുമെന്ന നിലയിൽ ഞങ്ങളുടെ ചുമതലകളെ ഞങ്ങഠം സമീപിക്കുന്നു. പരസ്പര ധാരണയുടേയും ക്രിസ്തുവിനെപ്പോലെ സ്നേഹത്തിന്റെയും അരൂപിയിൽ വൈദികരും അവരുടെ മെത്രാന്മാരും തമ്മിൽ മേലാൽ കൂടുതൽ സംവാദം (dialogue) നമ്മഠം പ്രോത്സാഹിപ്പിക്കണം''. [4]

ഇടവകയുടെ അഭിവൃദ്ധിക്കുവേണ്ടി നിലവിലുള്ളതിൽനിന്നു വ്യത്യസ്തമായ പദ്ധതികഠം നടപ്പിലാക്കാൻ ശ്രമിക്കുമ്പോഠം നിയമത്തിന്റെ കാർക്കശ്യത്തേക്കാഠം, നല്ല പദ്ധതികളേയും ഒറിജിനാലിററിയേയും, പൊതു താല്പര്യത്തെയും മാനിക്കുവാനും തങ്ങഠംക്കു് ആവശ്യമായ സ്വാതന്ത്ര്യം നല്കാനും മെത്രാൻ തയ്യാറാകണമെന്നു് പല വൈദികരും ആഗ്രഹിക്കുന്നു. ഏതെങ്കിലും പദ്ധതി അസ്വീകാര്യമെങ്കിൽത്തന്നെ മുൻവിധി കൂടാതെ അതു മനസ്സിലാക്കാനും അസ്വീകാര്യമാകാനുള്ള കാരണം വിശദമാക്കാനും അദ്ദേഹത്തിനു സന്മനസ്സുണ്ടാകണം. മെത്രാനും വൈദികരും യോജിച്ചു പ്രവത്തിക്കുകയും അജപാലനകാര്യങ്ങളെപ്പററി ചർച്ച ചെയ്യാനായി മെത്രാൻ വൈദികരെ ക്ഷണിക്കുകയും വേണമെന്നു് വൈദികർ മാത്രമല്ല, കൗൺസിലും ആവശ്യപ്പെടുന്നു. [5] ഇടവക നേതൃത്വത്തിൽ കാര്യമായ പരിചയമില്ലാത്തവരാണു് മിക്ക മെത്രാന്മാരെന്നും അവർക്കു തങ്ങളുടെ പ്രശ്നങ്ങഠം പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കയില്ലെന്നും പല വൈദികർക്കും പരാതിയുണ്ടു്.

---

2 'തിരുസ്സഭ', നമ്പർ — 28

3 'മെത്രാന്മാർ', നമ്പർ — 16

4 *Report of the General Meeting of the Catholic Bishop's Conference of India*, Madras: April 6-14, 1972, p. 14

5 'മെത്രാന്മാർ', നമ്പർ — 27, 'വൈദികർ', നമ്പർ — 7.

തങ്ങളിൽ തെററുകരം കടന്നു കൂടുന്നെങ്കിൽ അവയെ സ്നേഹപൂർവ്വം തിരുത്തണമെന്നതാണ് വൈദികരുടെ അഭ്യർത്ഥന. ചിലരുടെ പ്രതികരണങ്ങരം ഇതാ:

''ബിഷപ്പ്സ് ഹൗസ് അഭയകേന്ദ്രമാകണം, കോടതിയാകരുത്.''

''ജനങ്ങളിൽനിന്നു പരാതികരം കിട്ടിയാൽ അപ്പാടെ വിശ്വസിക്കാതെ ഡയലോഗ്‌വഴി സത്യം മനസ്സിലാക്കുക.''

''ചിലരെ സംബന്ധിച്ച് ഒരഭിപ്രായം രൂപീകരിച്ചാൽ അതൊരിക്കലും മാററിയെടുക്കാൻ കാരണമുണ്ടായാലും ശ്രദ്ധിക്കാറില്ല ചില ബിഷപ്പുമാർ.''

''ഏതെങ്കിലും തരത്തിലുള്ള അപകടസ്ഥിതിയിൽ വ്യാപരിക്കുകയോ വല്ല സംഗതികളിലും തെററു പററുകയോ ചെയ്യുന്ന വൈദികരോടു സജീവമായ കാരുണ്യത്തോടെ മെത്രാന്മാർ വർത്തിക്കേണ്ടതാണ്'' [6] എന്ന കൗൺസിലിന്റെ നിർദ്ദേശവും മറെറാന്നല്ല അർത്ഥമാക്കുന്നത്.

വൈദികരിൽ ആരെങ്കിലും മെത്രാനുമായി തെററിപ്പിരിയാൻ ഇടയായാൽ സ്നേഹബന്ധം പുന:സ്ഥാപിക്കുവാൻ മെത്രാന്മാർക്കുള്ള താല്പര്യം 1972–ലെ C B C I സമ്മേളനം വ്യക്തമാക്കി. അഭിപ്രായഭിന്നതയുള്ള വൈദികന്റെ രൂപതയ്ക്കു വെളിയിലെ അംഗങ്ങളെ ഉരംക്കൊള്ളിച്ചുള്ള മദ്ധ്യസ്ഥന്മാരെ അതിനായി നിയോഗിക്കുന്നതിനോട് മെത്രാന്മാർക്കു വിയോജിപ്പാണുള്ളത്. കാരണം കുടുംബചൈതന്യമാണ് വൈദിക–മെത്രാൻ ബന്ധത്തിലുണ്ടായിരിക്കേണ്ടതു്. അതിനാൽ രൂപതയിലെ വൈദികരുടെ സെനററിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടവർ വഴിയായിരിക്കണം അത്തരം ബന്ധങ്ങരം സാധാരണഗതിയിലാക്കുക. [7]

## മെത്രാന്മാരുടെ പ്രതീക്ഷകരം

വൈദികൻ മെത്രാനിൽനിന്നു വളരെ പ്രതീക്ഷിക്കുന്നെങ്കിൽ നിശ്ചയമായും മെത്രാനു വൈദികനിൽനിന്നും വളരെ

---

6 'മെത്രാന്മാർ', നമ്പർ – 16

7 *Report of the General meeting .... op. cit, p. 51*

കാര്യങ്ങളാം ആഗ്രഹിക്കുന്നുണ്ടു്. നൈജീറിയൻ മെത്രാന്മാരുടെ ഒരു സംയുക്ത ഇടയലേഖനത്തിൽ അവരുടെ പ്രതീക്ഷകാം വെളിപ്പെടുത്തുന്നുണ്ടു്.

''വൈദികർ മെത്രാന്മാക്കു് ദൈവജനത്തെ പഠിപ്പിക്കുക, പവിത്രീകരിക്കുക, പരിപാലിക്കുക എന്നീ കർത്തവ്യങ്ങളിൽ അവശ്യം വേണ്ട സഹായികളും ഉപദേഷ്ടാക്കളുമാണു്.'' [8]

''മെത്രാന്റെ മക്കളും സ്നേഹിതരും സഹപ്രവർത്തകരുമാണു് വൈദികർ. അദ്ദേഹത്തോടു് ചേർന്നുകൊണ്ടു് അവർ ചർച്ച ചെയ്യുകയും ധ്യാനിക്കുകയും, പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും വേണം.''

''അവസാന തീരുമാനം അദ്ദേഹത്തിനാണു്. ആദരവും അനുസരണവും മാത്രമല്ല വിധേയത്വവും സ്നേഹവും വൈദികനിൽ നിന്നു പ്രതീക്ഷിക്കുന്നുണ്ടു്. അതിനനുയോജ്യമായ പെരുമാററം മെത്രാനിൽ നിന്നു പ്രതീക്ഷിക്കപ്പെടുന്നുണ്ടു്''

''മെത്രാനിൽനിന്നു ലഭിക്കുന്ന ഏതു ജോലിയും യഥാർത്ഥ വൈദികൻ സന്തോഷസമേതം ഏറെറടുക്കുന്നു. പ്രകൃതിദത്തവും വരപ്രസാദജന്യവുമായ എല്ലാ കഴിവുകളും അദ്ദേഹം അതിൽ പ്രകടിപ്പിക്കുന്നു.'' [9]

രണ്ടാം വത്തിക്കാൻ കൗൺസിൽ വൈദികരെ ഉപദേശിക്കുന്നതു് ഇപ്രകാരമാണു്. ''മെത്രാനിൽ സ്ഥിതി ചെയ്യുന്ന മുഖ്യാജപാലകനായ ക്രിസ്തുവിന്റെ അധികാരത്തെ അവർ ആദരിക്കണം. അതിനാൽ ആത്മാർത്ഥമായ അനുസരണത്താലും ഉപവിയാലും അവർ തങ്ങളുടെ മെത്രാന്മാരോടു യോജിച്ചു നിൽക്കേണ്ടതാണു്. വൈദികരുടെ ഈ അനുസരണം സഹകരണ ബോധം നിറഞ്ഞതാകട്ടെ.'' [10] കൗൺസിൽ തന്നെ ചൂണ്ടിക്കാണിക്കുന്നതുപോലെ, ''വൈദികരും മെത്രാനും തമ്മിലുള്ള ഐക്യം ഇന്നു വളരെയേറെ ആവശ്യമായിരിക്കുകയാണു്''. [11]

---

8 'വൈദികർ', നമ്പർ – 7

9 'Voice of Bishops from the Joint Pastoral Letter of Nigerian Bishops', *Petrus*, July 1976, p. 4.

10 'വൈദികർ', നമ്പർ – 7

11 'വൈദികർ', നമ്പർ – 7

അധികാരികളെ വിമർശിക്കുക എളുപ്പമാണ്. പൊതുജന മദ്ധ്യേ തങ്ങളെത്തന്നെ നീതീകരിക്കാനോ, തങ്ങളുടെ വിഷമതകൾ പങ്കുവയ്ക്കാനോ ചില വൈദികരെങ്കിലും അല്മായർ കേൾക്കെയോ അവരോട് നേരിട്ടോ മെത്രാനെ നിശിതമായി വിമർശിക്കാറുണ്ട്. തൻെറ തന്നെ വില ഇടിച്ചു കാണിക്കുകയാവും അതുവഴി അവർ ചെയ്യുക. ''മേലധികാരികളെ വിമർശിക്കുന്ന വൈദികനെ 'അല്പനായി' ദൈവജനം കരുതും'' – ഒരു വൈദികൻെറതന്നെ വാക്കുകളാണിവ.

## വൈദികരുടെ നിയമനം

സ്ഥലംമാററം നല്കി പുതുതായൊരിടത്തേക്കു നിയമിക്കേണ്ടി വരുമ്പോൾ തങ്ങളുടെ അഭിപ്രായം മുൻകൂട്ടി ആരാഞ്ഞു പ്രവർത്തിക്കാനുള്ള സന്മനസ്സ് മെത്രാൻ പ്രദർശിപ്പിക്കണമെന്ന് ചിലർ അഭിപ്രായപ്പെടുമ്പോൾ മററു ചിലർക്കു പറയാനുള്ളത് മെത്രാൻ അദ്ദേഹത്തിനിഷ്ടപ്പെട്ട ജോലി എവിടെയും ഏല്പിക്കട്ടെ; സ്വയമായി ഒരു ജോലിയോ സ്ഥലമോ തെരഞ്ഞെടുത്താൽ പിന്നീട് നിരാശനാകാനാണ് സാധ്യത എന്നാണ്. 1972 ലെ C. B. C. I. സമ്മേളനത്തിൽ ഈ പ്രശ്നം ചർച്ച ചെയ്യപ്പെട്ടപ്പോൾ, ആസന്നമാകുന്ന സ്ഥലംമാററത്തെക്കുറിച്ച് ഓരോ വൈദികനോടും ആദ്യം ആലോചിക്കുക എന്നത് അപ്രായോഗികവും കൂടുതൽ പ്രശ്നം സൃഷ്ടിക്കുന്നതുമാണെന്നാണ് മെത്രാന്മാരുടെ പക്ഷം. എങ്കിലും രൂപതയുടെ ആവശ്യങ്ങളെ കൂടി കണക്കിലെടുത്തുകൊണ്ട് ഉത്തരവാദിത്വങ്ങൾ ഏല്പിക്കും മുമ്പ് 'ഫാമിലി സ്പിരിററോടെ' വൈദികരുമായി കഴിവതും ചർച്ച ചെയ്യാമെന്ന് അവർ സമ്മതിച്ചു.[12]

തങ്ങളുടെ കഴിവുകളെ മനസ്സിലാക്കാനും അവയിൽ നിന്ന് എത്രയും ഫലം ഉളവാകത്തക്കവിധം നിയമനമോ പഠനസാദ്ധ്യതകളോ നല്കാനും മെത്രാൻ സന്നദ്ധനാകണമെന്ന അഭിപ്രായമുണ്ട്. ഒരു ഇടവകയിലോ സ്ഥാപനത്തിലോ ഒരുവനെ നിയമിച്ചാൽ ചുരുങ്ങിയത് അഞ്ചുവർഷമെങ്കിലും തുടർച്ചയായി അവിടെ സേവനമനുഷ്ഠിക്കുവാൻ സൗകര്യം കൊടുക്കണം; അല്ലെങ്കിൽ കാര്യങ്ങളൊന്നും ഫലപ്രദമായി ചെയ്യാൻ സാധിക്കയില്ലെന്ന് ചിലർ നിർദ്ദേശിച്ചു. ഒരു വൈദികൻ തുടങ്ങിവച്ച പദ്ധതികളെ നശിപ്പിക്കാനോ നിരുത്സാഹപ്പെടു

---

12 *Report of the General Meeting ...... op. cit, p. 52.*

ത്താനോ ശ്രമിക്കാതെ അവയെ കഴിവതും പരിപോഷിപ്പിച്ചുകൊണ്ടുപോകുവാൻ വരും വികാരിമാർ ശ്രദ്ധിക്കുകയും വേണം.

വൈദികനെ മെത്രാനോ സഹവൈദികരോ തരം താഴ്ത്തിയാൽ അദ്ദേഹത്തെ കർമ്മശൂന്യനാക്കുകയാവും ചെയ്യുക എന്ന മുന്നറിയിപ്പ് ഒരു വൈദികൻ നല്കുന്നുണ്ട്. മെത്രാൻ ഓരോ ഇടവകയും ഇടയ്ക്കിടെ അനൗദ്യോഗികമായി സന്ദർശിക്കുകയും വൈദികനെയും വിശ്വാസികളെയും തങ്ങളുടെ സേവനത്തിൽ പ്രോത്സാഹിപ്പിക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും വേണമെന്ന് പലരും അതിയായി ആഗ്രഹിക്കുന്നുണ്ട്.

‘‘ഒന്നിലധികം വൈദികരുള്ള പള്ളികളിലാണെങ്കിൽ ഏറ്റക്കുറെയെങ്കിലും ആശയപ്പൊരുത്തമുള്ള വൈദികരെ നിയമിക്കുക. പ്രായത്തിലും സാധ്യമെങ്കിൽ ഈ പൊരുത്തം നടപ്പാക്കുക:’’ ഒരു യുവ വൈദികൻ അയച്ചുതന്ന അഭിപ്രായമാണിത്. വികാരി – അസ്സേന്തി ബന്ധം ഇടവക പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. അവർ പരസ്പര ധാരണയിലും സഹകരിച്ചുമാണ് പ്രവർത്തിക്കുന്നതെങ്കിൽ ഇടവകയുടെ പുരോഗതിക്കും ശ്രേയസ്സിനുമാവശ്യമായ ഏതു നല്ല പദ്ധതിയും നടപ്പിലാക്കാൻ സാധിക്കും. മറിച്ചാണെങ്കിലോ? വിശ്വാസികൾക്ക് ഉതപ്പും പദ്ധതികളുടെ തളർച്ചയും അസ്വസ്ഥതയുമാവും ഫലം. അവർ തമ്മിലുള്ള അനാരോഗ്യകരമായ മത്സരങ്ങളും ശീതസമരവും ഇടവകയെ നിഷ്ക്രിയമാക്കും. പരസ്പര സൗഹാർദ്ദതയോടെ ഇടവകയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ഒന്നിച്ചിരുന്നു ചർച്ച ചെയ്യാനും പുതിയ പദ്ധതികൾക്കു രൂപംകൊടുക്കാനും വാർത്തകൾ കൈമാറാനും അവർ സന്നദ്ധരാകണം. ജനങ്ങളുടെ മുമ്പിൽ പരസ്പരം വിലയിടിച്ചു കാണിക്കാതിരിക്കാനും അവർ ശ്രദ്ധിക്കേണ്ടതുണ്ട്.

# 16 വൈദികന്റെ വിദ്യാഭ്യാസം

ഏററം കുറഞ്ഞ വിദ്യാഭ്യാസയോഗ്യത എന്തായിരിക്കണം?
സെമിനാരി പരിശീലനം

---

വൈദിക ജീവിതത്തിലെ പ്രതിസന്ധിക്കൊരു പ്രധാന കാരണം സമൂഹത്തിന്റെയും വൈദികന്റെയും വൈജ്ഞാനിക നിലവാരത്തിന്റെ അനുപാതത്തിൽ വന്ന വ്യതിയാനമാണ്. മറെറാരദ്ധ്യായത്തിൽ നാം കണ്ടതുപോലെ, മുൻപ് സർവ്വജ്ഞാനിയായിരുന്ന വൈദിക ഇന്ന് മേത്തരമായ പല വൈജ്ഞാനിക മേഖലകളിലും മററുള്ളവരുടെ ഉപദേശം ആരായേണ്ടി വന്നിരിക്കുന്നു. അദ്ദേഹത്താൽ നയിക്കപ്പെടുന്ന ജനം വിദ്യാസമ്പന്നമാകയാൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും പ്രസംഗങ്ങളും പ്രവൃത്തികളും ചോദ്യം ചെയ്യപ്പെടാം. എന്തുമേതും പറഞ്ഞു പിടിപ്പിക്കാവുന്ന കാലം അസ്തമിച്ചു. കാര്യകാരണസഹിതം കാര്യങ്ങൾ ഇന്നു വിശദീകരിക്കേണ്ടിയിരിക്കുന്നു. വിവിധ തുറകളിൽ പ്രവർത്തിക്കുന്നവരുമായി ഇടപഴകണമെങ്കിൽ അവരുടെ സാങ്കേതിക പദപ്രയോഗങ്ങളും ആശയഗതിയും മനസ്സിലാക്കിയിരിക്കണം. സമൂഹത്തിന്റെ വൈജ്ഞാനിക വളർച്ചനുസരിച്ച് വൈദികന് ഉയരാൻ കഴിഞ്ഞിട്ടുണ്ടോ ? സർവ്വേയിലെ ചില ചോദ്യോത്തരങ്ങളുടെ ലക്ഷ്യം ഇതായിരുന്നു. അവ താഴെ ചേർക്കുന്നു.

അല്മായരോട്: (1) ''വൈദികർക്ക് മതപരമായ കാര്യങ്ങളിൽ വേണ്ടത്ര അറിവുണ്ടോ''?.

ഉത്തരം:

| | |
|---|---|
| എല്ലാവർക്കും ഉണ്ട് | 24 ശതമാനം |
| നല്ലൊരു ഭാഗത്തിന് | 44 ,, |

| | | |
|---|---|---|
| ചുരുക്കം ചിലർക്ക് | 30 | ശതമാനം |
| ആർക്കും ഇല്ല | 1 | ,, |
| (ഉത്തരം നല്കാത്തവർ | 1 | ,,) |

ആദ്ധ്യാത്മിക നേതാവായ വൈദികൻ മതപരമായ വിഷയങ്ങളിൽ വേണ്ടത്ര പ്രാവീണ്യമുണ്ടായിരിക്കണമെന്നത് തർക്കമററ സംഗതിയാണ്. ദൈവജനം അതു പ്രതീക്ഷിക്കുന്നുമുണ്ട്. എങ്കിലും ആ പ്രതീക്ഷക്കൊത്തുയരാൻ വൈദികർക്ക് കഴിഞ്ഞിട്ടില്ലെന്നാണ് സർവ്വേയിൽ പങ്കെടുത്ത മൂന്നിലൊരു ഭാഗത്തിന്റെയും അഭിപ്രായം. ഇതിൽ മുൻപന്തിയിൽ നില്ക്കുന്നത് സ്ത്രീകളേക്കാം പുരുഷന്മാരും യുവാക്കളേക്കാം മുതിർന്നവരുമാണ്.

(2) ''മതേതര (ആത്മീയമല്ലാത്ത) വിഷയങ്ങളിൽ വേണ്ടത്ര പാണ്ഡിത്യം വൈദികർക്കുണ്ടോ?

ഉത്തരം:

| | | |
|---|---|---|
| എല്ലാവർക്കും ഉണ്ട് | 18 | ശതമാനം |
| ചുരുക്കം ചിലർക്ക് | 75 | ,, |
| ആർക്കും ഇല്ല | 5 | ,, |
| (ഉത്തരം നല്കാത്തവർ | 2 | ,,) |

വൈദികന്റെ നേതൃത്വം മുഖ്യമായും അജപാലന രംഗത്താണെങ്കിലും മതേതര മണ്ഡലങ്ങളിലെ ജ്ഞാനം അദ്ദേഹത്തിന് ആവശ്യമാണ്. ജനങ്ങളുടെ ഭാഷയിൽ സംസാരിക്കാനും അവരുടെ സ്ഥിതിഗതികളും പ്രശ്നങ്ങളും മനസ്സിലാക്കാനും ഇതാവശ്യമാണ്. അതിനു അദ്ദേഹം എല്ലാ വിജ്ഞാന ശാഖകളിലും പ്രാവീണ്യം നേടണമെന്നില്ല; പ്രത്യുത, അവയിൽ പ്രാഥമിക ജ്ഞാനമെങ്കിലും ഉണ്ടാകണം. വൈദികന് മതേതരമണ്ഡലങ്ങളിൽ വേണമെന്നു് ജനങ്ങാം ആഗ്രഹിക്കുന്നത്ര (വേണ്ടത്ര) ജ്ഞാനം ഭൂരിപക്ഷത്തിനുമില്ലെന്നോ, ഉണ്ടെങ്കിൽത്തന്നെ എല്ലാ ജനങ്ങളും അതംഗീകരിക്കാൻ സന്നദ്ധമല്ലെന്നോ ആണ് സർവ്വേയുടെ ഫലം സൂചിപ്പിക്കുക.

<u>വൈദികരോട്</u>: ''മതപരവും മതേതരവുമായ ഇപ്പോഴത്തെ അങ്ങയുടെ വിദ്യാഭ്യാസ നിലവാരത്തിൽ അങ്ങു സംതൃപ്തനാണോ''?

ഉത്തരം:

| | | |
|---|---|---|
| രണ്ടിലും സംതൃപ്തനല്ല | 46 | ശതമാനം |
| രണ്ടിലും സംതൃപ്തൻ | 32 | ,, |
| മതപരമായവയിൽ മാത്രം | 15 | ,, |
| മതേതരമായവയിൽ മാത്രം | 3 | ,, |
| (ഉത്തരം നല്കാത്തവർ | 4 | ,, ) |

വൈദികരിൽ മൂന്നിലൊരു ഭാഗം മാത്രമേ തങ്ങളുടെ ഇന്നത്തെ വിദ്യാഭ്യാസ നിലവാരത്തിൽ പൂർണ്ണ സംതൃപ്തരായിട്ടുള്ളു. എന്നാണല്ലോ ഇതിൽ നിന്നു വ്യക്തമാകുന്നത്. വൈജ്ഞാനിക മേഖലയിലെ അതൃപ്തി ചെറുപ്പക്കാരിലും മദ്ധ്യവയസ്ക്കരിലുമാണ് കൂടുതലായി കാണപ്പെടുന്നത്. പ്രത്യേക പഠനത്തിനു വിഷയമാക്കേണ്ട ഒരു പ്രശ്നമാണിത്.

## ഏററം കുറഞ്ഞ വിദ്യാഭ്യാസയോഗ്യത

''വൈദികൻെറ ഏററം കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എന്തായിരിക്കണം''? എന്നതായിരുന്നു ഇരുകൂട്ടരോടും ഉന്നയിച്ച അടുത്ത ചോദ്യം.

| വിദ്യാഭ്യാസയോഗ്യത | അല്മായർ | | വൈദികർ | |
|---|---|---|---|---|
| S.S.L.C. | 30 | ശതമാനം | 7 | ശതമാനം |
| P.D.C. | 30 | ,, | 20 | ,, |
| B.A./B.Sc. | 30 | ,, | 65 | ,, |
| M.A./M.Sc. | 5 | ,, | 6 | ,, |
| Ph.D. | 2 | ,, | 1 | ,, |
| മതപരമായ അറിവുമാത്രം | 1 | ,, | 1 | ,, |

(2 ശതമാനം അല്മായർ ഉത്തരം നല്കിയില്ല)

മതപരവും മതേതരവുമായ എല്ലാ വിഷയങ്ങളിലും വിജ്ഞാന സമ്പന്നനായി കണക്കാക്കപ്പെട്ടു പോന്നിരുന്ന വൈദികൻെറ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ കാലങ്ങളിൽ ഗണ്യമായ വ്യതിയാനം വരുത്താതിരുന്നപ്പോഴും പൊതുജനത്തിൻെറ വിദ്യാഭ്യാസ നിലവാരം ധ്രുതഗതിയിൽ പുരോഗമിക്കുകയായിരുന്നു, വിദ്യാ സമ്പന്നരും ചിന്താശീലരുമായ ആധുനിക ജനതയെ ധൈര്യത്തോടും ആത്മവിശ്വാസത്തോടുംകൂടി നയിക്കണമെങ്കിൽ മതേതര വിഷയങ്ങളിൽക്കൂടി ഉയർന്ന ബിരുദങ്ങളും

സമ്പാദിക്കണമെന്ന ആശയഗതിക്ക് പുരോഹിതരുടെ ഇടയിൽ ആക്കം കൂടിവരുന്നുവെന്നതിന് തെളിവാണ് സർവ്വേയിലെ മേലുദ്ധരിച്ച ഉത്തരങ്ങൾ.

ഡേവിഡ് പി. ഒനെയിലിന്റെ അഭിപ്രായത്തിൽ, വിദ്യാസമ്പന്നമായ ആധുനിക സമൂഹത്തിൽ ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുന്നതിനുവേണ്ടി തങ്ങളുടെ വിദ്യാർത്ഥികൾക്ക് ഡിഗ്രികൾ സമ്പാദിക്കുവാനാണ് പല സെമിനാരികളും തങ്ങളുടെ കോഴ്സുകൾ സമീപസ്ഥമായ സർവ്വകലാശാലകളുമായി സംയോജിപ്പിക്കുവാൻ പരിശ്രമിക്കുന്നത്. എങ്കിൽപ്പോലും നാല്പതു വർഷം മുമ്പ് വൈദികനു സമൂഹത്തിലുണ്ടായിരുന്ന സ്ഥാനം വീണ്ടെടുക്കാൻ സാധിക്കയില്ലെന്നാണ് അദ്ദേഹം പറയുന്നത്[1].

ഉന്നത ബിരുദങ്ങൾക്കുവേണ്ടി വൈദികരിൽ പലരും തത്രപ്പെടുന്നതിനെ വിമർശിക്കുന്നവരുണ്ട്. അവരുടെ അഭിപ്രായത്തിൽ ബിരുദധാരികളേക്കാൾ നല്ല അജപാലകരെയാണ് ജനങ്ങൾ വിലമതിക്കുക. അജപാലന മണ്ഡലത്തിൽ വേണ്ടത്ര ശ്രദ്ധിക്കാതെ ഇടവക സേവനത്തിനിടയ്ക്ക് മതേതര വിദ്യാഭ്യാസം നടത്തുന്നതിനോട് വിയോജിപ്പുള്ളവരുണ്ട്. ചിലർ ചോദിക്കുന്നു ഡോക്ടർ ധനതത്ത്വശാസ്ത്രമോ ഊർജ്ജതന്ത്രമോ പഠിക്കാൻ ശ്രമിക്കാറുണ്ടോ? എഞ്ചിനീയർ മെഡിക്കൽ വിഷയങ്ങൾ പഠിക്കാറുണ്ടോ? ഓരോരുത്തനും തന്റെ തന്നെ പ്രത്യേക വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മററു വിഷയങ്ങളിൽ അത്യാവശ്യമായ അറിവുമാത്രം സമ്പാദിക്കുന്നു. ഇക്കൂട്ടർ അപലപിക്കുന്നത്, വൈദികരുടെ മതേതര വിദ്യാഭ്യാസത്തെയല്ല, ആത്മീയ വിഷയങ്ങളേക്കാളുപരി പ്രാധാന്യം മററു വിഷയങ്ങൾക്ക് കൊടുക്കുന്നതിനെയാണ്.

## സെമിനാരി പരിശീലനം

സെമിനാരി വിദ്യാഭ്യാസത്തിന് അജപാലന രംഗത്തുള്ള പ്രസക്തി ആരായുകയായിരുന്നു വൈദികർക്കുള്ള മറെറാരു ചോദ്യത്തിന്റെ ലക്ഷ്യം.

---

1 David P. O' neill, *The Priest in Crisis*, *London:* Geoffrey Chapman, 1968, p. 18.

ചോദ്യം: ''സെമിനാരിയിൽനിന്നു ലഭിച്ച വിദ്യാഭ്യാസവും രൂപീകരണവും അജപാലന മണ്ഡലത്തിൽ പ്രസക്തിയുള്ളതാണോ?

ഉത്തരം :

| | |
|---|---|
| വളരെയധികം | 19 ശതമാനം |
| കുറെയൊക്കെ | 73 ,, |
| തെല്ലും പ്രസക്തിയില്ല | 6 ,, |
| (ഉത്തരം നല്ലാത്തവർ | 2 ,, ) |

സെമിനാരിയിലെ ഒൻപതോ പത്തോ വർഷക്കാലത്തെ സുദീർഘമായ പരിശീലനം അജപാലനരംഗത്തു് വേണ്ടത്ര ഉപകാരപ്പെടുന്നില്ല എന്നതു് വളരെ ശോചനീയം തന്നെയാണു്. ''വളരെയധികം പ്രസക്തിയുണ്ടു്'' എന്നു പറയുന്നവർ ഏതേതു വിഭാഗത്തിൽപ്പെടുന്നവരാണു് എന്നു നോക്കുമ്പോഴാണു് കാര്യത്തിൻെറ ഗൗരവം കൂടുതൽ വ്യക്തമാകുക.

| സേവന പരിചയം | 'വളരെയധികം പ്രസക്തിയുണ്ടു്' |
|---|---|
| 1– 4 | 12 ശതമാനം |
| 5– 9 | 11 ,, |
| 10–14 | 13 ,, |
| 15–19 | 31 ,, |
| 20–24 | 27 ,, |
| 25–29 | 10 ,, |
| 30–39 | 50 ,, |
| 40–49 | 50 ,, |
| ശരാശരി | 19 ,, |

'വളരെയധികം പ്രസക്തിയുണ്ടു്' എന്നെഴുതിയ വിദ്യാസമ്പന്നനായൊരു 50 കാരൻ കൂട്ടിച്ചേർത്തു. ''എങ്കിലും പല കാര്യങ്ങൾകൂടി വേണ്ടിയിരുന്നു''

അജപാലന രംഗത്തെ പത്തു വർഷത്തെ സേവനത്തിനു ശേഷം സെമിനാരി പരിശീലനത്തെക്കുറിച്ച് ഏതാനും വൈദികർ 'കാരിത്താസ്'' എന്ന ആലുവാ സെമിനാരിയിലെ വാർഷിക പതിപ്പിനു് എഴുതിയ അഭിപ്രായങ്ങളിൽ ചിലതു് ശ്രദ്ധേയമാണു്:

''സെമിനാരിയിൽ വച്ചു് ഞാൻ സ്വപ്നം കണ്ടവ വെറും അപ്രായോഗികമായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം

സെമിനാരി പരിശീലനം എല്ലാ മണ്ഡലത്തിലും അപര്യാപ്ത മാണ്'' [2].

''എന്റെ അജപാലന ധർമ്മാനുഷ്ഠാനത്തിന്റെ ആരംഭത്തിൽ ഇടവകയുടെ അനുദിന കാര്യങ്ങൾ, പ്രത്യേകിച്ച് ഇടവക യോഗവും പള്ളിയുടെ സാമ്പത്തിക കാര്യങ്ങളും കൈകാര്യം ചെയ്യുന്നതിൽ എനിക്കു മനോദാർഢ്യമില്ലായിരുന്നു. കാരണം ഇക്കാര്യങ്ങളിൽ ആവശ്യമായ അറിവ് സെമിനാരിയിലെ സുദീർഘമായ പരിശീലനഘട്ടത്തിൽ എനിക്കു ലഭിച്ചില്ല'' [3].

''ഭാവി പ്രവർത്തന മേഖലയെ മുന്നിൽ കണ്ടുകൊണ്ടുള്ളതല്ല സെമിനാരി പരിശീലനം. സെമിനാരിയിൽ ഞങ്ങളൊന്നു പഠിച്ചു; ഇടവകയിൽ ഞങ്ങൾക്കു മറ്റൊന്നു ചെയ്യേണ്ടിയിരുന്നു. ഉദാഹരണത്തിന്, ഞാൻ പുറത്ത് ഇടവകയിൽ ചെന്നപ്പോൾ വഴികൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുക്കേണ്ടിവന്നു. ഇവയെല്ലാം തനിയെ പഠിക്കേണ്ടിവന്നു. പ്രവർത്തിയിലൂടെ പഠിക്കുമ്പോൾ നമ്മൾ പല മടയത്തരങ്ങളും കാണിച്ചെന്നു വരും. ദൈവജനത്തെയും ഇടവകയേയും പരീക്ഷണത്തിനുള്ള ഗിനിപ്പന്നികളാക്കരുത്. ഇടവക പ്രവർത്തനത്തിന് ബൗദ്ധിക പരിശീലനം തീർച്ചയായും ഉപകാരപ്രദമാണ്. തത്ത്വശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും ഉണങ്ങിയ ആശയങ്ങൾ ആവശ്യമാണ്. എന്നാൽ അവയോടൊപ്പം അജപാലനമണ്ഡലത്തിലെ ഒരുപിടി നിസ്സാര വിശദീകരണങ്ങൾ കൂടി പഠിപ്പിക്കണം'' [4].

---

2 Fr. George Mavely, 'Seminary-dreams unreal', *Caritas*, Alwaye : 1977, p. 130.

3 Fr. Mathew Kuzhippally, 'Two phases of my priestly life, *Caritas*, Alwaye : 1977, p. 134.

4 Fr. Thomas Nadayil, 'For Successful Seminary Training and Pastoral Ministry', *Caritas*, Alwaye: 1977, p 131.

# 17 വിജ്ഞാന നവീകരണം

റിഫ്രെഷിങ്ങ് കോഴ്സ്
സെമിനാറുകൾ
വാർത്താവിനിമയ മാദ്ധ്യമങ്ങൾ
പത്രമാസികകൾ

---

എത്ര നല്ല വിദ്യാഭ്യാസവും ആധുനിക വീക്ഷണവുമായി വൈദികൻ സെമിനാരിയിൽ നിന്നു പുറത്തിറങ്ങിയാലും, അതാതു കാലങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന ആശയഗതികളെ മനസ്സിലാക്കാൻ മന:പൂർവ്വം ശ്രമിക്കാത്ത പക്ഷം ഏതാനും വർഷങ്ങൾക്കുള്ളിൽ അദ്ദേഹം 'പഴഞ്ച'നായി, 'വയസ്സ'നായി, യാഥാസ്ഥിതികനായി ചിത്രീകരിക്കപ്പെടും. കാരണം എല്ലാ ശാസ്ത്ര ശാഖകളും അനുദിനം വളർന്നു വികസിക്കുകയാണിന്നു്. അതിനനുസരിച്ചു നൂതന പ്രവണതകളും പ്രവർത്തന ശൈലികളും സമൂഹത്തിൽ രൂപപ്പെടുന്നുണ്ടു്. അവസ്ഥാനുയോജ്യമായ നവീകരണത്തിനു് വൈദികൻ സന്നദ്ധനാകണം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖകൾ വായിച്ചു മനസ്സിലാക്കാതെ സഭയിൽ കൗൺസിലിനു ശേഷമുണ്ടായിട്ടുള്ള നവീകരണ ശ്രമങ്ങളെ അപലപിക്കുന്നവരുണ്ടു്. നൂതന പ്രവണതകളെ അന്ധമായി അനുകരിക്കുകയോ, അവയ്ക്കു നേരെ കണ്ണടച്ചു കളയുകയോ ചെയ്യുന്നതു് ഉചിതമല്ല. സാമൂഹ്യമന:ശാസ്ത്രജ്ഞന്മാരുടെ വീക്ഷണത്തിൽ, പെട്ടെന്നു വലിയ വ്യതിയാനങ്ങൾ വരുത്തിക്കൊണ്ടു് നേതാവ് വലിയ വിപ്ലവകാരിയാവുകയോ, അല്ലെങ്കിൽ നിലവിലുള്ള സംവിധാനത്തിൽത്തന്നെ കടിച്ചുതൂങ്ങിക്കൊണ്ടു് യാഥാസ്ഥിതികനാകുകയോ അഭിലഷണീയമല്ല. ഇവ രണ്ടും അയാൾക്കെതിരെ വളരെ വിമർശനങ്ങളും എതിർപ്പുകളും വരുത്തി വയ്ക്കും.

കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാനും അവയുടെ പ്രസക്തിയെക്കുറിച്ചു് ജനങ്ങളെ ബോധവാന്മാരാക്കാനും വൈദികനു കഴിയണം. സമൂഹത്തിലെ ദുഷിച്ച പ്രവ

ണതകളെ വിലക്കുകയും ആനുകാലിക സംഭവ വികാസങ്ങളെ ക്രൈസ്തവ വീക്ഷണത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നമെങ്കിൽ അവയുടെ ദൃഷ്യവശങ്ങളെക്കുറിച്ച് അദ്ദേഹം സ്വയം മനസ്സിലാക്കുകയും കാര്യകാരണസഹിതം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും വേണം. ഇവ സാധിക്കണമെങ്കിൽ വിവിധ ശാസ്ത്ര ശാഖകളിലെ നൂതന സിദ്ധാന്തങ്ങളെയും ദാർശനിക വീക്ഷണങ്ങളെയും അവസ്ഥാനുസരിച്ച പ്രവർത്തന പദ്ധതികളെയും വിമർശന ബുദ്ധ്യാ പഠിക്കുവാനും വിലയിരുത്തുവാനും വേണ്ട സംവിധാനമുണ്ടാകണം. റിഫ്രെഷിങ്ങ് കോഴ്സുകൾ, സ്റ്റഡിക്ലാസ്സുകൾ, സെമിനാറുകൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ, മററു വാർത്താവിനിമയോപാധികൾ തുടങ്ങിയവയിലൂടെ വേണം ഇതു സാധിക്കുവാൻ.

## റിഫ്രെഷിങ്ങ് കോഴ്സ്

ഏതാനും വർഷക്കാലം ഇടവക സേവനത്തിൽ മുഴുകിയ വൈദികനു് തന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ പ്രാർത്ഥനാപൂർവ്വം വിലയിരുത്തുന്നതിനും, മുൻകാല പഠനം നവീകരിക്കുന്നതിനും, പുതിയ ഉൾക്കാഴ്ചയും ആവേശവുമാർക്കൊണ്ടു് വീണ്ടും കർമ്മരംഗത്തിറങ്ങുന്നതിനും ആറുമാസക്കാലമോ, ഒന്നോ രണ്ടോ വർഷമോ നീണ്ടുനിൽക്കുന്ന അജപാലന സംബന്ധമായ കോഴ്സുകൾ സഹായിക്കും. ബുദ്ധിയുടെ വികാസത്തിനും നൂതന വീക്ഷണങ്ങൾക്കും മാത്രമല്ല, അജപാലന മണ്ഡലത്തിലെ ജീവിതചര്യയിൽനിന്നു് അല്പം വ്യതിയാനത്തിനും ഇതുപകരിക്കും. ഇതു സംബന്ധിച്ച് ഫാ. ജോസ് ചാഴികാട്ട് എഴുതുന്നു: "പ്രാർത്ഥനയ്ക്കും പഠനത്തിനും പുനരുജ്ജീവിപ്പിക്കലിനും വേണ്ടി, ചുരുങ്ങിയതു് ഒരു 'ശാബ്ബത് വർഷത്തിനുള്ള സൗകര്യമെങ്കിലും ഓരോ വൈദികനും നല്കണമെന്നാണു് എനിക്കു തോന്നുന്നതു് ഇതു അവരുടെയും അവർ സേവിക്കുന്ന ജനങ്ങളുടെയും ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തുമെന്നു് എനിക്കു് ഉറപ്പുണ്ടു്. കെ.സി.ബി.സി. യുമായി ആലോചിച്ച് മേജർ സെമിനാരി അധികൃതർ ഇതു് ആസൂത്രണം ചെയ്യാവുന്നതാണു്. ദൈവശാസ്ത്രത്തിലെ വിജ്ഞാനം കാലേ പിതമാക്കുക നമ്മുടെ കാലത്തെ പല വൈദികർക്കും ഒരാവശ്യമാണു്". 1

1 Fr Jose Chazhicat, 'Deeper the Comm tment more the fulf lment,' *Caritas*, Alwaye: 1978, P. 152.

## സെമിനാറുകൾ

''ഇടയ്ക്കിടയ്ക്ക് വൈദികർക്കെല്ലാം ഒന്നിച്ചു ചേരാനുള്ള പ്രത്യേക സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും, അതിനു സൗകര്യമുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കുകയും വേണം. അവിടെ വച്ച് ജീവിത നവീകരണാർത്ഥം സുദീർഘമായ ആദ്ധ്യാത്മികാഭ്യാസങ്ങൾ നടത്താനും അതുപോലെതന്നെ, സഭാസംബന്ധമായ വിഷയങ്ങൾ, പ്രത്യേകിച്ച് വി. ലിഖിതത്തോ, ദൈവശാസ്ത്രം പ്രാധാന്യമേറിയ സാമൂഹ്യപ്രശ്നങ്ങൾ, അജപാലന ധർമ്മ നിർവ്വഹണത്തിനുതകുന്ന നൂതന മാർഗ്ഗങ്ങൾ എന്നിവയിൽ അഗാധജ്ഞാനം സമ്പാദിക്കാനും വൈദികർക്കു സൗകര്യം ലഭിക്കണം''.[2] വത്തിക്കാൻ കൗൺസിലിന്റെ ഈ നിർദ്ദേശം പ്രാവർത്തികമാക്കപ്പെടുന്നത് സെമിനാറുകളിലൂടെയും സ്റ്റഡീക്ലാസ്സുകളിലൂടെയുമാണ്.

ഇന്നു വൈകർക്കുവേണ്ടി രൂപതാ തലത്തിൽ നടത്തപ്പെടുന്ന സെമിനാറുകളെക്കുറിച്ച് നല്ല അഭിപ്രായമാണ് വൈദികരിൽ മിക്കവരും സർവ്വേയിലൂടെ പ്രകടിപ്പിക്കുന്നത്.

ചോദ്യം: ''വൈദികർക്കുവേണ്ടി രൂപതാതലത്തിൽ നടത്തപ്പെടുന്ന സെമിനാറുകളെക്കുറിച്ചുള്ള അഭിപ്രായം''?

ഉത്തരം:

| | | |
|---|---|---|
| വളരെ നല്ലത് | 41 | ശതമാനം |
| നല്ലത് | 53 | ,, |
| അനാവശ്യം; ഉപകാരപ്രദമല്ല | 4 | ,, |
| (ഉത്തരം നല്കാത്തവർ | 2 | ,, ) |

സെമിനാറുകളെക്കുറിച്ച് അനുകൂലമായ പ്രത്യുത്തരമാണ് 94 ശതമാനത്തോളം വൈദികരും നല്കുന്നതെങ്കിലും അവയിൽ സംബന്ധിക്കുവാൻ താല്പര്യം പ്രദർശിപ്പിക്കാത്ത വൈദികർ നിരവധിയുണ്ട്. ''ഇതുകൊണ്ടൊന്നും വലിയ പ്രയോജനമില്ല,'' സെമിനാർ ''സമയം കൊല്ലി''യാണ്, ''അനാവശ്യ''മാണ് തുടങ്ങിയതാണ് ചിലരുടെ, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരിൽ പലരുടെയും പ്രതികരണം. വിനോദത്തിനുവേണ്ടിയാണ് ചിലർ രൂപതാതലത്തിലുള്ള സെമിനാറുകളിൽ സംബന്ധിക്കുന്നതെന്നും ഫൊറോനാതലത്തി

---

2 'മെത്രാന്മാർ' നമ്പർ – 16.

ലുള്ള സെമിനാറുകളാകും കൂടുതൽ ഫലപ്രദമെന്നും അഭിപ്രായപ്പെടുന്നവരുണ്ടു്.

## വാർത്താവിനിമയ മാദ്ധ്യമങ്ങൾ

ജീവിതാന്ത്യംവരെ നിലനില്ക്കേണ്ടതാണു് വൈദികന്റെ പഠനം. ബൈബിൾ, ദൈവശാസ്ത്രം മന:ശാസ്ത്രം മുതലായ വിഷയങ്ങളിലെ ജ്ഞാനം നവീകരിക്കുന്നതിനും അജപാലന മണ്ഡലത്തിൽ ഉപയോഗപ്പെടുത്തുന്നതിനും അത്തരം വിഷയങ്ങൾ പ്രതിപാദിക്കുന്ന പുത്തൻ പുസ്തകങ്ങൾ സമ്പാദിക്കാൻ അദ്ദേഹത്തിനു കഴിയണം. തന്റെ മനസ്സും ചിന്തയും നവമായും സജീവമായും നിലനിർത്താൻ അതാവശ്യമാണു്. തന്റെ എല്ലാ പ്രവർത്തനങ്ങളെയും അവ സ്വാധീനിക്കുകയും ചെയ്യും.

പൊതുവിജ്ഞാനം, സമൂഹത്തിലെ നൂതന പ്രവണതകൾ, ആനുകാലിക പ്രശ്നങ്ങൾ ഇവ എത്രയും എളുപ്പം മനസ്സിലാക്കാൻ സാധിക്കുന്നതു് ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയാണു്. സാധാരണ ജനങ്ങൾ വായിക്കുന്ന മാസികകളും ഗ്രന്ഥങ്ങളും, അവർ ശ്രവിക്കുന്ന റേഡിയോ പരിപാടികളും, അവർ കാണുന്ന ചലച്ചിത്രങ്ങളും നാടകങ്ങളും ടെലിവിഷൻ പരിപാടികളുമെല്ലാം കണ്ടെങ്കിലേ അവരെ സ്വാധീനിക്കുന്ന മൂല്യങ്ങളും, അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി പ്രവർത്തിക്കാൻ സാധിക്കൂ. പ്രസംഗം ഉപദേശം, ക്ലാസ്സുകൾ മുതലായവ സർവ്വസാധാരണമായി നടത്തേണ്ട വൈദികൻ തീർച്ചയായും ഇവയ്ക്കു മുമ്പിൽ കണ്ണും കാതും തുറന്നു വയ്ക്കണം. അജപാലനരംഗത്തു് ഉപയോഗപ്പെടുത്തുവാൻ അവയെ രേഖപ്പെടുത്തി സൂക്ഷിക്കുകയും വേണം.

## പത്ര മാസികകൾ

സമീപകാലത്തെ പ്രസിദ്ധീകരണങ്ങളുടെ വൈപുല്യവും പ്രചാരവും ആധുനികന്റെ വിജ്ഞാനദാഹത്തെ വ്യക്തമാക്കുന്നുണ്ടു്. എന്നാൽ ഇതിൽനിന്നു മുതലെടുക്കുന്ന കച്ചവടമന:സ്ഥിതിക്കാർ പ്രസിദ്ധീകരണ വിഭാഗം കൂടുതൽ കയ്യടക്കി വരികയാണു്. അതിനു മുമ്പിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ നിഷ്പ്രഭമാകുന്നു.

ഓരോ പ്രസിദ്ധീകരണവും അതതിന്റെ വീക്ഷണത്തിനനുസരിച്ച ആശയങ്ങൾ ജനതാ മദ്ധ്യത്തിൽ പ്രചരിപ്പിക്കാനാണു് ശ്രമിച്ചു വരുന്നതു്. ഒരേ സംഭവത്തെക്കുറിച്ചു്

വ്യത്യസ്ഥ വീക്ഷണങ്ങളോടുകൂടിയ വാർത്തകളും പത്രാധിപ ക്കുറിപ്പുകളും പത്രമാസികകളിൽ പ്രത്യക്ഷപ്പെടാറുണ്ടല്ലോ. പല പ്പോഴും വാർത്തകൾ വളച്ചൊടിക്കപ്പെടുകയോ ദുർവ്യാഖ്യാനിക്ക പ്പെടുകയോ ചെയ്യുന്നുണ്ട്. സ്വന്തം ആശയങ്ങളെ പിന്താങ്ങുന്ന ലേഖനങ്ങൾക്കോ ചിത്രീകരണങ്ങൾക്കോ പ്രാധാന്യം നല്കി യാവും പത്രക്കാർ പ്രസിദ്ധീകരിക്കുക. പൊതുജനങ്ങളുടെ അഭിപ്രായ രൂപീകരണത്തിനും ആശയഗതിക്കും നിദാനമായി ഭവിക്കുന്ന ഇത്തരം മാദ്ധ്യമങ്ങളെ വൈദികൻ വിവേകപൂർവ്വം പഠിക്കുകയും വിലയിരുത്തുകയും വേണം.

# ഉപസംഹാരം

നേതാവ് ജനസേവകനാണ്. അദ്ദേഹത്തിൻെറ ജന്മസിദ്ധമായ കഴിവുകളേക്കാളുപരി അദ്ദേഹത്തിൽ നിന്നുള്ള പ്രായോഗിക ഗുണങ്ങൾക്കാണ് സമൂഹം ഇന്നു പ്രാധാന്യം കല്പിക്കുക. അതിനാൽ സമൂഹത്തിൽ നിന്നു് അകന്നു നിന്നു 'ഭരണ ചക്രം തിരിക്കാ'മെന്നോ സ്വേച്ഛാനുസരണം എന്തും കാട്ടിക്കൂട്ടാമെന്നോ ഇക്കാലത്തു് ഒരുവനും വ്യാമോഹിക്കാനാവില്ല സമൂഹത്തിലെ സാധാരണക്കാരിലേയ്ക്ക് ഇറങ്ങിവന്നു് അവരോടൊത്തു സഹകരിച്ചും അവരെ ശുശ്രൂഷിച്ചും മാത്രമേ ഇന്നത്തെ ലോകത്തിൽ നല്ല നേതൃത്വം കൈവരിക്കാനാവൂ. ജനസേവകരാകാത്ത, സ്വാർത്ഥമതികളായ അധികാരമോഹികളെ ലോകം അധികനാൾ നേതൃത്വത്തിൽ ഇരുത്തിയിട്ടില്ല, ഇരുത്തുകയുമില്ല.

ഇന്നത്തെ വൈദികൻ 'നേതാവാ'കണം. വൈദികനെ സംബന്ധിച്ച കഴിഞ്ഞകാലധാരണകൾ മാറിക്കഴിഞ്ഞു സമൂഹം ഇന്നു വൈദികനെ കാണുന്നതു് ഏകാധിപതിയോ, 'അമാനുഷിക'നോ, 'മാന്ത്രിക'നോ 'സർവ്വജ്ഞാനി'യോ ആജ്ഞാബലമുള്ളവനോ ആയിട്ടല്ല. അദ്ദേഹത്തെ ഭയപ്പെടാനോ, അദ്ദേഹം പറയുന്നതെന്തും കണ്ണടച്ചു വിശ്വസിക്കാനോ അന്ധമായി അനുകരിക്കാനോ അവരിലാരും തന്നെ തയ്യാറുമില്ല. സ്വന്തം ജീവിതമാതൃകയും ജനസ്വാധീനവും ശുശ്രൂഷയും വഴി അദ്ദേഹം ഒരു ഉത്തമ നേതാവാകണം; മറെറാരു ക്രിസ്തുവാകണം.

വൈദികനേതൃത്വം വളരെ പ്രത്യേകതകൾ ഉൾക്കൊള്ളുന്നതാണ്. ക്രിസ്തുവിൻെറ പുരോഹിതനും ഇടവകയുടെ നേതാവുമെന്ന നിലയിൽ പല പ്രത്യേക ധർമ്മങ്ങളും അദ്ദേഹം

അനുഷ്ഠിക്കേണ്ടതുണ്ട്. ദൈവജനത്തിനുവേണ്ടി പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിക്കുവാനും എല്ലാവരെയും യേശുവിലേക്ക നയിക്കുവാനും, ദൈവവചനവും സത്യമാർഗ്ഗങ്ങളും അവരെ പഠിപ്പിക്കുവാനും അദ്ദേഹം നിയുക്തനാണ്. ആദ്ധ്യാത്മികവും അജപാലനപരവും സാമൂഹ്യവുമായ മണ്ഡലങ്ങളിൽ ഒരുപോലെ സേവനമനുഷ്ഠിക്കേണ്ടവനാണ ദ്ദേഹം. അതിനാൽ മററു നേതാക്കളിൽ നിന്നു വ്യത്യസ്തമായ പല പ്രത്യേകതകളും അദ്ദേഹത്തിനുണ്ട്.

വൈദിക നേതൃത്വം ഇന്നു വളരെ ക്ലേശപൂർണ്ണമാണ്. ഇന്നത്തെ ലോകത്തിൽ നേതൃത്വം വൈഷമ്യമേറിയതാണ്. നേതൃസ്ഥാനത്തു നിലനില്ക്കുക തന്നെ ഇന്ന് അത്ര എളുപ്പമല്ല. നിരന്തരമായ കഠിനാദ്ധ്വാനവും ജാഗരൂകതയും ദീർഘദൃഷ്ടിയും സേവന തീക്ഷ്ണതയും അതിനാവശ്യമാണ്. വൈദിക നേതൃത്വമാകട്ടെ ആദ്ധ്യാത്മികവും ഭൗതികവുമായ വിപുലമായൊരു സേവന മണ്ഡലമാണ് ഉൾക്കൊള്ളുന്നത്. അതിന് അനുയോജ്യമായ നിരവധി ഗുണങ്ങളും കഴിവുകളും ദൈവജനം അദ്ദേഹത്തിൽ നിന്നു പ്രതീക്ഷിക്കുന്നു. അവ പ്രകടിപ്പിക്കാത്തവർ അനാദരിക്കപ്പെടുകയോ അവമതിക്കപ്പെടുകയോ ചെയ്യുന്നു. മാത്രമല്ല, തന്റെ പദവിക്കനുസൃതമായ പല ബന്ധനങ്ങളും അദ്ദേഹത്തിനുണ്ട് ഇന്നത്തെ വൈദികന് ഇടവകാംഗങ്ങളുമായി യോജിച്ചും സഹകരിച്ചും ആലോചിച്ചും മാത്രമേ പ്രവർത്തിക്കാനാവൂ എന്നാൽത്തന്നെ, അദ്ദേഹത്തിന്റെ നിസ്വാർത്ഥസേവനങ്ങൾ വിലമതിക്കപ്പെടാതെ പോകാം. കയ്പുനിറഞ്ഞ കുസയാകാം സമൂഹത്തിൽ നിന്ന് അദ്ദേഹത്തിനു ലഭിക്കുന്ന പ്രതിഫലം.

നേതൃത്വ പരിശീലനം ആധുനിക വൈദികന് ആവശ്യമാണ്. സമൂഹത്തെ നയിക്കേണ്ട അദ്ദേഹം നേതൃത്വനൈപുണ്യം സമ്പാദിച്ചിരിക്കണം. ഇടവകകളിൽ ഇന്നുള്ളപോലെ നിരവധി പ്രശ്നങ്ങൾ ഉടലെടുക്കാതിരിക്കുവാനും, സ്വാഭാവികമായി ഉരുത്തിരയുന്നവയെ സങ്കീർണ്ണമാക്കാതിരിക്കുവാനും ഇതു സഹായിക്കുന്നു. അതിനാൽ കാലോചിതമായ നേതൃത്വ പരിശീലനവും സമൂഹജ്ഞാനവും നയോപായങ്ങളും പ്രായോഗിക ജീവിതത്തിൽ വൈദികന് അത്യന്താപേക്ഷിതമാണ് ഇടവകയുടെ ആത്മാവാണദ്ദേഹം. അദ്ദേഹത്തിന്റെ താല്പര്യത്തെയും കർമ്മചാതുര്യത്തെയും സന്മനസ്സിനെയും ആശ്രയി

ച്ചായിരിക്കും അതിൻെറ ജീവനും ഓജസ്സും. ഇടവകയുടെ പ്രവൎത്ത നങ്ങളെ വളൎത്താനോ തളർത്താനോ, നശിപ്പിക്കാനോ അദ്ദേഹ ത്തിനു കഴിയും. അതിനാൽ വൈദീക പരിശീലനത്തിൽ സുപ്രധാനമായൊരു സ്ഥാനം ഈ വിഷയത്തിനുണ്ടാകണം.

ശാസ്ത്രീയ പഠനങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കേണ്ടതല്ല വൈദികൻെറ നേതൃത്വപരിശീലനം. നേതൃത്വമെന്നതു് കർമ്മ രംഗത്തു് ജനങ്ങളോടൊത്തു് ഇടപഴകി സ്വയം പരിപോഷി പ്പിക്കേണ്ട ഒരു ജീവിത ശൈലിയാണു്. പ്രായോഗികാനുഭ വങ്ങളുടെ വെളിച്ചത്തിൽ സ്വന്തം പ്രവൎത്തന രീതിയിൽ ഭേദ പ്പെടുത്തലുകളും ആവശ്യമായി വരാം. സ്വന്തമായൊരു പ്രസം ഗരീതിയോ, ഭാഷാശൈലിയോ, അക്ഷരവടിവോ സമ്പാദി ക്കുന്നതുപോലെ തൻേറതായൊരു നേതൃത്വശൈലി സ്വയം രൂപപ്പെടുത്തണം. തനിക്കുമുമ്പേ ഇതേ പാതയിലൂടെ കടന്നു പോയ പ്രതിഭാശാലികളുടെ പരീക്ഷണങ്ങളും അനുഭവജ്ഞാ നവും അദ്ദേഹത്തിൻെറ ഈ വളർച്ചയെ വളരെ സഹായിക്കും.

വൈദിക ജീവിതത്തിൽ പല പ്രശ്നങ്ങളും ക്ലേശങ്ങളു മുണ്ടു്. അവ പഠിക്കുകയും പരിഹരിക്കുകയും വേണം. അല്ലാ ത്തപക്ഷം അതു സഭാഗാത്രത്തെ മുഴുവൻ പ്രതികൂലമായി ബാ ധിക്കും. സഭാദ്ധ്യക്ഷന്മാരും വൈദികരും അല്മായരെ നവീ കരണത്തിനു ആഹ്വാനം ചെയ്യുമ്പോഴും, ''നവീകരണം ആരം ഭിക്കേണ്ടതു് സഭാ നേതൃത്വത്തിൽ തന്നെയാണു്'' എന്നു് ഉറക്കെ പ്രഖ്യാപിക്കുന്ന അല്മായർ ഇന്നു ധാരാളമുണ്ടു്. വൈ ദികർക്കു് മെത്രാനിൽ നിന്നും, മെത്രാനു വൈദികരിൽ നിന്നും വളരെയേറെ പ്രതീക്ഷകളുണ്ടു്. ഇരുകൂട്ടരും തമ്മിലുള്ള ബന്ധം കൂടുതൽ സുദൃഢമാകണം. അവരുടെ പരസ്പര ധാരണയും സഹകരണവും അജപാലന മണ്ഡലത്തിൽ വളരെ ഗുണം ചെ യ്യുന്നവയാണു്.

വൈദികൻ ഇന്നിൻെറ മനുഷ്യനാകണം. കാലത്തിൻെറ സ്പന്ദനങ്ങളെ മനസ്സിലാക്കാനും നല്ല ജനസേവകനാകാനും അദ്ദേഹത്തിനു കഴിയണം. ഇടവക 'ഭരണ'ത്തെ ശുശ്രൂഷയുടെ നേതൃത്വമായി മാററണം. തൻെറ വ്യക്തിപരമായ സമീപ നവും സ്നേഹവും വഴിയാണു് ആധുനിക ജനതയെ അദ്ദേഹം സ്വാധീനിക്കയും നയിക്കയും ചെയ്യേണ്ടതു്. യേശുവിനെ

പ്പോലെ അദ്ദേഹവും ജനമദ്ധ്യത്തിലേക്കിറങ്ങി അവരുടെ പ്രശ്നങ്ങളിലും വിഷമതകളിലും പങ്കുചേരുകയും അവയിൽ നിന്ന് അവരെ രക്ഷിക്കാൻ തന്നാലാവുന്നതു ചെയ്യുകയും വേണം. എന്നാൽ അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ക്രിസ്തുവിൽ കേന്ദ്രീകൃതമോ, പരോക്ഷമായെങ്കിലും ജനങ്ങളെ ദൈവത്തിലേക്കു നയിക്കുന്നതോ ആകണം. അപ്പോൾ മാത്രമേ അദ്ദേഹത്തിന്റെ നേതൃത്വം ക്രൈസ്തവമാകൂ; ഇന്നത്തെ ലോകം അദ്ദേഹത്തെ വിലമതിക്കൂ.

# അനുബന്ധം: പ്രശ്നാവലി

ബ. വൈദികർക്കുള്ള ചോദ്യാവലി
അല്മായക്കുള്ള ചോദ്യാവലി

---

ഈ ഗ്രന്ഥത്തിനുവേണ്ടി കേരളസഭയുടെ വിവിധ പ്രദേശങ്ങളിൽ വൈദികക്കും അല്മായക്കും വിതരണം ചെയ്ത പ്രശ്നാവലികളുടെ മാതൃകയാണ് താഴെ ചേക്കുന്നതു്.

## ബ. വൈദികക്കുള്ള ചോദ്യാവലി

കുറിപ്പ്: അതാതു ചോദ്യങ്ങാംക്കു കീഴിൽ ഇംഗ്ലീഷിലോ മലയാളത്തിലോ ഉത്തരമെഴുതാം. പല ഉത്തരങ്ങാം കൊടുത്തിട്ടുള്ളവയ്ക്ക്, അവയിൽ ഉചിതമായ ഉത്തരങ്ങാംക്ക്, അവയുടെ നേരെ കൊടുത്തിരിക്കുന്ന കോളങ്ങളിൽ ''ടിക്'' ചെയ്താൽ മതി. ചില ചോദ്യങ്ങാംക്ക് ഒന്നിൽക്കൂടുതൽ ഉത്തരങ്ങാം മാർക്കു ചെയ്യേണ്ടിവരും.

1 അല്മായർ വൈദികരിൽനിന്നു പ്രതീക്ഷിക്കുന്ന പ്രധാനപ്പെട്ട രണ്ടോ മൂന്നോ ഗുണങ്ങാം

| | | | |
|---|---|---|---|
| 1 സേവന സന്നദ്ധത | ( ) | 7 ഫലിത രസം | ( ) |
| 2 സംഘാടക ശക്തി | ( ) | 8 സംഗീത വാസന | ( ) |
| 3 ലളിത ജീവിതം | ( ) | 9 പ്രസംഗ ചാതുര്യം | ( ) |
| 4 വിനയം | ( ) | 10 സ്നേഹം | ( ) |
| 5 പ്രാത്ഥനാ ജീവിതം | ( ) | 11 മാതൃകാ ജീവിതം | ( ) |
| 6 ജീവിത വിശുദ്ധി | ( ) | 12 .................... | |

2 മതപരവും മതേതരവുമായ അങ്ങയുടെ വിദ്യാഭ്യാസ നിലവാരത്തിൽ അങ്ങു സംതൃപ്തനാണോ?

1 രണ്ടിലും സംതൃപ്തൻ ( ) 3 മതേതരമായവയിൽ മാത്രം ( )
2 മതപരമായവയിൽ മാത്രം ( ) 4 രണ്ടിലും സംതൃപ്തനല്ല ( )

3 അങ്ങയുടെ വീക്ഷണത്തിൽ വൈദികന്റെ ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എന്തായിരിക്കണം?

1 S.S.L.C. ( ) 4 M. A./ M.Sc ( )
2 P. D. C. ( ) 5 Ph. D ( )
3 B. A. / B. Sc. ( ) 6 ...............

4 വൈദികർക്കു വേണ്ടി രൂപതാ തലത്തിൽ നടത്തപ്പെടുന്ന സെമിനാറുകളെക്കുറിച്ചുള്ള അഭിപ്രായം?

1 വളരെ നല്ലതു് ( ) 2 നല്ലതു് ( )
3 അനാവശ്യം ( )

5 സെമിനാരിയിൽ നിന്നു ലഭിച്ച വിദ്യാഭ്യാസവും രൂപീകരണവും അജപാലന മണ്ഡലത്തിൽ പ്രസക്തിയുള്ളതാണോ?

1 വളരെയധികം ( ) 2 കുറെയൊക്കെ ( )
3 തെല്ലും പ്രസക്തിയില്ല ( )

6 ഇന്നു വൈദികർ പ്രത്യേകം ശ്രദ്ധിക്കേണ്ട മണ്ഡലം ഏതാണു്?

7 അങ്ങയുടെ സാമ്പത്തികനില (വരുമാനം) തൃപ്തികരമാണോ?

1 തൃപ്തികരം ( ) 3 തൃപ്തികരമല്ല ( )
2 കുറെയൊക്കെ ( ) 4 ....................

8 സാമ്പത്തിക സുരക്ഷിതത്വം അങ്ങേക്കു് അനുഭവപ്പെടുന്നുണ്ടോ?

1 ഉണ്ടു് ( ) 3 ഇല്ല ( )
2 കുറെയൊക്കെ ( ) 4 ഭാവി ഇരുളടഞ്ഞതു് ( )

9 അങ്ങയുടെ അനുഭവത്തിൽ വൈദികർ തങ്ങളുടെ മെത്രാന്മാരിൽ നിന്നു പ്രതീക്ഷിക്കുന്നതെന്തെല്ലാമാണു്?

10 ഇടവകയുടെ ഫലപ്രദമായ നടത്തിപ്പിനെ സംബന്ധിച്ചു് അങ്ങേയ്ക്കു് ഏതെങ്കിലും നൂതനാശയങ്ങളോ സ്വന്തമായ രീതിയോ ഉണ്ടെങ്കിൽ ഹ്രസ്വമായി വിവരിക്കുക.

അങ്ങയുടെ വയസ്സു് : ———
വൈദികപട്ടം സ്വീകരിച്ച വർഷം : ———
വിദ്യാഭ്യാസ യോഗ്യത : ———

## അല്മായർക്കുള്ള ചോദ്യാവലി

1 വൈദികരിൽനിന്നു പ്രതീക്ഷിക്കുന്ന ഏറ്റം പ്രധാനപ്പെട്ട രണ്ടോ മൂന്നോ ഗുണങ്ങൾ.

| | | | |
|---|---|---|---|
| 1 സേവനസന്നദ്ധത | ( ) | 7 ഫലിതരസം | ( ) |
| 2 സംഘാടകശക്തി | ( ) | 8 സംഗീത വാസന | ( ) |
| 3 ലളിതജീവിതം | ( ) | 9 പ്രസംഗ ചാതുര്യം | ( ) |
| 4 വിനയം | ( ) | 10 സ്നേഹം | ( ) |
| 5 പ്രാർത്ഥനാജീവിതം | ( ) | 11 മാതൃകാജീവിതം | ( ) |
| 6 ജീവിതവിശുദ്ധി | ( ) | 12 ...................... | |

2 താഴെ കൊടുത്തിരിക്കുന്നവയിൽ ഇന്നത്തെ വൈദികരിൽ പൊതുവെ കാണുന്ന പ്രത്യേകതകളുണ്ടെങ്കിൽ മാർക്കു ചെയ്യുക.

| | | | |
|---|---|---|---|
| 1 സേവനസന്നദ്ധത | ( ) | 6 ആർഭാടജീവിതം | ( ) |
| 2 അലസത | ( ) | 7 പ്രാർത്ഥന | ( ) |
| 3 അനുകമ്പ | ( ) | 8 ദുർമ്മാതൃക | ( ) |
| 4 ദേഷ്യം | ( ) | 9 പിടിവാശി | ( ) |
| 5 ലളിതജീവിതം | ( ) | 10 അമിതമായ കാർക്കശ്യം | ( ) |

3 ഇന്നത്തെ വൈദികർ നല്ല നേതൃത്വ കഴിവുകൾ ഉള്ളവരാണോ?

1 എല്ലാവരും ( ) 3 ചുരുക്കം ചിലർ ( )
2 നല്ലൊരുഭാഗം ( ) 4 ആരും ഇല്ല ( )

4 a സമൂഹത്തിലെ അനീതികൾക്കും അഴിമതികൾക്കും എതിരായി വൈദികർ ശബ്ദമുയർത്തേണ്ടതാണോ?

1 വേണ്ടതാണ് ( ) 2 കുറെയൊക്കെ ( ) 3 വേണ്ട ( )

b അവർ ഇന്ന് അപ്രകാരം ചെയ്യുന്നുണ്ടോ?

1 ചെയ്യുന്നുണ്ട് ( ) 2 കുറെയൊക്കെ ( )
3 ചെയ്യുന്നില്ല ( )

5 വൈദികർക്ക് മതപരമായ കാര്യങ്ങളിൽ വേണ്ടത്ര അറിവുണ്ടോ?

1 എല്ലാവർക്കും ( ) 3 ചുരുക്കം ചിലർക്ക് ( )
2 നല്ലൊരു ഭാഗത്തിന് ( ) 4 ആർക്കും ഇല്ല ( )

6 മതേതര (ആത്മീയമല്ലാത്ത) വിഷയങ്ങൾക്ക് വേണ്ടത്ര പാണ്ഡിത്യം വൈദികർക്കുണ്ടോ?

1 എല്ലാവർക്കും ഉണ്ട് ( ) 2 ചുരുക്കം ചിലർക്ക് ( )
3 ആർക്കും ഇല്ല ( )

7 വൈദികന്റെ ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എന്തായിരിക്കണം?

1 S. S. L. C. ( ) 4 M. A. / M. Sc. ( )
2 P. D. C. ( ) 5 Ph. D. ( )
3 B. A. / B. Sc. ( ) 6 ...............

8 നിങ്ങളുടെ ഇടവക വികാരി ഇടവകാംഗങ്ങളെ വ്യക്തിപരമായി അറിയുമോ?

1 എല്ലാവരെയും അറിയും ( ) 3 ചുരുക്കം ചിലരെ ( )
2 മിക്കവരെയും ( )

9 അദ്ദേഹത്തെ ഏതു പ്രശ്നത്തിനും (ആവശ്യത്തിനും) സമീപിക്കാൻ വിഷമമുണ്ടോ? ഉണ്ടെങ്കിൽ കാരണം?

1 ഇല്ല ( ) 2 ഉണ്ടു് ( )

കാരണം

| | | | |
|---|---|---|---|
| a | അദ്ദേഹത്തിൻെറ ദേഷ്യസ്വഭാവം | | ( ) |
| b | ,, | താൽപര്യക്കുറവു് | ( ) |
| c | ,, | പുച്ഛമനോഭാവം | ( ) |
| d | ,, | പരിഹാസപ്രകൃതി | ( ) |
| e | ,, | പ്രായ വ്യത്യാസം | ( ) |
| f | ,, | വിശ്വാസക്കുറവു് | ( ) |
| g | ,, | വലിയ ഇടവക | ( ) |
| h | ,, | അങ്ങനെ പതിവില്ല | ( ) |

10 നിങ്ങളുടെ വീക്ഷണത്തിൽ ഇന്ന വൈദികർ പ്രത്യേകം ശ്രദ്ധിക്കേണ്ട മണ്ഡലം ഏതാണു്?

11 നമ്മുടെ വൈദികരുടെ വിശ്വാസത്തെയും ഭക്തിയേയും കുറിച്ചു് നിങ്ങളുടെ അഭിപ്രായം?

1 വളരെ ഉണ്ടു് ( ) 3 ചുരുക്കം ചിലക്കു് ( )
2 ചിലർക്കു് ( ) 4 വളരെ മോശം ( )

നിങ്ങൾ സ്ത്രീയോ പുരുഷനോ : ————
നിങ്ങളുടെ വയസ്സു് : ————
വിദ്യാഭ്യാസ യോഗ്യത : ————
തൊഴിൽ : ————

# സഹായക ഗ്രന്ഥങ്ങൾ


ഗ്രന്ഥങ്ങൾ

ആനുകാലിക പ്രസിദ്ധീകരണങ്ങൾ

Adinarayan, S. P., *Social Psychology*, Bombay: Allied Publishers Pvt. Ltd., 1964.

Amalorpavadas, D. S. (Ed), *Ministries in the Church in India*, Research Seminar and Pastoral Consultation, New Delhi: C. B. C. I. Centre, Ashok Place, 1976.

Bausch, Father William J., *What is a Parish for?*, Chicago: Claretian Publications, 1973.

Bonner, Hubert, *Group Dynamics, principles and applications*, New York: The Ronald Press Co., 1959.

Casey, Rev. Thomas F., *Pastoral Manual for New Priests*, Milwaukee: The Bruce Publishing Company, 1957.

Curran, Charles E., *The Crisis in Priestly Ministry*, Notre Dame: Fides Publishers, Inc., 1972.

Kuppuswamy, B., *An Introduction to Social Psychology*, Bombay: Asia Publishing house, 1971.

Magner, James A., *The Catholic Priest in the Modern World*, Milwaukee: The Bruce Publishing Company, 1957.

Mohler, James A., S.J., *The Origin and the Evolution of the Priesthood*, New York: Alba house, 1970.

Navagh, James J., *The Apostolic Parish*, New York: P. J. Kenady & Sons, 1950.

O'neill, Davld P., *The Priest in Crisis*, London: Geoffery Chapman, 1968.

Pfliegler, Rev. Michael, *Pastoral Theology*, Trans. by John Drury, Westminister: The Newman Press, 1966.

Rahner, Hugo, S. J., (Ed), *The Parish from Theology to Practice*, Trans. by Robert Kress, Westminister: The Newman Press, 1958.

*Report of the General Meeting of the Catholic Bishop's Conference of India*, Madras: April 6 – 14, 1972.

Tartre, Raymond A., S.S.S., S. T, L., *The Priesthood is a Challenge*, New York: Sentinel Press, 1974.

Tead, Ordway, *The Arts of Leadership*, INC: McGraw Hill Company, 1935.

കട്ടക്കൽ, ഡോ. ജേക്കബ്, & ഡോ. തോമസ് വെള്ളിലാംതടം, *കേരള സഭാ 'സർവ്വേ'*, പാലാ: ദീപനാളം പബ്ലിക്കേഷൻസ്, 1978.

*ബൈബിൾ*, കെ. സി. ബി. സി. വിവർത്തനം, 1981.

മുത്തോലത്ത്, എബ്രഹാം, *നിങ്ങൾക്കും നേതാവാകാം*, പരിഷ്ക്കരിച്ച പതിപ്പ്, തേവര: ജനത ബുക്ക് സ്റ്റാൾ, 1981.

*രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ*, മൂന്നാം പതിപ്പ്, ബാംഗ്ലൂർ, ധർമ്മാരാം കോളേജ്, 1971.

## ആനുകാലിക പ്രസിദ്ധീകരണങ്ങൾ

Currie, Joe, S. J., 'Leadership', The full Issue of *Rally*, March - April 1979, Vol. 55, No. 344.

Dubay, Thomas, 'Ministerial Leadership and Discernment', *Communio*, Spring 1976, Vol. 3,. No. 1.

'Ex - alumni Columns' ('Priests after Ten Years') of *Caritas*, Annual of St. Joseph's Pontifical Seminary, Alwaye, Issues from 1972 – 73 onwards.

Grinde, John A, 'The Old Testament and Christian Priesthood', *Communio*, Spring 1976, Vol. 3, No. 1.

Trainer, Eugene, M. S. C, 'Leadership in the Church', *Pastoral Life*, May 1979, Vol. XXVII, No. 5.

'Voice of the Bishops from the joint Pastoral Letter of Nigerian Bishops', *Petrus*, July 1976.

മതവും ചിന്തയും, സെപ്റ്റംബർ – ഒക്ടോബർ 1978, പുസ്തകം – 58, ലക്കം – 5.

⁂

# വൈദിക നേതൃത്വം - ഇന്നു് നാളെ

## ഫാ. ഏബ്രഹാം മുത്തോലത്തു്

സഭയുടെ ശക്തികേന്ദ്രമാണു് വൈദികർ. അവരുടെ ജയാപജയങ്ങൾ സഭയെ മുഴുവൻ സ്വാധീനിക്കുന്നുണ്ടു്. അതിനാൽ വൈദികരുടെ പ്രവർത്തനങ്ങളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള പഠനം വളരെ പ്രസക്തമാണു്. കേരളത്തിലെ വൈദികരുടെയും അല്മായരുടെയും ഇടയിൽ മനോഭാവ സർവ്വേ നടത്തി, ഈ വിഷയം ശാസ്ത്രീയമായി അപഗ്രഥിക്കുവാനും വസ്തുനിഷ്ഠമായി അവതരിപ്പിക്കുവാനും ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ടു്. വൈദികരുടെ ഇന്നത്തെ നിലയും പ്രശ്നങ്ങളും മനസ്സിലാക്കിക്കൊണ്ടു് നാളെക്കു വേണ്ടുന്ന നല്ല ആശയങ്ങൾ ഫാ. ഏബ്രഹാം മുത്തോലത്തു് നല്കുന്നു.

വൈദികർക്കും വൈദികാർത്ഥികൾക്കും ധ്യാനാത്മകമായി ചിന്തിക്കുവാനും അല്മായർക്കും സഭാസ്നേഹികൾക്കും വൈദികരുടെ ജീവിതത്തെയും പ്രശ്നങ്ങളെയും കുറിച്ചു മനസ്സിലാക്കുവാനും ഈ ഗ്രന്ഥം സഹായിക്കും. സഭയുടെ പുരോഗതിയിൽ നിർണായകമായ പങ്കു വഹിക്കുവാൻ ഈ ഗ്രന്ഥത്തിനു കഴിയുമെന്നതിൽ സംശയമില്ല.

വില 12.00

കോപ്പികൾക്കു്

ദീപിക ബുക്കു് ഹൗസ്

ശാസ്ത്രി റോഡ്

കോട്ടയം – 686 001